# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കുമ്പള ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2023-2024

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**കാസറഗോഡ്-671123**

**ഇ-മെയിൽ: doksd.ksad@kerala.gov.in**

**ഫോൺ : 04994-256690**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KSD6/1053/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 28/12/2024
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുമ്പള ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കുമ്പള ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുമ്പള ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KSD6/1053/2024 തീയ്യതി: 28/12/2024

## കാസർഗോഡ് ജില്ലയിലെ കുമ്പള ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ കുമ്പള ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 48 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 12-12-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.മണിലാൽ.വി | ഡെപ്യൂട്ടി ഡയറക്ടർ | 04-12-2024 | 12-12-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 04-12-2024 | 12-12-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.വിനോദ് കുമാർ.വി, ഓഡിറ്റ് ഓഫീസർ

ശ്രീ.രഘുനാഥൻ കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീ.സുനിൽ കുമാർ എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി.ധന്യ എം, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.ബിന്ദു.വി.വി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.യു.പി.താഹിറ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീമതി.ഗീതാകുമാരി.പി | സെക്രട്ടറി | 01-04-2023 | 06-07-2023 |
| ശ്രീ.ജറുസൻ.ജി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 07-07-2023 | 12-09-2023 |
| ശ്രീമതി. പ്രേമ എ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-09-2023 | 17-09-2023 |
| ശ്രീ. വിരാജ് തമ്പുരാൻ | സെക്രട്ടറി | 18-09-2023 | 18-12-2023 |
| | | 08-01-2024 | 25-03-2024 |
| ശ്രീ. കലേഷ് കുമാർ വി എസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 19-12-2023 | 07-01-2024 |
| | | 26-03-2024 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ജറുസൻ.ജി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 13-09-2023 |
| ശ്രീ. കലേഷ് കുമാർ വി എസ് | അസിസ്റ്റന്റ് സെക്രട്ടറി | 14-09-2023 | 31-03-2024 |
| ശ്രീമതി.ബിന്ദു.പി | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ശ്രീമതി.ജിഷ.ആർ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ഡോ.അരുൺ രാജ് ഡി | വെറ്റിനറി സർജ്ജൻ | 01-04-2023 | 31-03-2024 |
| ശ്രീ.അബിൻ ജോർജ്ജ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2023 | 19-07-2023 |
| ശ്രീമതി. ഷീന എസ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 20-07-2023 | 31-03-2024 |
| ശ്രീ.ജിജോമോൻ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ഡോ.സ്മിത പ്രഭാകരൻ പിള്ള | മെഡിക്കൽ ഓഫീസർ അലോപ്പതി | 01-04-2023 | 31-03-2024 |
| ഡോ.രഹന.എച്ച് | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2023 | 31-03-2024 |
| ഡോ.ആശ.കെ.വി | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2023 | 19-08-2023 |
| ഡോ.റീജ വി ആർ | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 20-08-2023 | 31-03-2024 |
| ശ്രീ.രതീഷ് കുമാർ.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ബംബ്രാണ സർക്കിൾ) | 01-04-2023 | 31-03-2024 |
| ശ്രീമതി.സംഗീത.വി.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (കുമ്പള സർക്കിൾ) | 01-04-2023 | 31-03-2024 |
| ഡോ.ഷക്കീറലി.കെ.എ | മെഡിക്കൽ ഓഫീസർ യുനാനി | 01-04-2023 | 31-03-2024 |
| ശ്രീ.ശ്രീഹർഷ.എം.പി | പ്രധാനധ്യാപകൻ | 01-04-2023 | 31-03-2024 |
| ശ്രീമതി.അനുഷ.കെ | അസിസ്റ്റന്റ് എഞ്ചിനിയർ LID&EW | 01-04-2023 | 13-07-2023 |
| ശ്രീ സാരംഗ് ബി അനിൽ | അസിസ്റ്റന്റ് എഞ്ചിനിയർ LID&EW (അധിക ചുമതല) | 14-07-2023 | 26-07-2023 |
| ശ്രീമതി. മഞ്ജുള എൻ.കെ | അസിസ്റ്റന്റ് എഞ്ചിനിയർ LID&EW | 27-07-2023 | 31-03-2024 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | സെക്രട്ടറി പ്രതിദിനം, മാസാവസാനം, അർദ്ധവർഷാവസാനം, വർഷാവസാനം നടപ്പിലാക്കേണ്ടുന്ന നടപടികൾ പാലിച്ചിട്ടില്ല. | 1-1-1 |
| 3 | വർഷങ്ങളായി ആവർത്തിച്ച് വരുന്ന അപാകതകൾ പരിഹരിക്കപ്പെടുന്നില്ല | 1-1-2 |
| 4 | വരുമാനങ്ങളുടെ അക്രൂവൽ രേഖപ്പെടുത്തുന്നതിൽ വലിയ കാലതാമസം | 1-1-3 |
| 5 | പ്രത്യേക ഉദ്ദേശ ഫണ്ടുകളുടെ നീക്കിയിരിപ്പ് ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | വിവിധ ഫണ്ടുകളുടെ കണക്കുകൾ വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയതിൽ പൊരുത്തക്കേടുകൾ | 1-1-5 |
| 7 | റീക്കൺസിലിയേഷനിലെ അപാകതകൾ | 1-1-6 |
| 8 | വരുമാനം രേഖപ്പെടുത്തിയതിലെ അപാകതകൾ | 1-1-7 |
| 9 | ജേണൽ വൗച്ചറുകൾക്ക് ആധാരമാക്കിയ Source Documents പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. | 1-1-8 |
| 10 | ഡെപ്രിസിയേഷൻ | 1-1-9 |
| 11 | ഡെപ്പോസിറ്റ് | 1-1-10 |
| 12 | ബാധ്യതാ തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-1-11 |
| 13 | അഡ്വാൻസ് | 1-1-12 |
| 14 | ഷെഡ്യൂൾ B15 ലെ അപാകതകൾ | 1-1-13 |
| 15 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. | 1-1-14 |
| 16 | വായ്പാ / പ്രീപെയ്ഡ് പ്രോഗ്രാം എക്സ്പെൻസ് ഹെഡുകൾ പൊരുത്തപ്പെടുന്നില്ല. | 1-1-15 |
| 17 | സംയുക്ത പദ്ധതികളുടെ നീക്കിയിരിപ്പ് ട്രഷറി അക്കൗണ്ട് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല | 1-1-16 |
| 18 | വാർഷിക കണക്കുകളിൽ ചില ഹെഡുകളിൽ മൈനസ് തുകകൾ രേഖപ്പെടുത്തിക്കാണുന്നു | 1-1-17 |
| 19 | സ്റ്റോറിന്റെ മൂല്യ നിർണയ രേഖകൾ ഹാജരാക്കേണ്ടതാണ്. | 1-1-18 |
| 20 | ബാലൻസ് ഷീറ്റിൽ നിലവിലില്ലാത്ത ബാങ്ക് അക്കൗണ്ട് ഇടം പിടിച്ചു | 1-1-19 |
| 21 | പ്രതിമാസ കണക്കുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിക്കുന്നില്ല. | 1-1-20 |
| 22 | വാർഷിക ധനകാര്യ പത്രിക ഓഡിറ്റിന് സമർപ്പിക്കുന്നതിൽ ചട്ടപ്രകാരമുള്ള സമയക്ലിപ്തത പാലിച്ചിട്ടില്ല. | 1-1-21 |
| 23 | രശീതികളുടെ ക്യാൻസലേഷൻ അംഗീകരിച്ചത് സാമ്പത്തിക വർഷം കഴിഞ്ഞ ശേഷം | 1-1-22 |
| 24 | വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം-കണക്ക രേഖപ്പെടുത്തിയിട്ടില്ല. | 1-1-23 |
| 25 | ബജറ്റ് | 1-2 |
| 26 | സാമ്പത്തിക വിശകലനം | 1-3 |
| 27 | ഫണ്ടുകളുടെ വിനിയോഗം | 1-4 |
| 28 | പദ്ധതി അവലോകനം | 1-5 |
| 29 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 30 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം | 1-7 |
| 31 | ക്യാഷ് ബാലൻസ് | 1-8 |
| 32 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 33 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യ സംസ്കരണം ഹരിതകമർമ്മസേനയിലൂടെ - അവലോകനം | 1-10 |
| 34 | അക്കൗണ്ടന്റ് നടത്തിയ സാമ്പത്തീക ക്രമക്കേട് സംബന്ധിച്ച്. | 1-11 |

| | | |
|---|---|---|
| 35 | പണം പിൻവലിക്കൽ - അപാകങ്ങൾ | 1-12 |
| 36 | വസ്തു നികുതി കുടിശ്ശിക – ഈടാക്കാൻ നടപടി സ്വീകരിക്കുന്നില്ല. | 1-13 |
| 37 | തൊഴിൽ നികുതി-അപാകതകൾ | 1-14 |
| 38 | വാടക കുടിശ്ശിക | 1-14-1 |
| 39 | ലേലം- അപാകതകൾ | 1-14-2 |
| 40 | രശീത് ബുക്ക് പരിശോധന- അപാകങ്ങൾ | 1-15 |
| 41 | അടുക്കള മുറ്റത്തെ കോഴിവളർത്തൽ പദ്ധതി-രേഖകൾ ഹാജരാക്കിയില്ല. | 1-16 |
| 42 | മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ– പദ്ധതി നിർവഹണത്തിൽ അപാകതകൾ. | 1-17 |
| 43 | പശുക്കൾക്ക് ധാതുലവണ, വിരമരുന്ന് വിതരണം പദ്ധതി-രേഖകൾ ഹാജരാക്കിയില്ല. | 1-18 |
| 44 | പോത്ത് കുട്ടി വിതരണം- പദ്ധതി നിർവഹണത്തിൽ അപാകതകൾ. | 1-19 |
| 45 | മത്സ്യവില്പനക്കായി മോട്ടോർസൈക്കിൾ, ഐസ് ബോക്സ് പദ്ധതി-രേഖകൾ ഹാജരാക്കിയില്ല. | 1-20 |
| 46 | മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫർണ്ണിച്ചർ വാങ്ങി നൽകൽ പദ്ധതി-സ്റ്റഡി സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല | 1-21 |
| 47 | ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ പദ്ധതി-രേഖകൾ ഹാജരാക്കിയില്ല. | 1-22 |
| 48 | കുമ്പള ഗ്രാമപഞ്ചായത്തിൽ അഡീഷണൽ മിനി MCFകൾ സ്ഥാപിക്കൽ പദ്ധതി-രേഖകൾ ഹാജരാക്കിയില്ല. | 1-23 |
| 49 | ടേക്ക്-എ-ബ്രേക്ക് ടോയ് ലറ്റ് സ്ഥാപിക്കൽ– മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതി ഹാബിറ്റാറ്റിനെ ഏൽപിച്ചു. | 1-24 |
| 50 | MCF ലേക്ക് ബെയിലിംഗ് മെഷീൻ വാങ്ങൽ പദ്ധതി-രേഖകൾ ഹാജരാക്കിയില്ല. | 1-25 |
| 51 | വീട് വാസയോഗ്യമാക്കൽ (ജനറൽ) പദ്ധതി-പൂർത്തീകരിച്ചില്ല. | 1-26 |
| 52 | ഭവനപുനരുദ്ധാരണം-ജനറൽ 2023-24 - മുൻകൂർ തുക കൈപ്പറ്റിയവർ വീട് നിർമ്മാണം പൂർത്തീകരിച്ചില്ല. | 1-27 |
| 53 | ഭവനപുനരുദ്ധാരണം - ജനറൽ -സ്പിൽ ഓവർ പദ്ധതി-മുൻകൂർ തുക കൈപ്പറ്റിയ ഗുണഭോക്താവ് വീട് നിർമ്മാണം പൂർത്തീകരിച്ചില്ല. | 1-28 |
| 54 | ഭവനപുനരുദ്ധാരണം - പട്ടികജാതി 2023-24 - പദ്ധതി-മുൻകൂർ തുക കൈപ്പറ്റിയവർ വീട് നിർമ്മാണം പൂർത്തീകരിച്ചില്ല. | 1-29 |
| 55 | പട്ടികജാതിയിൽപ്പെട്ട വിധവകളുടെ വീട് വാസയോഗ്യമാക്കൽ പദ്ധതി-വീട് നിർമ്മാണം പൂർത്തീകരിച്ചില്ല. | 1-30 |
| 56 | പാലിന് സബ്സിഡി-ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകിയി-7,351/-രൂപ തടസ്സപ്പെടുത്തുന്നു. | 1-31 |
| 57 | ക്ഷയരോഗികൾക്ക് പോഷകാഹാരം- മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പാക്കി. | 1-32 |
| 58 | വനിത മെൻസ്ട്രൽ കപ്പ് -പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-33 |
| 59 | ആരോഗ്യ സ്ഥാപനങ്ങളിലെ രോഗനിർണയ സൗകര്യം-വാങ്ങൽ നടപടിക്രമം പാലിച്ചില്ല. | 1-34 |
| 60 | റോഡ് ഇംപ്രൂവ്മെന്റ് പ്രവൃത്തി- എസ്റ്റിമേറ്റിൽ കൊല്ലം ജില്ലയ്ക്ക് ബാധകമായ കോസ്റ്റ് ഇൻഡക്സ് നൽകിയതിനാൽ നഷ്ടമുണ്ടായി. | 1-35 |
| 61 | കുടിവെള്ള പദ്ധതി- പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി-എസ്റ്റിമേറ്റിലെ പിശകുമൂലം നഷ്ടമുണ്ടായി. | 1-36 |
| 62 | ഫിഷറീസ് കോളനിയിലെ ലൈബ്രറി ഇംപ്രൂവ്മെന്റ്- കെട്ടിടം പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഇല്ല | 1-37 |
| 63 | തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ പർച്ചേസ് -സ്രോതസ്സിൽ നിന്നും ജി.എസ്.ടി കുറവു ചെയ്തില്ല. | 1-38 |
| 64 | തൊഴിലുറപ്പ് പദ്ധതിയിലെ സിമന്റ് വാങ്ങൽ– മാർക്കറ്റ് നിരക്കിനേക്കാൾ അധികം നിരക്കിൽ സമാഹരണം നടത്തി | 1-39 |
| 65 | ILGMS വൗച്ചർ പരിശോധനയുമായി ബന്ധപ്പെട്ട് ഓഡിറ്റ് നേരിടുന്ന പ്രായോഗിക തടസ്സങ്ങൾ | 1-40 |

| | | |
|---|---|---|
| 66 | ഗ്രാമവണ്ടിയുടെ ഡീസൽ ഉപയോഗം- ഒരേ റൂട്ടിൽ ഒരേ ദൂരത്തിന് വ്യത്യസ്ത അളവിൽ ഡീസൽ ഉപയോഗം. | 1-41 |
| 67 | വരൾച്ചാ ദുരിതാശ്വാസം - കുടിവെള്ള വിതരണ പദ്ധതി - പദ്ധതി നടത്തിപ്പിൽ അപാകതകൾ. | 1-42 |
| 68 | ഐ. കെ. എം ന് വിഹിതംനൽകൽ–ചെലവ്വ തുകയുടെ രശീതി, വിനിയോഗ വിവരം എന്നിവ ലഭ്യമല്ല. | 1-43 |
| 69 | സാമ്പത്തിക സ്ഥിതി വിലയിരുത്താതെ തനതു ഫണ്ട് വകയിരുത്തി പ്രൊജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കി. | 1-44 |
| 70 | തനത് ഫണ്ട് ചെലവിന്റെ വൗച്ചർ പരിശോധനയിൽ കണ്ട അപാകതകൾ . | 1-45 |
| 71 | ക്ലീൻ കേരളാ/ഗ്രീൻ വേംസ് കമ്പനിക്ക് തുക കൈമാറൽ -രേഖകൾ ഹാജരാക്കിയില്ല. | 1-45-1 |
| 72 | ജീവനക്കാർക്ക് യാത്രാബത്ത അനുവദിച്ചത് - രേഖകൾ ഹാജരാക്കിയില്ല. | 1-45-2 |
| 73 | തനത് ഫണ്ടുകളുടെ വൗച്ചർ പരിശോധന- -രേഖകൾ ഹാജരാക്കിയില്ല. | 1-45-3 |
| 74 | പഞ്ചായത്ത് വാഹനത്തിന്റെ ഇൻഷ്വറൻസ്-സർക്കാർ നിർദ്ദേശം പാലിച്ചില്ല . | 1-45-4 |
| 75 | കുടിവെള്ള കരം പഞ്ചായത്തിന്റെ വരുമാനം ഗണ്യമായി ചോർത്തുന്നു. | 1-46 |
| 76 | SSK വിഹിതം അടവാക്കൽ പദ്ധതി -അപാകതകൾ . | 1-47 |
| 77 | തുല്യത കോഴ്സ് ഫീസ് നൽകൽ–രേഖകൾ ഹാജരാക്കിയില്ല. | 1-48 |
| 78 | കേരളോത്സവം നടത്തിപ്പ് - ചെലവ് രേഖകൾ പൂർണ്ണമല്ല. | 1-49 |
| 79 | കൃഷി ഓഫീസറുടെ പ്രോജക്ടുകൾ– സബ്സിഡി തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ക്രഡിറ്റായില്ല. | 1-50 |
| 80 | മാർഗരേഖയിലെ നിബന്ധനയ്ക്ക് വിരുദ്ധമായി വാങ്ങൽ നടത്തി. | 1-51 |
| 81 | ശാരിരീക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - ഗുണഭോക്താക്കൾക്ക് തുക ലഭിച്ചില്ല. | 1-52 |
| 82 | അംഗനവാടി ശിശുസൗഹൃദ ചുമർചിത്രം നികുതികൾ ഈടാക്കിയില്ല-കരാറുകാരന് അധികം തുക നൽകി. | 1-53 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | റോഡ് ഇംപ്രൂവ്മെന്റ് പ്രവൃത്തി- എസ്റ്റിമേറ്റിൽ കൊല്ലം ജില്ലയ്ക്ക് ബാധകമായ കോസ്റ്റ് ഇന്റക്സ് നൽകിയതിനാൽ നഷ്ടമുണ്ടായി. | 3-1 |
| 2 | കുടിവെള്ള പദ്ധതി- പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി-എസ്റ്റിമേറ്റിലെ പിശകുമൂലം നഷ്ടമുണ്ടായി. | 3-2 |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത് | 4-3 |
| 4 | വായ്പാ/വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികൾ | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

| | |
|---|---|
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| 4 | രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 5 | ബാലൻസ് ഷീറ്റ് |

# ഭാഗം –1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 07.10.2024 ലെ 01/2024 നമ്പർ തീരുമാന പ്രകാരം തയ്യാറാക്കി സമർപ്പിക്കുന്ന പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കുമ്പള ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2024 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31/03/2024-ാം തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൽഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭാപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കുമ്പള ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കാസറഗോഡ്
28.12.2024

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

### 1-1-1 സെക്രട്ടറി പ്രതിദിനം, മാസാവസാനം, അർദ്ധവർഷാവസാനം, വർഷാവസാനം നടപ്പിലാക്കേണ്ടുന്ന നടപടികൾ പാലിച്ചിട്ടില്ല.

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 പ്രകാരം സെക്രട്ടറി പ്രതിദിനം, മാസാവസാനം, അർദ്ധവർഷാവസാനം, വർഷാവസാനം എന്നീ സമയങ്ങളിൽ നടപ്പിലാക്കേണ്ടുന്ന നടപടികൾ വിശദീകരിച്ചിട്ടുണ്ട്. പഞ്ചായത്തിൽ ഈ നടപടികൾ കൃത്യമായി പാലിച്ചിട്ടില്ല.

<u>**പ്രതിദിനം നടത്തേണ്ടുന്ന നടപടികൾ നടത്തിയില്ല.**</u>

ക്യാഷ് ബുക്കും ബാങ്ക് ബുക്കും പ്രതിദിനം ക്ലോസ് ചെയ്യുകയും ലെഡ്ജർ അക്കൗണ്ടുകൾ ക്യാഷ് ബുക്ക്, ബാങ്ക് ബുക്ക്, ജേണൽ ബുക്ക് തുടങ്ങിയ പ്രാഥമിക അക്കൗണ്ട് രേഖകളുമായി സെക്രട്ടറി ഒത്തു നോക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ ഈ നടപടികൾ 2023-24 ൽ പാലിച്ചിട്ടില്ല. 07.8.2023 മുതൽ മെയ് 2024 വരെ പഞ്ചായത്തിൽ ചെലവുകളുടെ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ചെക്കുകൾ എഴുതി പേമെന്റുകൾ നടത്തിയിരുന്നുവെങ്കിലും പേമെന്റ് ഓർഡർ തയ്യാറാക്കിയതും പേമെന്റ് വൗച്ചർ ജനറേറ്റ് ചെയ്തതും 2024 മെയ്, ജൂൺ മാസങ്ങളിൽ ILGMS ലെ പെന്റിംഗ് ടാസ്ക് എന്ന സംവിധാനം ഉപയോഗപ്പെടുത്തിയാണ്. ILGMS ലെ പേമെന്റ് ഫയലുകളിലും വൗച്ചറുകളിലും ഒരു രേഖകളും അറ്റാച്ച് ചെയ്തിട്ടില്ല. നോട്ട് ഫയലുകളിലും കേവലം ടെംപ്ലേറ്റുകൾ അല്ലാതെ വിശദ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. മാന്വൽ ആയും ഫയലുകൾ പൂർണമായി സൂക്ഷിച്ചിട്ടില്ല. ക്യാഷ് ബുക്കും ബാങ്ക് ബുക്കുകളും പ്രിന്റ് എടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ചെലവുകൾ അക്രൂ ചെയ്യുന്നതിലും അക്കൗണ്ട് ചെയ്യുന്നതിലും മുകളിൽ വിവരിച്ച കാലതാമസം തന്നെ പ്രതിദിനം നടത്തേണ്ട നടപടികൾ യഥാവിധി സ്വീകരിക്കാത്തതിന് തെളിവാണ്.

<u>**മാസാവസാനം നടത്തേണ്ടുന്ന നടപടികൾ നടത്തിയില്ല.**</u>

പ്രതിമാസം റീക്കൺസിലിയേഷൻ നടത്തുന്നതിലെ വീഴ്ചകൾ ഖണ്ഡിക 1-1-6 ൽ വിവരിച്ചിട്ടുണ്ട്. ജീവനക്കാരുടെ പെൻഷൻ അംശാദായങ്ങൾ അടക്കുക എന്നത് പ്രതിമാസം നടത്തേണ്ട നടപടിയാണ്. എന്നാൽ ഇതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. സർക്കാരിന് ചെല്ലേണ്ടുന്ന തുകകൾ അടക്കേണ്ടത് പ്രതിമാസം നടത്തേണ്ട കാര്യമാണ്. എന്നാൽ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-9 പ്രകാരം വിവിധ ഹെഡുകളിൽ ഭീമമായ തുകകൾ സർക്കാരിലേക്ക് അടക്കാതെ വർഷങ്ങളായി ക്യാരി ഓവർ ചെയ്ത് വരുന്നതായി കാണുന്നു. ഇതിനു പുറമെ, കേരള നിർമാണ തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള സംസ്ഥാന ലൈബ്രറി കൗൺസിൽ തുടങ്ങിയ സ്ഥാപനങ്ങൾക്ക് അടക്കേണ്ട തുകകളും വർഷങ്ങളായി അടക്കാതെ ക്യാരി ഓവർ ചെയ്ത് വരുന്നതായി ഷെഡ്യൂൾ B-9, അനുബന്ധ ലെഡ്ജറുകൾ എന്നിവ പരിശോധിച്ചതിൽ മനസ്സിലാക്കുന്നു.

<u>**അർദ്ധവർഷാവസാനം നടത്തേണ്ടുന്ന നടപടികൾ നടത്തിയില്ല.**</u>

ഡെപ്പോസിറ്റുകൾ, മുൻകൂറുകൾ, കിട്ടാനുള്ളവയും വരുമാനവും തുടങ്ങിയവ അനുബന്ധ രേഖകളും രജിസ്റ്ററുകളുമായി പൊരുത്തപ്പെടുത്തുക എന്നത് അർദ്ധവർഷാവസാനം നടത്തേണ്ടുന്ന പ്രക്രിയയാണ്. എന്നാൽ ഡെപ്പോസിറ്റുകൾ, മുൻകൂറുകൾ, കിട്ടാനുള്ളവയും വരുമാനവും ഇത്തരത്തിൽ പൊരുത്തപ്പെടുത്തിയിട്ടില്ല.

ലഭിച്ച നിശ്ചിത ഗ്രാന്റുകൾ ഗ്രാന്റ് വരുമാനത്തിലേക്കും അംശദായത്തിലേക്കും ആ കാലയളവിലെ വിനിയോഗം അനുസരിച്ച് മാറ്റുക എന്ന അർദ്ധവർഷാവസാനം നടത്തേണ്ട പ്രക്രിയ കൃത്യമായി നടത്താത്തതിനാൽ വിവിധ ഫണ്ടുകളുടെ റവന്യൂ ഗ്രാന്റ്, മൂലധന കോൺട്രിബ്യൂഷൻ എന്നിവ തെറ്റായി കണക്കാക്കിയാണ് വാർഷിക ധനകാര്യ പത്രികയിൽ പ്രതിഫലിക്കുന്നത്.

കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് റിക്കാർഡുകളും രേഖകളുമായി പൊരുത്തപ്പെടുത്തുക എന്നത് അർദ്ധവർഷാവസാനം നടത്തേണ്ടുന്ന പ്രക്രിയയാണ്. എന്നാൽ ഈ നടപടി സ്വീകരിക്കാത്തതിനാൽ ചില പൊതു മരാമത്ത് പ്രവൃത്തികൾക്ക് പാർട്ട് ബില്ലുകൾ നൽകിയിട്ടുണ്ടെങ്കിലും 412010101-Capital Work In Progress എന്ന ഹെഡിൽ നീക്കിയിരിപ്പില്ല.

<u>**വർഷാന്ത്യ നടപടികൾ സ്വീകരിക്കാത്തതു മൂലമുള്ള അപാകതകൾ-**</u>

സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന- സ്ഥിര ആസ്തികളുടെ ഭൗതിക പരിശോധന നടത്തിയിട്ടില്ല.

ആസ്തികളുടെ കാലികമായ ഡാറ്റാബേസ് പഞ്ചായത്തിൽ ലഭ്യമല്ല.

വർഷാന്ത്യത്തിൽ എല്ലാതരത്തിലുള്ള മുൻകൂറുകളും സ്ഥിരീകരിക്കേണ്ടതുണ്ട്. എന്നാൽ ഇത്തരത്തിൽ സ്ഥിരീകരണം നടത്താനുതകുന്ന രീതിയിൽ മുൻകൂറുകളുടെ കണക്കും വിവരങ്ങളും പഞ്ചായത്തിൽ ലഭ്യമല്ല. ആയതിനാൽ ഈ നടപടി പഞ്ചായത്ത് നടത്തിയിട്ടില്ല എന്ന് വ്യക്തമാണ്.

സ്പെഷ്യൽ ഫണ്ട് (യൂട്ടിലൈസ്ഡ്) അക്കൗണ്ടിലേക്ക് മാറ്റി ഫണ്ടുകളുടെ വിനിയോഗം രേഖപ്പെടുത്തേണ്ടത് വർഷാന്ത്യത്തിലാണ്. എന്നാൽ വിവിധ ഫണ്ടുകളുടെ വിനിയോഗം ഇത്തരത്തിൽ രേഖപ്പെടുത്തിയതിൽ പിശക് സംഭവിച്ചിട്ടുണ്ട്.

**1-1-2 വർഷങ്ങളായി ആവർത്തിച്ച് വരുന്ന അപാകതകൾ പരിഹരിക്കപ്പെടുന്നില്ല**

**1. ഷെഡ്യൂൾ B1-Panchayat Fund General-**

ഈ ഷെഡ്യൂളിൽ Excess Of Income Over Expenditure എന്ന കണക്കിൽ 5,43,22,059 രൂപ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ട് പ്രകാരം 31.03.2024 ലെ Net Surplus Carried Over To The Balance Sheet 36,49,576 രൂപയാണ്.

**2. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ പിശക്**

2023-24 വർഷത്തെ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ പിശക് ഉള്ളതായി കാണുന്നു. സ്റ്റേറ്റ്മെന്റ് പ്രകാരം Net Cash Generated By Operating Activities, Investing Activities And Financing Activities 60,94,088 രൂപയാണ്. എന്നാൽ Net Increase In Cash And Cash Equivalents 1,40,08,667 രൂപയാണ്. തുകകൾ പൊരുത്തപ്പെടുന്നില്ല.

മേൽ അപാകതകൾ വർഷങ്ങളായി ആവർത്തിച്ച് വരുന്നതും സംസ്ഥാന തലത്തിൽ തന്നെ സോഫ്റ്റ്വെയർ ക്രമീകരണത്തിലൂടെ പരിഹരിക്കപ്പെടേണ്ടതുമാണ്. എന്നാൽ സോഫ്റ്റ് വെയർ ദാതാക്കളുടെ ഭാഗത്തു നിന്നും ഇവ പരിഹരിക്കാനുള്ള നടപടികൾ ഉണ്ടായിട്ടില്ല.

**1-1-3 വരുമാനങ്ങളുടെ അക്രൂവൽ രേഖപ്പെടുത്തുന്നതിൽ വലിയ കാലതാമസം**

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ) ചട്ടങ്ങളിലെ ചട്ടം 17 (2) പ്രകാരം അക്രൂവൽ അടിസ്ഥാനത്തിൽ അക്കൗണ്ട് ചെയ്യേണ്ട വരുമാനങ്ങളുടെ ഡിമാന്റ്, ഡിമാന്റുകളിലും അഡ്ജസ്റ്റ്മെന്റുകളിലും വരുത്തേണ്ട മാറ്റങ്ങൾ, തിരിച്ചു നൽകൽ, കുറവ് വരുത്തൽ, എഴുതി തള്ളൽ എന്നിവ സംബന്ധിച്ചും പിരിവിന്റെ വിശദാംശങ്ങൾ സംബന്ധിച്ചും പ്രതിമാസ സ്റ്റേറ്റ്മെന്റുകൾ സെക്രട്ടറി തയ്യാറാക്കിക്കേണ്ടതും ഇവയുടെ അടിസ്ഥാനത്തിൽ പുസ്തകങ്ങളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ ഈ ചട്ടം പാലിച്ചിട്ടില്ല. അക്രൂവൽ അടിസ്ഥാനത്തിൽ വരുമാനം രേഖപ്പെടുത്തേണ്ട വസ്തുനികുതി, വാടക, ലൈസൻസ് ഫീസ്, വ്യാപാരികളിൽ നിന്നുമുള്ള തൊഴിൽ നികുതി എന്നീയിനങ്ങളുടെ അക്രൂവൽ വരുമാനം രേഖപ്പെടുത്തിയിട്ടുള്ളത് വർഷാവസാന ദിനമായ 2024 മാർച്ച് 31 ന് മാത്രമാണ്.

**1-1-4 പ്രത്യേക ഉദ്ദേശ ഫണ്ടുകളുടെ നീക്കിയിരിപ്പ് ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.**

1) 311100101-ദുരിതാശ്വാസനിധി എന്ന ഹെഡിലെ ഷെഡ്യൂൾ B2 പ്രകാരമുള്ള നീക്കിയിരിപ്പ് 11,728 രൂപയാണ്. എന്നാൽ ദുരിതാശ്വാസ നിധി കൈകാര്യം ചെയ്യുന്ന ബാങ്ക് അക്കൗണ്ടിലെ (കേരള ഗ്രാമീൺ ബാങ്കിലെ അക്കൗണ്ട് നം.7368) 31.03.2024 ലെ നീക്കിയിരിപ്പ് 4,328 രൂപ മാത്രമാണ്.

2) 320100124-ഹരിയാലി എന്ന ഹെഡിലെ ഷെഡ്യൂൾ B4 പ്രകാരമുള്ള നീക്കിയിരിപ്പ് 58,915 രൂപയാണ്. എന്നാൽ ഈ ഫണ്ട് കൈകാര്യം ചെയ്യുന്ന ബാങ്ക് അക്കൗണ്ടിൽ (കേരള ഗ്രാമീൺ ബാങ്കിലെ അക്കൗണ്ട് നം.7587) 31.03.2024 ൽ നീക്കിയിരിപ്പ് ഇല്ല.

3) 320100128-തൊഴിലുറപ്പ് പദ്ധതി എന്ന ഹെഡിലെ ഷെഡ്യൂൾ B4 പ്രകാരമുള്ള നീക്കിയിരിപ്പ് 10,507 രൂപയാണ്. എന്നാൽ ഈ ഫണ്ട് കൈകാര്യം ചെയ്യുന്ന ബാങ്ക് അക്കൗണ്ടുകളിൽ കേരള ഗ്രാമീൺ

ബാങ്കിലെ അക്കൗണ്ട് നം.6839 ൽ 31.03.2024 ന് നീക്കിയിരിപ്പ് ഇല്ല. കേരള ഗ്രാമീൺ ബാങ്കിലെ അക്കൗണ്ട് നം.81181 ൽ 8,675 രൂപ മാത്രമാണ് നീക്കിയിരിപ്പ്. (ആകെ 8,675 രൂപ)

4) ഷെഡ്യൂൾ B4 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക്), ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) ഫണ്ടുകളുടെ നീക്കിയിരിപ്പ് യഥാക്രമം 50,08,974 രൂപയും 1,35,37,304 രൂപയുമാണ്. (ആകെ 1,85,46,278 രൂപ). എന്നാൽ ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ ബാങ്ക് അക്കൗണ്ടിലെ (കേരള ഗ്രാമീൺ ബാങ്ക്- 3009) 31.03.2024 ലെ നീക്കിയിരിപ്പ് 1,85,50,473 രൂപയാണ്.

5) ഷെഡ്യൂൾ B4 പ്രകാരം ലൈഫ് പദ്ധതിക്കുള്ള സംസ്ഥാന വിഹിതത്തിന്റെ നീക്കിയിരിപ്പ് 15,94,946 രൂപയാണ്. എന്നാൽ ഈ ഫണ്ട് കൈകാര്യം ചെയ്യുന്ന ബാങ്ക് അക്കൗണ്ടിലെ (എസ്.ബി.ഐ- 1693) 31.03.2024 ലെ നീക്കിയിരിപ്പ് 5,18,702 രൂപയാണ്.

## 1-1-5 വിവിധ ഫണ്ടുകളുടെ കണക്കുകൾ വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയതിൽ പൊരുത്തക്കേടുകൾ

**വികസന ഫണ്ട്- ജനറൽ**

വികസന ഫണ്ട്- ജനറൽവിഭാഗത്തിന്റെ ആകെ ചെലവ് വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ളത് 3,64,04,465 രൂപയാണ്. (ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ- 3,25,000രൂപ, റവന്യൂ ഗ്രാന്റ്- 3,60,79,465 രൂപ). സുലേഖയിൽ നിന്നുള്ള ചെലവ് പത്രിക പ്രകാരവും ആകെ ചെലവ് 3,64,04,465 രൂപയാണ്. എന്നാൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം ആകെ ചെലവ് 3,25,92,970 രൂപയാണ്. രേഖകളിൽ പൊരുത്തക്കേടുണ്ട്. ഇവ വിശദീകരിക്കേണ്ടതാണ്.

**വികസന ഫണ്ട്- എസ്.സി.എസ്.പി**

വികസന ഫണ്ട്- എസ്.സി.എസ്.പി വിഭാഗത്തിന്റെ ആകെ ചെലവ് വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ളത് 46,44,032 രൂപയാണ്. (ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ- Nil, റവന്യൂ ഗ്രാന്റ്- 46,44,032 രൂപ). സുലേഖയിൽ നിന്നുള്ള ചെലവ് പത്രിക പ്രകാരവും ആകെ ചെലവ് 46,44,032 രൂപയാണ്. എന്നാൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം ആകെ ചെലവ് 34,79,034 രൂപയാണ്. രേഖകളിൽ പൊരുത്തക്കേടുണ്ട്. ഇവ വിശദീകരിക്കേണ്ടതാണ്.

**ധനകാര്യ കമ്മീഷൻ ഫണ്ട് (ബേസിക് ഗ്രാന്റ്)**

ധനകാര്യ കമ്മീഷൻ ഫണ്ട് (ബേസിക് ഗ്രാന്റ്) വിഭാഗത്തിന്റെ ആകെ ചെലവ് വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ളത് 84,24,527 രൂപയാണ്. (ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ- 43,42,894രൂപ, റവന്യൂ ഗ്രാന്റ്- 40,81,633രൂപ). എന്നാൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരവും സുലേഖയിൽ നിന്നുള്ള ചെലവ് പത്രിക പ്രകാരവും ആകെ ചെലവ് 84,54,247 രൂപയാണ്. 29,720 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

**മെയിന്റനൻസ് ഫണ്ട് റോഡ്-**

മെയിന്റനൻസ് ഫണ്ട് റോഡ് വിഭാഗത്തിന്റെ ആകെ ചെലവ് വാർഷിക ധനകാര്യ പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ളത് 9,96,686 രൂപയാണ്. (ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ- Nilരൂപ, റവന്യൂ ഗ്രാന്റ്- 9,96,686 രൂപ). സുലേഖയിൽ നിന്നുള്ള ചെലവ് പത്രിക പ്രകാരവും ആകെ ചെലവ് 9,96,686 രൂപയാണ്. എന്നാൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം ആകെ ചെലവ് 23,97,667 രൂപയാണ്.

## 1-1-6 റീക്കൺസിലിയേഷനിലെ അപാകതകൾ

| Bank | Account No | PassBook Balance | Closing Balance | Status | |
|---|---|---|---|---|---|
| BANK OF BARODA | 68730100020282 | 724031 | 724031 | Submitted | ബാങ്ക് ബുക്ക് പ്രകാരമുള്ള |

| | | | | | |
|---|---|---|---|---|---|
| | | | | | ക്ലോസിംഗ് ബാലൻസ് തെറ്റാണ്. യഥാർത്ഥ ക്ലോസിംഗ് ബാലൻസ് 5,57,570 രൂപയാണ്. |
| BANK OF BARODA-Health Grant Diagnostic Infrastructure | 68730100020283 | 1511053 | 1505813 | Submitted | റീക്കൺസിലിയേഷൻ ശരിയായി ചെയ്തിട്ടുണ്ട്. |
| BANK OF BARODA--Health Grant Towards Building Less PHC | 68730100020281 | | | | റീക്കൺസിലിയേഷൻ ചെയ്തിട്ടില്ല. |
| IDBI-Swach Bharat Mission Phase 2 Fund | 0450104000200615 | 0 | 0 | Submitted | 16,690 രൂപയുടെ വരവും ചെലവും കണക്കിൽ ഇല്ല. റീക്കൺസിലിയേഷൻ തെറ്റാണ്. |
| Kerala Bank -Own Fund | 150081201000222 | | | | റീക്കൺസിലിയേഷൻ ചെയ്തിട്ടില്ല. |
| KERALA GRAMIN BANK | 40517100007587 | 0 | 0 | Submitted | KERALA GRAMIN BANK-Hariyali എന്ന പേരിൽ ഇതേ നമ്പരിൽ ഒരു അക്കൗണ്ട് കൂടി ഷെഡ്യൂൾ B-17 ൽ ഉൾപ്പെട്ടു കാണുന്നു. |
| KERALA GRAMIN BANK-Hariyali | 40517100007587 | | | | ഈ അക്കൗണ്ടിന്റെ റീക്കൺസിലിയേഷൻ നടത്തിയിട്ടില്ല. KERALA GRAMIN BANK-എന്ന പേരിൽ ഇതേ നമ്പരിൽ ഒരു അക്കൗണ്ട് കൂടി ഷെഡ്യൂൾ B-17 ൽ ഉൾപ്പെട്ടു കാണുന്നു. |
| KERALA GRAMIN BANK | 18158039526 | | | | റീക്കൺസിലിയേഷൻ ചെയ്തിട്ടില്ല. ഇടപാടുകൾ ഇല്ലാത്ത അക്കൗണ്ട് ആണ്. നില നിർത്തുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. |
| KERALA GRAMIN BANK -CFC PFMS.CFC PFMS | 40517101053009 | 18754527 | 18550473 | Submitted | റീക്കൺസിലിയേഷൻ ശരിയായി ചെയ്തിട്ടുണ്ട്. |
| KERALA GRAMIN | 40517100007368 | 4328 | 4328 | Submitted | റീക്കൺസിലിയേഷൻ |

| | | | | | |
|---|---|---|---|---|---|
| BANK-Distress Relief Fund | | | | | ശരിയായി ചെയ്തിട്ടുണ്ട്. |
| KERALA GRAMIN BANK-MGNREGS | 40517100006839 | 0 | | Submitted | 3,208 രൂപ സ്റ്റേറ്റ് മിഷനിലേക്കും 62,040 രൂപ പഞ്ചായത്തിന്റെ തനതു ഫണ്ട് അക്കൗണ്ടിലേക്കും റീഫണ്ട് ചെയ്ത തുകകളാണ്. എന്നാൽ Advance To Others എന്ന കണക്കിലാണ് ഈ തുകകൾ ചേർത്തിട്ടുള്ളത്. |
| KERALA GRAMIN BANK NREGA 81181 | 40517101081181 | 8675 | 8675 | Submitted | റീക്കൺസിലിയേഷൻ ശരിയായി ചെയ്തിട്ടുണ്ട്. |
| KERALAGRAMIN BANK-OWNFUND | 40517101045888 | 4630008 | 5221143 | Ongoing | റീക്കൺസിലിയേഷൻ പൂർത്തിയാക്കിയിട്ടില്ല. Ongoing സ്റ്റാറ്റസിൽ ആണ് ഉള്ളത്. നിലവിൽ ILGMS ൽ ലഭ്യമായ മാർച്ച് 2024 മാസത്തെ റീക്കൺസിലിയേഷൻ തെറ്റാണ്. |
| KGB KURDFC LOAN 76374 | 40517101076374 | 0 | | Submitted | 2024-25 ൽ ആരംഭിച്ച അക്കൗണ്ട് ആണ്. |
| Kumbla Service CO-OPERATIVE BANK-Own Fund | 20464 | 2338917 | 1416185 | Submitted | റീക്കൺസിലിയേഷൻ തെറ്റാണ്. ബാങ്ക് ബുക്ക് പ്രകാരമുള്ള യഥാർത്ഥ നീക്കിയിരിപ്പ് 20,66,491 രൂപയാണ്. |
| Kumbla Service CO-OPERATIVE BANK -TRAINING CENTRE | 20878 | | | | റീക്കൺസിലിയേഷൻ ചെയ്തിട്ടില്ല. (ബാങ്ക് ബുക്കിൽ 1,530 രൂപയും പാസ് ബുക്കിൽ 1,584 രൂപയുമാണ് നീക്കിയിരിപ്പ് . |
| SOUTH INDIAN BANK-Own Fund POS | 0819073000000143 | | | | റീക്കൺസിലിയേഷൻ ചെയ്തിട്ടില്ല. (ബാങ്ക് ബുക്കിൽ 24,76,308രൂപയും പാസ് ബുക്കിൽ 15,10,238 രൂപയുമാണ് നീക്കിയിരിപ്പ്. 16.12.2023 ന് 10 ലക്ഷം രൂപ |

| | | | | | |
|---|---|---|---|---|---|
| | | | | | പഞ്ചായത്തിന്റെ തനതു ഫണ്ട് അക്കൗണ്ടിലേക്ക് (KGB- 5888 ലേക്ക് മാറ്റിയിട്ടുണ്ട്. ഈ ഇടപാട് അക്കൗണ്ട് ചെയ്തിട്ടില്ല. |
| State Bank Of India-E Payment | 67185715840 | | | | റീക്കൺസിലിയേഷൻ ചെയ്തിട്ടില്ല. STATE BANK OF INDIA-E Payment എന്ന പേരിൽ ഇതേ നമ്പരിൽ ഒരു അക്കൗണ്ട് കൂടി ഷെഡ്യൂൾ B-17 ൽ ഉൾപ്പെട്ടിട്ടുണ്ട്. കാരണം വ്യക്തമാക്കേണ്ടതാണ്. |
| STATE BANK OF INDIA-E Payment | 67185715840 | 3246299 | 3401977 | Submitted | റീക്കൺസിലിയേഷൻ ചെയ്തിട്ടില്ല. (ബാങ്ക് ബുക്കിൽ 34,01,977രൂപയും പാസ് ബുക്കിൽ 32,16,919 രൂപയുമാണ് നീക്കിയിരിപ്പ്. |
| STATE BANK OF INDIA- LIFE | 38104921693 | 518702 | 518702 | Submitted | റീക്കൺസിലിയേഷൻ ശരിയായി ചെയ്തിട്ടുണ്ട്. |
| STATE BANK OF INDIA-Sand | 33460635238 | 2646289 | 2653289 | Submitted | റീക്കൺസിലിയേഷൻ തെറ്റാണ്. ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ചില ഇടപാടുകൾ ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ ഇവ സംബന്ധിച്ച വിവരങ്ങൾ റീക്കൺസിലിയേഷനിൽ ഉൾപ്പെടുത്തിയിട്ടുമില്ല. |
| State Bank Of Travancore | 67185715840 | | | | ഇവ നിലവിൽ ഇടപാടുകൾ ഇല്ലാത്ത അക്കൗണ്ടുകളാണ്. ഇവ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ILGMS ൽ റീക്കൺസിലിയേഷൻ പത്രികയിൽ ഈ അക്കൗണ്ടുകൾ ഉൾപ്പെട്ടിട്ടുണ്ട്. കണക്കിൽ |
| State Bank Of Travancore | 67322078420 | | | | |

| | | | | | |
|---|---|---|---|---|---|
| | | | | | നില നിർത്തുന്നതിന് കാരണങ്ങൾ വ്യക്തമാക്കേണ്ടതാണ്. |
| Sub Treasury, Kasaragod | 799013000000981 | 0 | 247062 | Submitted | റീക്കൺസിലിയേഷനിൽ Cheque Deposited But Not Cleared എന്ന കണക്കിൽ 2,47,042 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 03/2021 ലെയും 8/2023 ലെയും ചെക്കുകൾ ഉൾപ്പെടുത്തിക്കാണുന്നു. ഇവയിന്മേൽ അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാത്തതിന് വിശദീകരണങ്ങൾ നൽകേണ്ടതാണ്. |
| TREASURY TSB JOINT VENTURE (799011400001825) | 799011400001825 | 0 | 0 | Submitted | റീക്കൺസിലിയേഷൻ ശരിയായി ചെയ്തിട്ടുണ്ട്. |

**1-1-7 വരുമാനം രേഖപ്പെടുത്തിയതിലെ അപാകതകൾ**

1) വസ്തു നികുതിയുടെ അക്രൂവൽ വരുമാനം രേഖപ്പെടുത്താൻ ആധാരമാക്കിയ സാക്ഷ്യപ്പെടുത്തിയ DCB പത്രിക ഹാജരാക്കിയിട്ടില്ല.

2) തൊഴിൽ നികുതി (എംപ്ലോയീസ്) രജിസ്റ്ററിൽ സാക്ഷ്യപ്പെടുത്തിയിരിക്കുന്ന പിരിവ് വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

3) തൊഴിൽ നികുതി (ട്രേഡേഴ്സ്, പ്രൊഫഷണൽസ്) രജിസ്റ്ററിൽ സംഗ്രഹം എഴുതി സാക്ഷ്യപ്പെടുത്താത്തതിനാൽ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരുമാനം, പിരിവ്, നീക്കിയിരിപ്പ് എന്നിവയുടെ കൃത്യത ഉറപ്പു വരുത്താനായിട്ടില്ല.

4) വാടക രജിസ്റ്ററിൽ സംഗ്രഹം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും വരുമാനം, പിരിവ്, നീക്കിയിരിപ്പ് എന്നിവ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

5) കെട്ടിട അപേക്ഷാ രജിസ്റ്റർ ക്ലോസ് ചെയ്ത് സംഗ്രഹം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല. കൂടാതെ കെട്ടിടങ്ങൾ ക്രമവത്കരിക്കുന്ന വിവരങ്ങളും കെട്ടിട അപേക്ഷാ രജിസ്റ്ററിൽ തന്നെ രേഖപ്പെടുത്തിക്കാണുന്നു. ആയതിനാൽ പെർമിറ്റ് ഫീസ്, റഗുലറൈസേഷൻ ഫീസ് എന്നിവയുടെ കൃത്യത ഉറപ്പു വരുത്താനായിട്ടില്ല.

**1-1-8 ജേണൽ വൗച്ചറുകൾക്ക് ആധാരമാക്കിയ Source Documents പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.**

എ) 2023-24 വർഷം പെൻഷൻ തുകകൾ ജേണൽ വഴി രേഖപ്പെടുത്താൻ ആധാരമാക്കിയ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ റവന്യൂ ഗ്രാന്റ്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവ രേഖപ്പെടുത്താൻ ആധാരമാക്കിയ രേഖകൾ പരിശോധനയ്ക്ക്

ലഭ്യമാക്കിയിട്ടില്ല.

സി) ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ സംബന്ധിച്ച വിശദ വിവരങ്ങൾ ഹാജരാക്കിയിട്ടില്ല.

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ സംബന്ധിച്ച വിശദ വിവരങ്ങൾ ഹാജരാക്കേണ്ടതാണ്- (പ്രോജക്റ്റ് നം, പേര്, തുക തുടങ്ങിയ വിവരങ്ങൾ സഹിതം)

312200201-Capital Contribution From Development Fund General- 3,25,000

312100128- Capital Contribution From MGNREGA- Rs.18,18,246

312109901- Capital Contribution From CFC Tied –34,34,700

312109901- Capital Contribution From SBM- 15,22,051

ഡി) 2023-24 വർഷത്തെ ഡെപ്രിസിയേഷൻ കണക്കാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

### 1-1-9 ഡെപ്രിസിയേഷൻ

2023-24 വർഷത്തെ ഡെപ്രിസിയേഷൻ ചാർജ് ചെയ്തിരിക്കുന്നത് വിവിധ ഫണ്ടുകളിൽ നിന്നുള്ള ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകകളുടെ മേലാണ്. ജി.ഒ(എം.എസ്)നം.152/2011/തസ്വഭവ, തിയതി 26.07.2011 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള Significant Accounting Policies പ്രകാരം ഡെപ്രിസിയേഷൻ ആസ്തികളുടെ മേലാണ് ചാർജ് ചെയ്യേണ്ടത്. ഇതിനു വിരുദ്ധമായി ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനു മേൽ ഡെപ്രിസിയേഷൻ ചാർജ് ചെയ്തതിന് വിശദീകരണം നൽകിയിട്ടില്ല.

### 1-1-10 ഡെപ്പോസിറ്റ്

1) 31.03.2024 ലെ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-7 പ്രകാരം 87,40,144 രൂപ ഡെപ്പോസിറ്റ് ഇനത്തിൽ ബാദ്ധ്യതയുണ്ട്. എന്നാൽ, ഡെപ്പോസിറ്റ് രജിസ്റ്ററിൽ നീക്കിയിരിപ്പുള്ള ഡെപ്പോസിറ്റിന്റെ വിശദ വിവരങ്ങൾ (ഡെപ്പോസിറ്ററുടെ പേര്, തുക, രശീതി നമ്പർ, തിയതി, ഉദ്ദേശം) രേഖപ്പെടുത്തി കാലികമാക്കിയിട്ടില്ല.

2) ഷെഡ്യൂൾ B7 ലെ 340100202, 340100203, 340100303, 340200101, 340200102, 340200106, 340800101 എന്നീ ഹെഡുകളിൽ മുൻവർഷങ്ങളിലെ തുകകൾ ക്യാരി ഓവർ ചെയ്തിരിക്കുകയാണ്. ഈ തുകകളിൽ ലാപ്സായ തുകകൾ തനതു ഫണ്ടിലേക്ക് മുതൽക്കൂട്ടാത്തതിന് കാരണം വ്യക്തമാക്കിയിട്ടില്ല.

3) 340200199-Other Deposits എന്ന കണക്കിൽ ബാങ്ക് അക്കൗണ്ടുകളിൽ വരവ് വന്ന ചില തുകകൾ UNKNOWN AMOUNT CREDITED ON... എന്ന നാരേഷനോടു കൂടി വരവ് രേഖപ്പെടുത്തിയിരിക്കുന്നു. ഈ രീതി തെറ്റാണ്. പഞ്ചായത്തിന്റെ അക്കൗണ്ടുകളിൽ വരവ് വരുന്ന തുകകൾ അതാത് സമയം തന്നെ ശരിയായ വരവ് ഹെഡുകളിൽ രേഖപ്പെടുത്തിയിട്ടില്ല.

| തിയതി | ബാങ്ക്, നാരേഷൻ | റസീറ്റ് വൗച്ചർ | തുക |
|---|---|---|---|
| 31-03-2024 | Nationalised Bank Account Of Own Revenue Fund<br>Narration - UNKNOWN AMOUNT CREDITED ON 16/12/2023<br>(Payee: UNKNOWN AMOUNT CREDITED ON 16/12/2023, Type : Directly Credit To Bank , No : DIRECTLY CREDITED , Dt. 31-03-2024) | 1230110513 | 1,000,000.00 |
| 31-03-2024 | Nationalised Bank Account Of Own Revenue Fund<br>Narration - UNKNOWN AMOUNT CREDITED ON 10/03/2024<br>(Payee: UNKNOWN AMOUNT CREDITED ON 10/03/2024, Type : Directly Credit To Bank , No : DIRECTLY CREDITED , Dt. | 1230110515 | 5,670.00 |

| | | | |
|---|---|---|---|
| | 31-03-2024) | | |
| 31-03-2024 | Nationalised Bank Account Of Own Revenue Fund<br>Narration - UNKNOWN AMOUNT CREDITED ON 11/04/2023<br>(Payee: UNKNOWN AMOUNT CREDITED ON 11/04/2023, Type : Directly Credit To Bank , No : DIRECTLY CREDITED , Dt. 31-03-2024) | 1230110516 | 7,500.00 |
| 31-03-2024 | Nationalised Bank Account Of Own Revenue Fund<br>Narration - UNKNOWN AMOUNT CREDITED ON 30/03/2024<br>(Payee: UNKNOWN AMOUNT CREDITED ON 30/03/2024, Type : Directly Credit To Bank , No : DIRECTLY CREDITED , Dt. 31-03-2024) | 1230110517 | 5,000.00 |
| 31-03-2024 | Nationalised Bank Account Of Own Revenue Fund<br>Narration - UNKNOWN AMOUNT CREDITED ON 10/04/2023<br>(Payee: UNKNOWN AMOUNT CREDITED ON 10/04/2023, Type : Directly Credit To Bank , No : DIRECTLY CREDITED , Dt. 31-03-2024) | 1230110518 | 2,000.00 |

4) 340109901- Other Deposits എന്ന ഹെഡിലെ ചുവടെ ചേർത്ത ഇടപാടുകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

| തിയതി | ബാങ്ക്, നാരേഷൻ | വൗച്ചർ നം | തുക | റിമാർക്സ് |
|---|---|---|---|---|
| 31-03-2024 | Nationalised Bank Account Of Own Revenue Fund<br>Narration - PROPRTY TAX RELIANCE INDUSTRIES LTD CREDITED ON 21/03/2024<br>(Payee: PROPERTY TAX, Type : Directly Credit To Bank , No : DIRECTLY CREDITED , Dt. 31-03-2024) | 1230110501 | 31,485.00 | വസ്തു നികുതി വരുമാനം അല്ലെങ്കിൽ അഡ്വാൻസ് കണക്കിൽ വരവു വെക്കാതെ ഡെപ്പോസിറ്റ് ആയി കണക്കാക്കിയതിന് കാരണം വ്യക്തമാക്കേണ്ടതാണ്. |
| 31-03-2024 | Nationalised Bank Account Of Own Revenue Fund<br>Narration - AN AMOUNT OF RS 152988 CREDITED TO OWN FUND ACCOUNT AT KGB ON 16/08/2023<br>(Payee: 152988 CREDITED TO OWN FUND ACCOUNT AT KGB ON 16/08/2023, Type : Directly Credit To Bank , No : DIRECTLY CREDITED , Dt. 31-03-2024) | 1230110502 | 152,988.00 | വരവു തുകകൾ ഇത്തരത്തിൽ ഡെപ്പോസിറ്റ് കണക്കുകളിൽ വരവു കാണിക്കുന്നത് ശരിയല്ല.<br>പഞ്ചായത്തിന്റെ അക്കൗണ്ടുകളിൽ വരവു വരുന്ന തുകകൾ അതാത് സമയം തന്നെ ശരിയായ വരവു ഹെഡുകളിൽ രേഖപ്പെടുത്തേണ്ടതാണ്. |
| 31-03-2024 | Nationalised Bank Account Of | 1230110512 | 62,040.00 | വരവു തുകകൾ ഇത്തരത്തിൽ |

| | | | | |
|---|---|---|---|---|
| | Own Revenue Fund<br>Narration - UNKNOWN AMOUNT CREDITED ON 02/02/2024<br>(Payee: UNKNOWN AMOUNT CREDITED ON 02/02/2024, Type : Directly Credit To Bank , No : DIRECTLY CREDITED , Dt. 31-03-2024) | | | UNKNOWN AMOUNT CREDITED ON.. എന്ന നാരേഷനോടു കൂടി ഡെപ്പോസിറ്റ് കണക്കുകളിൽ വരവു കാണിക്കുന്നത് ശരിയല്ല.<br>പഞ്ചായത്തിന്റെ അക്കൗണ്ടുകളിൽ വരവു വരുന്ന തുകകൾ അതാത് സമയം തന്നെ ശരിയായ വരവു ഹെഡുകളിൽ രേഖപ്പെടുത്തേണ്ടതാണ്. |
| 31-03-2024 | Nationalised Bank Account Of Own Revenue Fund<br>Narration - UNKNOWN AMOUNT CREDITED ON 20/05/2023<br>(Payee: UNKNOWN AMOUNT CREDITED ON 20/05/2023, Type : Directly Credit To Bank , No : DIRECTLY CREDITED , Dt. 31-03-2024) | 1230110514 | 34,628.00 | |

**1-1-11 ബാധ്യതാ തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല**

**എ) ഷെഡ്യൂൾ B4 ലെ ചുവടെ ചേർത്ത ബാധ്യതാ തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല**

| | | | |
|---|---|---|---|
| 320100139 | National Health Mission | 4,50,000 | ഈ തുകകൾ മുന്നിരിപ്പ് തുകകളാണ്.<br>തുകകളുടെ വിശദാംശങ്ങളും തുക നിക്ഷേപിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടിന്റെ വിവരവും ലഭ്യമാക്കിയിട്ടില്ല. |
| 320100182 | Total Sanitation Scheme | 84,574 | |
| 320100198 | Grant From Suchitwa Mission | 65,84,738 | |
| 320100101 | ARWSS | 6,89,676 | |
| 320100145 | NPRPD | 7,80,000 | |
| 320100148 | National Rural Drinking Water Programme | 94,293 | |
| 320200304 | Grant For Solid Waste Management | 10,50,000 | |
| 320200307 | Local Area Development Fund-MLA | 1,45,487 | |
| | | | |
| 320300103 | Grants , Funds, Contributions For Specific Purposes-Total Sanitation | 1,04,733 | |
| 320300199 | Grants , Funds, Contributions For | 1,92,521 | |

| | | | |
|---|---|---|---|
| | Specific Purposes-Other Govt Agencies | | |
| 320800101 | Beneficiary Contributions | 10,36,075 | വർഷാരംഭത്തിൽ മുന്നിരിപ്പ് 1,10,450 രൂപയായിരുന്നു. തൻവർഷം പിരിച്ച ഗുണഭോക്തൃവിഹിതം ചെലവ് ചെയ്തതായി രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ വർഷാവസാനം ഉള്ള നീക്കിയിരിപ്പ് 10,36,075 രൂപ കൃത്യമല്ല. ഈ തുകയുടെ വിശദ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. |

**ബി) B-9 ഷെഡ്യൂളിലെ ബാദ്ധ്യതാ നീക്കിയിരിപ്പുകളുടെ വിശദ വിവരങ്ങൾ ലഭ്യമല്ല.**

| | | | |
|---|---|---|---|
| 350109999 | Amount Payable To Other Creditors | 37,92,768 | ഇവ ഏതൊക്കെ ചെലവുകളാണ് എന്ന വിവരം ലഭ്യമാക്കിയിട്ടില്ല<br>ഈ കണക്കിൽ 31.03.2024 ലെ ജേണൽ വൗച്ചർ നം. 42301508, 42301509 എന്നിവ പ്രകാരം "Cancelallation Of Wrong O Duplicate Payment എന്ന നാരേഷനോട് കൂടി യഥാക്രമം 57,50,538 രൂപ, 3218,551 എന്നീ തുകകൾ ഡെബിറ്റ് രേഖപ്പെടുത്തി ബാദ്ധ്യത കുറവു ചെയ്തിട്ടുണ്ട്. എന്നാൽ ഈ ജേണൽ വൗച്ചറുകളിൽ ആവശ്യമായ രേഖകൾ അറ്റാച്ച് ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ ഈ ജേണൽ വൗച്ചറുകൾ സംബന്ധിച്ച മുഴുവൻ രേഖകളും വിവരങ്ങളും ലഭ്യമാക്കിയിട്ടില്ല |
| 350110102 | Employees Liabilities- Net Salary Payable | 11,99,641 | 2024 മാർച്ച് മാസത്തെ ഈ കണക്കിലെ അക്രൂവൽ ചെലവ് 4,67,148 രൂപയാണ്. (ജേണൽ വൗച്ചർ നം. 42301452/ 31.03.2024) ഈ ഹെഡിൽ ബാക്കിയുള്ള തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| 350110103 | Employees Liabilities- Unpaid Salaries | 42,980 | 31.03.2022 ന് ILGMS ആരംഭത്തിൽ PDE എൻട്രി വഴി രേഖപ്പെടുത്തിയ തുകയാണ്. വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| 350110199 | Other Emplyee Liabilities Payable | 7,67,694 | ഈ ഹെഡിൽ 31.03.2022 ന് ILGMS ആരംഭത്തിൽ PDE എൻട്രി വഴി 7,82,969 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ നിന്നും 15,275 രൂപ 31.03.2024 ലെ ജേണൽ വൗച്ചർ നം.42301347പ്രകാരം കുറവ് ചെയ്തിട്ടുണ്ട്. (SALARY RECOVERIES OF JURUSAN എന്നാണ് നാരേഷൻ രേഖപ്പെടുത്തിയിട്ടുള്ളത്. PDE വഴി രേഖപ്പടുത്തിയ തുകയുടേയും ജേണൽ വൗച്ചർ നം.42301347പ്രകാരം കുറവ് ചെയ്ത തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| 350200101 | Recoveries Payable- GPF | 89,252 | 2024 മാർച്ച് മാസത്തെ ഈ കണക്കിലെ അക്രൂവൽ ചെലവ് 49,740 രൂപയാണ്. (ജേണൽ വൗച്ചർ നം. 42301452, 42301454/ 31.03.2024) ഈ ഹെഡിൽ ബാക്കിയുള്ള തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| 350200102 | Recoveries Payable- KPEPF | 37,148 | 2024 മാർച്ച് മാസത്തെ ഈ കണക്കിലെ അക്രൂവൽ ചെലവ് 50,278 രൂപയാണ്. (ജേണൽ വൗച്ചർ നം. 42301452/ 31.03.2024) . എന്നാൽ ഈ ഹെഡിലെ നീക്കിയിരിപ്പ് 37,148 രൂപ മാത്രമാണ്. അക്രൂവൽ രേഖപ്പെടുത്തിയ ചെലവ് നീക്കിയിരിപ്പ് കാണാത്തതിന് വിശദീകരണം നൽകിയിട്ടില്ല. |
| 350200199 | Recoveries Payable-Other | 13,649 | ഈ ഹെഡിൽ രേഖപ്പെടുത്തിയിട്ടുള്ള ഇടപാടുകളുടെ വിശദ വിവരങ്ങളും നീക്കിയിരിപ്പുള്ള തുകയുടെ വിശദാംശങ്ങളും |

| | | | |
|---|---|---|---|
| | Recoveries From Employess | | പരിശോധനയക്ക് ലഭ്യമാക്കിയിട്ടില്ല. |
| 350200201 | Recoveries Payable-IT Deducted At Source | 81,070 | 05.07.2023 മുതൽ കണക്കു വച്ച തുകകൾ സർക്കാരിലേക്ക് ഒടുക്കാതെ നീക്കിയിരിപ്പ് കാണിച്ചിട്ടുണ്ട്. ഈ തുകകൾ കേന്ദ്ര സർക്കാരിന് ഒടുക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്. ഓഡിറ്റ് തിയതി വരെയും (06.12.2024) ഈ തുകകൾ ഒടുക്കിയിട്ടില്ല. |
| 350200204 | Recoveries Payable-National Pension Scheme | 37,501 | നീക്കിയിരിപ്പുള്ള തുകയുടെ വിവരങ്ങൾ- ഉദ്യോഗസ്ഥന്റെ പേര്, റിക്കവറി നടത്തിയ മാസം- എന്നിവ ലഭ്യമാക്കിയിട്ടില്ല. |
| 350200205 | Recoveries Payable- CGST | 21,389 | സാധാരണ ഗതിയിൽ ഒരേ തുകകളായിരിക്കേണ്ട ഹെഡുകളിലെ തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു. കാരണം വിശദമാക്കിയിട്ടില്ല. |
| 350200206 | Recoveries Payable- SGST | 24,529 | |
| 350200299 | Recoveries Payable- Other Deductions | (-)21,788 | അക്രൂവൽ രേഖപ്പെടുത്താതെ ചില ചെലവുകൾ രേഖപ്പെടുത്തിയതിനാൽ നീക്കിയിരിപ്പ് ഡെബിറ്റ് കാണിക്കുന്നു. അക്രൂവൽ രേഖപ്പെടുത്താതെ ചില ചെലവുകൾ രേഖപ്പെടുത്തിയതിന് കാരണം വ്യക്തമാക്കിയിട്ടില്ല. |
| 350300103 | Government And Other Dues Payable - VAT | 170 | ഇത് 2021 മുതലുള്ള മുന്നിരിപ്പ് തുകയാണ്. ഈ തുക സർക്കാരിലേക്ക് ഒടുക്കാത്തതിന് വിശദീകരണം നൽകിയിട്ടില്ല. |
| 350300104 | Government And Other Dues Payable – Service Tax | 2,622 | ഇത് 2021 മുതലുള്ള മുന്നിരിപ്പ് തുകയാണ്. ഈ തുക സർക്കാരിലേക്ക് ഒടുക്കാത്തതിന് വിശദീകരണം നൽകിയിട്ടില്ല. |
| 350300111 | Government And Other Dues Payable - Flood Cess | 4,334 | 2021 വരെ പിരിച്ചെടുത്ത തുകയാണ് ഈ കണക്കിൽ ഉള്ളത്. നാളിതു വരെ ഈ തുക യഥാസ്ഥാനത്ത് ഒടുക്കാത്തതിന് കാരണം വ്യക്തമാക്കിയിട്ടില്ല. |
| 350300112 | Government And Other Dues Payable -Value Of Court Fee Stamp | 33,995 | കോർട്ട്ഫീ സ്റ്റാമ്പ് വിൽപ്പന വരവ് നാളിതു വരെ സർക്കാരിലേക്ക് അടച്ചിട്ടില്ല. |
| 350300199 | Government And Other Dues Payable -Others | 1,530 | GFLPS TREE AUCTIONED AMOUNT എന്ന നാരേഷനോടു കൂടി 13.10.2023 ലെ 1230105176 നമ്പർ രശീതി വൗച്ചർ മുഖേന രേഖപ്പെടുത്തിയ തുകയാണ് ഇത്. ഈ തുക ബാധ്യതാ കണക്കിൽ പെടുത്തിയത് എന്തു കൊണ്ടെന്ന് വ്യക്തമാക്കിയിട്ടില്ല. |
| 350400501 | Refunds Payable – Grants And Funds | 1,08,669 | ഈ തുക 2021 മുതൽ നീക്കിയിരിപ്പായുള്ള തുകയാണ്. ഈ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും യഥാസ്ഥാനങ്ങളിൽ ഒടുക്കാത്തതിന് വിശദീകരണം നൽകിയിട്ടില്ല. |
| 350409901 | Refunds Payable – Others | 19,200 | ഈ തുക 2021 മുതൽ നീക്കിയിരിപ്പായുള്ള തുകയാണ്. ഈ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതും യഥാസ്ഥാനങ്ങളിൽ ഒടുക്കാത്തതിന് വിശദീകരണം നൽകിയിട്ടില്ല. |

| | | | |
|---|---|---|---|
| 350800101 | Liability In Respect Of Stale Cheques | 1,96,603 | 31.03.2022 ലെ ഈ കണക്കിലെ നീക്കിയിരിപ്പ് 1,17,921 രൂപയാണ്. തുടർന്ന് നാളിതു വരെ 78,142 രൂപയുടെ ചെക്കുകൾ ഈ കണക്കിൽ പെടുത്തിയിട്ടുണ്ട്. എന്നാൽ ഒരു ചെക്കു പോലും ഈ കണക്കിൽ നിന്നും റീ ഇഷ്യൂ ചെയ്തതായി കാണിച്ചിട്ടില്ല. ആയതിനാൽ നീക്കിയിരിപ്പുള്ള 1,96,603 രൂപയുടെ ചെക്കുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. |
| 350800199 | Other Creditors | 34,291 | ഈ തുക 2021 മുതലുള്ള ക്യാരി ഓവർ തുകയാണ്. ഈ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. |

## 1-1-12 അഡ്വാൻസ്

എ) ഷെഡ്യൂൾ B18 പ്രകാരം 31.03.2024 ന് 40,99,108 രൂപ അഡ്വാൻസ് ഇനത്തിൽ നീക്കിയിരിപ്പുണ്ട്. എന്നാൽ സ്ഥാപനത്തിൽ അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. അഡ്വാൻസ് രജിസ്റ്ററിന്റെ അഭാവത്തിൽ നീക്കിയിരിപ്പുള്ള അഡ്വാൻസുകളുടെ വിവരങ്ങൾ (തുക, അഡ്വാൻസ് കൈപ്പറ്റിയ സ്ഥാപനം/വ്യക്തി, ഉദ്ദേശം) പരിശോധിക്കാനായിട്ടില്ല.

ബി) ഷെഡ്യൂൾ B-18 പ്രകാരമുള്ള ചുവടെ ചേർത്ത അഡ്വാൻസുകൾ/ ഡെപ്പോസിറ്റുകൾ എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

| | | | |
|---|---|---|---|
| 460100101 | Festival Advance | 1,30,000 | എ) 2023-24 ൽ 4 ജീവനക്കാർക്ക് 20,000 രൂപ വീതം ആകെ 80,000 രൂപ അഡ്വാൻസ് കൊടുത്തിട്ടുണ്ട്. അതിൽ 3 ജീവനക്കാർക്ക് നൽകിയ അഡ്വാൻസ് 60,000 രൂപ 5 ഗഡുക്കളായി തിരികെ ഈടാക്കിയിട്ടുണ്ട്. എന്നാൽ ആകെ 36,000 രൂപ മാത്രമേ തിരികെ ഈടാക്കിയതായി ഈ ഹെഡിൽ രേഖപ്പെടുത്തിയിട്ടുള്ളൂ.<br>ബി) മറ്റു സ്ഥാപനങ്ങളിൽ നിന്നും അഡ്വാൻസ് കൈപ്പറ്റി ഈ പഞ്ചായത്തിലേക്ക് മാറി വന്ന ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും തിരികെ പിടിച്ച അഡ്വാൻസ് തുക 72,000 രൂപ 31.03.2024 ലെ 22301051, 52, 53, 54 എന്നീ പേമെന്റ് വൗച്ചറുകൾ പ്രകാരം അതാത് സ്ഥപനങ്ങളിലേക്ക് തിരിച്ചടച്ചതായി കാണുന്നു. എന്നാൽ 460100101- Festival Advance എന്ന ഹെഡില് 31.03.2024 ലെ 42301511 നമ്പർ ജേണൽ വൗച്ചർ മുഖേന 65,000 രൂപ മറ്റു സ്ഥാപനങ്ങളിലേക്കുള്ള തുക ലഭിക്കാനുള്ളതായി രേഖപ്പെടുത്തിക്കാണുന്നു.<br>സി) ഈ കണക്കിൽ തൻവർഷം 21,000 രൂപ മുന്നിരിപ്പും 1,30,000 രൂപ നീക്കിയിരിപ്പും ഉണ്ട്. എന്നാൽ അഡ്വാൻസ് രജിസ്റ്റർ സ്ഥാപനത്തിൽ എഴുതിയിട്ടില്ലാത്തതിനാൽ ഈ തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല. |
| 460100102 | Permanent Advance | 1,05,080 | ഈ തുകകൾ 2021 മുതലുള്ള ക്യാരി ഓവർ തുകകളാണ്. അഡ്വാൻസ്/ഡെപ്പോസിറ്റ് രജിസ്റ്റർ പഞ്ചായത്തിൽ എഴുതിയിട്ടില്ലാത്തതിനാൽ ഈ തുകകളുടെ കൃത്യത ഉറപ്പു വരുത്താനായിട്ടില്ല. ഈ നീക്കിയിരിപ്പ് തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. |
| 460100103 | Temporary Advance For Official Purpose | 2,188 | |
| 460100105 | Tour TA | 6,034 | |

| | | | |
|---|---|---|---|
| | Advance | | |
| 460100199 | Other Advances | 4,000 | |
| 460400101 | Advance To Suppliers | 1,00,000 | |
| 460500101 | Advance To BC Conveners | 3,80,000 | |
| 460500202 | Deposit With KSEB | 7,99,587 | |
| 460400102 | Advance To Suppliers-Hire Purchase Assets | 50,000 | 23.02.2024 ലെ ജേണൽ വൗച്ചർ 42300603 മുഖേന Purchais Of Chair At Conference Hall എന്ന നാരേഷനോട്ടു കൂടി രേഖപ്പെടുത്തിയ തുകയാണ് ഇത്. കസേര വാങ്ങിയ ചെലവ് ഇത്തരത്തിൽ അഡ്വാൻസ് കണക്കിൽ രേഖപ്പെടുത്തിയ സാഹചര്യം വ്യക്തമാക്കേണ്ടതാണ്. |
| 460500501 | Advance To Implimenting Officers | 12,02,346 | 26.10.2022 വരെ മാത്രമേ ഈ ഹെഡിൽ കണക്കുകൾ രേഖപ്പെടുത്തിയിട്ടുള്ളൂ. നാളിതു വരെ അഡ്വാൻസുകൾ ക്രമീകരിച്ചതായി രേഖപ്പെടുത്തലുകൾ ഒന്നും തന്നെ കാണുന്നില്ല. അഡ്വാൻസ് രജിസ്റ്ററിന്റെ അഭാവത്തിൽ ഈ കണക്കുകളുടെ കൃത്യത ഉറപ്പു വരുത്താനായിട്ടില്ല. |
| 460509901 | Advances To Others | 2,38,048 | എ) ഈ ഹെഡിൽ മുന്നിരിപ്പുള്ള 1,08,523 രൂപയുടെയും നീക്കിയിരിപ്പുള്ള 2,38,048 രൂപയുടെയും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.<br>ബി) 31.03.2024 ലെ പേമെന്റ് വൗച്ചർ നം.22300637പ്രകാരം 64,277 രൂപ BALANCE OF 7587 INACTIVE ACCOUNT TO RBI എന്ന നാരേഷനോട്ടു കൂടി ചെലവെഴുതിയിട്ടുണ്ട്. |

**1-1-13 ഷെഡ്യൂൾ B15 ലെ അപാകതകൾ**

ഷെഡ്യൂൾ B15- 431409902-Other Receivables (Arrear) എന്ന കണക്കിൽ 31.03.2024 ൽ 10,000 രൂപ നീക്കിയിരിപ്പുണ്ട്. ലെഡ്ജർ പരിശോധനയിൽ ഈ തുക 31.03.2024 ലെ ജേണൽ വൗച്ചർ നം.42301253 മുഖേന BENEFICIERY CONTRIBUTION PAYMENT REFUND എന്ന നാരേഷനോട്ടു കൂടി രേഖപ്പെടുത്തിയ തുകയാണെന്ന് കാണുന്നു. ILGMS ൽ ഈ വൗച്ചറിന് അനുബന്ധ രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല. തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

**1-1-14 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.**

26.07.2011-ലെ ജി.ഒ(എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2024 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും ഉറപ്പു വരുത്താനായിട്ടില്ല.

**1-1-15 വായ്പാ / പ്രീപെയ്ഡ് പ്രോഗ്രാം എക്സ്പെൻസ് ഹെഡുകൾ പൊരുത്തപ്പെടുന്നില്ല.**

31.03.2024 ലെ ബാലൻസ് ഷീറ്റ് പ്രകാരം 330500201-Secured Loan From KRDFC എന്ന ഹെഡിലെ നീക്കിയിരിപ്പ് 1,03,80,832 രൂപയാണ്. എന്നാൽ തത്തുല്യമാവേണ്ടിയിരുന്ന 440500101-Prepaid Programme Expenses എന്ന ഹെഡിലെ നീക്കിയിരിപ്പ് 1,06,30,832 രൂപയാണ്. 2,50,000 രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

**1-1-16 സംയുക്ത പദ്ധതികളുടെ നീക്കിയിരിപ്പ് ട്രഷറി അക്കൗണ്ട് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല**

സംയുക്ത പദ്ധതികൾക്കായുള്ള കോൺട്രിബ്യൂഷനുകൾ കൈകാര്യം ചെയ്യുന്ന ട്രഷറി ജോയിന്റ് വെഞ്ചർ അക്കൗണ്ട്- 1825 ൽ 31.03.2024 ന് നീക്കിയിരിപ്പ് ഇല്ല. ഈ അക്കൗണ്ടിൽ നിന്ന് 2022-23 വർഷാവസാനം 2,34,741 രൂപ സർക്കാർ തിരിച്ചെടുത്തിട്ടുണ്ട്. ഈ തുക തിരികെ ലഭിച്ചാൽ അക്കൗണ്ടിലെ നീക്കിയിരിപ്പ് 2,34,741 രൂപയാവും. എന്നാൽ 31.03.2024 ലെ ബാലൻസ് ഷീറ്റ് പ്രകാരം സംയുക്ത പദ്ധതികൾക്ക് ലഭിച്ച കോൺട്രിബ്യൂഷനുകളിൽ നീക്കിയിരിപ്പുള്ളത് ചുവടെ ചേർത്ത പ്രകാരം 37,19,026 രൂപയാണ്. ബാക്കി 34,84,285 രൂപ ഏത് അക്കൗണ്ടിൽ ആണ് സൂക്ഷിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കേണ്ടതാണ്.

| | | |
|---|---|---|
| 320700104 | Contributions For Joint Venture Projects (For Capital Expenditure) - From Block Panchayats | 21,53,601 |
| 320700105 | Contributions For Joint Venture Projects (For Capital Expenditure) - From District Panchayats | 10,00,000 |
| 320700205 | Contributions For Joint Venture Projects (For Revenue Expenditure) - From District Panchayats | 1,41,425 |
| 320700304 | Contributions For Other Specific Purpose (For Capital Expenditure) - From Block Panchayats | 3,80,000 |
| 320700404 | Contributions For Other Specific Purposes (For Revenue Expenditure)- From Block Panchayats | 44,000 |
| | Total | 37,19,026 |

**1-1-17 വാർഷിക കണക്കുകളിൽ ചില ഹെഡുകളിൽ മൈനസ് തുകകൾ രേഖപ്പെടുത്തിക്കാണുന്നു**

സാധാരണഗതിയിൽ മൈനസ് തുകകൾ പ്രതിഫലിക്കാത്ത ചില ഹെഡുകളിൽ മൈനസ് തുകകൾ രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ് | തുക |
|---|---|
| 340100201-Contractor’s Security Deposit | (-) 5,000 |
| 350200299- Recoveries Payable- Other Deductions | (-) 21,788 |
| 210100106- Salaries- Contract Staff | (-) 4,18,231 |

**1-1-18 സ്റ്റോറിന്റെ മൂല്യ നിർണയ രേഖകൾ ഹാജരാക്കേണ്ടതാണ്.**

31.03.2024 ലെ ബാലൻസ് ഷീറ്റ് പ്രകാരം 430100102- Stores എന്ന ഹെഡിൽ 3,89,712 രൂപ ആസ്തിയുണ്ട്. എന്നാൽ സ്റ്റോക്കിന്റെയും സ്റ്റോറിന്റെയും മൂല്യ നിർണയ രേഖകൾ ഹാജരാക്കിയിട്ടില്ല.

**1-1-19 ബാലൻസ് ഷീറ്റിൽ നിലവിലില്ലാത്ത ബാങ്ക് അക്കൗണ്ട് ഇടം പിടിച്ചു**

31.03.2024 ലെ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ B-17 (Cash And Bank Balance) ൽ ബാങ്ക് അക്കൗണ്ടുകളുടെ പട്ടികയിൽ 450210101-Nationalised Bank Account Of Ownfund Revenue എന്ന പേരിൽ 37,090 രൂപ നീക്കിയിരിപ്പുള്ള ബാങ്ക് അക്കൗണ്ട് ഇടം പിടിച്ചതായി കാണുന്നു.

വർഷാരംഭത്തിൽ കണക്കുകളിൽ ഇല്ലായിരുന്ന ഈ അക്കൗണ്ട് വർഷാവസാനം കണക്കകകളിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. ഈ അക്കൗണ്ട് നിലവിലില്ലാത്തതാണ്. കണക്കുകളിൽ ഇങ്ങനെയൊരു അക്കൗണ്ട് കടന്നു വന്ന സാഹചര്യം ഓഡിറ്റിന് വിശദീകരിച്ചിട്ടില്ല.

**1-1-20 പ്രതിമാസ കണക്കുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിക്കുന്നില്ല.**

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 60 പ്രകാരം പ്രതിമാസ റസീറ്റ് ആന്റ് പേമെന്റ് സ്റ്റേറ്റ്മെന്റ് അടുത്ത മാസം 10 ാം തിയതിക്കു മുമ്പായി സെക്രട്ടറി നിശ്ചിത ഫോറത്തിൽ തയ്യാറാക്കി സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. പ്രസ്തുത മാസാന്ത്യ പത്രിക ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പരിശോധനയ്ക്കും ഓഡിറ്റിനും ശേഷം കമ്മിറ്റിയുടെ ശുപാർശയോടു കൂടി തുടർന്നു വരുന്ന പഞ്ചായത്ത് മീറ്റിംഗിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ സമർപ്പിക്കേണ്ടതാണ്. എന്നാൽ ഈ നടപടികളൊന്നും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

**1-1-21 വാർഷിക ധനകാര്യ പത്രിക ഓഡിറ്റിന് സമർപ്പിക്കുന്നതിൽ ചട്ടപ്രകാരമുള്ള സമയക്ലിപ്തത പാലിച്ചിട്ടില്ല.**

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(5) പ്രകാരം 2024 മെയ് 15 നുള്ളിലും കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം 2024 ജൂലൈ 31 നകവും പഞ്ചായത്തിന്റെ 2023-24 വർഷത്തെ വാർഷിക ധനകാര്യ പത്രിക ഓഡിറ്റിന് സമർപ്പിക്കേണ്ടിയിരുന്നു. എന്നാൽ വാർഷിക ധനകാര്യ പത്രിക ഓഡിറ്റിന് സമർപ്പിച്ചത് 07.10.2024 ന് മാത്രമാണ്. ചട്ടപ്രകാരമുള്ള സമയക്ലിപ്തത പാലിക്കുന്നതിൽ പഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുണ്ട്.

**1-1-22 രശീതികളുടെ ക്യാൻസലേഷൻ അംഗീകരിച്ചത് സാമ്പത്തിക വർഷം കഴിഞ്ഞ ശേഷം**

2023-24 വർഷം ചില രശീതികളുടെ ക്യാൻസലേഷൻ നടത്തിയത് ക്രമപ്രകാരമല്ലെന്ന് കാണുന്നു. 2023-24 വർഷം ക്യാൻസലേഷൻ റിക്വസ്റ്റ് നൽകിയിട്ടുണ്ടെങ്കിലും ക്യാൻസലേഷൻ സെക്രട്ടറി അംഗീകരിച്ചിട്ടുള്ളത് 2024 ലെ ജൂൺ, ജൂലൈ. ഒക്ടോബർ മാസങ്ങളിൽ മാത്രമാണ് എന്ന് കാണുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| Sl.No. | Voucher No | Counter | Requested By | Cancellation Date | Reason | Payee | Amount | Status | Approved By | Approved Date |
|---|---|---|---|---|---|---|---|---|---|---|
| 1 | 1230110445 | Front Office | Githesh K C | 31/03/2024 | Wrong Description | Secretary | 23523 | Approved | Viraj Thampuran | 19/06/2024 |
| 2 | 1230110448 | Front Office | Githesh K C | 31/03/2024 | Amount Correcion | Manager KGB Kumbla | 1796 | Approved | Viraj Thampuran | 15/07/2024 |
| 3 | 1230110443 | Front Office | Githesh K C | 31/03/2024 | Amount Correcion | GPF | 21461400 | Approved | Viraj Thampuran | 17/07/2024 |
| 4 | 1230110463 | Front Office | Githesh K C | 31/03/2024 | Amount Correcion | FINANCE DEPARTMENT | 19076800 | Approved | KALESH KUMAR V S | 28/09/2024 |
| 5 | 1230105402 | Front Office | Githesh K C | 28/10/2023 | Wrong Description | Headmaster | 18750 | Approved | KALESH KUMAR V S | 03/10/2024 |
| 6 | 1230105026 | Front Office | Githesh K C | 06/10/2023 | Wrong Description | Excise Inspector | 21000 | Approved | KALESH KUMAR V S | 03/10/2024 |
| 7 | 1230104850 | Front Office | Githesh K C | 27/09/2023 | Wrong Description | ASSISTANT REGISTRAR OF CO-OPERATIVE SOCIETIES (GENERAL), MANJESHWARAM | 5000 | Approved | KALESH KUMAR V S | 03/10/2024 |
| 8 | 1230104849 | Front Office | Githesh K C | 27/09/2023 | Wrong Description | GBLPS UJARULWAR | 5000 | Approved | KALESH KUMAR V S | 03/10/2024 |
| 9 | 1230104848 | Front | Githesh K C | 27/09/2023 | Wrong | GBLP SCHOOL | 11250 | Approved | KALESH | 03/10/2024 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | | Office | | | Description | BOMBRANA | | | KUMAR V S | |
| 10 | 1230110436 | Front Office | Githesh K C | 31/03/2024 | Wrong Description | SECRETARY KUMBALA GRAMA PANCHAYAT | 11250 | Approved | KALESH KUMAR V S | 06/10/2024 |

റസീതികളുടെ ക്യാൻസലേഷൻ അംഗീകരിക്കാൻ വൈകിയതിന് വിശദീകരണങ്ങൾ നൽകിയിട്ടില്ല.

## 1-1-23 വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം-കണക്ക രേഖപെടുത്തിയിട്ടില്ല.

വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായമായി തൻവർഷം 2,40,000 രൂപ (30,000 രൂപ വീതം 8 ഗുണഭോക്താക്കൾക്ക്) ചെലവഴിച്ചിട്ടുണ്ട്. (BRN 23200252000900896949, തിയതി 22.03.2024) എന്നാൽ ഈ വരവ് ചെലവുകൾ ILGMS ൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ഈ ചെലവുകൾ വാർഷിക ധനകാര്യ പത്രികയിൽ ഇടം പിടിച്ചിട്ടുമില്ല.

## 1-2 ബജറ്റ്

2023-24 വർഷത്തെ ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം , തിയതി | 1/ 23.03.2023 | 1/ 16.02.2024 |
| മുന്നിരിപ്പ് | 2897614 | 2561451 |
| വരവ് | 280604600 | 326130887 |
| ആകെ | 283502214 | 328692338 |
| ചെലവ് | 279327600 | 317913156 |
| നീക്കിയിരിപ്പ് | 4174614 | 10779182 |

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ)

| വർഷം | 2023-24 |
|---|---|
| മുന്നിരിപ്പ് | 2,37,54,030 |
| വരവ് | 12,47,40,996 |
| ആകെ | 14,84,95,026 |
| ചെലവ് | 11,07,32,329 |
| നീക്കിയിരിപ്പ് | 3,77,62,697 |

## 1-4 ഫണ്ടുകളുടെ വിനിയോഗം

| ഫണ്ടിനം | | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ് | ലാപ്സായ തുക |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 0 | 4,65,31,000 | 4,65,31,000 | 3,64,04,465 | | 1,01,26,535 |
| വികസനഫണ്ട് എസ്.സി.എസ്.പി. | | 0 | 63,64,000 | 63,64,000 | 46,44,032 | | 17,19,968 |
| വികസനഫണ്ട് ടി.എസ്.പി. | | 0 | 7,05,000 | 7,05,000 | 3,40,000 | | 3,65,000 |
| ധനകാര്യ കമ്മീഷൻ | ബാങ്ക് | 51,76,073 | 82,57,428 (5,52,428 | 1,34,33,501 | 84,24,527 | 50,08,974 | |

| | | | | | | | |
|---|---|---|---|---|---|---|---|
| ബേസിക് ഗ്രാന്റ് (Untied) | | | രൂപ പലിശ സഹിതം) | | | | |
| | ട്രഷറി | 0 | 0 | 0 | 0 | 0 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(tied ) | ബാങ്ക് | 1,21,86,422 | 57,79,000 | 1,79,65,422 | 44,28,118 | 1,35,37,304 | |
| | ട്രഷറി | 0 | 0 | 0 | 0 | 0 | |
| മെയിന്റനൻസ് ഫണ്ട് - റോഡ് | | 0 | 1,82,34,604 | 1,82,34,604 | 9,96,686 | 0 | 1,72,37,918 |
| മെയിന്റനൻസ് ഫണ്ട് - നോൺറോഡ് | | 0 | 97,56,600 | 97,56,600 | 76,99,386 | 0 | 20,57,214 |
| വിവിധ പെൻഷനുകൾ | | 0 | 6,11,36,100 | 6,11,36,100 | 6,11,36,100 | 0 | |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | | | 2,40,000 | 2,40,000 | 2,40,000 | | |
| സംയുക്ത പദ്ധതി (ബ്ലോക്ക്പഞ്ചായത്ത്) | | 25,77,601 | 73,35,550 | 99,13,151 | 73,35,550 | 25,77,601 | |
| സംയുക്ത പദ്ധതി (ജില്ലാ പഞ്ചായത്ത് ) | | 11,41,425 | 890000 | 20,31,425 | 8,90,000 | 11,41,425 | |
| **കേന്ദ്രാവിഷ്കൃത പദ്ധതികൾ** | | | | | | | |
| തൊഴിലുറപ്പ് പദ്ധതി | | 63,416 | 2,50,86,364 | 2,51,49,780 | 2,51,41,105 | 8,675 | |
| ഐ.സി.ഡി.എസ് കേന്ദ്ര വിഹിതം | | 54,91,458 | 40,07,383 | 94,98,841 | 11,10,199 | 83,88,642 | |
| ടോട്ടൽ സാനിറ്റേഷൻ | | 84,574 | 0 | 84,574 | 0 | 84,574 | |
| നാഷണൽ ഹെൽത്ത് മിഷൻ | | 4,50,000 | 0 | 4,50,000 | 0 | 4,50,000 | |
| NPRPD | | 7,80,000 | 0 | 7,80,000 | 0 | 7,80,000 | |
| ARWSS | | 6,89,676 | 0 | 6,89,676 | 0 | 6,89,676 | |
| IWDP- ഹരിയാലി | | 58,017 | 898 | 58,915 | 0 | 58,915 | |
| National Rural Drinking Water Programme | | 94,293 | 0 | 94,293 | 0 | 94,293 | |
| Swacch Bharath Mission | | 0 | 22,34,741 | 22,34,741 | 22,34,741 | 0 | |
| 320100202 ഹെൽത്ത് ഗ്രാന്റ്- Diagnostic Infrastructure | | 3,79,483 | 13,64,568 | 17,44,051 | 2,38,238 | 15,05,813 | |
| 320100204 ഹെൽത്ത് ഗ്രാന്റ് -Conversion Of PHCs Tp HWCs | | 1,76,821 | 5,47,210 | 7,24,031 | 1,66,461 | 5,57,570 | |
| **സംസ്ഥാനാവിഷ്കൃത പദ്ധതി** | | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| ലൈഫ് പദ്ധതി സംസ്ഥാന വിഹിതം | 10,94,946 | 59,60,000 | 70,54,946 | 54,60,000 | 15,94,946 | |
| ശുചിത്വ മിഷൻ | 65,84,738 | 0 | 65,84,738 | 0 | 65,84,738 | |
| ടോട്ടൽ സാനിറ്റേഷൻ (320300103) | 1,04,733 | 0 | 1,04,733 | 0 | 1,04,733 | |
| മണൽ വിൽപ്പന (320100199) | 17,57,666 | 1,70,88,568 | 1,88,46,234 | 1,21,58,805 | 66,87,429 | |
| Grant For Solid Waste Management (320200304) | 10,50,000 | 0 | 10,50,000 | 0 | 10,50,000 | |
| എം.എൽ.എ ഫണ്ട് (320200307) | 1,45,487 | 0 | 1,45,487 | 0 | 1,45,487 | |
| 320300199- മറ്റു ഏജൻസികളിൽ നിന്നും ലഭിച്ച ഫണ്ട് | 1,92,521 | 0 | 1,92,521 | 0 | 1,92,521 | |
| <u>മറ്റുള്ളവ</u> | | | | | | |
| ഗുണഭോക്തൃ വിഹിതം (സ്ഥാപനത്തിൽ അടച്ചത്) | 1,10,450 | 9,25,625 | 10,36,075 | 0 | 10,36,075 | |

1) വികസനഫണ്ട്-ജനറൽ - സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 44,89,386/- രൂപ അടക്കമുള്ള വരവു ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

2) വികസനഫണ്ട്-എസ്.സി.പി- സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്ടിനായി കുറവ് ചെയ്ത തുകയായ 11,64,998/- രൂപ അടക്കമുള്ള വരവു ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

3) ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബാങ്ക് അക്കൗണ്ടിൽ വരവു വന്ന പലിശ 5,52,428 രൂപ ബേസിക് ഗ്രാന്റിൽ വരവായി ചേർത്തിട്ടുണ്ട്.

4) ജനറൽ പർപ്പസ് ഫണ്ടിനത്തിൽ തൻവർഷം 2,14,61,400 രൂപ പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. ആയത് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ജനറൽ പർപ്പസ് അക്കൗണ്ട് കൈകാര്യം ചെയ്യുന്ന ട്രഷറി അക്കൗണ്ടിൻ നിന്നും 30.03.2024 ന് 2,55,03,072 രൂപ സർക്കാർ റിസംപ്ഷൻ നടത്തിയിട്ടുണ്ട്. ഈ അക്കൗണ്ടിലെ തൻവർഷ നീക്കിയിരിപ്പ് 0 രൂപയാണ്.

5) മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ ഭരണച്ചെലവും വേതനമിനത്തിലും സാമഗ്രികളുടെ വിലയിനത്തിലും തൊഴിലാളികളുടെയും സപ്ലൈയർമാരുടെയും അക്കൗണ്ടുകളിലേക്ക് നേരിട്ട് നൽകിയ തുകകളും അടക്കമാണ് മേൽ കണക്കിൽ പെടുത്തിയിട്ടുള്ളത്.

<u>6) ഫണ്ടുകളുടെ വിനിയോഗം-</u>

വികസന ഫണ്ട് പൊതു വിഭാഗം ഇനത്തിലെ ചെലവ് 78 ശതമാനമാണ്. എസ്.സി.പി യിലും ടി.എസ്.പിയിലും ചെലവ് യഥാക്രമം 73%, 48% എന്നിങ്ങനെയാണ്. മൂന്നു വിഭാഗം ഫണ്ടികളുടെ വിനിയോഗത്തിലും 80% ചെലവ് ആർജ്ജിക്കാനാവാത്തത് വീഴ്ചയാണ്. റോഡ് മെയിന്റനൻസ് ഫണ്ടിലെ ചെലവ് വളരെ തുച്ഛമാണ്. 5.4% മാത്രമേ ഈ ഫണ്ടിൽ നിന്നും ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. ഈ ഫണ്ടിൽ നിന്നും 1,72,37,918 രൂപ പഞ്ചായത്ത് വിനിയോഗിക്കാതെ നഷ്ടപ്പെടുത്തി. നോൺറോഡ് മെയിന്റനൻസ് ഫണ്ടിൽ നിന്നും 79% മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. മേൽ വിവരിച്ച എല്ലാ ഫണ്ടുകളിൽ നിന്നുമായി 3,15,06,635 രൂപ തൻവർഷം ലാപ്സായി എന്നത് കാര്യക്ഷമമല്ലാത്ത പദ്ധതി

ആസൂത്രണ നിർവഹണ പ്രവർത്തനങ്ങളുടെ സൂചകങ്ങളാണ്. ഈ വിഷയം പഞ്ചായത്ത് ഗൗരവകരമായി ചർച്ച ചെയ്ത് തിരുത്തൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഖണ്ഡിക 1-5 ലെ വിവരങ്ങളുമായി ഈ വിഷയം കൂട്ടിവായിക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത്(എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 314 | 264024755 | 187 | 99284271 | - | 127 | 37.6 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2023-24 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2023- നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 48 | 57425290 | 22 | 9334435 | 16.25 |
| 2 | അസിസ്റ്റന്റ് എഞ്ചിനിയർ | 166 | 82142900 | 76 | 22159846 | 26.98 |
| 3 | കൃഷി ഓഫീസർ | 11 | 9999736 | 11 | 5818693 | 58.19 |
| 4 | വെറ്ററിനറി സർജ്ജൻ | 7 | 3958600 | 6 | 1662604 | 42 |
| 5 | പ്രധാനാധ്യാപകൻ | 3 | 1750000 | 3 | 1713680 | 97.92 |
| 6 | മെഡിക്കൽ ഓഫീസർ - പി.എച്ച്.സി | 14 | 5866560 | 13 | 3393224 | 57.84 |
| 7 | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 2 | 650000 | 2 | 640567 | 98.55 |
| 8 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ- | 19 | 74356500 | 15 | 48300263 | 12.46 |
| 9 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 8 | 11384659 | 6 | 9048988 | 79.48 |
| 10 | ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 400000 | 1 | 400000 | 100 |
| 11 | അസിസ്റ്റന്റ് സെക്രട്ടറി | 23 | 7153510 | 18 | 4574165 | 63.94 |
| 12 | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 9 | 4780600 | 9 | 2023769 | 42.33 |
| 13 | മെഡിക്കൽ ഓഫീസർ , യൂനാനി | 3 | 4156400 | 3 | 3829900 | 92.14 |
| | ആകെ | 314 | 264024755 | 187 | 99284271 | 37.6 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 63,416 | 17,76,544 | 18,39,960 | 18,31,285 | 8,675 |
| വേതനം , മെറ്റീരിയൽ കോസ്റ്റ് എന്നീയിനങ്ങളിൽ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 2,33,09,820 | 2,33,09,820 | 2,33,09,820 | 0 |
| ആകെ | 63,416 | 2,50,86,364 | 2,51,49,780 | 2,51,41,105 | 8,675 |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2023-24 വർഷം 3620 പദ്ധതികളുൾപ്പെടുന്ന 70,77,25,000 രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻവർഷം 114 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. വിവിധ പദ്ധതികളിലായി ആകെ 58,545 തൊഴിൽ ദിനങ്ങൾ തൻവർഷം സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 223 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 472000 | 39 |
| വിധവാപെൻഷൻ | 23215000 | 2234 |
| വാർദ്ധക്യകാലപെൻഷൻ | 29735500 | 2817 |
| വികലാംഗപെൻഷൻ | 7478400 | 704 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 235200 | 21 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 240000 | 8 |

## 1-8 ക്യാഷ് ബാലൻസ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 06.12.2024 തീയതിയിൽ 11.20 A.M ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 868/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

### 1)ജീവനക്കാരുടെ മേലുള്ള നിയന്ത്രണം

ജീവനക്കാരുടെ മേൽ പഞ്ചായത്ത് നിയന്ത്രണം ചെലുത്തുന്നത് സംബന്ധിച്ച ആഭ്യന്തര നിയന്ത്രണ സംവിധാനം 2023-24 കാലയളവിൽ ഫലപ്രദമായിരുന്നില്ല. പഞ്ചായത്തിലെ അക്കൗണ്ടന്റ് ശ്രീ.രമേശ്.എം തുടർച്ചയായി അവധികളിലും അധനികൃത അവധികളിലും തുടർന്നതിനാൽ പഞ്ചായത്തിന്റെ കണക്കു സൂക്ഷിപ്പും മറ്റു പ്രക്രിയകളും അവതാളത്തിലാവുകയും ജോലിയിൽ തിരികെ പ്രവേശിക്കാൻ സെക്രട്ടറി നൽകിയ നിരന്തര അറിയിപ്പുകൾ അവഗണിച്ച് അവധിയിൽ തുടരുന്നതിനാൽ പഞ്ചായത്ത് കമ്മിറ്റി 16.05.2024 ലെ തീരുമാനം 2(1) പ്രകാരം അദ്ദേഹത്തെ 16.05.2024 മുതൽ സസ്പെന്റ് ചെയ്യുകയും ചെയ്തിരുന്നു. അക്കൗണ്ടന്റിന്റെ അഭാവത്തിൽ 2023-24 വർഷത്തെ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുന്നതിനായി IKM ന്റെ അക്കൗണ്ടന്റ് കം ഐ.ടി എക്സ്പേർട്ടിന്റെ സഹായത്തോടു കൂടി പഞ്ചായത്തിലെ സീനിയർ ക്ലാർക്കിന്റെ ചുമതലയിൽ മറ്റു ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടന്റുമാരെക്കൂടി ഉൾപ്പെടുത്തി ടീം തയ്യാറാക്കി കാസറഗോഡ് ജില്ലാ ജോയിന്റ് ഡയറക്ടറുടെ നിർദ്ദേശ പ്രകാരം നടപടികൾ സ്വീകരിച്ചിരുന്നു. ഈ ടീം വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുന്നതിന്റെ ഭാഗമായി വിവിധ അക്കൗണ്ടുകൾ റീക്കൺസിലിയേഷൻ നടത്തിയപ്പോൾ നവംബർ 2023 മുതൽ ഡിസംബർ 2024 വരെയുള്ള മാസങ്ങളിലായി ശ്രീ.രമേശ്.എം 11,04,959 രൂപയുടെ ധനാപഹരണം നടത്തിയതായി കണ്ടെത്തുകയും ഓഡിറ്റ് കാലയളവിലും ശ്രീ.രമേശ്.എം സസ്പെൻഷനിൽ തുടരുകയുമാണ്.

ഇത്തരത്തിൽ പഞ്ചായത്തിന്റെ പ്രധാന പ്രവർത്തനങ്ങളും കണക്കെഴുത്തും അവതാളത്തിലായതും ഇത് മുതലാക്കി ഉത്തരവാദപ്പെട്ട തസ്തികയിലിരിക്കുന്ന ഉദ്യോഗസ്ഥൻ ലക്ഷക്കണക്കിനു രൂപ അപഹരിക്കാൻ അവസരം ഒരുക്കിയതും ജീവനക്കാരുടെ മേലുള്ള നിയന്ത്രണ സംവിധാനം ഫലപ്രദമല്ലാത്തതിനാലാണ്

എന്ന് വ്യക്തമാണ്.

ജീവനക്കാരുടെ ഇടയിൽ ജോലി വിഭജനം നടത്തി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി വിശദമായ ഉത്തരവ് പുറപ്പെടുവിച്ചത് ഹാജരാക്കിയിട്ടില്ല. സന്ദർഭങ്ങൾക്കും സാഹചര്യങ്ങൾക്കുമനുസരിച്ച് ഉപ ഉത്തരവുകളിലൂടെ കൂട്ടിച്ചേർക്കലുകളും നടത്തിയതിന്റെ രേഖകളാണ് ഹാജരാക്കിയിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ കഴിഞ്ഞ വർഷങ്ങളിൽ വന്ന മാറ്റങ്ങൾ ഉൾക്കൊണ്ട് സമഗ്രമേഖലകളും ഉൾപ്പെടുത്തി വിശദമായ പുതുക്കിയ ഓഫീസ് ഉത്തരവ് പുറപ്പെടുവിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**2) അക്കൗണ്ടിംഗ് സമ്പ്രദായം**

ഐ.എൽ.ജി.എം.എസ് സംവിധാനത്തിലാണ് പഞ്ചായത്തിൽ കണക്കുകൾ സൂക്ഷിച്ചിട്ടുള്ളത്. എന്നാൽ പഞ്ചായത്തിലെ അക്കൗണ്ടിങ്ങ് സമ്പ്രദായം ഓഡിറ്റ് കാലയളവിൽ ഫലപ്രദമായ ഒന്നായിരുന്നില്ല എന്ന് മനസ്സിലാക്കാവുന്നതാണ്. 07.8.2023 മുതൽ മെയ് 2024 വരെ പഞ്ചായത്തിൽ ചെലവുകളുടെ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ചെക്കുകൾ എഴുതി പേമെന്റുകൾ നടത്തിയിരുന്നുവെങ്കിലും പേമെന്റ് ഓർഡർ തയ്യാറാക്കിയതും പേമെന്റ് വൗച്ചർ ജനറേറ്റ് ചെയ്തതും 2024 മെയ്, ജൂൺ മാസങ്ങളിൽ ILGMS ലെ പെന്റിംഗ് ടാസ്ക് എന്ന സംവിധാനം ഉപയോഗപ്പെടുത്തിയാണ്. ILGMS ലെ പേമെന്റ് ഫയലുകളിലും വൗച്ചറുകളിലും ഒരു രേഖകളും അറ്റാച്ച് ചെയ്തിട്ടില്ല. നോട്ട് ഫയലുകളിലും കേവലം ടെംപ്ലേറ്റുകൾ അല്ലാതെ വിശദ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. മാന്വൽ ആയും ഫയലുകൾ പൂർണമായി സൂക്ഷിച്ചിട്ടില്ല. പരിശോധനയ്ക്ക് ഹാജരാക്കിയ ചെലവ് വൗച്ചറുകൾ ക്രമപ്രകാരം അടുക്കി വച്ചിട്ടില്ല. വൗച്ചറുകളിൽ ആവശ്യമായ രേഖകൾ ഉൾപ്പെടുത്തിയിട്ടുമില്ല. 2023-24 വർഷം അക്കൗണ്ടന്റ് തസ്തികയിലും സെക്രട്ടറി തസ്തികയിലും ഉദ്യോഗസ്ഥർ ഉണ്ടായിരുന്നുവെങ്കിലും കണക്കെഴുതുന്നതിൽ വലിയ വീഴ്ചയാണ് വരുത്തിയത്. പഞ്ചായത്ത് കമ്മിറ്റിയും ഇത് നിരീക്ഷിക്കുന്നതിലും തിരുത്തൽ നടപടികൾ സ്വീകരിക്കുന്നതിലും വലിയ വീഴ്ച തന്നെ വരുത്തിയിട്ടുണ്ട്. കണക്കെഴുത്ത് സംബന്ധിച്ച ആഭ്യന്തര നിയന്ത്രണ സംവിധാനം ഈ കാലയളവിൽ പൂർണപരാജയമായിരുന്നു എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

വാർഷിക ധനകാര്യപത്രിക പരിശോധനയിൽ ചില അപാകതകൾ ശ്രദ്ധയിൽപ്പെട്ടത് ഈ റിപ്പോർട്ടിൽ പ്രത്യേകം സൂചിപ്പിച്ചിട്ടുണ്ട്.

3) പൂർണമായും ഐ.എൽ.ജി.എം.എസ് സംവിധാനത്തിലാണ് ഫയൽ നീക്കങ്ങൾ നടക്കുന്നത്. ഫയൽ നീക്കങ്ങളിലുള്ള മോണിറ്ററിംഗിലും, സമയബന്ധിതമായി സേവനം നൽകുന്നതിലും പുരോഗതി ഉണ്ടായിട്ടുണ്ട്. എന്നിരുന്നാലും പെന്റിംഗ് ഫയലുകളുടെ എണ്ണം വലുതാണ് എന്ന് കാണുന്നു. 12.12.2024 ലെ സ്ഥിതിയനുസരിച്ച് ലഭിച്ച 13,628 അപേക്ഷകളിൽ 10,153 എണ്ണം തീർപ്പാക്കിയിട്ടുണ്ട്. 2665ഫയലുകൾ പെന്റിംഗ് ആയും 2172ഫയലുകൾ കാലതാമസം വന്നവ എന്ന കണക്കിലും ഉണ്ട്. പോരായ്മയുള്ള അപേക്ഷകൾ 25 എണ്ണം ഉണ്ട്. ഫയലുകളിൽ കാലതാമസം വരുന്ന സാഹചര്യങ്ങൾ ഒഴിവാക്കേണ്ടതാണ്. തുടർ നടപടികൾ എടുക്കാൻ ബാക്കിയുള്ള ഫയലുകളിൽ അടിയന്തിര തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

**4)വിവിധകമ്മിറ്റികൾ**

പഞ്ചായത്ത് കമ്മിറ്റിയുടെ മീറ്റിംഗുകളുടെ മിനുട്സ് പൂർണമായും സകർമ സോഫ്റ്റ് വെയറിലാണ് തയ്യാറാക്കി വരുന്നത്. 22.12.2024 ലെ സ്ഥിതിയനുസരിച്ച് കമ്മിറ്റിയുടെ 5 യോഗങ്ങളുടെ മിനുട്ട്സുകൾ അപൂർണമായും 1 യോഗത്തിന്റെ മിനുട്ട്സ് എൻട്രി ആരംഭിക്കാത്തതുമായി നില നിൽക്കുന്നു. വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും മിനുട്ടസ് സകർമ സോഫ്റ്റ് വെയറിലാണ് തയ്യാറാക്കിയിട്ടുള്ളത്. 22.12.2024 ലെ സ്ഥിതിയനുസരിച്ച് സ്റ്റാന്റിംഗ് കമ്മിറ്റികളുടെ 1യോഗത്തിന്റെ മിനുട്ട്സ് അപൂർണമായും 3 യോഗങ്ങളുടെ മിനുട്ട്സ് എൻട്രി ആരംഭിക്കാത്തതുമായി നില നിൽക്കുന്നു. യോഗങ്ങളുടെ മിനുട്ട്സുകൾ യഥാസമയം സകർമയിൽ രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. യോഗ നടപടികളുടെ മിനുട്ട്സ് എത്രയും വേഗം രേഖപ്പെടുത്തി അംഗീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ വന്നിട്ടുള്ള കാലതാമസവും

വീഴ്ചയും ഒഴിവാക്കേണ്ടതാണ്.

**എ)പഞ്ചായത്ത്കമ്മിറ്റി**

പഞ്ചായത്ത് കമ്മിറ്റി 2023-24 ൽ 32 യോഗങ്ങൾ ചേർന്നിട്ടുണ്ട്. 7സാധാരണ യോഗങ്ങളും 25 അടിയന്തിര/പ്രത്യേക യോഗങ്ങളുമാണ് ചേർന്നത്. യോഗങ്ങളുടെ മിനുട്ടസുകൾ സകർമ സോഫ്റ്റ് വെയറിലാണ് തയ്യാറാക്കിയിട്ടുള്ളത്. യോഗങ്ങളുടെ മിനുട്ട്സുകൾ പ്രസിഡണ്ടിന്റെ അംഗീകാരത്തിനായി അയക്കുന്നതിൽ ചിലപ്പോഴൊക്കെ വലിയ കാലതാമസം വരുത്തിയിട്ടുള്ളതായി കാണുകയുണ്ടായി. ഉദാഹരണത്തിന് 17/02/2024ന് ചേർന്ന യോഗത്തിന്റെ മിനുട്ട്സ് പ്രസിഡണ്ടിന്റെ അംഗീകാരത്തിനായി സെക്രട്ടറി അയച്ചതും പ്രസിഡണ്ട് അംഗീകരിച്ചതും 19.11.2024 തിയതിയിലാണ്. ഇത്തരത്തിൽ 01/03/2024, 16/03/2024, 31/10/2023, 16/12/2023, 06/12/2023എന്നീ തിയതികളിൽ ചേർന്ന യോഗങ്ങളുടെ മിനുട്ട്സും അദ്ധ്യക്ഷൻ അംഗീകരിക്കുന്നതിൽ വലിയ കാലതാമസം ഉണ്ടായിട്ടുണ്ട്. യോഗങ്ങളുടെ അടുത്ത ദിവസം തന്നെ മിനുട്ട്സുകൾ പൂർത്തിയാക്കി അദ്ധ്യക്ഷന്റെ അംഗീകാരം നേടേണ്ടതാണ്.

പഞ്ചായത്ത് കമ്മിറ്റി മീറ്റിംഗുകൾ ചട്ടപ്രകാരം നടത്തുന്നതിൽ ശ്രദ്ധിച്ചിട്ടുണ്ട്. മീറ്റിംഗുകളിൽ വിവിധ വിഷയങ്ങളിലുള്ള ചർച്ചകൾ നടക്കുകയും തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. എന്നാൽ യോഗങ്ങളിൽ എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കിയതു സംബന്ധിച്ച അവലോകനങ്ങൾ തുടർ യോഗങ്ങളിൽ നടത്തിയതായി മിനുട്ട്സുകളിൽ കാണുന്നില്ല. പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനങ്ങൾ നടപ്പിലാക്കിയത് സംബന്ധിച്ച അവലോകനങ്ങൾ ഒരോ തുടർയോഗങ്ങളിലും നടത്തേണ്ടതാണ്.

**ബി) ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി**

ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനുട്ട്സ് സകർമയിൽ തയ്യാറാക്കിയിട്ടില്ല. മാന്വൽ ആയി എഴുതിയ മിനുട്ട്സ് മിക്കതും അപൂർണവും അവ്യക്തവുമാണ്. മിക്ക യോഗങ്ങളിലും മുൻ മാസത്തെ വരവ് ചെലവ് കണക്കുകൾ അംഗീകരിച്ചതായി രേഖപ്പെടുത്തിയിട്ടില്ല. പല യോഗങ്ങളുടെ മിനുട്ട്സും ഒപ്പ് മാത്രം രേഖപ്പെടുത്തി ബാക്കി ഒഴിച്ചിട്ടിരിക്കുകയാണ്. തനതു വരുമാന വർദ്ധനവിന് ഉതകുന്ന രീതിയിൽ നികുതി നിർദ്ദേശങ്ങളോ പുതിയ നികുതി മേഖലകളോ യോഗങ്ങളിൽ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടില്ല. നികുതി പുതുക്കൽ, നികുതി പിരിവ്, വരുമാനംസംബന്ധിച്ച മറ്റു വിഷയങ്ങൾ എന്നിവ സംബന്ധിച്ച ചർച്ചകൾ നടത്തി ശുപാർശകൾ ഭരണ സമിതിക്ക് നൽകിയതായി കാണുന്നില്ല.

**സി) വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി**

വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 2023-24ൽ 24 തവണയാണ് യോഗം ചേർന്നത്. പുതിയ പ്രോജക്ട് നിർദേശങ്ങളും പ്രോജക്ട് ഭേദഗതി ചർച്ചകളും യോഗങ്ങളിൽ നടന്നിട്ടുണ്ട്. യോഗങ്ങളുടെ മിനുട്ട്സ് ചുരുക്കിയാണ് എഴുതിയിട്ടുള്ളത്. പ്രോജക്ടുകളുടെ രൂപീകരണ ഭേദഗതി വിശദാംശങ്ങൾ വിശദമായി മിനുട്ട്സ് ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്. യോഗങ്ങളുടെ അടുത്ത ദിവസം തന്നെ മിനുട്ട്സുകൾ പൂർത്തിയാക്കി അദ്ധ്യക്ഷന്റെ അംഗീകാരം നേടേണ്ടതാണ്.

**ഡി) ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി**

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി 2022-23 ൽ 15തവണയാണ് യോഗം ചേർന്നത്. പെൻഷൻ അപേക്ഷകൾ ലഭിച്ചത്, അവയിന്മേലുള്ള തീരുമാനം, നിരസിച്ച പെൻഷൻ അപേക്ഷകൾ, നിരസിക്കാനുള്ള കാരണങ്ങൾ, അംഗീകരിച്ച പെൻഷൻ അപേക്ഷകൾ എന്നിങ്ങനെ മിനുട്ട്സ് വ്യക്തവുമായി എഴുതിയിട്ടുണ്ട്. മരണങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനനുസരിച്ച് പെൻഷനുകൾ റദ്ദാക്കാൻ ഉള്ള തീരുമാനങ്ങൾ കമ്മിറ്റി എടുത്തതായി കാണുന്നില്ല. ഇക്കാര്യം പരിശോധിക്കേണ്ടതാണ്.

**ഇ) ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി**

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി 2023-24ൽ 1 തവണ മാത്രം യോഗം ചേർന്നതായാണ് സകർമയിൽ കാണുന്നത്. 17.04.2023 ന് ചേർന്ന യോഗത്തിന്റെ മിനുട്ട്സ് മാത്രമേ സകർമയിൽ രേഖപ്പെടുത്തിയിട്ടുള്ളൂ. സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനുട്ട്സ് മാന്വൽ ആയി സൂക്ഷിച്ചിട്ടുണ്ടോ എന്ന് വ്യക്തമല്ല.

ഇത് പരിശോധിക്കേണ്ടതാണ്. മുഴവൻ സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും മിനുട്ട്സ് സകർമ സോഫ്റ്റ് വെയറിൽ തന്നെ തയ്യാറാക്കേണ്ടതാണ്.

**5) ഓഫീസ് മീറ്റിങ്ങ്**

ജീവനക്കാരുടെ ജോലി പുരോഗതിയും ഗ്രാമ പഞ്ചായത്തിന്റെ പ്രവർത്തന പുരോഗതിയും വിലയിരുത്തുവാൻ ജീവനക്കാരുടെ പ്രതിമാസ യോഗം പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ വിളിച്ചു ചേർക്കുവാൻ സെക്രട്ടറി ബാധ്യസ്ഥനാണ്. ഓഡിറ്റ് വർഷം 2023 സെപ്റ്റംബർ, ഒക്ടോബർഎന്നീ മാസങ്ങളിൽ ഒഴികെ ബാക്കി എല്ലാ മാസവും ഓഫീസ് മീറ്റീംഗ് ചേർന്നിട്ടുണ്ട്.

**6) നികുതി പിരിവ്**

നികുതി പിരിവിൽ മെച്ചപ്പെട്ട പ്രകടനം കാഴ്ച വെക്കുന്നില്ല. തൻവർഷം വസ്തു നികുതിയിനത്തിൽ 38.10 ലക്ഷം രൂപ കുടിശ്ശികയാണ്. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നികുതി പിരിവിൽ 100% ലക്ഷ്യം വയ്ക്കുമ്പോൾ കുമ്പള പഞ്ചായത്ത് ആ ദിശയിലേക്ക് ഒരു ശ്രമവും നടത്തിയിട്ടില്ല എന്നത് ഖേദകരമാണ്. നികുതിയേതര വരുമാനങ്ങളുടെ പിരിവിലും കാര്യക്ഷമമായ പ്രവർത്തനം കാഴ്ച വയ്ക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല. വാടക വരുമാനത്തിൽ 20.26 ലക്ഷം രൂപ ഈ വർഷം കുടിശ്ശികയായതിൽ നിന്നും ഇത് വ്യക്തമാണ്.

ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തന ചെലവ് വർദ്ധിക്കുന്നതനുസരിച്ച് പ്രധാന നികുതി വരുമാന ഇനങ്ങളിൽ തദനുസൃതമായ വർദ്ധനവ് ഉണ്ടാകുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. കൂട്ടിച്ചേർക്കലുകൾക്കായി പെർമിറ്റ് അനുവദിച്ച കെട്ടിടങ്ങളിൽ പെർമിറ്റ് പുതുക്കാത്ത കെട്ടിടങ്ങളും, നിർമ്മാണത്തിനായി എൻ.ഒ.സി അനുവദിച്ച കെട്ടിടങ്ങളും ഫീൽഡ് തല പരിശോധന നടത്തി, നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ തുടർനടപടികൾ സ്വീകരിച്ച് വസ്തുനികുതി നിർണ്ണയിക്കാൻ/ പുനർനിർണ്ണയിക്കാൻ നടപടികൾ സ്വീകരിച്ചാൽ തനത് നികുതി വരുമാന വർദ്ധനവിന് സഹായകരമായിരിക്കും .

7) കെട്ടിടനിർമ്മാണം, മാലിന്യസംസ്കരണം, എഫ്.ടി.ഇ & ഒ.എസ് ലൈസൻസ്, ശുചിത്വം തുടങ്ങി ഗ്രാമപഞ്ചായത്തിനെ ചുമതലയേല്പിച്ച മേഖലകളിലെ നിയമലംഘനങ്ങൾ റിപ്പോർട്ട് ചെയ്യേണ്ട ഉത്തരവാദിത്തം ബന്ധപ്പെട്ടവർ നിർവ്വഹിക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്തേണ്ടതും ഇതു സംബന്ധിച്ച റിപ്പോർട്ടുകൾ ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കേണ്ടതുമാണ്.

8) 1984-85 മുതലുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്. ഇത് ഭീമമായ കുടിശ്ശികയാണ്. തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നതിനും, അവ തീർപ്പാക്കുന്നതിനും ഗ്രാമ പഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്.

9) സമ്പൂർണ്ണവും കുറ്റമറ്റതുമായ ഡിജിറ്റൽ ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നതിൽ പൂർണ്ണതയിൽ എത്താൻ സാധിച്ചിട്ടില്ല.

10) അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ലോൺ രജിസ്റ്റർ തുടങ്ങിയവ എഴുതി സൂക്ഷിക്കുന്നില്ല. രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കേണ്ടതും വിവരങ്ങൾ ക്യാരി ഓവർ ചെയ്ത് കാലികമാക്കേണ്ടതുമാണ്. തെരുവ് വിളക്ക് രജിസ്റ്റർ കൃത്യമായി പരിപാലിക്കുന്നില്ല. നിലവിൽ സൂക്ഷിക്കുന്ന രജിസ്റ്ററിൽ വിവിധ കൺസ്യൂമർ നമ്പറുകൾ പ്രകാരം ഒടുക്കുന്ന വൈദ്യുത ചാർജ്ജ് വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തുന്നത്. കെ.എസ്.ഇ.ബിയുമായി സംയുക്ത പരിശോധന നടത്തി നിലവിലുള്ള തെരുവ് വിളക്കുകളുടെ എണ്ണം, തരം, പോസ്റ്റ് നമ്പർ തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുത്തി തെരുവ് വിളക്ക് രജിസ്റ്റർ പരിഷ്കരിക്കുവാനും, കാലാനുസൃതമായ മാറ്റങ്ങൾ ചേർത്ത് രജിസ്റ്ററിലെ വിവരങ്ങൾ കാലികമാക്കുവാനും നടപടികൾ സ്വീകരിക്കേണ്ടതാണ്. അതു പോലെ പൊതു ടാപ്പുകളുടെ കണക്കും സംയുക്ത പരിശോധന നടത്തി ക്രമീകരിക്കേണ്ടതാണ്.

11) സാമ്പത്തിക വികസനവും സാമൂഹിക നീതിയും ലക്ഷ്യമാക്കി ഗ്രാമ പഞ്ചായത്ത് ആവിഷ്കരിച്ച പദ്ധതികളുടെ നിർവ്വഹണത്തിന്റെയും വിഭവ വിനിയോഗത്തിന്റെയും ഫലപ്രാപ്തി ഉറപ്പാക്കുവാനും, ഗ്രാമ

പഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലകൾ നിയമങ്ങൾക്കും ചട്ടങ്ങൾക്കും മാർഗനിർദ്ദേശങ്ങൾക്കും അനുസൃതമായി മിതവ്യയത്വം പാലിച്ച് കാര്യക്ഷമമായി നിർവ്വഹിച്ച് ഫലപ്രാപ്തിയിലെത്തിക്കുന്നതിനും, കാര്യക്ഷമമായ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ ഒരുക്കി അപ്രകാരമുള്ള നിയന്ത്രണങ്ങൾ നിരന്തരം അവലോകനം ചെയ്ത് ഉചിതമായി പരിഷ്കരിക്കുവാനും ഭരണ നിർവ്വഹണാധികാരികൾ ശ്രദ്ധിക്കണം.

## 1-10 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യ സംസ്കരണം ഹരിതകമർമ്മസേനയിലൂടെ - അവലോകനം

കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ശുചിത്വ-മാലിന്യ സംസ്കരണ മേഖലയിൽ പ്രവർത്തിക്കുന്ന സംഘടനാ സംവിധാനമാണ് ഹരിത കർമ്മ സേന. പഞ്ചായത്തുകളും നഗരസഭകളും മുൻകൈയ്യെടുത്ത് രൂപീകരിച്ചിട്ടുള്ള ഈ സംവിധാനം പ്രധാനമായും അജൈവ മാലിന്യത്തിന്റെയും ചിലയിടങ്ങളിൽ ജൈവ മാലിന്യത്തിന്റെയും വാതിൽപ്പടി ശേഖരണം നടത്തുന്നു. സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്ഥാപനം നിശ്ചയിച്ച യൂസർഫീ വാങ്ങിയാണ് ഇവർ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും വാതിൽപ്പടി ശേഖരണം നടത്തുന്നത്.

ശുചിത്വവും ഹരിതാഭവുമായ കേരളം സൃഷ്ടിക്കുകയെന്ന ലക്ഷ്യത്തോടെ കേരളത്തിലെ എല്ലാ പഞ്ചായത്തുകളും ഒരു ഹരിത കർമ്മസേന രൂപീകരിക്കണമെന്നും ഓരോ പഞ്ചായത്തും മാലിന്യമുക്തമാക്കുന്നതിന്റെ ഭാഗമായി ഈ ഹരിത കർമ്മസേനയുടെ സജീവ പ്രവർത്തനം പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും ഉണ്ടായിരിക്കണമെന്നും നിഷ്കർഷിച്ച് കൊണ്ട് 15.07.2017 ൽ തദ്ദേശ സ്വയംഭരണ വകുപ്പ് പുറപ്പെടുവിച്ച 2420ാം നമ്പർ ഉത്തരവിനെ അടിസ്ഥാനമാക്കി 2017 മുതൽ തന്നെ ഗ്രാമപഞ്ചായത്തുകളിൽ ഹരിത കർമ്മസേന പ്രവർത്തനം ആരംഭിച്ചു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മാലിന്യ സംസ്കരണം സംബന്ധിച്ച് സംസ്ഥാന സർക്കാർ 22.07.2017 ൽ സ.ഉ.(സാധാ) 2511/2017 തസ്വഭവ പ്രകാരം പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിലും, പഞ്ചായത്ത് രാജ് വകുപ്പ് 219 എ മുതൽ എക്സ് വരെയും, സോളിഡ് വേസ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 ലെ ചട്ടം 4 എന്നിവ നടപ്പാക്കുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിലുമാണ് ഗ്രാമപഞ്ചായത്തുകളിൽ ഹരിത കർമ്മ സേനയുടെ പ്രവർത്തനം സജീവമാകുന്നത്. ഹരിത കർമ്മസേനയുടെ വിശദമായ പ്രവർത്തന മാർഗ്ഗരേഖ അംഗീകരിച്ചു കൊണ്ട് 12.08.2020ലെ സ.ഉ(സാധാ) നം. 1496/2020/തസ്വഭവ നമ്പരായി സർക്കാർ തുടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. 12.08.2020-ലെ സ.ഉ(സാ.ധാ) നം.1497/2020 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശുചിത്വ പദവി നിർണ്ണയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും സർക്കാർ പുറപ്പെടുവിച്ചു.
മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ കുമ്പള ഗ്രാമപഞ്ചായത്തിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങളെയും ഗ്രാമപഞ്ചായത്തിലെ അജൈവമാലിന്യ സംസ്കരണ സംവിധാനത്തെയും കുറിച്ച് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 07.06.2024-ലെ ഡി.കെ.എസ്.എ.471/സി.എ.ആർ.3/2024 നമ്പർ കത്തിലെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് "ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ:കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ" എന്ന വിഷയത്തിന്മേൽ തയാറാക്കിയ അവലോകനം താഴെ ചേർക്കുന്നു.

അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വാർഡുകളുടെ എണ്ണം | 23 |
| ജനസംഖ്യ (2011 സെൻസസ് പ്രകാരം) | 46,691 |
| ആകെ വീടുകൾ | 13,921 |
| ആകെ വാസേതര കെട്ടിടങ്ങൾ | 4840 |
| ഹരിതകർമ്മ സേനാംഗങ്ങളുടെ എണ്ണം | 46 |

സംഘാടനം

ഗ്രാമപഞ്ചായത്തിന്റെ 23 വാർഡുകളിലെ കുടുംബശ്രീ സംഘടനയിൽ ഒരു വാർഡിൽ രണ്ട് പേർ എന്ന നിലയിൽ 46 വനിതകളാണ് ഹരിതകർമ്മ സേനാംഗങ്ങളായി പ്രവർത്തിക്കുന്നത്. 02.12.2019 നാണ് ഗ്രാമപഞ്ചായത്തിൽ ഹരിതകർമസേന രൂപീകരിച്ചത്. ഗ്രാമപഞ്ചായത്തിലെ മാലിന്യ നിർമാർജ്ജന പ്രവർത്തനങ്ങൾക്കും വിവിധതരം മാലിന്യ നിർമ്മാർജ്ജനോപാധികൾ പൊതുസമൂഹത്തിന് പരിചയപ്പെടുത്തുന്നതിനും പൊതുജനത്തെ ഉറവിട മാലിന്യ സംസ്കരണത്തിനും പ്രാപ്തരാക്കുവാൻ തക്ക വിധത്തിൽ പരിശീലനങ്ങൾ നല്കിയുമാണ് ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മസേനയെ വാർത്തെടുത്തിട്ടുള്ളത്. ഹരിതകർമ്മ സേനാംഗങ്ങളെ ഏകോപിപ്പിക്കുന്നതിനായി കൺസോർഷ്യം രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. അജൈവമാലിന്യം ശേഖരിക്കുന്നതിന് സ്ഥാപനങ്ങളിൽ നിന്ന് 100രൂപ നിരക്കിലും ഭവനങ്ങളിൽ നിന്നും 50 രൂപ നിരക്കിലും ഫീസ് ഈടാക്കിയാണ് ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേന പ്രവർത്തിക്കുന്നത്.

<u>വൃത്തിയുള്ള പരിസരം ആരോഗ്യമുള്ള സമൂഹം.</u>

വൃത്തിയുള്ള പരിസരം ആരോഗ്യമുള്ള സമൂഹം എന്ന മുദ്രവാക്യവുമായി പ്രവർത്തിക്കുന്ന ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേന പ്രത്യേകമായി തയ്യാറാക്കിയ കലണ്ടർ പ്രകാരമാണ് മാലിന്യങ്ങൾ ശേഖരിക്കുന്നത്. കലണ്ടർ പ്രകാരമുള്ള മാലിന്യശേഖരണം സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| മാസം | ശേഖരിക്കുന്ന വസ്തുക്കളുടെ ഇനം |
|---|---|
| എല്ലാത്തരം പ്ലാസ്റ്റിക്കും പേപ്പറും പേപ്പർ ബാഗും കാർഡ് ബോർഡും എല്ലാ മാസവും ശേഖരിക്കുന്നുണ്ട് | |
| ജനുവരി | ഇ-വേസ്റ്റ് |
| ഫെബ്രുവരി | തുണി മാലിന്യം |
| മാർച്ച് | ആപത്കരമായ ഇ മാലിന്യങ്ങൾ ( പിക്ചർ ട്യൂബ്, ബൾബ് ട്യൂബ് ), കണ്ണാടി |
| ഏപ്രിൽ | ചെരുപ്പ്, ബാഗ്, തെർമോക്കോൾ, തുകൽ, കാർപ്പെറ്റ്, അപ്ഹോഴ്സറി വേസ്റ്റ് (ഉപയോഗ ശൂന്യമായ മെത്ത, തലയണ, പ്ലാസ്റ്റിക് പായ ) |
| മെയ് | കുപ്പി, ചില്ല് മാലിന്യങ്ങൾ |
| ജൂൺ | ഉപയോഗശൂന്യമായ വാഹന ടയർ |
| ജൂലൈ | ഇ -വേസ്റ്റ് |
| ആഗസ്റ്റ് | പോളി എത്തിലിൻ പ്രിന്റിംഗ് ഷീറ്റ്, സ്ക്രാപ്പ് ഇനങ്ങൾ |
| സെപ്റ്റംബർ | മരുന്ന് സ്ട്രിപ്പ് |
| ഒക്ടോബർ | ആപത്കരമായ ഇ മാലിന്യങ്ങൾ ( പിക്ചർ ട്യൂബ്, ബൾബ് ട്യൂബ് ), കണ്ണാടി |
| നവംബർ | ചെരുപ്പ്, ബാഗ്, തെർമോക്കോൾ, തുകൽ, കാർപ്പെറ്റ്, അപ്ഹോഴ്സറി വേസ്റ്റ് (ഉപയോഗ ശൂന്യമായ മെത്ത, തലയണ, പ്ലാസ്റ്റിക് പായ ) |
| ഡിസംബർ | കുപ്പി, ചില്ല് മാലിന്യങ്ങൾ |

മേൽ പ്രകാരം വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ ആദ്യം വിവിധ വാർഡുകളിലായി സ്ഥിതി ചെയ്യുന്ന മിനി എം.സി.എഫുകളിലേക്കും അവിടെ നിന്ന് താൽക്കാലിക എം.സി.എഫിലേക്കും തുടർന്ന് ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള മാലിന്യസംസ്കരണ സ്ഥാപനത്തിനും നല്കുന്നു. ഹരിതകർമ്മസേന പ്രവർത്തകർ വിവിധ സ്ഥലങ്ങളിൽ നിന്നും ശേഖരിക്കുന്ന ഖരമാലിന്യം എം.സി.എഫിൽ എത്തിക്കുന്നതിനായി ഗ്രാമ പഞ്ചായത്തിന്റെ വർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങിയ ഇലക്ട്രിക് വാഹനം ഉപയോഗിക്കുന്നു. ഹരിതകർമസേനാാംഗങ്ങൾ തന്നെയാണ് വാഹനം ഓടിക്കുന്നത്.

രേഖകൾ

ഹരിതകർമ്മസേനയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്ന ഓഫീസ് സംവിധാനത്തിൽ ക്യാഷ് ബുക്ക്, മിനിട്സ് ബുക്ക്, രസീപ്റ്റ് ബുക്ക്, അംഗത്വരജിസ്റ്റർ എന്നിവ സൂക്ഷിച്ച് വരുന്നു. ക്യാഷ് ബുക്ക് എഴുതി സൂക്ഷിക്കുന്നുണ്ടെങ്കിലും അതിൽ തീയതിയും തുകയും മാത്രമാണ് രേഖപ്പെടുത്തുന്നത്. തുക വന്നതിന്റെയും വിതരണം ചെയ്തതിന്റെയും വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല.

2022-23 വർഷത്തിൽ യൂസർ ഫീ, സഗ്രിഗേഷൻഇനത്തിൽ 27,41,595/-രൂപ ലഭിച്ചിട്ടുണ്ട്. 2023-24 വർഷത്തിൽ 61,63,120/-രൂപ വി.ജി.എഫ് ഫണ്ട് ലഭിച്ചിട്ടുണ്ട്.

2) മാലിന്യ ശേഖരണ കാര്യക്ഷമത

വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും കലണ്ടർ പ്രകാരമാണ് മാലിന്യ ശേഖരണം നടത്തുന്നത്. എല്ലാ വീടുകളെയും സ്ഥാപനങ്ങളെയും ഉൾപ്പെടുത്തുന്നതിനും പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുമായി ഹരിതമിത്രം ആപ്ലിക്കേഷൻ വഴി ക്യൂ ആർ കോഡ് പതിക്കുകയും മാസത്തിൽ ഒരു തവണ മാലിന്യം ശേഖരിക്കുകയും ചെയ്തുവരുന്നുണ്ട്. പഞ്ചായത്തില 60% കെട്ടിടങ്ങളിൽ മാത്രമാണ് ക്യൂ ആർ കോഡ് പതിച്ചിട്ടുള്ളത്.

3. മാലിന്യ വേർതിരിവ് പാലിക്കൽ

എല്ലാ വാർഡുകളിലെയും വീടുകളിൽ നിന്നും കച്ചവട സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ മുഴുവനും അവിടെ വച്ചു തന്നെ തരംതിരിക്കുകയും അവിടെ നിന്ന് മിനി എം.സി.എഫുകളിൽ എത്തിക്കുകയുമാണ് ചെയ്യുന്നത്. മിനി എം.സി.എഫുകളിൽ നിന്നും 7 ദിവസം കൂടുമ്പോൾ മാലിന്യം നീക്കം ചെയ്യുകയും എം.സി.എഫിൽ എത്തിക്കുകയും ചെയ്യുന്നുണ്ട്.

4.കമ്മ്യൂണിറ്റി എൻഗേജ്മെന്റ്

മാലിന്യസംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി 20 കാമ്പെയ്നുകൾ നടത്തിയിട്ടുണ്ട്.

5. തൊഴിൽ സൃഷ്ടിക്കൽ

മാലിന്യ ശേഖരണത്തിനായി ഓരോ വാർഡിലും 2 പേർ വീതം ആകെ 46 അംഗങ്ങളുണ്ട്. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മാലിന്യം ശേഖരിക്കമ്പോൾ ലഭിക്കുന്ന യൂസർ ഫീയാണ് ഹരിത കർമ സേനയുടെ പ്രധാന വരുമാന മാർഗം. 2023-24 വർഷത്തിൽ വി.ജി.എഫ് ഫണ്ട് ലഭിച്ചിട്ടുണ്ട്.

6) അടിസ്ഥാന സൗകര്യവികസനം

മാലിന്യ ശേഖരണത്തിനും സംസ്കരണത്തിനുമായി പഞ്ചായത്തിൽ ഒരു താൽക്കാലിക എം.സി.എഫ് ആണുള്ളത്. എം.സി.എഫ് നിർമാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും വൈദ്യുതി കണക്ഷൻ ലഭിക്കാത്തതിനാൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ബെയിലിംഗ് മെഷീൻ വാങ്ങിയിട്ടുണ്ടെങ്കിലും പ്രവർത്തനക്ഷമമാക്കിയിട്ടില്ല. വിവിധ വാർഡുകളിലായി 43 മിനി എം.സി.എഫുകളും 23 ബോട്ടിൽ ബൂത്തുകളും സ്ഥാപിച്ചിട്ടുണ്ട്.

7) പരിശീലനവും വികസനവും

മാലിന്യസംസ്കരണവുമായി ബന്ധപ്പെട്ട് ഗ്രീൻ വേംസ് കമ്പനി സഗ്രിഗേഷനിലും, ക്ലീൻ കേരള കമ്പനി, ശുചിത്വ മിഷൻ തുടങ്ങിയവ ഹരിതമിത്രം സർവ്വീസ് ട്രെയിനിംഗ്, ഹരിതമിത്രം മിനി എം.സി.എഫ് മോണിറ്ററിംഗ്, ട്രാൻസ്പോർട്ടേഷൻ പ്ലാൻ&ലിഫ്റ്റിംഗ് പ്ലാൻ എന്നിവയിൽ പരിശീലനം നൽകിയിട്ടുണ്ട്.

8) നിയമങ്ങൾ പാലിക്കൽ

പഞ്ചായത്ത് നിശ്ചയിച്ചിട്ടുള്ള മാലിന്യ സംസ്കരണ ചട്ടങ്ങളും മാനദണ്ഡങ്ങളും പാലിക്കാത്തവർക്ക് പഞ്ചായത്ത് വിജിലൻസ് സ്ക്വാഡ് പരിശോധന നടത്തി പിഴയടക്കമുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

9) ഹരിത കർമ്മ സേനാംഗങ്ങളുടെ പ്രവർത്തനം

കുമ്പള ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മമസേനയുടെ പ്രവർത്തനം ഇനിയും മെച്ചപ്പെടുത്തേണ്ടതുണ്ട്. മാലിന്യം ശേഖരിക്കുന്നതിനും യൂസർ ഫീ പിരിക്കുന്നതിനും ഹരിതകർമ്മസേനയുടെ പ്രവർത്തനം ഊർജിതമാക്കേണ്ടതാണ്. വിലയിരുത്തുന്നതിനായി മാസം തോറും അവലോകന യോഗങ്ങൾ നടത്തി വരുന്നുണ്ട്. കൃത്യമായ മോണിറ്ററിംഗും മാർഗനിർദേശങ്ങളും ഇല്ലാത്തത് ഹരിത കർമ്മ സേനയുടെ പ്രവർത്തനത്തെ ബാധിക്കുന്നുണ്ട്. പഞ്ചായത്തിൽ സർക്കാർ നിർദ്ദേശ പ്രകാരമുള്ള ഹരിത ഓഡിറ്റ് നടത്തിയിട്ടുണ്ട്.

മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF)/റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF)

1) അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| 1)MCF/RRF (സ്ഥിരം /താത്കാലികം) എണ്ണം | താൽകകാലിക MCF. സ്ഥിരം MCF കെട്ടിടം പണി പൂർത്തീകരിച്ചിട്ടുണ്ട്. |
| 2)ബെയ് ലിങ് /ഷ്രഡിങ് യൂണിറ്റുകൾ ഉണ്ടോ ? | ബെയ്‌ലിംഗ് മെഷീൻ വാങ്ങിയിട്ടുണ്ടെങ്കിലും വൈദ്യുതി കണക്ഷൻ ലഭിക്കാത്തതിനാൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല. |
| 3)അവയുടെ വാർഡ് തിരിച്ചുള്ള എണ്ണം | --- |
| 4)അവ പ്രയോജനപ്പെടുത്തുന്നുണ്ടോ ? | പ്രവർത്തനം ആരംഭിച്ചിട്ടില്ല |
| 5)അവയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടോ? (ടിപ്പിങ് ഏരിയ,സ്റ്റോറേജ് ഏരിയ,സോർട്ടിങ് ഏരിയ, മെഷിനറി ഏരിയ, ശുചിമുറി തുടങ്ങിയവ | -- |
| 6)അവ സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ വിവരങ്ങൾ | - |
| 7)അവയിലേക്ക് റോഡ് ഗതാഗത സൗകര്യം ലഭ്യമാണോ ? | ഉണ്ട് |
| 8) അവയുമായി ബന്ധപ്പെട്ട് സാമൂഹിക പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ടോ? | നിലവിൽ ഇല്ല |

2) മാലിന്യ സംഭരണ ശേഷി

സ്റ്റോറേജ് ഏരിയയ്ക്ക് സ്ഥല സൗകര്യം കുറവാണ്.

3) മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ

മാലിന്യം ഇനം തിരിക്കുന്നതിൽ തൊഴിലാളികളുടെ സുരക്ഷയും പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കുന്നതിന് MCF-ൽ മാലിന്യ സംസ്കരണ പ്രോട്ടോക്കോളുകളും സുരക്ഷാ നടപടികളും പാലിച്ചിട്ടുണ്ട്. മാലിന്യം ഇനം തിരിക്കുന്നതിന് തൊഴിലാളികൾക്ക് കൈയുറ, ഗംബൂട്ട്, മാസ്ക്, സോർട്ടിംഗ് ടേബിൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്.

4) യഥാസമയം മാലിന്യം കൈമാറുന്നത്

സ.ഉ(സാധാ)നം.1641/2017/തസ്വഭവ തിയതി 19-5-2017 പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പ്ലാസ്റ്റിക് മാലിന്യ സംസ്കരണ പ്രോജക്റ്റുകളും ഇ-മാലിന്യ സംഭരണ സംസ്കരണ പദ്ധതികളും തയ്യാറാക്കി ടെണ്ടർ നടപടി ഒഴിവാക്കി പദ്ധതി നിർവ്വഹണം നടത്തുന്നതിന് ക്ലീൻ കേരള കമ്പനി ലിമിറ്റഡിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. കൂടാതെ സർക്കുലർ നം. ഡി.സി.1/282/20/ തസ്വഭവ തിയതി 29-07-2020 പ്രകാരം ഹരിത കർമ്മസേനാംഗങ്ങൾ ശേഖരിക്കുന്ന പാഴ്‌വസ്തുക്കൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനും വിപണനം ചെയ്യുന്നതിനും ക്ലീൻ കേരളാ കമ്പനിയുടെ സേവനം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കുമ്പള ഗ്രാമപഞ്ചായത്തിൽ 2023 ഏപ്രിൽ മുതൽ ഒക്ടോബർ വരെ ക്ലീൻ കേരള കമ്പനി മാലിന്യം നീക്കം ചെയ്തിരുന്നു. 2023 നവംബറിൽ ഗ്രീൻ വേംസ് എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടു. 2024 ജനുവരി

മുതൽ അജൈവ മാലിന്യങ്ങൾ ഗ്രീൻ വേംസ് നീക്കം ചെയ്യുന്നു. കൃത്യമായ ഇടവേളകളിൽ മാലിന്യം കൊണ്ടുപോകുന്നതിന് സ്ഥാപനം തയ്യാറാകുന്നുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1) ഹരിതകർമ്മ സേന ശേഖരിക്കുന്ന മാലിന്യം സംഭരിക്കുന്നതിനും സെഗ്രിഗേറ്റ് ചെയ്യുന്നതിനുമുള്ള എല്ലാവിധ സൗകര്യങ്ങളോടും കൂടിയ ഒരു മെറ്റീരിയൽ കലക്ഷൻ ഫെസിലിറ്റി (എം.സി.എഫ്) ഗ്രാമപഞ്ചായത്ത് പ്രവർത്തനക്ഷമമാക്കേണ്ടതാണ്. കൂടാതെ വീടുകളിൽ നിന്ന് ശേഖരിക്കുന്ന അജൈവമാലിന്യം താൽക്കാലികമായി സംഭരിക്കുന്നതിനാവശ്യമായ മിനി എം.സി.എഫ് കൂടുതൽ സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

2) സ്മാർട്ട്ഗാർബേജ് പദ്ധതിയുടെ ഭാഗമായുള്ള ക്യൂ.ആർ കോഡ് പതിക്കൽ അടിയന്തിരമായി പൂർത്തിയാക്കി, ഹരിതമിത്രം ആപ്പ് പൂർണ്ണസജ്ജമാക്കി യൂസർഫീ പിരിവ് 100% എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3) സുസ്ഥിരമായ മാലിന്യസംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുന്നതിനുള്ള പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

4) നൂതനമായ മാലിന്യ സംസ്കരണ രീതികൾ നടപ്പാക്കുന്നത് സംബന്ധിച്ച് ഹരിതകർമ്മ സേനയ്ക്ക് പരിശീലനം നൽകേണ്ടതും, അവരെ സാമ്പത്തികമായി സ്വയംപര്യാപ്തമാക്കുന്നതിനായി സംരംഭങ്ങൾ തുടങ്ങുന്നതുൾപ്പെടെയുള്ള കാര്യങ്ങൾക്ക് സഹായം ചെയ്തു നൽകേണ്ടതുമാണ്.

5) അജൈവമാലിന്യ സംസ്കരണത്തോടൊപ്പം ജൈവമാലിന്യ സംസ്കരണമേഖയിലേക്കും ഹരിതകർമ്മസേനയുടെ പ്രവർത്തനം വ്യാപിപ്പിക്കേണ്ടതാണ്.

6) യൂസർ ഫീ, ഹരിതകർമ്മസേന നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള ഫീസ് എന്നിവ ഹരിത കർമ്മ സേനയുടെ അക്കൗണ്ടിൽ വരവു വെച്ചുവെന്ന് ഉറപ്പാക്കേണ്ടതാണ്. മൂന്നു തവണയിൽ കൂടുതൽ യൂസർ ഫീ ഒടുക്കാത്തവരുടെ വിവരം ഹരിതകർമ്മസേന ഗ്രാമപഞ്ചായത്തിനെ രേഖാമൂലം അറിയിക്കേണ്ടതും ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

7) ക്യാഷ് ബുക്ക് കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്. ഇതിനായി ഹരിത കർമസേനാംഗങ്ങൾക്ക് പരിശീലനം നൽകേണ്ടതാണ്.

8) എം.സി.എഫിൽ നിന്നും തരംതിരിച്ച് മാറ്റുന്ന അജൈവ മാലിന്യങ്ങൾ സ്ഥിരമായി നീക്കം ചെയ്യുന്നതിനുള്ള കോ-ഓർഡിനേഷൻ ശക്തമാക്കേണ്ടതാണ്.
9) ഓരോ മാസവും കൂടുന്ന റിവ്യൂ മിറ്റിംഗുകളിൽ മുൻമാസത്തെ വരവ് ചെലവ് കണക്കുകൾ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്.

10) മാലിന്യം തള്ളുന്നതോ അനധികൃതമായി തള്ളുന്നതോ ആയ സംഭവങ്ങൾ ഒഴിവാക്കുന്നതിനായി ക്യാമറ സംവിധാനങ്ങൾ, പോസ്റ്ററുകൾ എന്നിവ വയ്ക്കാവുന്നതാണ്.

11) മാലിന്യ സംസ്കരണ മേഖലയിൽ വി.ഇ.ഓ/മറ്റ് ഉദ്യോഗസ്ഥർ സർക്കാർ ഉത്തരവനുസരിച്ചുള്ള ചുമതലകൾ നിറവേറ്റുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

കൃത്യമായ മോണിറ്ററിംഗിലൂടെയും തുടർ പ്രവർത്തനങ്ങളിലൂടെയും നിലവിലെ അവസ്ഥക്ക് പരിഹാരം കാണേണ്ടതാണ്. ഇപ്രകാരം നടപടികൾ സ്വീകരിച്ച് മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചംക്രമണത്തിലൂടെ മറ്റ് ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വേസ്റ്റ് എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിന് പഞ്ചായത്തിന്റെ ഭാഗത്തു നിന്ന് കൂട്ടായ പരിശ്രമം ഉണ്ടാകേണ്ടതാണ്.

**1-11 അക്കൗണ്ടന്റ് നടത്തിയ സാമ്പത്തിക ക്രമക്കേട് സംബന്ധിച്ച്.**

പഞ്ചായത്തിലെ അക്കൗണ്ടന്റ് ആയിരുന്ന ശ്രീ.രമേശൻ.എം ഓഡിറ്റ് കാലയളവിൽ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും ആകെ 11,04,959 രൂപയുടെ ധനാപഹരണം നടത്തിയിട്ടുണ്ട്. അതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

അക്കൗണ്ടന്റായി 30.09.2023 ന് കുമ്പള ഗ്രാമപഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ച ശ്രീ രമേശൻ എം 29.04.2024 മുതൽ അനധികൃതമായി ജോലിക്ക് ഹാജരാവാതിരിക്കുകയും ഇത് പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളെ ബാധിക്കുകയും ചെയ്തതിനാൽ ജോലിയിൽ തിരികെ പ്രവേശിക്കുവാൻ ആവശ്യപ്പെട്ട് സെക്രട്ടറി നൽകിയ മുന്നറിയിപ്പുകൾ അവഗണിച്ച് അവധിയിൽ തുടർന്നതിനാൽ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ടിന്റെ 16.05.2024 തീയതിയിലെ SC1-4477/2024 നമ്പർ ഉത്തരവ് പ്രകാരം ശ്രീ രമേഷ് എം, അക്കൗണ്ടന്റിനെ 16.05.2024 അപരാഹ്നം മുതൽ ജോലിയിൽ നിന്ന് സസ്പെന്റ് ചെയ്തിട്ടുണ്ട്. ആയത് ഭരണസമിതിയുടെ 16.05.2024 തീയതിയിലെ 2(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. അക്കൗണ്ടന്റിന്റെ അസാന്നിധ്യത്തിൽ സമയബന്ധിതമായി വാർഷിക ധനകാര്യപത്രിക തയ്യാറാക്കാൻ കഴിയാത്ത സാഹചര്യം വന്നതിനെതുടർന്ന് ഐ കെ എം ഐ ടി എക്സ്പെർട്ടിന്റെ സഹായത്തോടെ ഗ്രാമപഞ്ചായത്ത് ജീവനക്കാർ വാർഷിക ധനകാര്യപത്രിക തയ്യാറാക്കുന്ന സമയത്താണ് പണാപഹരണം കണ്ടെത്തിയത്. പ്രാഥമിക പരിശോധനയിൽ 5,21,086/- രൂപയുടെ ക്രമക്കേടാണ് കണ്ടെത്തിയത്. സാമ്പത്തിക ക്രമക്കേട് സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് 19.07.2024 ന് തദ്ദേശ സ്വയം ഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ, കാസറഗോഡിന് റിപ്പോർട്ട് ചെയ്യുകയും 20.07.2024 ന് കുമ്പള പോലീസ് സ്റ്റേഷനിലും 26.07.2024 ന് ജില്ലാ വിജിലൻസ് ഓഫീസർക്കും പരാതി നൽകുകയും ചെയ്തിട്ടുണ്ട്.

ഇതേത്തുടർന്ന് കാസറഗോഡ് ജില്ലാ ജോയിന്റ് ഡയറക്ടർ നിയോഗിച്ച അന്വേഷണ ടീം നടത്തിയ വിശദമായ പരിശോധനയിൽ നവംബർ 2023 മുതൽ മാർച്ച് 24 വരെയുള്ള കാലയളവിൽ ആകെ 11,04,959/- രൂപയുടെ ക്രമക്കേട് ഇദ്ദേഹം നടത്തിയതിയതായി കണ്ടെത്തിയിട്ടുണ്ട്. യഥാർത്ഥത്തിൽ തുക അനുവദിക്കേണ്ടിയിരുന്ന ഗുണഭോക്താക്കൾക്ക് ഒരുതവണ തുക അനുവദിച്ച ശേഷം അതേ ഗുണഭോക്താക്കളുടെ പേരിൽ വീണ്ടും പേയ്മെന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഗുണഭോക്താക്കളല്ലാത്ത വ്യക്തികളുടെ പേരിലുള്ള അക്കൗണ്ടിലേക്ക് നെഫ്റ്റ് വഴി തുക കൈമാറുന്ന രീതിയാണ് അവലംബിച്ചിട്ടുള്ളത്. ഇപ്രകാരം വിവിധ മാസങ്ങളിലായി ഗുണഭോക്താക്കളല്ലാത്ത 3 പേരുടെ അക്കൗണ്ടിലേക്ക് തുകകൾ കൈമാറിയിട്ടുണ്ട്. ഇതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പേര് | ചെക്ക് നം/തീയതി, തുക | അക്കൗണ്ട് നമ്പർ | നൽകിയ തുക |
|---|---|---|---|
| ഷീല ആർ | 11572/17.11.2023, 180063 | 30139548571 | 22290 |
| ഷീല ആർ | 11828/01.01.2023, 786865 | 30139548571 | 30995 |
| അശ്വിൻ രാമചന്ദ്രൻ | | 058001514815 | 24040 |
| മണികണ്ഠൻ സി | | 0811101020661 | 22290 |
| ഷീല ആർ | 11830/07.12.2023,92579 | 30139548571 | 22318 |
| ഷീല ആർ | 11835/16.12.2023,905684 | 30139548571 | 279088 |
| ഷീല ആർ | 11842/18.01.2024,86890 | 30139548571 | 30000 |
| മണികണ്ഠൻ സി | | 0811101020661 | 29749 |
| ഷീല ആർ | 12026/09.02.2024,82536 | 30139548571 | 9277 |
| മണികണ്ഠൻ സി | 12039/07.03.2024 | 0811101020661 | 10000 |
| ഷീല ആർ | | 30139548571 | 147289 |
| ഷീല ആർ | 12042/15.03.2024,490483 | 30139548571 | 129511 |
| ഷീല ആർ | 12046/25.03.2024,1015609 | 30139548571 | 348112 |
| | | ആകെ | 1104959 |

ശ്രീ രമേഷ് എം നോട് വിശദീകരണം ലഭ്യമാക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി ആവശ്യപ്പെട്ടതിനെതുടർന്ന് തുക യഥാർത്ഥ ഗുണഭോക്താക്കളല്ലാത്തവർക്ക് നൽകിയതായി ടിയാൻ സമ്മതിക്കുകയും തുക തിരികെ അടക്കുന്നതാണെന്ന് രേഖാമൂലം അറിയിക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ Neft,Google Pay വഴി 19.07.2024 മുതൽ 29.07.2024 വരെയുള്ള കാലയളവിലായി മുഴുവൻ തുകയും ( 11,04,959/-) ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടായ കേരള ഗ്രാമീൺ ബാങ്കിന്റെ 40517101045888 നമ്പർ അക്കൗണ്ടിലേക്ക് ടിയാൻ ഒടുക്കിയിട്ടുണ്ട്.

പേയ്മെന്റ് വിവരങ്ങൾ, അവയുടെ അനുബന്ധ രേഖകൾ എന്നിവ ILGMS ൽ ഇദ്ദേഹം കൃത്യമായി രേഖപ്പെടുത്തിയിരുന്നില്ല. അക്കൗണ്ടന്റിന്റെ ഭാഗത്ത് നിന്നുള്ള കൃത്യനിർവ്വഹണത്തിലെ വീഴ്ച യഥാസമയം

കണ്ടെത്താതിരുന്നതും ഇദ്ദേഹം തയ്യാറാക്കുന്ന ഫയലുകളും വൗച്ചറുകളും സൂപ്പർവൈസറി ഉദ്യോഗസ്ഥർ കൃത്യമായി പരിശോധിക്കാത്തതും സാമ്പത്തിക ക്രമക്കേടിന് കാരണമായിട്ടുണ്ട്. രേഖകൾ കൃത്യമായി പരിശോധിക്കാതിരുന്നതും തുക കൈമാറുന്നത് യഥാർത്ഥ ഗുണഭോക്താക്കൾക്ക് തന്നെയാണെന്ന് ഉറപ്പുവരുത്താതിരുന്നതും സെക്രട്ടറിയുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണ്.

തദ്ദേശ സ്വയം ഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ, കാസറഗോഡ് 27.07.2024 ന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് പണാപഹരണം സംബന്ധിച്ച പരിശോധനാ റിപ്പോർട്ട്, അച്ചടക്ക നടപടികളുള്ള ശുപാർശ എന്നിവ സമർപ്പിട്ടുണ്ടെങ്കിലും ഈ വിഷയത്തിൽ മറ്റ് തുടർനടപടികളൊന്നും ഉണ്ടായിട്ടില്ല.

## 1-12 പണം പിൻവലിക്കൽ - അപാകങ്ങൾ

കുമ്പള ഗ്രാമപഞ്ചായത്തിന്റെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കൽ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

**I. കേരള ഗ്രാമീൺ ബാങ്ക് തനത് ഫണ്ട് അക്കൗണ്ട് (അക്കൗണ്ട് നമ്പർ 40517101045888 )**

1. ചെക്ക് പ്രകാരം ബാങ്കിൽ നിന്ന് പിൻവലിച്ച തുകയും ബാങ്ക് ബുക്ക് പ്രകാരമുള്ള ചെലവ് തുകയും പൊരുത്തപ്പെടുന്നില്ല.

| ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം പിൻവലിച്ച തുക | | ബാങ്ക് ബുക്ക് പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള ചെലവ് തുക | വ്യത്യാസം |
|---|---|---|---|
| ചെക്ക് നം/തീയതി | തുക | | |
| 10883/12.04.2023 | 26102 | 9000 | 17102 |
| 10892/06.05.2023 | 308218 | 323718 | -15500 |
| 11195/05.07.2023 | 69465 | 64083 | 5382 |
| 11200/02.08.2023 | 85580 | 50161 | 35419 |
| 11401/09.08.2023 | 207890 | 208137 | -247 |
| 11405/18.08.2023 | 271214 | 269955 | 1259 |
| 11412/25.08.2023 | 203450 | 141980 | 61470 |
| 11415/04.09.2023 | 546237 | 515242 | 30995 |
| 11414/07.09.2023 | 212389 | 243384 | -30995 |
| 11551/02.08.2023 | 588584 | 624003 | -35419 |
| 11567/01.11.2023 | 693158 | 294288 | 398870 |
| 11569/03.11.2023 | 282547 | 681417 | -398870 |
| 11572/17.11.2023 | 180063 | 157773 | 22290 |
| 11828/01.12.2023 | 786865 | 22290 | 764575 |
| 11829/01.12.2023 | 268596 | 1055461 | -786865 |
| 11849/31.12.2023 | 266424 | 271378 | -4954 |
| 12032/16.12.2024 | 189072 | 195972 | -6900 |
| | | Total | 57612 |

2. ബാങ്ക് ബുക്ക് പ്രകാരം 31.03.2023 ന് ചെക്ക് നം 11563 തീയതി 30.10.2023 പ്രകാരം 15808/- രൂപയുടെ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബാങ്ക് പാസ് ബുക്ക് പ്രകാരം ഈ ചെക്ക് പ്രകാരം തുക പിൻവലിക്കുകയോ, ചെക്കിന്റെ വിവരം റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ Cheque Issued But Not Presented Into Bank ൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

**(ഓഡിറ്റ് അന്വേഷണം നം 13/07.12.2024)**

3.ബാങ്ക് ബുക്കിൽ ചെലവ് വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തുന്നില്ല

2022-23 വർഷം ഇഷ്യൂ ചെയ്ത ചില ചെക്കുകൾ പ്രകാരമുള്ള ചെലവുകളുടെ വിവരം 2023-24 വർഷത്തെ ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിക്കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ബാങ്ക് ബുക്കിൽ ചെലവ് രേഖപ്പെടുത്തിയ തീയതി | ചെക്ക് നം/ തീയതി | തുക |
|---|---|---|
| 15.07.2023 | 11024/20.03.2023 | 11039 |
| 10.06.2023 | 10867/29.12.2022 | 101 |
| | 10851/02.12.2022 | 8150 |
| 08.06.2023 | 11010/07.02.2023 | 30000 |
| | 11017/03.03.2023 | 250 |
| 24.05.2023 | 11021/13.03.2023 | 6124 |
| | 11007/31.01.2023 | 23000 |
| | 11021/13.03.2023 | 4151 |
| 17.05.2023 | 11024/23.03.2023 | 2973 |
| | 11012/10.02.2023 | 30000 |
| | 10877/29.03.2023 | 2620 |
| | 11024/23.03.2023 | 4635 |
| | 11017/03.03.2023 | 440 |
| | 11017/03.03.2023 | 8000 |
| | 11020/10.03.2023 | 5256 |
| 15.05.2023 | 11023/18.03.2023 | 12379 |
| | 11023/18.03.2023 | 12379 |
| | 11017/03.03.2023 | 31150 |
| | 11020/10.03.2023 | 6440 |
| | 11020/10.03.2023 | 2362 |
| | 11020/10.03.2023 | 2362 |
| | 11021/13.03.2023 | 6124 |
| | 11021/13.03.2023 | 4151 |
| | 11021/13.03.2023 | 1764 |
| 09.05.2023 | 11024/23.03.2023 | 2000 |
| 06.05.2023 | 11023/18.03.2023 | 268216 |
| | 11019/10.03.2023 | 19666 |

**(ഓഡിറ്റ് അന്വേഷണം നം 14/07.12.2024)**

4.2023-24 വർഷത്തെ ബാങ്ക് ബുക്ക് പ്രകാരമുള്ള താഴെ പറയുന്ന ചെലവുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

| വൗച്ചർ നം/തീയതി | ഇനം | തുക |
|---|---|---|
| 22301261/31.03.2024 | തൊഴിൽ നികുതി- ജീവനക്കാർ | 18750 |
| 22301262/31.03.2024 | തൊഴിൽ നികുതി- ജീവനക്കാർ | 21000 |
| 22301263/31.03.2024 | തൊഴിൽ നികുതി- ജീവനക്കാർ | 5000 |
| 22301264/31.03.2024 | തൊഴിൽ നികുതി- ജീവനക്കാർ | 11250 |

| | | |
|---|---|---|
| 22301260/31.03.2024 | Amount Payable To Other Creditors | 762 |
| 22301292/31.03.2024 | Amount Payable To Other Creditors | 12390 |
| 22301293/31.03.2024 | Amount Payable To Other Creditors | 1520 |
| 22301294/31.03.2024 | Amount Payable To Other Creditors | 1250 |

**(ഓഡിറ്റ് എൻക്വയറി നം 16/09.12.2024)**

**II. കുമ്പള സർവ്വീസ് കോ- ഓപ്പ് ബാങ്ക് തനത് ഫണ്ട് അക്കൗണ്ട് (അക്കൗണ്ട് നമ്പർ 001001020464)**

2022-23 വർഷം ഇഷ്യൂ ചെയ്ത ചില ചെക്കുകൾ പ്രകാരമുള്ള ചെലവുകളുടെ വിവരം 2023-24 വർഷത്തെ ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിക്കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ബാങ്ക് ബുക്കിൽ ചെലവ് രേഖപ്പെടുത്തിയ തീയതി | ചെക്ക് നം/ തീയതി | തുക |
|---|---|---|
| 07.05.2023 | 07482/24.03.2023 | 1935 |
| 15.05.2023 | 07481/10.03.2023 | 4279 |
| | 07481/10.03.2023 | 235 |
| | 07481/10.03.2023 | 260 |
| | 07481/10.03.2023 | 235 |
| | 07472/13.03.2023 | 12000 |
| | 07472/13.03.2023 | 17102 |
| 17.05.2023 | 07481/10.03.2023 | 16597 |
| 24.05.2023 | 07473/25.03.2023 | 103580 |

**(ഓഡിറ്റ് അന്വേഷണം നം 15/07.12.2024)**

**III ബാങ്ക് ഓഫ് ഇന്ത്യയിലെ മണൽ വരവ് സംബന്ധിച്ച അക്കൗണ്ട് (അക്കൗണ്ട് നമ്പർ 33460635238 )**

1. 2022-23 വർഷം ഇഷ്യൂ ചെയ്ത താഴെ പറയുന്ന ചെക്ക് പ്രകാരമുള്ള ചെലവിന്റെ വിവരം 2023-24 വർഷത്തെ ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിക്കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ബാങ്ക് ബുക്കിൽ ചെലവ് രേഖപ്പെടുത്തിയ തീയതി | ചെക്ക് നം/ തീയതി | തുക |
|---|---|---|
| 27.04.2023 | 617090/28.03.2023 | 1898 |

2. ബാങ്ക് ബുക്കിൽ വൗച്ചർ നം 22301259/31.03.2024 (Recoveries Payable -IT Deducted At Source-Salaries)പ്രകാരം ചെക്ക് നം 803650, 803653, 803667 To 803670, 674675 എന്നീ ചെക്കുകൾ പ്രകാരമുള്ള ചെലവായി 39500/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2023-24 വർഷത്തെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 674675 എന്ന ചെക്ക് നമ്പർ പ്രകാരം തുക പിൻവലിച്ചിട്ടില്ല. ടി ചെക്കിന്റെ വിവരം റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ Cheque Issued But Not Presented In To Bank ൽ ഉൾപ്പെടുത്തിയിട്ടില്ല.

3. ബാങ്ക് ബുക്കിൽ വൗച്ചർ നം 22301258/31.03.2024 ( Other Liabilities) പ്രകാരം ചെക്ക് നം 803648 To 803672 എന്നീ ചെക്കുകൾ പ്രകാരമുള്ള ചെലവായി 12158805/- രൂപയുടെ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട് (ചെക്കിന്റെ തീയതി ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല). ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം മേൽ ചെക്കുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ചെക്ക് നമ്പർ | തുക | റിമാർക്സ് |
|---|---|---|
| 803648 | 561925 | വൗച്ചർ നം 22300392/07.08.2023 പ്രകാരം ബാങ്ക് ബുക്കിൽ മുമ്പ് തന്നെ ചെലവ് രേഖപ്പെടുത്തിയിരുന്നു |
| 803649 | 295925 | |
| 803650 | 2000 | വൗച്ചർ നം 22301259/31.03.2024 പ്രകാരം ബാങ്ക് ബുക്കിൽ മുമ്പ് തന്നെ ചെലവ് രേഖപ്പെടുത്തിയിരുന്നു |
| 803651 | 332500 | വൗച്ചർ നം 22300259/31.03.2024 പ്രകാരം ബാങ്ക് ബുക്കിൽ മുമ്പ് തന്നെ ചെലവ് രേഖപ്പെടുത്തിയിരുന്നു |
| 803652 | 541975 | |
| 803653 | 2000 | വൗച്ചർ നം 22301259/31.03.2024 പ്രകാരം ബാങ്ക് ബുക്കിൽ മുമ്പ് തന്നെ ചെലവ് രേഖപ്പെടുത്തിയിരുന്നു |
| 803654 | 561925 | |
| 803655 | 661675 | |
| 803656 | 658350 | |
| 803657 | 774725 | |
| 803658 | 792000 | |
| 803659 | 791350 | |
| 803660 | 809970 | |
| 803661 | 578550 | |
| 803662 | 734825 | |
| 803663 | 651700 | |
| 803664 | 748125 | |
| 803665 | 844550 | |
| 803666 | 867825 | |
| 803667 | 7100 | വൗച്ചർ നം 22301259/31.03.2024 പ്രകാരം ബാങ്ക് ബുക്കിൽ മുമ്പ് തന്നെ ചെലവ് രേഖപ്പെടുത്തിയിരുന്നു |
| 803668 | 7100 | വൗച്ചർ നം 22301259/31.03.2024 പ്രകാരം ബാങ്ക് ബുക്കിൽ മുമ്പ് തന്നെ ചെലവ് രേഖപ്പെടുത്തിയിരുന്നു |
| 803669 | 7100 | വൗച്ചർ നം 22301259/31.03.2024 പ്രകാരം ബാങ്ക് ബുക്കിൽ മുമ്പ് തന്നെ ചെലവ് രേഖപ്പെടുത്തിയിരുന്നു |
| 803670 | 7100 | വൗച്ചർ നം 22301259/31.03.2024 പ്രകാരം ബാങ്ക് ബുക്കിൽ മുമ്പ് തന്നെ ചെലവ് രേഖപ്പെടുത്തിയിരുന്നു |
| 803671 | 841225 | |
| 803672 | 671650 | |
| ആകെ | 12753170 | |

ഇതിൽ 926825/- രൂപയുടെ ചെലവ് വിവരം ബാങ്ക് ബുക്കിൽ മുമ്പ് തന്നെ രേഖപ്പെടുത്തിയിട്ടുള്ളതാണ്. ബാങ്ക് ബുക്കിലേയും (12158805/- ) പാസ് ബുക്കിലേയും (12753170-926825= 11826345/-) തുകകളിലെ വ്യത്യാസത്തിന് കാരണം വ്യക്തമല്ല.

4. 2023-24 വർഷത്തെ ബാങ്ക് ബുക്ക് പ്രകാരമുള്ള താഴെ പറയുന്ന ചെലവുകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

| വൗച്ചർ നം/തീയതി | വിവരണം | തുക |
|---|---|---|
| 32300294/31.03.2024 | Nationalised Account Of Own Revenue Fund Directly Credit To Bank | 15166 |
| 22301284/31.03.2024 | Amount Payable To Other Creditors | 2130 |

5. 2023-24 വർഷം മണൽ അക്കൗണ്ടിൽ നിന്നും പിൻവലിച്ച താഴെ പറയുന്ന തുകകളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.
(ചെലവുകൾ ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.)

| തീയതി | തുക |
|---|---|
| 26.05.2023 | 15166 |
| 30.06.2023 | 17680 |
| 06.07.2023 | 9000 |
| 25.01.2024 | 748125 |
| 25.01.2024 | 748085 |
| 01.02.2024 | 160000 |
| 26.03.2024 | 3500 |
| 26.03.2024 | 3600 |
| 26.03.2024 | 2400 |
| 26.03.2024 | 2400 |

6. ബേങ്ക് ബുക്ക് പ്രകാരം 09.02.2024 തീയതി ലൈബ്രറി സെസ്, വസ്തുനികുതി തുടങ്ങിയ ഇനങ്ങളിൽ 24936/- രൂപയുടെ വരവുണ്ട്. (Directly Credit To Bank). എന്നാൽ പാസ് ബുക്ക് പ്രകാരം ഇത്തരത്തിലൊരു വരവ് ഇല്ല.

**(ഓഡിറ്റ് അന്വേഷണം നം 22/10.12.2024)**

**<u>IV. തനത് ഫണ്ട് ട്രഷറി അക്കൗണ്ട് (അക്കൗണ്ട് നമ്പർ 799013000000981)</u>**

1. 2022-23 വർഷം ഇഷ്യൂ ചെയ്ത ചില ചെക്കുകൾ പ്രകാരമുള്ള ചെലവുകളുടെ വിവരം 2023-24 വർഷത്തെ ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിക്കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ബാങ്ക് ബുക്കിൽ ചെലവ് രേഖപ്പെടുത്തിയ തീയതി | ചെക്ക് നം/ തീയതി | തുക |
|---|---|---|
| 06.05.2023 | 2901577/16.03.2023 | 6015 |
| | 2901577/16.03.2023 | 42115 |
| 07.05.2023 | 2901579/23.03.2023 | 161037 |
| 15.05.2023 | 2901576/13.03.2023 | 27500 |
| | 2901576/13.03.2023 | 5550 |
| | 2901574/02.03.2023 | 11600 |
| | 2901574/02.03.2023 | 1000 |
| | 2901574/02.03.2023 | 2500 |
| | 2901576/13.03.2023 | 43000 |
| | 2901576/13.03.2023 | 11250 |

| | | |
|---|---|---|
| | 2901576/13.03.2023 | 10300 |
| | 2901576/13.03.2023 | 9375 |
| | 2901576/13.03.2023 | 6500 |
| | 2901576/13.03.2023 | 5250 |
| | 2901577/16.03.2023 | 121683 |
| | 2901577/16.03.2023 | 28024 |
| | 2901577/16.03.2023 | 292000 |
| 17.05.2023 | 2901577/16.03.2023 | 4711 |
| | 2901574/02.03.2023 | 9000 |
| | 2901574/02.03.2023 | 9000 |
| | 2901574/02.03.2023 | 14000 |
| | 2901574/02.03.2023 | 16800 |
| | 2901574/02.03.2023 | 23800 |
| | 2901576/13.03.2023 | 74725 |
| | 2901576/13.03.2023 | 6760 |
| | 2901577/16.03.2023 | 10438 |
| 19.06.2023 | 2901577/16.03.2023 | 2107 |
| 31.03.2024 | 2901584/31.03.2023 | 169493 |
| | 2901585/31.03.2023 | 21977 |

2. ബാങ്ക് ബുക്കിൽ വൗച്ചർ നം 22300354/29.07.2023 (Employ Liability Pension Contribution Payable (NPS))പ്രകാരം ചെക്ക് നം 11194 തീയതി 04.07.2023 പ്രകാരമുള്ള ചെലവായി 7555/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 2023-24 വർഷത്തെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 11194 എന്ന ചെക്ക് നമ്പർ പ്രകാരം തുക പിൻവലിച്ചിട്ടില്ല. ടി ചെക്കിന്റെ വിവരം റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റിലെ Cheque Issued But Not Presented Into Bank ൽ ഉൾപ്പെടുത്തിയിട്ടില്ല.

3. ബാങ്ക് ബുക്കിൽ വൗച്ചർ നം 22300416/16.02.2024 പ്രകാരം (Profession Tax -Employees) 10000/- രൂപയുടെ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

4.ചെക്ക് പ്രകാരം ബാങ്കിൽ നിന്ന് പിൻവലിച്ച തുകയും ബാങ്ക് ബുക്ക് പ്രകാരമുള്ള ചെലവ് തുകയും പൊരുത്തപ്പെടുന്നില്ല.

| ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം പിൻവലിച്ച തുക | | ബാങ്ക് ബുക്ക് പ്രകാരം രേഖപ്പെടുത്തിയിട്ടുള്ള ചെലവ് തുക | വ്യത്യാസം |
|---|---|---|---|
| ചെക്ക് നം/തീയതി | തുക | | |
| 2901595/09.08.2023 | 118743 | 123810 | -5067 |
| 643310/13.12.2023 | 23306 | 46612 | -23306 |
| 643312/23.12.2023 | 81253 | 90506 | -9253 |

**(ഓഡിറ്റ് അന്വേഷണം നം 23/10.12.2024 )**

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ അപാകതകൾ സംബന്ധിച്ച് വിശദമായി പരിശോധിച്ച് വ്യക്തമായ മറുപടി ഈ ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ ഉൾക്കൊള്ളിക്കേണ്ടതാണ്.

### 1-13 വസ്തു നികുതി കുടിശ്ശിക – ഈടാക്കാൻ നടപടി സ്വീകരിക്കുന്നില്ല.

2023-24 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രിക പരിശോധിച്ചതിൽ ബി – 15 ഷെഡ്യൂൾ പ്രകാരം വസ്തു നികുതിയിനത്തിലെ ആകെ കുടിശ്ശിക 38,10,579രൂപയാണ്. ആകെ കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ഹെഡ് | തുക |
|---|---|---|
| 1 | പാർപ്പിട കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശിക (തൻവർഷം) | 5,72,802 |
| 2 | പാർപ്പിട കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശിക (മുൻവർഷങ്ങളിലേത്) | 7,34,456 |
| 3 | പാർപ്പിടേതര കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശിക (തൻവർഷം) | 8,43,563 |
| 4 | പാർപ്പിടേതര കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശിക (മുൻവർഷങ്ങളിലേത്) | 16,59,758 |
| | ആകെ | 38,10,579 |

കുടിശ്ശിക വരുത്തിയിട്ടുള്ള കെട്ടിട ഉടമകളിൽ നിന്നും വസ്തു നികുതിയിനത്തിലുള്ള കുടിശ്ശിക ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതും വസ്തു നികുതി പിരിവ് ഊർജ്ജിതമാക്കി ഡിമാന്റ് ചെയ്യുന്ന നികുതിയുടെ 100% തുകയും പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

### 1-14 തൊഴിൽ നികുതി-അപാകതകൾ

2023-24 വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററും പത്രികകളും പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ കാണുകയുണ്ടായി.

തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

ഗ്രാമ പഞ്ചായത്ത് പരിധിയിലെ ചുവടെ ചേർത്തിട്ടുള്ള ജീവനക്കാരനിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിൽ തുക കുറവു വന്നതായി ശ്രദ്ധയിൽപ്പെടുകയുണ്ടായി.

| ക്രമ നം. | ജീവനക്കാരന്റെ പേരും തസ്തികയും | ജോലി ചെയ്യുന്ന സ്ഥാപനം | നികുതി അടവാക്കേണ്ടുന്ന കാലയളവ് | അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ടിയിരുന്ന നികുതി | കുറവ് |
|---|---|---|---|---|---|---|---|
| 1 | ശ്രീ അലൻ ജോസഫ് ബാബു, ക്ലാർക്ക് | സൗത്ത് ഇന്ത്യൻ ബാങ്ക് | ഒന്നാം അർദ്ധവർഷം | 2,34,426 | 1000 | 1250 | 250 |

കുറവു വന്ന തുക 250/-രൂപ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് ഇത് സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുണ്ട്. തുക ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ തൊഴിൽ നികുതി രജിസ്റ്ററിലെ വരവും വാർഷിക ധനകാര്യ പത്രികയിലെ വരവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

2023-24 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി രജിസ്റ്റർ പ്രകാരം ആകെ വരവ് 23,95,615/- രൂപയാണ്. (ഒന്നാം അർദ്ധവർഷം 11,71,754/- രൂപ, രണ്ടാം അർദ്ധവർഷം 12,23,861/- രൂപ). 2023-24 വാർഷിക ധനകാര്യ പത്രിക പ്രകാരം ആകെ വരവ് 24,49,455/- രൂപ. വ്യത്യാസം 53,840/-രൂപ.

തൊഴിൽ നികുതി രജിസ്റ്ററിലെ വരവും വാർഷിക ധനകാര്യ പത്രികയിലെ വരവും തമ്മിൽ പൊരുത്തപ്പെടാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

### 1-14-1 വാടക കുടിശ്ശിക

2023-24 വാർഷിക ധനകാര്യപത്രിക ബി-15 ഷെഡ്യൂൾ പ്രകാരം ബിൽഡിംഗ് വാടക കുടിശ്ശിക ഇനത്തിൽ (431400102 ) ആകെ 16,24,756/- രൂപ ലഭിക്കുവാനുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കുടിശ്ശിക ഡിമാന്റ് , കളക്ഷൻ, ബാലൻസ് എന്നിവ വാടക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. തൻവർഷത്തെ കുടിശ്ശികയായി 4,02,006/-രൂപയും കാണുന്നുണ്ട്. വാടക രജിസ്റ്ററിൽ വാടക പിരിവ് 100% എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് (ഡിമാന്റും കലക്ഷനും 21,36,252/-രൂപ). നൂറു ശതമാനം പിരിച്ചെടുത്തിട്ടുണ്ടെങ്കിൽ വാർഷിക ധനകാര്യ പത്രികയിൽ ഇത്രയും വലിയ തുക കുടിശ്ശികയായി രേഖപ്പെടുത്തിയതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള ഡിമാന്റ് 21,39,876/- രൂപയും വാടക രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ് 21,36,252/-രൂപയുമാണ്. വ്യത്യാസം 3,624/-രൂപ. ഈ തുക 2022-23ലെ കുടിശ്ശിക ഹെഡ് മാറി 2023-24 Current ൽ ഉൾപ്പെട്ടിട്ടുണ്ട് എന്നാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്.
മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.
ഓഡിറ്റ് എൻക്വയറി നം.44/12.12.2024.

### 1-14-2 ലേലം- അപാകതകൾ

2023-24 വർഷത്തെ ലേല ഡയറിയും വരവും പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1. ലേലത്തിൽ പങ്കെടുത്ത ചില വ്യക്തികൾ ലേല തുക അടച്ചതിൽ കുറവുള്ളതായി കാണുന്നു.

| ക്രമ നം. | സ്റ്റാൾ നം. | ലേലം കൊണ്ട ആളുടെ പേര് | ലേലത്തുക | അടച്ച തുക | കുറവ് |
|---|---|---|---|---|---|
| 1 | 6 | Lokesh | 20,000 | 10,000 | 10,000 |
| 2 | 44 | Nizamuddeen | 11,500 | 10,800 | 10,800 |
| 3 | 45 | Nizamuddeen | 10,100 | | |
| 4 | 32 | Gafoor | 12,000 | 10,000 | 2,000 |
| 5 | 71 | Ibrahim Peral | 7000 | 3500 | 3500 |

2. ചില സ്റ്റാളുകൾ ലേലം കൊണ്ട ആളുടെയും തുക അടച്ച വ്യക്തിയുടെയും പേരുകൾ വ്യത്യാസമുള്ളതായി കാണുന്നു. വിശദാംശം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | സ്റ്റാൾ നം. | ലേലം കൊണ്ട ആൾ | തുക അടച്ച ആൾ |
|---|---|---|---|
| 1 | 14 | ഷമീർ കെ.കെ.പുറം | സമീർ.കെ.എസ് |
| 2 | 33 | ഷമീർ കെ.കെ.പുറം | സമീർ.കെ.എസ് |
| 3 | 27 | സന്തോഷ് കുമാർ | ബി.പത്മനാഭ |
| 4 | 32 | ഗഫൂർ | ലോകേഷ് |
| 5 | 56 | കാശിനാഥ കുമ്പള | കാസപ്പ ഹലാഗി |

3. താഴെ പറയുന്ന സ്റ്റാളുകൾക്ക് പണം അടച്ചതായി കാണുന്നുണ്ട്. എന്നാൽ ലേല ഡയറിയിൽ ഉൾപ്പെട്ടു കാണുന്നില്ല.

| ക്രമ നം. | സ്റ്റാൾ നം. | പണം അടച്ച ആൾ | തുക |
|---|---|---|---|
| 1 | 72 A | സെബാസ്റ്റ്യൻ | 15,000 |
| 2 | 72 A | രൂപേഷ് | 1,000 |
| 3 | 72 B | രൂപേഷ്.കെ | 4,000 |

| | | | |
|---|---|---|---|
| 4 | 71 A | ദർശൻ.ആർ | 2,000 |
| 5 | 71 B | അബ്ദുൾ ഖാദർ | 3,000 |
| 6 | 71 C | രാജു | 1,000 |
| 7 | 71 D | അജയ് | 4,500 |

മേൽ അപാകതക്ക് വിശദീകരണം നൽകുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.
ഓഡിറ്റ് എൻക്വയറി നം.46/12.12.2024.

## 1-15 രശീത് ബുക്ക് പരിശോധന- അപാകങ്ങൾ

1.രശീതികളിൽ കളക്ഷൻ തീയതി രേഖപ്പെടുത്തുന്നില്ല.

ഗുണഭോക്തൃവിഹിതം ഈടാക്കുന്നതിനായി വെറ്ററിനറി സർജ്ജന് ഗ്രാമപഞ്ചായത്തിൽ നിന്നും ഓഡിറ്റ് വർഷം അനുവദിച്ച രശീത് ബുക്കുകളിൽ( ബുക്ക് നമ്പർ 14437, 14443,14446) മിക്കതിലും തീയതി രേഖപ്പെടുത്തിയിട്ടില്ല. തീയതി രേഖപ്പെടുത്തിയ രശീതികളിൽ തീയതികളിൽ തിരുത്തൽ വരുത്തിയിട്ടുണ്ട്. കളക്ഷൻ രജിസ്റ്ററിലും കളക്ഷൻ തീയതി ഗ്രാമപഞ്ചായത്തിൽ തുക ഒടുക്കിയ തീയതിയ്ക്ക് അനുസൃതമായി തിരുത്തൽ വരുത്തിയിട്ടുണ്ട്.( ബുക്ക് നമ്പർ 14437). രശീതികളിൽ തീയതി രേഖപ്പെടുത്താത്തതിന്/ തീയതിയിൽ തിരുത്തൽ വരുത്തിയതിന്റെ കാരണം അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (24/10.12.2024)മറുപടി ലഭ്യമാക്കിയിട്ടില്ല.

2. രശീത് ബുക്ക്, ബന്ധപ്പെട്ട കളക്ഷൻ രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

രശീത് ബുക്കുകളുടെ സ്റ്റോക്ക് & ഇഷ്യൂ രജിസ്റ്ററിൽ 27.06.2023 ന് 14435 നമ്പർ രശീത് ബുക്ക് ശ്രീമതി അനിത കെ , ക്ലർക്കിന് നൽകിയിട്ടുണ്ട്. എന്നാൽ ടി രശീത് ബുക്ക്, ബന്ധപ്പെട്ട കളക്ഷൻ രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (31/11.12.2024) മറുപടി ലഭ്യമാക്കുകയോ രശീത് ബുക്ക്, കളക്ഷൻ രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

## 1-16 അടുക്കള മുറ്റത്തെ കോഴിവളർത്തൽ പദ്ധതി-രേഖകൾ ഹാജരാക്കിയില്ല.

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജ്ജൻ

പ്രോജക്ട് നം.15/24

അടങ്കൽ - 8,30,400/-രൂപ - പദ്ധതി വിഹിതം - ജനറൽ
ചെലവ് - 60,000/-രൂപ

ഗുണഭോക്തൃ വിഹിതം - 69,200/-രൂപ
ചെലവ് - 5,000/- രൂപ

Bill Ref.No.23200252013801326286/5.3.24 – 60,000/-രൂപ

Bill Requisition.No.5118400301230011/5.3.24 – 5,000/-രൂപ

പദ്ധതിക്കായി Sneha Poultry &Egger Nursery കണ്ണിവയലിന്റെ ബിൽ നം.02/4.3.24 പ്രകാരം 500 എണ്ണം ലെയർ ചിക്സ് വാങ്ങിയിട്ടുണ്ട്. 130/-രൂപ നിരക്കിൽ ആകെ 65,000/-രൂപ മേൽ ബില്ലുകൾ പ്രകാരം സ്ഥാപനത്തിന് നൽകിയിട്ടുണ്ട്(അക്കൗണ്ട് നം.3113201001811/കാനറാ ബാങ്ക്). റീജിയണൽ പൊൾട്രി ഫാം മുണ്ടയാടിന്റെ NAC, ചിറ്റാരിക്കൽ വെറ്ററിനറി ഡിസ്പെൻസറിയുടെ വാക്സിനേഷൻ സർട്ടിഫിക്കറ്റ്, അംഗീകൃത ഗുണഭോക്തൃപട്ടിക, 100 ഗുണഭോക്താക്കൾ 50/-രൂപ വീതം വിഹിതം ഒടുക്കിയ രേഖകൾ എന്നിവ ഹാജരാക്കിയിട്ടുണ്ട്.
ഫയൽ പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1) പദ്ധതി മാർഗ്ഗരേഖ പ്രകാരം വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപെഴ്സൻ ചെയർമാൻ, വെറ്ററിനറി

സർജ്ജൻ കൺവീനർ, ഗുണഭോക്താക്കൾ 5 പേർ അംഗങ്ങളായി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ എന്ന് വിശദീകരിച്ചിട്ടില്ല. ഈ കമ്മിറ്റി മിനിട്സ്, മറ്റ് വാങ്ങൽ രേഖകൾ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
2) വാങ്ങലിന് ഭരണസമിതി അംഗീകാരം നൽകിയ രേഖകൾ, ആകെ 100ഗുണഭോക്താക്കൾക്ക് 5 വീതം കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തതിന്റെ വിശദവിവരങ്ങൾ, ഗുണഭോക്താക്കളുടെ അപേക്ഷ, അനുബന്ധരേഖകൾ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി നം.27/10.12.2024 മുഖേന അപാകതകൾ അറിയിച്ചതിന് മറുപടി ലഭിച്ചിട്ടില്ല. അതിനാൽ ചെലവ് തുക 65,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-17 മൃഗാശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ- പദ്ധതി നിർവഹണത്തിൽ അപാകതകൾ.**

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജ്ജൻ

പ്രോജക്ട് നം.28/24

അടങ്കൽ - 4,50,000/-രൂപ - മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)

ചെലവ് - 4,49,997/-രൂപ

Bill Ref.No.2320025201380100 6745/27.12.23 – 2,65,017/-രൂപ

Bill Ref.No.232002520138012 37835/16.2.24 – 1,84,980/-രൂപ

പദ്ധതിക്കായി ആകെ 4,49,997/-രൂപയുടെ മരുന്നുകളാണ് വാങ്ങിയിട്ടുള്ളത്. 11.9.2023 ന് ചീഫ് വെറ്ററിനറി ഓഫീസർ, ജില്ലാ വെറ്ററിനറി കേന്ദ്രം, കാസറഗോഡ് NAC അനുവദിച്ചിട്ടുണ്ട്. നീതി മെഡിക്കൽ സ്റ്റോർ പെരിയയിൽ നിന്നാണ് മരുന്ന് വാങ്ങുന്നത്. അതിനായി അവർ സമർപ്പിച്ച പ്രഫോർമ ഇൻവോയ്സും 88 ഇനം മരുന്നുകളുടെ പട്ടികയും അംഗീകാരത്തിനായി സെക്രട്ടറിക്ക് 23.9.2023 ന് നം.90/23 പ്രകാരം കത്ത് സമർപ്പിച്ചു. 19.9.2023 ന് നം.117/23 പ്രകാരം മാനേജർ നീതി മെഡിക്കൽ സ്റ്റോർ പെരിയക്ക് സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. ഇൻവോയ്സ് നം.6755/6.12.23 പ്രകാരം 2,65,017/-രൂപയുടെയും ഇൻവോയ്സ് നം.8620/10.2.24 പ്രകാരം 1,84,980/-രൂപയുടെയും മരുന്നുകൾ വിതരണം ചെയ്തു. മേൽ ബില്ലുകൾ പ്രകാരം ആകെ 4,49,997/-രൂപ സ്ഥാപനത്തിന് നൽകി(അക്കൗണ്ട് നം.117001001196/ICICI Bank).

പദ്ധതിക്കായി മരുന്നുകൾ വാങ്ങിയതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1. മരുന്നുകൾ വാങ്ങുന്നതിന് അംഗീകാരത്തിനായി സെക്രട്ടറിക്ക് 23.9.2023 ന് നം.90/23 പ്രകാരം കത്ത് സമർപ്പിച്ചു. പക്ഷെ 19.9.2023 ന് നം.117/23 പ്രകാരം മാനേജർ നീതി മെഡിക്കൽ സ്റ്റോർ പെരിയക്ക് സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്. ഭരണസമിതി അംഗീകാരം ലഭിക്കുന്നതിന് മുമ്പ് സപ്ലൈ ഓർഡർ നൽകി. പിന്നീട് ഭരണസമിതി അംഗീകാരം ലഭിച്ചുവോ എന്ന് വിശദീകരിച്ചിട്ടില്ല.

2. മരുന്നുകൾ സ്റ്റോക്കിൽ എടുത്തത് പരിശോധിക്കാൻ രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറി മുഖേന അപാകതകൾ അറിയിച്ചതിന്, സെക്രട്ടറി മരുന്ന് വാങ്ങാൻ അംഗീകാരം നൽകിയത് പ്രകാരമാണ് നിർവ്വഹണഉദ്യോഗസ്ഥനായ വെറ്ററിനറി സർജ്ജൻ മരുന്ന് വാങ്ങി എന്നും, അതിന് മുമ്പ് സപ്ലൈ ഓർഡർ നൽകിയത് ഓഫീസിൽ നിന്നുണ്ടായ അപാകതയാണ് എന്നുമാണ് മറുപടി നൽകിയത്. സെക്രട്ടറിയല്ല, ഭരണസമിതിയാണ് പർച്ചേസിന് അംഗീകാരം നൽകേണ്ടത് എന്ന കാര്യം നിർവ്വഹണ ഉദ്യോഗസ്ഥനെ അറിയിക്കുന്നു. മുൻകൂട്ടി പർച്ചേസ് നടത്തി അതിന് ശേഷം അംഗീകാരം വാങ്ങാൻ കത്ത് നൽകി എന്നാണ് മനസ്സിലാക്കുന്നത്. ഇത് ക്രമപ്രകാരമല്ല. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ലാത്തതിനാൽ 4,49,997/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് എൻക്വയറി നം.28/10.12.2024.

**1-18 പശുക്കൾക്ക് ധാതുലവണ, വിരമരുന്ന് വിതരണം പദ്ധതി-രേഖകൾ ഹാജരാക്കിയില്ല.**

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജ്ജൻ

പ്രോജക്ട് നം.41/24

അടങ്കൽ - 2,00,000/-രൂപ – പദ്ധതി വിഹിതം-ജനറൽ

ചെലവ് - 1,09,850/-രൂപ

Bill Ref No.23200252013801237854/19.2.24 – 92,250/-

Bill Ref No.23200252013801272012/25.2.24 – 17,600/-

ഗ്രാമപഞ്ചായത്തിലെ കറവപ്പശുക്കൾക്ക് ധാതുലവണ മിശ്രിതം നൽകി പാലുൽപാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ പദ്ധതിയാണിത്.

1) സർക്കാർ സ്ഥാപനമായ കേരളാ ഫീഡ്സ് ലിമിറ്റഡ് കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും കിലോക്ക് 150/-രൂപ നിരക്കിൽ 615 ബാഗ് കേരാമിൻ ധാതുലവണമിശ്രിതം വാങ്ങിയതിന് ഇൻവോയ്സ് നം.KFLPI-23-24-049800 പ്രകാരം 92,250/- രൂപ കേരളാ ഫീഡ്സിന് നൽകിയിട്ടുണ്ട്. കൂടാതെ പദ്ധതിക്കായി നിതി മെഡിക്കൽ സ്റ്റോർ പെരിയയിൽ നിന്ന് 3 ഇനം വിരമരുന്ന് വാങ്ങിയതിന് ബിൽ നം.2278/22/2/24 പ്രകാരം 17,600/-രൂപ നൽകിയിട്ടുണ്ട്.

പദ്ധതിയുടെ അംഗീകൃത ഗുണഭോക്തൃ പട്ടിക സമർപപ്പിച്ചിട്ടുണ്ട്. താഴെപ്പറയുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

1. പർച്ചേസിന് ഭരണസമിതി അംഗീകാരം നൽകിയതിന്റെ രേഖകൾ.

2. വിരമരുന്ന്, മിനറൽ മിക്സചർ എന്നിവയുടെ സ്റ്റോക്ക് രജിസ്റ്റർ, വിതരണം ചെയ്തതിന്റെ രേഖകൾ.

3. ഗുണഭോക്താക്കളുടെ അപേക്ഷയും അനുബന്ധ രേഖകളും.

4. കേരളാ ഫീഡ്സിന്റെ 14.2.2024 ന് കത്ത് നം.KFL/KKD/86/2018 ലെ വ്യവസ്ഥകളിൽ ക്രമ നം.(5) പ്രകാരം കേരാമിൻ ഓർഗാനിക്കിന് ഇറക്ക് കൂലിയും മറ്റ് ചെലവുകളും വഹിക്കുന്നതിന് പായ്ക്കറ്റ് ഒന്നിന് 10/-രൂപ നിരക്കിൽ തുക ലഭിക്കേണ്ടതാണ്. പദ്ധതി പൂർത്തീകരിച്ച് നിർവ്വഹണ ഉദ്യോഗസ്ഥന്റെ അപേക്ഷ പ്രകാരമാണ് തുക ലഭിക്കുകയെന്നും സൂചിപ്പിക്കുന്നുണ്ട്. ഇപ്രകാരം ഈയിനത്തിൽ ലഭിക്കേണ്ട ആകെ 6,150/-രൂപ ലഭിച്ചിട്ടില്ല. ഈ തുക ലഭ്യമാവാൻ സ്വീകരിച്ച നടപടികളുടെ രേഖകൾ ഹാജരാക്കേണ്ടതാണ്.

അപാകതകൾ ഓഡിറ്റ് എൻക്വയറി നം.25/10.12.2024 അറിയിച്ചതിന് മറുപടി നൽകിയിട്ടില്ല. അതിനാൽ ചെലവ് തുക 1,09,850/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-19 പോത്ത് കുട്ടി വിതരണം- പദ്ധതി നിർവഹണത്തിൽ അപാകതകൾ.**

നിർവ്വഹണ ഉദ്യോഗസ്ഥൻ - വെറ്ററിനറി സർജ്ജൻ

പ്രോജക്ട് നം.67/24

അടങ്കൽ - 2,50,000/-രൂപ - പദ്ധതി വിഹിതം - ജനറൽ

ചെലവ് - 1,50,000/-രൂപ

ഗുണഭോക്തൃ വിഹിതം - 2,50,000/-രൂപ

ചെലവ് - 2,30,000/- രൂപ

പദ്ധതി വഴി 6-8 മാസം പ്രായമുള്ള പോത്ത് കുട്ടികളെ ഗ്രാമസഭയിലൂടെ തെരെഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കൾക്ക് 50% സബസിഡിയോടെ വിതരണം ചെയ്യുന്നു. യൂണിറ്റ് കോസ്റ്റ് 20,000/- രൂപയാണ്. ഇതിന്റെ 50% വരുന്ന തുക 10,000/- രൂപ ഗുണഭോക്തൃ വിഹിതമായി സ്ഥാപനത്തിൽ ഒടുക്കേണ്ടതാണ്. ബിൽ സംബന്ധമായ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ബിൽ റഫ.നം./തിയ്യതി | തുക | റിമാർക്സ് |
|---|---|---|---|
| 1 | 23200252013801289553/27.2.24(ബിൽ റഫ.നം.) | 150000/- | പദ്ധതി വിഹിതം |
| 2 | 5118400301230009/27.2.24(ബിൽ റിക്വി.നം.) | 150000/- | ഗുണഭോക്തൃ വിഹിതം |
| 3 | 5118400301230015/24.3.24 (ബിൽ റിക്വി.നം.) | 80000/- | ഗുണഭോക്തൃ വിഹിതം |
| | ആകെ | 380000/- | |

ഷലീൽ.ഒ.വി, അച്ചോത്ത്പറമ്പ്, നടുവട്ടം, ബേപ്പൂർ എന്നവരിൽ നിന്നാണ് പോത്ത് കുട്ടികളെ വാങ്ങിയത്. ആദ്യം 15 എണ്ണം പോത്ത് കുട്ടികളെ വാങ്ങിയതിന് അപേക്ഷ പ്രകാരം 150000/-രൂപയുടെ 2 ബില്ലുകൾ പ്രകാരം (ഗുണഭോക്തൃ വിഹിതം അടക്കം) ആകെ 300000/-രൂപ ഷലീൽ.ഒ.വി ക്ക് നൽകി. പിന്നീട് 8 പോത്തുകുട്ടികളെ ഇതേ ആളിൽ നിന്ന് തന്നെ വാങ്ങി. ഗുണഭോക്തൃ വിഹിതം 80000/-രൂപ നൽകി. (അക്കൗണ്ട് നം.11110200009649/Fed.Bank). ബാക്കി പദ്ധതി തുക 80000/-രൂപ 2024-25 ൽ നൽകിയിട്ടുണ്ട്.

പദ്ധതി നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.

1) 19.1.2024 ന് പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിക്കണം എന്നാവശ്യപ്പെട്ട് വെറ്ററിനറി സർജ്ജൻ സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ പ്രകാരം വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപെഴ്സൻ ചെയർമാൻ, വെറ്ററിനറി സർജ്ജൻ കൺവീനർ, ഗുണഭോക്താക്കൾ 5 പേർ അംഗങ്ങളായാണ് കമ്മിറ്റി രൂപീകരിക്കേണ്ടത്. കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ എന്ന് വിശദീകരിക്കേണ്ടതാണ്. മിനിട്സ്, മറ്റ് പർച്ചേസ് രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

2) 19.1.2024 ന് പ്രൊക്യൂർമെന്റ് കമ്മിറ്റി രൂപീകരിക്കണം എന്നാവശ്യപ്പെട്ട് വെറ്ററിനറി സർജ്ജൻ സെക്രട്ടറിക്ക് കത്ത് നൽകിയതിൽ 2 അംഗീകൃത വിതരണക്കാരിൽ ഒരാളായ ഷലീൽ.ഒ.വി, അച്ചോത്ത്പറമ്പ്, നടുവട്ടം, ബേപ്പൂർ എന്നവരിൽ നിന്നാണ് പോത്ത് കുട്ടികളെ വാങ്ങിയത്. ഇദ്ദേഹം ഡിപ്പാർട്ട്മെന്റ് അംഗീകൃത വിതരണക്കാരൻ എന്നതിന് ആധാരമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

3) 23 പോത്ത് കുട്ടികളെ വാങ്ങിയതിൽ ഇൻഷൂറൻസ് രേഖകൾ പ്രകാരം 21 എണ്ണം വിതരണം ചെയ്തതായി മാത്രമെ കാണുന്നുള്ളൂ. വിതരണം ചെയ്തതിന് മറ്റ് രേഖകളൊന്നും ഹാജരാക്കിയിട്ടില്ല. ബാക്കി 2 പോത്തുകുട്ടികളെ വിതരണം ചെയ്തത് സംബന്ധമായ രേഖകൾ ഹാജരാക്കേണ്ടതാണ്.

4) യുണൈറ്റഡ് ഇൻഡ്യ ഇൻഷൂറൻസ് കമ്പനി പോളിസി നം.3010024723P115800959 അനുസരിച്ച് താഴെപ്പറയുന്ന 13 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത പോത്ത് കുട്ടികൾക്ക് ഇൻഷൂറൻസ് നൽകിയിട്ടുണ്ട്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | Animal Ear Tag No. | റിമാർക്സ് |
|---|---|---|---|
| 1 | ഫസൽ മുഹമ്മദ് ആരിക്കാടി | 102906341556 | - |
| 2 | സിദ്ദിഖ് ആരിക്കാടി | 102906341705 | - |
| 3 | അബ്ദുൾ നിസാർ.എം.എം ബംബ്രാണ | 102906341603 | - |

| | | | |
|---|---|---|---|
| 4 | അബ്ദുൾ റഹ്മാൻ ബംബ്രാണ | 102906341660 | - |
| 5 | മുഹമ്മദ് ഹനീഫ കൊടിയമ്മ | 102906342390 | - |
| 6 | എം.അബ്ബാസ് | 102906341567 | അംഗീകൃത ഗുണഭോക്തൃ പട്ടികയിൽ ഇല്ല |
| 7 | ബെഞ്ചമിൻ ഡിസൂസ കോയിപ്പാടി | 102906342366 | - |
| 8 | അശോകൻ കോയിപ്പാടി | 102906342071 | - |
| 9 | അബ്ദുൾ റഹ്മാൻ.എം.എ ബദരിയ നഗർ | 102906341853 | - |
| 10 | അബ്ദുൾ അക്ബർ.കെ.എം. കുമ്പള | 102906341944 | ഗുണഭോക്തൃ പട്ടികയിൽ ഉണ്ട്, ഗുണഭോക്തൃവിഹിതം ഒടുക്കിയിട്ടില്ല. |
| 11 | സുബൈദ മൈമൂന നഗർ | 102906342003 | - |
| 12 | മുഹമ്മദ് നഹ്മാൻ മൊഗ്രാൽ | 102906342126 | - |
| 13 | ലോകേഷ് കോയിപ്പാടി | 102906341886 | - |

20.3.2024 ന് താഴെപ്പറയുന്ന 8 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത പോത്ത് കുട്ടികൾക്ക് ഇൻഷൂറൻസ് ലഭിക്കുന്നതിന് വെറ്ററിനറി സർജ്ജൻ യുണൈറ്റഡ് ഇൻഡ്യ ഇൻഷൂറൻസ് കമ്പനിക്ക് പ്രൊപ്പോസൽ നൽകിയിട്ടുണ്ട്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | Animal Ear Tag No. | റിമാർക്സ് |
|---|---|---|---|
| 1 | മോഹന കോയിപ്പാടി | 102840358317 | അംഗീകൃത ഗുണഭോക്തൃ പട്ടികയിൽ ഉണ്ട് |
| 2 | ഖാദർ കോയിപ്പാടി | 105308661745 | |
| 3 | മൂസ.എ.എസ് കോയിപ്പാടി | 105308661005 | |
| 4 | അബ്ബാസ് കോയിപ്പാടി | 105308661222 | |
| 5 | സൂപ്പി ഹാജി കോയിപ്പാടി | 105308661027 | |
| 6 | അബ്ദുൾ ഹക്കീം | 105308661494 | |

| | | | |
|---|---|---|---|
| | കോയിപ്പാടി | | |
| 7 | അലിക്കുഞ്ഞി കോയിപ്പാടി | 105308660970 | |
| 8 | അബ്ദുൾ ലത്തീഫി കോയിപ്പാടി | 105308661608 | |

മേൽ സൂചിപ്പിച്ച പട്ടിക ഒന്നിലെ ക്രമ നം.(6) എം.അബ്ബാസ് ഗുണഭോക്തൃ പട്ടികയിൽ ഇല്ല. ക്രമ നം. (10) അബ്ദുൾ അക്ബർ ഗുണഭോക്തൃ പട്ടികയിൽ ഉണ്ടെങ്കിലും ഗുണഭോക്തൃവിഹിതം ഒടുക്കിയിട്ടില്ല. ഈ 2 പേർക്കും പോത്ത് കുട്ടിയെ നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. രണ്ടാമത്തെ പട്ടികയിലെ 8 പേർക്ക് ഇൻഷൂറൻസ് ലഭിച്ചതിന്റെ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

5) ഈ പദ്ധതിക്ക് 24 പേർ ഗുണഭോക്തൃവിഹിതം ഒടുക്കിയതിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | വാർഡ് നം. | തുക | രശീത് നം./ തിയ്യതി |
|---|---|---|---|---|
| 1 | എം.അബ്ബാസ് മുളിയടുക്കം | 10 | 10000 | 14443/01/22.2.24 |
| 2 | ആയിഷത്ത് നസീമ കോയിപ്പാടി | 20 | 10000 | 14443/02/22.2.24 |
| 3 | അബ്ദുൾ റഹ്മാൻ New IHRD Colony | 14 | 10000 | 14443/01/22.2.24 |
| 4 | സിദ്ദിഖ് | 2 | 10000 | 14443/05/22.2.24 |
| 5 | അബ്ദുൾ നിസാർ | 4 | 10000 | 14443/06/22.2.24 |
| 6 | ഫസൽ മുഹമ്മദ് ആരിക്കാടി | - | 10000 | 14443/07/22.2.24 |
| 7 | മുഹമ്മദ് നഹ്മാൻ മൊഗ്രാൽ | 18 | 10000 | 14443/08/22.2.24 |
| 8 | സുബൈദ | 17 | 10000 | 14443/09/22.2.24 |
| 9 | അശോകൻ | 13 | 10000 | 14443/10/22.2.24 |
| 10 | മുഹമ്മദ് ഹനീഫ | 8 | 10000 | 14443/11/22.2.24 |
| 11 | അബ്ദുൾ ഖാദർ | 15 | 10000 | 14443/12/22.2.24 |
| 12 | ബാലകൃഷ്ണ ഷെട്ടി | 7 | 10000 | 14443/13/22.2.24 |
| 13 | അബ്ദുൾ റഹ്മാൻ | 5 | 10000 | 14443/14/22.2.24 |
| 14 | ബെഞ്ചമിൻ ഡിസൂസ | 12 | 10000 | 14443/15/22.2.24 |
| 15 | ലോകേഷ് | 23 | 10000 | 14443/16/22.2.24 |
| 16 | ലക്ഷ്മി | 13 | 10000 | 14443/14/22.2.24 |
| 17 | മൂസ.എ.എസ് | 3 | 10000 | 14446/95/11.3.24 |
| 18 | സൂപ്പി ഹാജി | 7 | 10000 | 14446/96/11.3.24 |
| 19 | ഖാദർ. ഡി | 3 | 10000 | 14446/97/11.3.24 |
| 20 | അബ്ബാസ് S/O അബ്ദുൾ റഹ്മാൻ | 8 | 10000 | 14446/98/11.3.24 |

| | | | | |
|---|---|---|---|---|
| | അരോളി ഹൗസ് ഇച്ചിലംപാടി | | | |
| 21 | മോഹന.കെ | 23 | 10000 | 14446/99/11.3.24 |
| 22 | ഹക്കീം അബിദാൽ | 10 | 10000 | 14446/100/11.3.24 |
| 23 | അലിക്കുഞ്ഞി ചിറത്തോടി | 7 | 10000 | 14450/01/18.3.24 |
| 24 | അബ്ദുൾ ലത്തീഫ് | 4 | 10000 | 14450/79/18.3.24 |

അംഗീകൃത ഗുണഭോക്തൃപട്ടികയിൽപെട്ട ക്രമ നം.(12) ബാലകൃഷ്ണ ഷെട്ടി, ക്രമ നം.(16) ലക്ഷ്മി എന്നിവർ ഗുണഭോക്തൃവിഹിതം ഒടുക്കിയെങ്കിലും അവർക്ക് പോത്ത് കുട്ടിയെ നൽകിയിട്ടില്ല. വിശദീകരണം നൽകേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി മുഖേന അപാകതകൾ അറിയിച്ചതിന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടില്ല. അംഗീകൃത ഗുണഭോക്തൃ പട്ടികയിൽ ഇല്ലാത്തവർക്കും ഗുണഭോക്തൃ വിഹിതം അടക്കാത്തവർക്കും വരെ പോത്ത് കുട്ടിയെ നൽകിയതായാണ് മനസ്സിലാക്കുന്നത്. അതിനാൽ യഥാർത്ഥ ഗുണഭോക്താക്കൾക്ക് തന്നെയാണോ പോത്ത് കുട്ടികളെ വിതരണം ചെയ്തത് എന്നറിയാൻ വിശദമായ ഒരന്വേഷണത്തിന് ഭരണസമിതിയോട് ഓഡിറ്റ് നിർദ്ദേശിക്കുന്നു. രേഖകൾ ഹാജരാക്കി അപാകതകൾ പരിഹരിക്കുന്നതുവരെ ചെലവ് തുക 3,80,000/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു.
ഓഡിറ്റ് എൻക്വയറി നം.26/10.12.2024.

**1-20 മത്സ്യവില്പനക്കായി മോട്ടോർസൈക്കിൾ, ഐസ് ബോക്സ് പദ്ധതി-രേഖകൾ ഹാജരാക്കിയില്ല.**

നിർവ്വഹണ ഉദ്യോഗസ്ഥൻ - സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്

പ്രോജക്ട് നം.80/24

അടങ്കൽ - 13,60,000/-രൂപ - പദ്ധതി വിഹിതം - ജനറൽ

ചെലവ് - 3,47,750/- രൂപ

കുമ്പള ഗ്രാമപഞ്ചായത്തിലെ സ്വന്തമായി മോട്ടോർസൈക്കിൾ ഇല്ലാത്ത മത്സ്യതൊഴിലാളികൾക്ക് മത്സ്യവില്പനക്കായി മോട്ടോർസൈക്കിളും ഐസ് ബോക്സും നൽകാനുള്ളതാണ് ഈ പദ്ധതി. 75,500/- രൂപ വിലയുള്ള മോട്ടോർസൈക്കിളും, 3,500/-രൂപ വിലയുള്ള ഐസ് ബോക്സും അടക്കം ആകെ ഒരു യൂണിറ്റിന് 80000/-രൂപയാണ് നിരക്ക്. ഗുണഭോക്താവ് നേരിട്ട് മോട്ടോർസൈക്കിളും ഐസ് ബോക്സും വാങ്ങി രേഖകൾ സമർപ്പിച്ചാൽ 50% സബ്സിഡി നൽകും. 9 ഗുണഭോക്താക്കൾക്കായി ആകെ 3,47,750/- രൂപ സബ്സിഡി ഇനത്തിൽ നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് അഡ്രസ്സ് | പർച്ചേസ് തുക/ ബില്ല് / സ്ഥാപനം | സബ്സിഡി നൽകിയ തുക | ബിൽ നം./തിയ്യതി |
|---|---|---|---|---|
| 1 | അഷറഫ്.എം S/O മുഹമ്മദ്, ആരിക്കാടി | 83393/- No.223/8.1.24- Western Motors Uppala | 38250/- | 05/2023-24/27.1.24 |
| 2 | മുഹമ്മദ് നാസർ.എ S/Oഅബ്ദുള്ള.എം | 1)83584/- No.934/19.1.24- Pace Motors Ksd | 40000/- | 07/2023-24/29.1.24 |

| | | | | |
|---|---|---|---|---|
| | ആരിക്കാടി | 2)3768/-<br>No.KSD/GST/00919/25.1.24- Vyasa Store Ksd | | |
| 3 | അഷറഫ്.എം<br>ബിസ്മില്ല മൻസിൽ<br>ആരിക്കാടി | 1)105800/-<br>No.10090/9.1.24<br>Namans Nullipady<br>2)3768/-<br>No.KSD/GST/924/2.2.24 – Vyasa Stores Ksd | 1)38250/-<br>2)1750/- | 13/2023-24/29.2.24<br>14/2023-24/29.2.24 |
| 4 | സാദിക്<br>S/O ഹസൻ കോയ<br>ആരിക്കാടി<br>കടവത്ത് | 98746/-<br>No.1986MVS23-24/14.2.24 | 38250/- | 15/2023-24/29.2.24 |
| 5 | മുഹമ്മദ് റഫീഖ്<br>S/O അബ്ദുള്ള, മോഗ്രാൽ | 83393/-<br>No.258/8.1.24- Western Motors Uppala | 38250/- | 16/2023-24/29.2.24 |
| 6 | അബ്ദുൾ മുജീബ്<br>S/O അബ്ദുള്ള<br>പെർവാട് കടപ്പുറം | 96445/-<br>No.VIN/P/1128/Dt. 4.3.24 – Namans Motors Ksd | 38250/- | 17/2023-24/13.3.24<br>–<br>76500/- |
| 7 | മുഹമ്മദ് ഹനീഫ<br>S/O ഖതിം മുഹമ്മദ് | 83393/-<br>No.267/1.3.24- Western Motors Uppala | 38250/- | |
| 8 | ജലീൽ.സി.എം<br>മബ്റൂര മൻസിൽ<br>കൊപ്പളം | 120500/-<br>No.VIN/P/1164/Dt. 11.3.24 – Namans Motors Ksd | 38250/- | 24/2023-24/24.3.24 |
| 9 | അൻവർ ഭായി<br>S/O ഇസ ഭായി<br>കോയിപ്പാടി<br>കടപ്പുറം | 87398/-<br>No.12151BL23S923/19.3.24- Artic Motors, Ksd | 38250/- | 25/2023-24/24.3.24 |
| | | ആകെ | 347750/- | |

പദ്ധതിയുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ അപേക്ഷയോടൊപ്പം 9ഗുണഭോക്താക്കളും വാഹനം വാങ്ങിയതുമായി ബന്ധപ്പെട്ട ബില്ല് മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. വാഹനത്തിന്റെ RC, ഇൻഷൂറൻസ് രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല. കൂടാതെ ഗുണഭോക്താക്കളുമായി കരാർ ഒപ്പിട്ടിട്ടില്ല. 7 ഗുണഭോക്താക്കളുടെ അപേക്ഷയുടെ കൂടെ മുദ്രപ്പത്രം ഉണ്ടെങ്കിലും വ്യവസ്ഥകൾ രേഖപ്പെടുത്തി ഒപ്പ് വെച്ചിട്ടില്ല,. ബാക്കി 2 ഗുണഭോക്താക്കൾ ക്രമ നം.(6) അബ്ദുൾ മുജീബ്, (7)മുഹമ്മദ് ഹനീഫ എന്നിവരുടെ അപേക്ഷയോടൊപ്പം കരാർ സംബന്ധമായ യാതൊരു രേഖയും ഇല്ല.

ഓഡിറ്റ് എൻക്വയറി മുഖേന അപാകതകൾ അറിയിച്ചതിന് ലഭിച്ച മറുപടിയിൽ, പദ്ധതിയിൽ 2 ഗുണഭോക്താക്കൾ മാത്രമേ മോട്ടോർ സൈക്കിളിനൊപ്പം ഐസ് ബോക്സ് വാങ്ങിയിട്ടുള്ളൂ എന്നും ബാക്കിയുള്ളവർ സ്റ്റോക്ക് ഇല്ലാത്തതിനാൽ വാങ്ങാത്തതാണെന്നും അതിനാൽ പദ്ധതി സ്പിൽ ഓവർ ആക്കിയിട്ടുണ്ടെന്നും പ്രോജക്ട് പൂർത്തീകരിച്ച് എത്രയും വേഗം രേഖകളെല്ലാം ഹാജരാക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. രേഖകളെല്ലാം ഹാജരാക്കുന്നതുവരെ 3,47,750/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം.18/09.12.2024.

## 1-21 മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഫർണ്ണിച്ചർ വാങ്ങി നൽകൽ പദ്ധതി-സ്റ്റഡി സർട്ടിഫിക്കറ്റ് ഹാജരാക്കിയില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ - സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്
പ്രോജക്ട് നം.410/24

അടങ്കൽ - 5,28,000/-രൂപ - പദ്ധതി വിഹിതം - ജനറൽ
ചെലവ് - 4,77,900/- രൂപ

കുമ്പള ഗ്രാമപഞ്ചായത്തിലെ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന മത്സ്യതൊഴിലാളികളുടെ മക്കൾക്ക് പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് മരം കൊണ്ടുള്ള മേശയും കസേരയും വാങ്ങി നൽകാനുള്ളതാണ് ഈ പദ്ധതി. ARTCO Ltd. കോഴിക്കോടിൽ നിന്നും നേരിട്ട് ഫർണ്ണിച്ചർ വാങ്ങുകയാണ് ചെയ്തത്. താഴെപ്പറയുന്ന ഇൻവോയ്സുകൾ പ്രകാരം ആകെ 81 മേശ, 81 കസേര എന്നിവ വിതരണം ചെയ്തതിന് ARTCO Ltd. കോഴിക്കോടിന് ബിൽ നം.18/2023-24/24.3.24 പ്രകാരം ആകെ 477900/- രൂപ നൽകിയിട്ടുണ്ട്.

| ക്രമ നം. | ARTCO Invoice No./Date | മേശ | കസേര | ഇൻവോയ്സ് തുക |
|---|---|---|---|---|
| 1 | KKD-651/1.3.24 | 18 | 14 | 98130/- |
| 2 | KKD-652/1.3.24 | 17 | 16 | 98282/- |
| 3 | KKD-653/1.3.24 | 20 | 10 | 97822/- |
| 4 | KKD-654/1.3.24 | 19 | 13 | 99993/- |
| 5 | KKD-655/1.3.24 | 7 | 28 | 83673/- |
| | ആകെ | 81 | 81 | 4,77,900/- |

81 മത്സ്യതൊഴിലാളികളുടെ വിവിധ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളായ മക്കൾക്ക് 81മേശയും 81 കസേരയും വിതരണം ചെയ്തിട്ടുണ്ട്. പദ്ധതിയുമായി ബന്ധപ്പെട്ട് അപേക്ഷ, അനുബന്ധരേഖകൾ പരിശോധന നടത്തിയപ്പോൾ 81 വിദ്യാർത്ഥികളിൽ താഴെപ്പറയുന്ന 30 പേർ വിദ്യാലയത്തിൽ പഠിക്കുന്നു എന്നതിന് സ്കൂളിൽ നിന്നുള്ള സ്റ്റഡി സർട്ടിഫിക്കറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, അഡ്രസ്സ് | വിദ്യാർത്ഥിയുടെ പേര് |
|---|---|---|
| 1 | ഷംസീർ.എ.കെ, | സൽമാൻ ഫാരിസ് |

| | | |
|---|---|---|
| | കുന്നിൽ ഹൗസ്, ആരിക്കാടി കടവത്ത് | |
| 2 | മുസ്തഫ.എം.കെ, കുണ്ടവളപ്പിൽ ഹൗസ്, ആരിക്കാടി കടവത്ത് | ഖാദർ.എൻ.കെ |
| 3 | റഫീഖ്.എം, കുന്നിൽ ഹൗസ്, ആരിക്കാടി കടവത്ത് | ആയിഷത്ത് ഹാദിയ |
| 4 | മുനീർ S/O അബ്ദുൾ റഹ്മാൻ, ആരിക്കാടി കടവത്ത് | ഫാത്തിമ മിർഫ |
| 5 | ഹംസ,ആരിക്കാടി കടവത്ത് | ഫാത്തിമത്ത് അസ്ലത്ത് |
| 6 | മുഹമ്മദ് കുഞ്ഞി, പൊയക്കര ഹൗസ്,കോയിപ്പാടി | ആയിഷത്ത് ഷിഫ.എം |
| 7 | ഖാലിദ്.എം , ആരിക്കാടി കടവത്ത് | ഫാത്തിമ |
| 8 | അൻവർ.സി, പുഴക്കര ഹൗസ്, ആരിക്കാടി | ആമിനത്ത് അഫീഫ.എ |
| 9 | മുഹമ്മദ് ഹനീഫ, പുഴക്കര ഹൗസ്, ആരിക്കാടി | മുഹമ്മദ് റാഫി |
| 10 | അബ്ദുൾ റഹ്മാൻ , ആരിക്കാടി കടവത്ത് ,ആരിക്കാടി | മുഹമ്മദ് സഫാൻ |
| 11 | സുൾഫിക്കർ, ആരിക്കാടി കടവത്ത് ,ആരിക്കാടി | ആയിഷത്ത് സുൽഫാന |
| 12 | അബ്ദുൾ സത്താർ.എം.കെ, പൊയ്യക്കര ഹൗസ് ആരിക്കാടി | ഫാത്തിമ ഷാസ് |
| 13 | മുസ്തഫ.എം, വളപ്പിൽ ഹൗസ് ആരിക്കാടി | മുഹമ്മദ് ഫൈസാൻ |
| 14 | അഷറഫ്.എം, ആരിക്കാടി കടവത്ത് ,ആരിക്കാടി | മറിയം ഷഫ്റ |
| 15 | മുഹമ്മദ് കുഞ്ഞി.ബി, ആരിക്കാടി കടവത്ത് ഹൗസ് ബംബ്രാണ | മുഹമ്മദ് നാഫിൽ |
| 16 | ഖാലിദ്.എം, കുന്നിൽ ഹൗസ് ആരിക്കാടി | മുഹമ്മദ് റാഷിദ് |
| 17 | ഇബ്രാഹിം.എം, ആരിക്കാടി കടവത്ത് | മുഹമ്മദ് ഇജാസ് |
| 18 | അബ്ദുള്ള , റഹ്മത്ത് നഗർ, മൊഗ്രാൽ | ഫാത്തിമത്ത് ആഷിഫ |
| 19 | അബ്ദുൾ റസാഖ്, നാങ്കി കടപ്പുറം മൊഗ്രാൽ | ഹിബ ഫാത്തിമ.ആർ |
| 20 | ഇബ്രാഹിം, മൊഗ്രാൽ കടപ്പുറം | ഇഷ്ഹാക് |
| 21 | സിറാജുദ്ദീൻ, മൊഗ്രാൽ കടപ്പുറം | മുഹമ്മദ് മിദിലാജ് |
| 22 | മുഹമ്മദ് ഹനീഫ, കോയിപ്പാടി കടപ്പുറം | ആയിഷത്ത് സാൽവ |
| 23 | അബ്ദുൾ റഹ്മാൻ, മാവിനക്കട്ട, കോയിപ്പാടി | നഫീസത്ത് അഫ്സാന |
| 24 | അബ്ദുൾ റഹ്മാൻ, കോയിപ്പാടി കടപ്പുറം | മുഹമ്മദ് ബിലാൽ |
| 25 | ഷംസീർ.സി.എം, പെർവാട് കടപ്പുറം | സൽമാൻ ഫാരിസ് |

| | | |
|---|---|---|
| 26 | മൊയ്തീൻ കുഞ്ഞി, കോയിപ്പാടി കടപ്പുറം | മുഹമ്മദ് ബാസിത് |
| 27 | സാദിഖ്, കോയിപ്പാടി കടപ്പുറം | അബ്ദുൾ ഷഹ്ബാസ് |
| 28 | സത്താർ.കെ, കോയിപ്പാടി കടപ്പുറം | മുഹമ്മദ് ഷിബിൽ |
| 29 | അബ്ദുൾ അസീസ്.കെ.എം, കോയിപ്പാടി കടപ്പുറം | ഫർസാന |
| 30 | ഹസൈനാർ, കോയിപ്പാടി കടപ്പുറം | ഖദീജത്ത് ഷഫീദ |

സ്റ്റഡി സർട്ടിഫിക്കറ്റ് പരിശോധനക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, 2024 ഡിസംബർ 31 നകം ഹാജരാക്കും എന്നാണ് മറുപടി നൽകിയത്. സ്റ്റഡി സർട്ടിഫിക്കറ്റ് ഹാജരാക്കുന്നതുവരെ 4,77,900/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് എൻക്വയറി നം.17/09.12.2024.

**1-22 ബോട്ടിൽ ബൂത്ത് സ്ഥാപിക്കൽ പദ്ധതി-രേഖകൾ ഹാജരാക്കിയില്ല.**

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി
പ്രോജക്ട് നം.338/24
അടങ്കൽ - 2,10,000/-രൂപ - ധനകാര്യ കമ്മീഷൻ അവാർഡ്
ചെലവ് - 2,10,000/- രൂപ
4,90,000/-രൂപ – കേന്ദ്രാവിഷ്കൃത ഫണ്ട്
ചെലവ് - 4,74,388/-രൂപ
1)വൗച്ചർ നം.22300671/20.3.24 – 210000/-രൂപ
2)വൗച്ചർ നം.22300897/25.3.24 – 18129/-രൂപ
3)വൗച്ചർ നം.22300902/25.3.24 - 456259/-രൂപ

കുമ്പള ഗ്രാമപഞ്ചായത്തിലെ വിവിധ സ്കൂളുകളിലേക്ക് 30 ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കുകയാണ് പദ്ധിതിയുടെ ലക്ഷ്യം. KADCO Ltd.കോഴിക്കോടിൽ നിന്നും നേരിട്ട് വാങ്ങാനാണ് തീരുമാനം. ഇതിനായി 22.1.2024 ന് KADCO സമർപ്പിച്ച പ്രഫോർമ ഇൻവോയ്സ് ഭരണസമിതി തീരുമാനം നം.1(2)/6.2.24 പ്രകാരം അംഗീകരിച്ചു. KADCO Ltd.കോഴിക്കോട് ഇൻവോയ്സ് നം.NRO/23-24/1251, 1252/Dt.23.3.24 എന്നീ 2 ഇൻവോയ്സുകൾ പ്രകാരം ബോട്ടിൽ ബൂത്ത് ഒരു യൂണിറ്റിന് 22,813/-രൂപ നിരക്കിൽ ആകെ 30 എണ്ണം ബോട്ടിൽ ബൂത്തുകൾ വിതരണം ചെയ്തതിന് ആകെ 6,84,388/-രൂപയിൽ GST ഇനത്തിൽ 11,100/-രൂപ കിഴിച്ച് 6,73,288/-രൂപ സ്ഥാപനത്തിന് നൽകി( അക്കൗണ്ട് നം.0808201005758/Canara Bank).
ഈ പ്രോജക്ട് നടപ്പാക്കിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.
1) 30 ബോട്ടിൽ ബൂത്തുകൾ ഏതൊക്കെ സ്കൂളുകളിൽ സ്ഥാപിച്ചു എന്നതിന് അതാത് സ്കൂൾ ഹെഡ് മാസ്റ്റർമാരുടെ സാക്ഷ്യപത്രം അടക്കം രേഖകൾ ഹാജരാക്കിയിട്ടില്ല.
2)GST ഇനത്തിൽ കിഴിവ് നടത്തിയ തുക ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.
3)കരാറിൽ കരാർ നമ്പർ, തിയ്യതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിന് വേണ്ടി ആരും ഒപ്പ് വെച്ചിട്ടില്ല.
ഓഡിറ്റ് എൻക്വയറി മുഖേന അപാകതകൾ അറിയിച്ചതിന്, മേൽ രേഖകൾ ഹാജരാക്കുന്നതാണ്എന്ന് മറുപടി നൽകിയിട്ടുണ്ട്. അപാകതകൾ പരിഹരിക്കുന്നത് വരെ 684388/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് എൻക്വയറി നം.34/11.12.2024.

**1-23 കുമ്പള ഗ്രാമപഞ്ചായത്തിൽ അഡീഷണൽ മിനി MCFകൾ സ്ഥാപിക്കൽ പദ്ധതി-രേഖകൾ ഹാജരാക്കിയില്ല.**

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി - പ്രോജക്ട് നം.11/24

അടങ്കൽ - 12,00,000/-രൂപ - ധനകാര്യ കമ്മീഷൻ അവാർഡ്

ചെലവ് - 11,91,176/- രൂപ

വൗച്ചർ നം.22300670/29.3.24 – 11,91,176/-രൂപ

ഹരിതകർമ്മ സേനക്ക് മാലിന്യങ്ങൾ ശേഖരിച്ച് വെക്കുന്നതിനായി കൂടുതൽ മിനി MCF കൾ സ്ഥാപിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. KADCO Ltd.കോഴിക്കോടിൽ നിന്നും നേരിട്ട് വാങ്ങാനാണ് തീരുമാനം. ഇതിനായി 22.1.2024 ന് KADCO സമർപ്പിച്ച പ്രഫോർമ ഇൻവോയ്സ് ഭരണസമിതി തീരുമാനം നം.1(1)/6.2.24 പ്രകാരം അംഗീകരിച്ചു. Mini MCF – 250X160X210cm With 3 Compartments, 3 Doors Anf Roof – ഒന്നിന് 85,084/-രൂപ നിരക്കിൽ KADCO Ltd.കോഴിക്കോട് ഇൻവോയ്സ് നം.NRO/23-24/1248, 1249, 1250/Dt.23.3.24 എന്നീ 3 ഇൻവോയ്സുകൾ പ്രകാരം ആകെ 14 എണ്ണം മിനി MCF കൾ വിതരണം ചെയ്തതിന് ആകെ തുക 11,91,176/-രൂപയിൽ GST ഇനത്തിൽ 19,320/-രൂപ കിഴിച്ച് 11,71,856/-രൂപ സ്ഥാപനത്തിന് നൽകി(അക്കൗണ്ട് നം.0808201005758/Canara Bank).
ഈ പ്രോജക്ട് നടപ്പാക്കിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) 14 മിനി MCF കൾ എവിടെയൊക്കെ സ്ഥാപിച്ചു എന്നതിന് വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം അടക്കം രേഖകൾ ഹാജരാക്കിയിട്ടില്ല.

2)GST ഇനത്തിൽ കിഴിവ് നടത്തിയ തുക ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

3)കരാറിൽ കരാർ നമ്പർ, തിയ്യതി എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഗ്രാമപഞ്ചായത്തിന് വേണ്ടി ആരും ഒപ്പ് വെച്ചിട്ടില്ല.

ഓഡിറ്റ് എൻക്വയറി മുഖേന അപാകതകൾ അറിയിച്ചതിന്, മേൽ രേഖകൾ ഹാജരാക്കുന്നതാണ്എന്ന് മറുപടി നൽകിയിട്ടുണ്ട്. അപാകതകൾ പരിഹരിക്കുന്നത് വരെ 11,91,176/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് എൻക്വയറി നം.35/11.12.2024.

**1-24 ടേക്ക്-എ-ബ്രേക്ക് ടോയ് ലറ്റ് സ്ഥാപിക്കൽ- മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതി ഹാബിറ്റാറ്റിനെ ഏൽപിച്ചു.**

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി
പ്രോജക്ട് നം.454/24
അടങ്കൽ - 13,57,000/-രൂപ - ധനകാര്യ കമ്മീഷൻ അവാർഡ്
ചെലവ് - 8,42,560/- രൂപ
വൗച്ചർ നം.22300679/21.3.24
കുമ്പള ഗ്രാമപഞ്ചായത്തിലെ കുമ്പള – മുള്ളേരിയ KSTP റോഡ് സൈഡിൽ ടേക്ക്-എ-ബ്രേക്ക് ടോയ് ലറ്റ് സമുച്ചയം നിർമ്മിക്കാനുള്ളതാണ് ഈ പദ്ധതി. KSTP യിൽ നിന്നും ഇതിന് അനുമതി ലഭിച്ചിട്ടുണ്ട്. സർക്കാർ അംഗീകൃത സ്ഥാപനമായ Habitat Technology Group തിരുവനന്തപുരം ഇതിന് 20.2.2024 ന് താല്പര്യപത്രം നൽകിയതിനെ തുടർന്ന് അവർക്ക് വിശദമായ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ സമർപ്പിക്കാൻ 21.2.2024 ന് കത്ത് നൽകി. തുടർന്ന് Habitat Technology Group സമർപ്പിച്ച 42,12,800/-രൂപയുടെ വിശദമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 20% മുൻകൂറായി വൗച്ചർ നം.22300679/21.3.24 പ്രകാരം 8,42,560/-രൂപ സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് നൽകി(അക്കൗണ്ട് നം.7158957844/IDIB).
പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തിയിട്ടുണ്ട്.
1. LSGD എഞ്ചിനീയറിംഗ് വിഭാഗം ഉണ്ടായിരിക്കെ സിവിൽ സ്വഭാവമുള്ള പ്രസ്തുത പ്രവൃത്തി Habitat Technology Group നെ ഏൽപ്പിച്ചത് ക്രമവിരുദ്ധമാണ്.
2. പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല.
അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, കെട്ടിടം പണി പൂർത്തിയായെന്നും പ്ലംബിംഗ് ജോലികൾ നടന്നുവരുന്നെന്നും 2024 ഡിസംബർ മാസം അവസാനത്തോടെ തുറന്നുകൊടുക്കും

എന്നമാണ് മറുപടി ലഭിച്ചത്. ക്രമ നം.1-ലെ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുകയും പദ്ധതി പൂർത്തീകരിച്ച് വിശദവിവരങ്ങൾ ഹാജരാക്കുകയും ചെയ്യുന്നതുവരെ ചെലവ് തുക 8,42,560/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് എൻക്വയറി നം.36/11.12.2024

**1-25 MCF ലേക്ക് ബെയിലിംഗ് മെഷീൻ വാങ്ങൽ പദ്ധതി-രേഖകൾ ഹാജരാക്കിയില്ല.**

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസി.സെക്രട്ടറി

പ്രോജക്ട് നം.391/24

അടങ്കൽ - 1,80,000/-രൂപ - ധനകാര്യ കമ്മീഷൻ അവാർഡ് - ചെലവ് - ഇല്ല

4,20,000/-രൂപ – കേന്ദ്രാവിഷ്കൃത ഫണ്ട്
ചെലവ് - 3,29,810/- രൂപ

വൗച്ചർ നം.22301281/25.3.24

ഹരിതകർമ്മ സേനക്ക് ബെയിലിംഗ് മെഷീൻ വാങ്ങുന്നതിനാണ് ഈ പദ്ധതി. പദ്ധതിക്ക് ഇ-ടെണ്ടർ ക്ഷണിച്ചത് പ്രകാരം 'പ്രകൃതി' ആലുവ എന്ന സ്ഥാപനം 27.2.2024 ന് സമർപ്പിച്ച ടെണ്ടർ 16.3.2024 ലെ ഭരണസമിതി തീരുമാനം നം.3(1) പ്രകാരം അംഗീകരിച്ചു. Hydraulic Bailing Machine Capacity 25 Tones Cylinder Single 140 Mm – 80mm @3000psl- Oiltank-250 Littres, Bale 600mm-600-900mm – ഒന്നിന് 3,29,810/-രൂപ നിരക്കിൽ 22.3.24 ന് ഇൻവോയ്സ് നം.135 പ്രകാരം സ്ഥാപനം Hydraulic Bailing Machine വിതരണം ചെയ്തതിന് മേൽ ബില്ല് പ്രകാരം ആകെ 3,29,810/-രൂപയിൽ GST ഇനത്തിൽ 5,590/-രൂപ കിഴിച്ച് 3,24,220/-രൂപ സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്ക് നൽകി(അക്കൗണ്ട് നം.67335351054/SBI).
ഈ പ്രോജക്ട് നടപ്പാക്കിയതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1)Hydraulic Bailing Machine സ്ഥാപിച്ച് കമ്മീഷൻ ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടില്ല.

2)GST ഇനത്തിൽ കിഴിവ് നടത്തിയ തുക ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

3)കരാറിൽ കരാർ നമ്പർ, തിയ്യതി എന്നിവ രേഖപ്പെടുത്തുകയോ ഒപ്പ് വെയ്ക്കുകയോ ചെയ്തിട്ടില്ല.

ഓഡിറ്റ് എൻക്വയറി മുഖേന അപാകതകൾ അറിയിച്ചതിന്, ഇലക്ട്രിഫിക്കേഷൻ പൂർത്തീകരിക്കാത്തതിനാൽ പ്രവർത്തനം തുടങ്ങിയിട്ടില്ലെന്നും രേഖകൾ ഹാജരാക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. അപാകതകൾ പരിഹരിക്കുന്നതുവരെ ചെലവ് തുക 3,24,220/-രൂപ തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് എൻക്വയറി നം.33/11.12.2024.

**1-26 വീട് വാസയോഗ്യമാക്കൽ (ജനറൽ) പദ്ധതി-പൂർത്തീകരിച്ചില്ല.**

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ (കുമ്പള സർക്കിൾ )

പ്രോജക്ട് നം.231/24

അടങ്കൽ - 4,50,000/-രൂപ - പദ്ധതി വിഹിതം ജനറൽ

ചെലവ് - 2,00,000/- രൂപ

2021-22 വർഷത്തിൽ തുടങ്ങിയ വീട് വാസയോഗ്യമാക്കൽ(ജനറൽ) പദ്ധതി പൂർത്തീകരിക്കാത്തതിനാൽ 2022-23, 2023-24 വർഷങ്ങളിൽ സ്പിൽ ഓവർ ആയി ഉൾപ്പെടുത്തി. ഒരു ഗുണഭോക്താവിന് 25,000/-രൂപ വീതമുള്ള 2 ഗഡുക്കളായി ആകെ 50,000/-രൂപയാണ് നൽകുന്നത്. 2023-24 വർഷത്തിൽ 25,000/-രൂപ 8 ഗുണഭോക്താക്കൾക്കാണ് തുക നൽകിയത്. ബിൽ സംബന്ധമായ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം./തിയ്യതി | തുക |
|---|---|---|
| 1 | 05/2023-24/ Dt.19.6.23 | 75000/- |
| 2 | 09/2023-24/Dt.6.7.23 | 50000/- |
| 3 | 12/2023-24/ Dt.24.8.23 | 50000/- |
| 4 | 13/2023-24/Dt.9.10.23 | 25000/- |
| | ആകെ | 200000/- |

ആകെ 43 ഗുണഭോക്താക്കളാണ് പദ്ധതിയിൽ ഉള്ളത്. അതിൽ 38 പേർ ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചു. ബാക്കി 2021-22 ൽ ആദ്യഗഡു കൈപ്പറ്റിയ ഒരു ഗുണഭോക്താവ്, 2022-23 ൽ ആദ്യഗഡു കൈപ്പറ്റിയ 4 ഗുണഭോക്താക്കൾ ഉൾപ്പെടെ 5 പേർ ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചിട്ടില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, അഡ്രസ്സ് | ആകെ അനുവദിച്ച തുക | റിമാർക്സ് |
|---|---|---|---|
| 1 | ഉമ്മാലിമ്മ – മറ്റ് വിശദവിവരങ്ങൾ ലഭ്യമല്ല | 25000/-രൂപ 2021-22 ൽ നൽകി. | ബിൽ നം.09/2021-22/18.9.21 |
| 2 | കുഞ്ഞീബി D/Oഅബ്ദുൾ ഖാദർ കെ.കെ ഹൗസ്, കുമ്പള | 25000/- രൂപ 2022-23 ൽ നൽകി. | ബിൽ നം.03/22-23/20.6.22 |
| 3 | ബഷീർ S/Oഅബ്ദുള്ള, ബംബ്രാണ | 25000/- രൂപ 2022-23 ൽ നൽകി. | ബിൽ നം.07/22-23/5.7.22 |
| 4 | ശാരദ പട്ടാലി W/O ശങ്കര പട്ടാലി കൊടിയമ്മ | 25000/- രൂപ 2022-23 ൽ നൽകി. | ബിൽ നം.07/22-23/5.7.22 |
| 5 | പുഷ്പാവതി W/O ദാമോദര ഭണ്ഡാരപ്പുര, കുമ്പള | 25000/- രൂപ 2022-23 ൽ നൽകി. | ബിൽ നം.11/22-23/8.11.22 |

ക്രമ നം.(1) ഉമ്മാലിമ്മയുടെ അപേക്ഷയും അനുബന്ധ രേഖകളും പരിശോധനക്ക് ഹാജരാക്കാനും, മേൽ 5 ഗുണഭോക്താക്കളുടെ കാര്യത്തിൽ എടുത്ത തുടർനടപടികൾ അറിയിക്കാനും നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, ക്രമ നം.(3) ബഷീർ S/Oഅബ്ദുള്ള, ബംബ്രാണ പുനരുദ്ധാരണം പൂർത്തീകരിച്ചെന്നും വാല്യവേഷൻ ഹാജരാക്കുന്ന മുറക്ക് ബാക്കി തുക നൽകുമെന്നും ബാക്കി 4 പേർക്ക് മുൻകൂർ വാങ്ങിയ 25,000/-രൂപ വീതം തിരികെ ഒടുക്കാൻ കത്ത് അയച്ചിട്ടുണ്ട് എന്നുമാണ് മറുപടി നൽകിയത്. ഇവരിൽ നിന്ന് തുക തിരികെ ഈടാക്കി ഓഡിറ്റിന് രേഖകൾ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.07/06.12.2024.

**1-27 ഭവനപുനരുദ്ധാരണം-ജനറൽ 2023-24 - മുൻകൂർ തുക കൈപ്പറ്റിയവർ വീട് നിർമ്മാണം പൂർത്തീകരിച്ചില്ല.**

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ (കുമ്പള സർക്കിൾ )

പ്രോജക്ട് നം.218/24

അടങ്കൽ - 25,00,000/-രൂപ - പദ്ധതി വിഹിതം -ജനറൽ

ചെലവ് - 13,75,000/- രൂപ

2023-24 വർഷത്തിൽ ജനറൽ വിഭാഗത്തിന് ഭവനപുനരുദ്ധാരണത്തിനായുള്ളതാണ് ഈ പദ്ധതി. ഒരു ഗുണഭോക്താവിന് 25,000/-രൂപ വീതമുള്ള 2 ഗഡുക്കളായി ആകെ 50,000/-രൂപയാണ് നൽകുന്നത്. ബിൽ സംബന്ധമായ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം./തിയ്യതി | തുക |
|---|---|---|
| 1 | 22/2023-24/Dt.1.12.23 | 325000/- |
| 2 | 24/2023-24/Dt.17.1.24 | 100000/- |
| 3 | 37/2023-24/Dt.7.3.24 | 50000/- |
| 4 | 40/2023-24/Dt.7.3.24 | 75000/- |
| 5 | 41/2023-24/ Dt.13.3.24 | 75000/- |
| 6 | 45/2023-24/ Dt.13.3.24 | 50000/- |
| 7 | 49/2023-24/ Dt.13.3.24 | 150000/- |
| 8 | 50/2023-24/ Dt.13.3.24 | 250000/- |
| 9 | 51/2023-24/Dt.13.3.24 | 175000/- |
| 10 | 54/2023-24/ Dt.25.3.24 | 100000/- |
| 11 | 57/2023-24/ Dt.25.3.24 | 25000/- |
| | ആകെ | 1375000/- |

ആകെ 40 ഗുണഭോക്താക്കൾക്ക് ഈ വർഷം തുക നൽകിയിട്ടുണ്ട്. അതിൽ താഴെപ്പറയുന്ന 5 പേർ ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചിട്ടില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, അഡ്രസ്സ് | ആകെ അനുവദിച്ച തുക | റിമാർക്സ് |
|---|---|---|---|
| 1 | ഹമീദ്, S/O അബ്ബാസ് കുണ്ടങ്കാരടുക്ക , കുമ്പള | 25000/- | ബിൽ നം.24/2023-24/17.1.24 |
| 2 | വസന്ത.കെ S/O കൊറഗമൂല്യ ജോടുക്കട്ടെ ഹൗസ് ഇച്ചിലംപാടി | 25000/- | ബിൽ നം.24/2023-24/17.1.24 |

| | | | |
|---|---|---|---|
| 3 | മുഹമ്മദ് ഷരീഫ്<br>S/O അന്തുഞ്ഞി,<br>ഗൗസ് മൻസിൽ,<br>നടുപ്പള്ളം | 25000/- | ബിൽ<br>നം.49/2023-24/1.2.24 |
| 4 | അബ്ദുൾ ബഷീർ<br>S/O മുഹമ്മദ്<br>മിസിരിയ മൻസിൽ,<br>മൊഗ്രാൽ | 25000/- | ബിൽ<br>നം.41/2023-24/13.3.24 |
| 5 | ഖാദർ S/O മൂസ<br>കെകെ പുറം ഹൗസ്<br>മൊഗ്രാൽ | 25000/- | ബിൽ<br>നം.41/2023-24/13.3.24 |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, ക്രമ നം.(2) വസന്ത.കെ S/O കൊറഗമൂല്യ പുനരുദ്ധാരണം പൂർത്തീകരിച്ചെന്നും വാല്യവേഷൻ ഹാജരാക്കുന്ന മുറക്ക് ബാക്കി തുക നൽകുമെന്നും ബാക്കി 4 പേർക്ക് മുൻകൂർ വാങ്ങിയ 25,000/-രൂപ വീതം തിരികെ ഒടുക്കാൻ കത്ത് അയച്ചിട്ടുണ്ട് എന്നുമാണ് മറുപടി നൽകിയത്. ഇവരിൽ നിന്ന് തുക തിരികെ ഈടാക്കി ഓഡിറ്റിന് രേഖകൾ ഹാജരാക്കേണ്ടതാണ്. കൂടാതെ വസന്ത.കെ S/O കൊറഗമൂല്യ പുനരുദ്ധാരണം പൂർത്തീകരിച്ചതിന് വാല്യവേഷൻ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. അതുവരെ ഇവർക്ക് മുൻകൂർ നൽകിയ ആകെ 1,25,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം.08/06.12.2024.

**1-28 ഭവനപുനരുദ്ധാരണം - ജനറൽ -സ്പിൽ ഓവർ പദ്ധതി-മുൻകൂർ തുക കൈപ്പറ്റിയ ഗുണഭോക്താവ് വീട് നിർമ്മാണം പൂർത്തീകരിച്ചില്ല.**

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ (കുമ്പള സർക്കിൾ )

പ്രോജക്റ്റ് നം.237/24

അടങ്കൽ - 10,50,000/-രൂപ - പദ്ധതി വിഹിതം -ജനറൽ

ചെലവ് - 10,00,000/- രൂപ

2022-23 വർഷത്തിൽ ജനറൽ വിഭാഗത്തിന് ഭവനപുനരുദ്ധാരണത്തിനായി തുടങ്ങിയ പദ്ധതി പൂർത്തീകരിക്കാത്തതിനാൽ 2023-24 വർഷത്തിൽ സ്പിൽ ഓവർ ആയി ഉൾപ്പെടുത്തി. ഒരു ഗുണഭോക്താവിന് 25,000/-രൂപ വീതമുള്ള 2 ഗഡുക്കളായി ആകെ 50,000/-രൂപയാണ് നൽകുന്നത്. ബിൽ സംബന്ധമായ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം./തിയ്യതി | തുക |
|---|---|---|
| 1 | 01/2023-24/Dt.9.6.23 | 325000/- |
| 2 | 02/2023-24/ Dt.9.6.23 | 100000/- |
| 3 | 06/2023-24/ Dt.19.6.23 | 175000/- |
| 4 | 08/2023-24/ Dt.27.6.23 | 75000/- |
| 5 | 10/2023-24/Dt.2.8.23 | 75000/- |

| | | |
|---|---|---|
| 6 | 16/2023-24/ Dt.15.11.23 | 50000/- |
| 7 | 19/2023-24/Dt.1.12.23 | 50000/- |
| 8 | 29/2023-24/Dt.1.2.24 | 50000/- |
| 9 | 39/2023-24/ Dt.7.3.24 | 75000/- |
| 10 | 56/2023-24/ Dt.25.3.24 | 25000/- |
| | ആകെ | 1000000/- |

ഈ പദ്ധതിയിൽ ആകെ 63 ഗുണഭോക്താക്കൾക്ക് തുക നൽകിയിട്ടുണ്ട്. അതിൽ 62 പേർ ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചു. 2022-23 ൽ ആദ്യഗഡു കൈപ്പറ്റിയ താഴെപ്പറയുന്ന ഒരു ഗുണഭോക്താവ് ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, അഡ്രസ്സ് | ആകെ അനുവദിച്ച തുക | റിമാർക്സ് |
|---|---|---|---|
| 1 | നാരായണ ഗട്ടി<br>S/O മോനപ്പ ഗട്ടി<br>പട്ടമനെ ഹൗസ്<br>ബീച്ച് റോഡ് , കുമ്പള | 25000/- | ബിൽ നം.42/2022-23/17.7.22 |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, ഈ ഗുണഭോക്താവിന് മുൻകൂർ വാങ്ങിയ 25,000/-രൂപ തിരികെ ഒടുക്കാൻ കത്ത് അയച്ചിട്ടുണ്ട് എന്നാണ് മറുപടി നൽകിയത്. ഇവരിൽ നിന്ന് തുക തിരികെ ഈടാക്കി ഓഡിറ്റിന് രേഖകൾ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.09/06.12.2024.

**1-29 ഭവനപുനരുദ്ധാരണം - പട്ടികജാതി 2023-24 - പദ്ധതി-മുൻകൂർ തുക കൈപ്പറ്റിയവർ വീട് നിർമ്മാണം പൂർത്തീകരിച്ചില്ല.**

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ (കുമ്പള സർക്കിൾ )

പ്രോജക്ട് നം.29/24

അടങ്കൽ - 10,00,000/-രൂപ – എസ്.സി.പി

ചെലവ് - 4,00,000/- രൂപ

2023-24 വർഷത്തിൽ പട്ടികജാതി വിഭാഗത്തിന് ഭവനപുനരുദ്ധാരണത്തിനായുള്ളതാണ് ഈ പദ്ധതി. ഒരു ഗുണഭോക്താവിന് 50,000/-രൂപ വീതമുള്ള 2 ഗഡുക്കളായി ആകെ 1,00,000/-രൂപയാണ് നൽകുന്നത്. ബിൽ സംബന്ധമായ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം./തിയ്യതി | തുക |
|---|---|---|
| 1 | 21/2023-24/Dt.1.12.23 | 100000/- |
| 2 | 23/2023-24/ Dt.19.12.23 | 100000/- |
| 3 | 31/2023-24/Dt.1.2.24 | 50000/- |
| 4 | 35/2023-24/ | 50000/- |

| | | |
|---|---|---|
| | Dt.16.2.24 | |
| 5 | 48/2023-24/ Dt.13.3.24 | 50000/- |
| 6 | 53/2023-24/ Dt.21.3.24 | 50000/- |
| | ആകെ | 400000/- |

ആകെ 6 ഗുണഭോക്താക്കൾക്ക് ഈ വർഷം തുക നൽകിയിട്ടുണ്ട്. അതിൽ താഴെപ്പറയുന്ന 2പേർ ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചിട്ടില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, അഡ്രസ്സ് | ആകെ അനുവദിച്ച തുക | റിമാർക്സ് |
|---|---|---|---|
| 1 | കരിയ S/O കൊറഗ അന്തിത്തടുക്ക ബംമ്പ്രാണ , | 50000/- | ബിൽ നം.21/2023-24/1.12.23 |
| 2 | കമല W/O കൊറഗ ചെക്കിയോട് ഹൗസ് ഇച്ചിലംപാടി | 50000/- | ബിൽ നം.31/2023-24/1.2.24 |

ക്രമ നം.(1) പ്രകാരമുള്ള കൊറഗ മരണപ്പെട്ടു എന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കമല എന്ന ഗുണഭോക്താവ് ഒന്നാം ഗഡു കൈപ്പറ്റിയിട്ടുണ്ട്. നിലവിൽ ഇവരുടെ വീടിന്റെ സ്ഥിതി, ഇവരുടെ കാര്യത്തിൽ സ്വീകരിച്ച തുടർനടപടികൾ എന്നിവ അറിയിക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, കമല W/O കൊറഗ എന്നവർ പുനരുദ്ധാരണം പൂർത്തീകരിച്ചിട്ടുണ്ടെന്നും വാല്യവേഷൻ സമർപ്പിക്കുന്ന മുറക്ക് ബാക്കി തുക നൽകും എന്നുമാണ് മറുപടി നൽകിയത്. മരണപ്പെട്ട ഗുണഭോക്താവിന്റെ ബന്ധുക്കളെ നേരിൽക്കണ്ട് പുനരുദ്ധാരണം പൂർത്തീകരിക്കുന്നതിന് തുടർനടപടികൾ സ്വീകരിക്കാൻ ഓഡിറ്റിൽ നിർദ്ദേശിക്കുന്നു.

ഓഡിറ്റ് എൻക്വയറിക്ക്, നം.10/06.12.2024.

**1-30 പട്ടികജാതിയിൽപ്പെട്ട വിധവകളുടെ വീട് വാസയോഗ്യമാക്കൽ പദ്ധതി-വീട് നിർമ്മാണം പൂർത്തീകരിച്ചില്ല.**

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ (കുമ്പള സർക്കിൾ )

പ്രോജക്ട് നം.235/24

അടങ്കൽ - 281100/-രൂപ - SCP + 18900/-രൂപ – തനത് ഫണ്ട്

ചെലവ് - 131100/- രൂപ - SCP + 18900/-രൂപ – തനത് ഫണ്ട്

2022-23 വർഷത്തിൽ പട്ടികജാതിയിൽപ്പെട്ട വിധവകളുടെ വീട് വാസയോഗ്യമാക്കാനായി തുടങ്ങിയ പദ്ധതി പൂർത്തീകരിക്കാത്തതിനാൽ 2023-24 വർഷത്തിൽ സ്പിൽ ഓവർ ആയി ഉൾപ്പെടുത്തി. ഒരു ഗുണഭോക്താവിന് 50,000/-രൂപ വീതമുള്ള 2 ഗഡുക്കളായി ആകെ 1,00,000/-രൂപയാണ് നൽകുന്നത്. 2022-23 വർഷത്തിൽ 3,00,000/-രൂപ 5 ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. ബാക്കി തുകയാണ് ഈ വർഷം നൽകിയത്. ബിൽ സംബന്ധമായ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നം./തിയ്യതി | തുക |
|---|---|---|
| 1 | 17/2023-24/Dt.15.11.23 | 18900/- |
| 2 | 18/2023-24/Dt.1.12.23 | 50000/- |
| 3 | 27/2023-24/Dt.1.2.24 | 50000/- |

| | | |
|---|---|---|
| 4 | 32/2023-24/Dt.13.2.24 | 31100/- |
| | ആകെ | 150000/- |

ആകെ 5 ഗുണഭോക്താക്കൾക്ക് ഈ വർഷം തുക നൽകിയിട്ടുണ്ട്. അതിൽ 4പേർ ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചു. 2022-23 ൽ ആദ്യഗഡു നൽകിയ ഒരു ഗുണഭോക്താവ് ഭവനപുനരുദ്ധാരണം പൂർത്തീകരിച്ചിട്ടില്ല. വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, അഡ്രസ്സ് | ആകെ അനുവദിച്ച തുക | റിമാർക്സ് |
|---|---|---|---|
| 1 | യമുന W/O ബാബു ആരിക്കാടി, കുമ്പള | 100000/-രൂപ 2022-23 ൽ നൽകി. | പൂർത്തീകരിച്ചു |
| 2 | സുശീല W/O ഗുരുവ കോട്ടേക്കാർ ഹൗസ് ഇച്ചിലംപാടി | 50000/- രൂപ 2022-23 ൽ നൽകി. ബിൽ നം.05/22-23/23.6.23 | പൂർത്തീകരിച്ചിട്ടില്ല |
| 3 | ശ്രീമതി.കെ W/O നാരായണ കുണ്ടങ്കാരടുക്ക, കിട്ടൂർ | 100000/-രൂപ 2022-23 ൽ നൽകി. | പൂർത്തീകരിച്ചു |
| 4 | ലീലാവതി W/O ഐത്തപ്പ പൊയ്യക്കണ്ട മനെ കഞ്ചിക്കട്ടെ | 50000/- രൂപ 2022-23 ൽ നൽകി, 50000/- രൂപ 2023-24 ൽ നൽകി. | പൂർത്തീകരിച്ചു |
| 5 | ലക്ഷ്മി W/O ശേഷപ്പ താരിഗുഡ്ഡെ ഹൗസ് ബംബ്രാണ | 100000/-രൂപ 2023-24 ൽ നൽകി. | പൂർത്തീകരിച്ചു |

വിധവകൾക്കുള്ള പദ്ധതിയായതിനാൽ അത് തെളിയിക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്. ഇവിടെ ക്രമ നം.(3) ശ്രീമതി.കെ, W/O നാരായണ എന്നവരുടെ ഭർത്താവ് മരണപ്പെട്ട സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്. ബാക്കി 4 പേരുടെ രേഖകൾ ഹാജരാക്കിയിട്ടില്ല.

ക്രമ നം.(2) സുശീല W/O ഗുരുവ എന്ന ഗുണഭോക്താവ് ആദ്യ ഗഡു 50000/-രൂപ 2022-23 ൽ കൈപ്പറ്റിയിട്ടുണ്ട്. പക്ഷെ പുനരുദ്ധാരണം പൂർത്തീകരിച്ചിട്ടില്ല. നിലവിലെ ഇവരുടെ വീടിന്റെ സ്ഥിതി, ഇവരുടെ കാര്യത്തിൽ സ്വീകരിച്ച തുടർനടപടികൾ എന്നിവ അറിയിക്കാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, സുശീല W/O ഗുരുവ എന്നവർക്ക് തുക തിരികെ ഒടുക്കുവാൻ ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ട് എന്നും ലീലാവതി എന്നവരുടെ ഭർത്താവിന്റെ മരണ സർട്ടിഫിക്കറ്റ് പകർപ്പ് സഹിതം ഹാജരാക്കുന്നു എന്നുമാണ് മറുപടി നൽകിയത്. ബാക്കി 3 പേർ വിധവകളാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കേണ്ടതാണ്. സുശീല W/O ഗുരുവ എന്ന ഗുണഭോക്താവിന് ആദ്യ ഗഡുവായി നൽകിയ തുക തിരികെ ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.11/06.12.2024.

**1-31 പാലിന് സബ്സിഡി-ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നൽകിയി-7,351/-രൂപ തടസ്സപ്പെടുത്തുന്നു.**

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ | |

| | | |
|---|---|---|
| പ്രോജക്ട് നം. | 9/23-24 | |
| പ്രോജക്ടിന്റെ പേര് | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | |
| അടങ്കൽ | 3,00,000 (വികസന ഫണ്ട്-പൊതുവിഭാഗം)<br>1,00,000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) | |
| ചെലവ് | 4,00,000 | |
| ബിൽ റഫറൻസ് നം. & തീയതി | 23200252025700959039 Dated:29.12.2023 | 59,607 |
| | 232002520257011100231 Dated:27.01.2024 | 90,751 |
| | 23200252025701137866 Dated:31.01.2024 | 40,393 |
| | 23200252025701137872 Dated:31.01.2024 | 32,228 |
| | 23200252025701185647 Dated:09.02.2024 | 40,000 |
| | 23200252025701163581 Dated:23.02.2024 | 40,393 |
| | 23200252025701314451 Dated:06.03.2024 | 71,314 |
| | 23200252025701332095 Dated:07.03.2024 | 19,376 |
| | 23200252025701348375 Dated:12.03.2024 | 1,100 |
| | 23200252025701464590 Dated:23.03.2024 | 4,838 |

2023-24 സാമ്പത്തിക വർഷം നിർവ്വഹണം നടത്തിയ ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി (പ്രോജക്ട് നം 9/24) എന്ന പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് അവരുടെ അക്കൗണ്ടിലേക്ക് സബ്സിഡി തുകകൾ നൽകിയിട്ടുണ്ട്. എന്നാൽ തുക കൈപ്പറ്റിയ ചുവടെ പറയുന്ന ഗുണഭോക്താക്കൾ പദ്ധതിയുടെ അംഗീകൃത ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല.

| ക്രമ നമ്പർ | പേര് | കൈപ്പറ്റിയ തുക |
|---|---|---|
| 1 | മഞ്ജുള | 286 |
| 2 | രാമ.എൻ | 188 |
| 3 | പ്രവീൺകുമാർ.യു | 4,929 |
| 4 | അബ്ദുള്ള.ബി.എം | 1,948 |
| | **ആകെ** | **7,351** |

മേൽ പ്രകാരം 4 ഗുണഭോക്താക്കൾക്ക് പാലിന് സബ്സിഡി ഇനത്തിൽ 7,351/- രൂപ അവരുടെ അക്കൗണ്ടിൽ ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ക്രമ നം.3. പ്രവീൺകുമാർ.യു എന്ന കർഷകന് പണം നൽകിയതിന് കാരണം ക്ഷീരസംഘം സെക്രട്ടറി നൽകിയ റിപ്പോർട്ടിൽ ആധാർ നമ്പർ തെറ്റായി രേഖപ്പെടുത്തിയത് കൊണ്ടാണെന്നും, മറ്റു കർഷകർ ബെനിഫിഷ്യറി ലിസ്റ്റ് തയ്യാറാക്കുമ്പോൾ സംഘത്തിൽ പാൽ ഒഴിച്ചിരുന്നില്ലാത്തതുകൊണ്ട് അവരെ ലിസ്റ്റിൽ ഉൾപ്പെടുത്താൻ സാധിച്ചില്ല എന്നും, ലിസ്റ്റിൽ ഉൾപ്പെടാത്ത കർഷകർക്ക് നൽകിയ തുക സർക്കാരിലേക്ക് ഒടുക്കേണ്ടതാണെങ്കിൽ ഒടുക്കാൻ തയ്യാറാണെന്നും മറുപടി നൽകിയിട്ടുണ്ട്.
അംഗീകൃത ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലാത്ത ക്ഷീരകർഷകർക്ക് നൽകിയ സബ്സിഡി തുക തിരിച്ചടച്ച് രേഖകൾ ഹാജരാക്കുന്നതുവരെ ഈയിനത്തിൽ നൽകിയ 7,351/-രൂപ തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് എൻക്വയറി നം.39/11.12.2024.

**1-32 ക്ഷയരോഗികൾക്ക് പോഷകാഹാരം- മാർഗ്ഗ രേഖയ്ക്ക് വിരുദ്ധമായി പദ്ധതി നടപ്പാക്കി.**

| | | |
|---|---|---|
| പ്രോജക്റ്റ് നമ്പർ | 05/24 | |
| പ്രോജക്റ്റിന്റെ പേര് | ക്ഷയരോഗികൾക്ക് പോഷകാഹാരം | |
| അടങ്കൽ | 1,00,000/- (മെയിന്റനൻസ് ഫണ്ട് -റോഡിതരം) | |
| ചെലവ് | 99,421 | |
| ബിൽ റഫറൻസ് നം.&തീയതി | 23200252014201434724 തീയതി:22.03.2024 | 40,171 |
| | 23200252014201118568 തീയതി.25.01.024 | 59,250 |
| | ആകെ | 99,421 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി, ആരിക്കാടി | |

പഞ്ചായത്തിലെ ക്ഷയരോഗികൾക്ക് പോഷക സമൃദ്ധമായ ഭക്ഷണം വിതരണം ചെയ്യുകയും അതിലൂടെ ക്ഷയരോഗികളുടെ സാമൂഹ്യ സുരക്ഷ ഉറപ്പാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ പദ്ധതിയാണ് ഇത്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

എ) പദ്ധതിയുടെ ഭാഗമായി ഗ്രാമ പഞ്ചായത്ത് പരിധിയിലെ ക്ഷയരോഗ ബാധിതർക്ക് ഭക്ഷ്യകിറ്റ് നല്കുന്നതിനായി 99,421/-രൂപ ചെലവഴിച്ചിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതി സബസ്ഡി മാർഗ്ഗ രേഖ, പദ്ധതി മാർഗ്ഗ രേഖ എന്നിവയിൽ ക്ഷയരോഗ ബാധിതർക്ക് പോഷകാഹാര വിതരണ പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെട്ട് കാണുന്നില്ല. ക്ഷയരോഗ ബാധിതർക്കുള്ള പോഷകാഹാര വിതരണ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് സർക്കാർ/ വകുപ്പ് തല ഉത്തരവുകൾ നിലവിൽ ഉണ്ടെങ്കിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ബി) ഭക്ഷ്യകിറ്റ് വിതരണം ചെയ്യുന്നതിനുള്ള ഗുണഭോക്തൃ പട്ടിക അംഗീകാരത്തിന് സമർപ്പിച്ചതായി ഫയലിൽ ഉണ്ടെങ്കിലും ആയതിന് ഭരണ സമിതി അംഗീകാരം ലഭിച്ചതായി കാണുന്നില്ല.

സി) ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തിയ വ്യക്തികളുടെ രോഗ വിവരം സാധൂകരിക്കുന്ന ജില്ലാ ടി ബി കൺട്രോൾ യൂണിറ്റ് ലഭ്യമാക്കിയ രോഗ ബാധിതരുടെ പട്ടിക ഹാജരാക്കിയിട്ടില്ല.

ഡി) സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയും വിതരണം നടത്തിയതിന്റെയും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

മേൽ അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ പറഞ്ഞ കാര്യങ്ങൾ (മുന്നു നാലു വർഷമായി തുടർന്നു വരുന്ന പ്രോജക്ട് ആണ്, പഞ്ചായത്ത് അംഗീകരിച്ച ബെനിഫിഷറി ലിസ്റ്റ് ബില്ലിനൊപ്പം ട്രഷറിയിൽ നൽകിയതിനാൽ കോപ്പി സൂക്ഷിച്ചിട്ടില്ല തുടങ്ങിയ വാദങ്ങൾ) അംഗീകരിക്കാൻ സാധിക്കുകയില്ല. ആയതിനാൽ മേൽ പദ്ധതിക്കായി നടത്തിയ ചെലവ് 99,421/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം.20/09.12.2024

**1-33 വനിത മെൻസ്ട്രൽ കപ്പ് -പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ**

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി, ആരിക്കാടി |
| പ്രോജക്റ്റ് നമ്പർ | 17/24 |
| പ്രോജക്റ്റിന്റെ പേര് | വനിതകൾക്ക് മെൻസ്ട്രുവൽ കപ്പ് |
| അടങ്കൽ | 5,00,000/- (വികസന ഫണ്ട് -ജനറൽ) |
| ചെലവ് | 2,09,994 |

| | | |
|---|---|---|
| ബിൽ റഫറൻസ് നം.&തീയതി | 232002520142012 28022 /22.03.2024 | 2,09,994 |

എല്ലാ വിഭാഗം വനിതകൾക്കും 100% സബ്സിഡിയിൽ മെൻസ്ട്രുവൽ കപ്പ് വാങ്ങി നല്കാമെന്നും പുനരുപയോഗിക്കാവുന്നതും ദീർഘകാലം പാർശ്വഫലങ്ങളില്ലാതെ ഉപയോഗിക്കാവുന്നതുമായ ഈ സംവിധാനം പ്രോത്സാഹിപ്പിക്കണമെന്നും സബ്സിഡി മാർഗരേഖയിൽ പറയുന്നുണ്ട്. അതു പ്രകാരം ഈ പദ്ധതിക്കായി 2,09,994/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ നിർവ്വഹണത്തിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡിൽ നിന്നും മെൻസ്ട്രുവൽ കപ്പ് വാങ്ങുന്നതിനുള്ള വർക്ക് ഓർഡർ നൽകിയിരുന്നുവെങ്കിലും മെൻസ്ട്രുവൽ കപ്പ് ലഭ്യമാക്കിയതിന്റെ രേഖകൾ ഫയലിൽ ലഭ്യമല്ല.

2. ഹിന്ദുസ്ഥാൻ ലാറ്റക്സ് ലിമിറ്റഡിൽ നിന്നുള്ള ടാക്സ് ഇൻവോയ്സ് ഹാജരാക്കിയിട്ടില്ല. പ്രഫോർമ ഇൻവോയ്സ് മാത്രമാണുള്ളത്.

3. ഗുണഭോക്തൃ പട്ടിക പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4. മെൻസ്ട്രുവൽ കപ്പ് ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത വിവരം ഫയലിൽ ലഭ്യമല്ല.

5. ഈ പദ്ധതിയുടെ വിശ്വാസ്യതയ്ക്കും സംശയ നിവാരണത്തിനും യുപിഎച്ച്സി/എഫ്എച്ച്സി, പിഎച്ച്സി/സിഎച്ച്സി ഡോക്ടറുടെ നേതൃത്വത്തിൽ ബോധവൽക്കരണ പരിപാടി നടത്തണമെന്ന് മാർഗ്ഗരേഖയിൽ പറയുന്നുണ്ട്. എന്നാൽ ബോധവൽക്കരണ പരിപാടികൾ നടത്തിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

6. വാങ്ങൽ നടത്തുന്നതിന് ഭരണസമിതി/പ്രൊക്യൂർമെന്റ് കമ്മിറ്റി അംഗീകാരം വാങ്ങിയതിന്റെ രേഖകൾ, മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് എന്നിവ ഹാജരാക്കിയിട്ടില്ല.

മേൽ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്

ഓഡിറ്റ് എൻക്വയറി നം. 19/09.12.2024.

## 1-34 ആരോഗ്യ സ്ഥാപനങ്ങളിലെ രോഗനിർണയ സൗകര്യം-വാങ്ങൽ നടപടിക്രമം പാലിച്ചില്ല.

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി, ആരിക്കാടി | |
| പ്രോജക്റ്റ് നമ്പർ | 382/24 | |
| പ്രോജക്റ്റിന്റെ പേര് | ആരോഗ്യസ്ഥാപനങ്ങളിലെ രോഗ നിർണ്ണയ സൗകര്യം (Spill Over Project) | |
| അടങ്കൽ | 3,74,664/- (ഹെൽത്ത് ഗ്രാന്റ്) | |
| ചെലവ് | 2,69,166 | |
| വൗച്ചർ നം. & തീയതി | 22300559/31.3.2024 | 83,998 |
| | 22300564/31.3.2024 | 30,928 |
| | 22300959/31.3.2024 | 1,49,000 |
| | 22300964/31.3.2024 | 5,240 |
| | ആകെ | 2,69,166 |

കുമ്പള ആരിക്കാടി പി.എച്ച്.സി.യുടെയും പി.എച്ച്.സിക്ക് കീഴിലുള്ള ഉപകേന്ദ്രങ്ങളിലെയും രോഗനിർണ്ണയ സൗകര്യം മെച്ചപ്പെടുത്തുന്നതിനായുള്ള പദ്ധതിക്കായി ഹെൽത്ത് ഗ്രാന്റിൽ നിന്നും 2,69,166/- രൂപ ചെലവഴിച്ചിട്ടുണ്ട്, പദ്ധതിയുടെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ കൊടുക്കുന്നു.

1) പദ്ധതിയുടെ ഭാഗമായി 35,950/- രൂപ ചെലവിൽ ഒരു HP Laptop വാങ്ങിയിട്ടുണ്ട്. ജി.ഒ(പി) നം.10/2019/SPD തീയതി : 22.08.2019 പ്രകാരം സർക്കാർ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കേരള സർക്കാരിന്റെ ഓൺലൈൻ പോർട്ടലായ Cprcs മുഖേന വാങ്ങേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സർക്കുലർ നം.ഐ.ടി.സെൽ 1/26/2019 വി.സ.വ തീയതി: 18.03.2019 പ്രകാരം ഐ.ടി വകുപ്പിന്റെ നിർദ്ദേശങ്ങളും നിലവിലുണ്ട്. എന്നാൽ ഇവിടെ One Zero Info System Kasaragod എന്ന സ്ഥാപനത്തിൽ നിന്നും നേരിട്ടു വാങ്ങുകയാണ് ചെയ്തത്.

2) പദ്ധതിയുടെ ഭാഗമായി വിവിധ വാങ്ങലുകൾ നടത്തിയിട്ടുണ്ട്. എന്നാൽ ഈ വാങ്ങലുകൾക്ക് പർച്ചേസിംഗ് കമ്മിറ്റിയുടെ അംഗീകാരം വാങ്ങിയിട്ടില്ല.

3) സാധനങ്ങൾ വാങ്ങിയതിന്റെയും വിതരാണം നടത്തിയതിന്റെയും രേഖകൾ ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്കുള്ള വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് കെൽട്രോണിൽ സ്റ്റോക്ക് ഇല്ലാത്തതിനാലാണ് പുറമെ നിന്നും വാങ്ങിയത് എന്ന മറുപടിയാണ് നൽകിയത് . ഈ മറുപടി അംഗീകരിക്കാൻ സാധിക്കുകയില്ല.

മേൽ കാരണങ്ങളാൽ പദ്ധതിക്കായി ചെലവഴിച്ച 2,69,166/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം.21/09.12.2024

## 1-35 റോഡ് ഇംപ്രൂവ്മെന്റ് പ്രവൃത്തി- എസ്റ്റിമേറ്റിൽ കൊല്ലം ജില്ലയ്ക്ക് ബാധകമായ കോസ്റ്റ് ഇന്റക്സ് നൽകിയതിനാൽ നഷ്ടമുണ്ടായി.

പ്രോജക്ട് നം.64/24- അമ്പിലടുക്ക എസ്.സി കോളനി റോഡ് ഇംപ്രൂവ്മെന്റ്

കരാറുകാരൻ- ശ്രീ ഷക്കീർ ഹുസൈൻ.പി.എം

ചെലവ്- 2,26,519 (തനതു ഫണ്ട്- പേമെന്റ് വൗച്ചർ 22301212 / 31.03.2024)

പ്രൈസ് ഫയൽ നം. 32011/2023

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് MoRD സ്പെസിഫിക്കേഷനിലും DSR 2018 അടിസ്ഥാനമാക്കിയുമാണ്. എന്നാൽ അവലംബിച്ചിരിക്കുന്ന കോസ്റ്റ് ഇന്റക്സ് കൊല്ലം ജില്ലയ്ക്ക് ബാധകമായ 138.14 ആണ്. ഈ കാലയളവിൽ കാസറഗോഡ് ജില്ലയ്ക്ക് ബാധകമായ കോസ്റ്റ് ഇന്റക്സ് 133.05 ആണ്. അധികം കോസ്റ്റ് ഇന്റക്സ് നൽകി എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ 8,347 രൂപ അധികച്ചെലവ് സംഭവിച്ചിട്ടുണ്ട്. ഇതിന്റെ വിശദ വിവരങ്ങൾ ഖണ്ഡിക 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി നം.38/11.12.2024.

## 1-36 കുടിവെള്ള പദ്ധതി- പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി-എസ്റ്റിമേറ്റിലെ പിശകുമൂലം നഷ്ടമുണ്ടായി.

പ്രോജക്ട് നം.314/24- നിയർ ആരിക്കാടി ധൂമാവതി കുടിവെള്ള പദ്ധതി

കരാറുകാരൻ- ശ്രീ മുസ്തഫ.ടി.എ

ചെലവ്- 4,11,000 (ധനകാര്യ കമ്മീഷൻ ഫണ്ട്- പേമെന്റ് വൗച്ചർ 22300651/ 31.03.2024)

പ്രൈസ് ഫയൽ നം. 17362/2023

ഈ പ്രവൃത്തിയിൽ മണ്ണിൽ ട്രഞ്ചുകൾ കീറി പൈപ്പ് സ്ഥാപിച്ച് ട്രഞ്ചുകൾ മൂടുന്ന പ്രവൃത്തിക്ക് DAR ലെ ഇനം 50.18.9.7.1 ന് പകരം ഇനം 50.18.8.7.1 ഉൾപ്പെടുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ 24,769 രൂപയുടെ അധികച്ചെലവ് സംഭവിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച വിശദ വിവരങ്ങൾ ഖണ്ഡിക 3-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഓഡിറ്റ് എൻക്വയറി നം.38/11.12.2024.

**1-37 ഫിഷറീസ് കോളനിയിലെ ലൈബ്രറി ഇംപ്രൂവ്മെന്റ്- കെട്ടിടം പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഇല്ല**

പ്രോജക്ട് നം.261/24- പെർവാഡ് ഫിഷറീസ് കോളനി ലൈബ്രറി ഇംപ്രൂവ്മെന്റ്

കരാറുകാരൻ- ശ്രീ ഇർഷാദ്.എ

ചെലവ്- 2,53,457 (തനത് ഫണ്ട് - പേമെന്റ് വൗച്ചർ 22300558/ 31.03.2024)

പ്രൈസ് ഫയൽ നം. 63184/2022

ഈ പ്രോജക്ടിൽ കെട്ടിടത്തിന് ഷീറ്റ് മേൽക്കൂര നിർമിക്കുകയും പെയിന്റ് അടിക്കുകയും ചെയ്തിട്ടുണ്ട്. ഈ കെട്ടിടം പഞ്ചായത്തിന്റെ ആസ്തിയാണെന്ന് കാണിക്കുന്ന രേഖകൾ ഫയലിൽ ഇല്ല. പ്രൈസിൽ ഉള്ളടക്കം ചെയ്തിട്ടുള്ള ആസ്തി രജിസ്റ്ററിന്റെ പകർപ്പ് കോയിപ്പാടി സബ്സെന്ററിന്റെയും ലൈബ്രറിയുടെതുമാണ്. പെർവാഡ് ഫിഷറീസ് കോളനി ലൈബ്രറി കെട്ടിടത്തിന്റെ ഉടമസ്ഥതയുടെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഇമെയിൽ മുഖേന നൽകിയ മറുപടിയിൽ പെർവാഡ് ഫിഷറീസ് കോളനി ലൈബ്രറി പഞ്ചായത്ത് അസറ്റിൽ കോയിപ്പാടി സബ്സെന്റർ ലൈബ്രറി എന്നാണ് ഉള്ളത് എന്നും രണ്ടും ഒന്നാണെന്നും വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സൺ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റിയുടെ അഭിപ്രായം അറിയിക്കേണ്ടതാണ്. ആസ്തി രജിസ്റ്ററിൽ ശരിയായ പേരിൽ ഈ കെട്ടിടം ഉൾപ്പെടുത്തിയതിന്റെ രേഖകൾ ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കുന്നതു വരെ പ്രവൃത്തിക്കായി ചെലവു ചെയ്ത 2,53,457 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് എൻക്വയറി നം.38/11.12.2024.

**1-38 തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ പർച്ചേസ് -സ്രോതസ്സിൽ നിന്നും ജി.എസ്.ടി കുറവു ചെയ്തില്ല.**

2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, 2017 ലെ കേരള സ്റ്റേറ്റ് ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs ന്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം 65/39/2018-DOR എന്നിവ പ്രകാരം 2018ഒക്ടോബർ 1 മുതൽ 2,50,000 രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി. സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്.
തൊഴിലുറപ്പ് പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട് 2023-24 വർഷം സാധന സാമഗ്രികൾ വാങ്ങി ഉപയോഗിച്ചിട്ടുണ്ട്. ടെണ്ടർ നടപടികളിലൂടെ തെരെഞ്ഞെടുത്ത കരാറുകാർ മുഖേനയാണ് സാധനങ്ങൾ വാങ്ങിയത്. എന്നാൽ കരാറുകാർക്കുള്ള പേമെന്റ് നടത്തിയപ്പോൾ ഈടാക്കേണ്ടിയിരുന്ന ജി.എസ്.ടി ഈടാക്കിയിട്ടില്ല. തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 30.07.2019 ലെ സർക്കുലറിലെ നിർദ്ദേശം പാലിച്ച് ജി.എസ്.ടി കണക്കാക്കി കരാറുകാരിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | എഫ്.ടി.ഒ നമ്പർ, തുക | | ഈടാക്കേണ്ടിയിരുന്ന ജി.എസ്.ടി<br>1% SGST<br>1% CGST |
|---|---|---|---|---|
| 1 | Thayal Drainage Formation Peral (1601003004/ | 0121EATPAYREQ03042023161553/03.04.2023 | 1,22,965 | 6,185 |

| | | | | |
|---|---|---|---|---|
| | FP/369687) വെണ്ടർ- അബ്ദുള്ള.ബി | 0121EATPAYREQ04042023161965/04.04.2023 | 1,86,278 | |
| 2 | Uluvar Old School - Juma Masjid Road Drainage,Footpath Formation (1601003004/ FP/379765) വെണ്ടർ- അബ്ദുള്ള.ബി | 0121EATPAYREQ04042023161486/04.04.2023 | 1,75,654 | 6,783 |
| | | 0121EATPAYREQ2309202316368/23.09.2023 | 1,63,490 | |
| 3 | Kanchikatte Kotakkar Road Drainage (1601003004/ FP/380715) വെണ്ടർ- അബ്ദുള്ള.ബി | 0121EATPAYREQ0410202316833/04.10.2023 | 1,60,168 | 6,220 |
| | | 0121EATPAYREQ04042023162199/04.04.2023 | 1,50,851 | |
| 4 | Mujangavu Temple Cross Road Drainage Formation (1601003004/ FP/380869) | 0121EATPAYREQ01042023162560/01.04.2023 | 1,62,625 | 6315 |
| | | 0121EATPAYREQ01042023162176/01.04.2023 | 1,53,141 | |
| 5 | Koipady School Road Concrete (1601003004/ RC/335581) വെണ്ടർ- മുഹമ്മദ്.എ.എം | 0121EATPAYREQ04042023161159/04.04.2023 | 1,72,895 | 6892 |
| | | 0121EATPAYREQ2309202316369/23.09.2023 | 1,71,706 | |
| 6 | Bambrana PM Road Concrete (1601003004/ RC/358241) വെണ്ടർ- അബ്ദുള്ള.ബി | 0121EATPAYREQ2309202316367/23.09.2023 | 1,91,693 | 7613 |
| | | 0121EATPAYREQ04042023161965/04.04.2023 | 1,88,948 | |

പേമെന്റ് നടത്തുവാൻ ബാക്കിയുള്ള എല്ലാ പ്രവൃത്തികളുടെയും പേമെന്റ് നടത്തുമ്പോൾ ബാധകമായ നികുതികൾ കുറവ് ചെയ്ത് അടക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്.
(ഓഡിറ്റ് എൻക്വയറി നം.4/04.12.2024)

## 1-39 തൊഴിലുറപ്പ് പദ്ധതിയിലെ സിമന്റ് വാങ്ങൽ- മാർക്കറ്റ് നിരക്കിനേക്കാൾ അധികം നിരക്കിൽ സമാഹരണം നടത്തി

2023-24 സാമ്പത്തിക വർഷത്തിൽ MGNREGA പദ്ധതിയിൽ ഉൾപ്പെടുത്തി റോഡുകൾ കോൺക്രീറ്റ് ചെയ്യുന്നതിന് യഥാർത്ഥ മാർക്കറ്റ് വിലയെക്കാൾ വളരെ കൂടിയ തുക നൽകിയാണ് സിമന്റ് വാങ്ങിയിട്ടുള്ളത്. SECURE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ എസ്റ്റിമേറ്റുകളിൽ സിമന്റിന് ഉൾപ്പെടുത്തിയ നിരക്ക് അടിസ്ഥാനമാക്കിയാണ് ടെണ്ടർ ചെയ്ത് സിമന്റ് വാങ്ങിയത്. ഒരു ടണ്ണിന് 10,240 രൂപയാണ് സോഫ്റ്റ് വെയറിൽ സിമന്റിന്റെ വില. ഈ നിരക്കിൽ 50 കിലോയുടെ ഒരു ചാക്കിന് 512 രൂപയാണ് വിലയായി കണക്കാക്കിയിരിക്കുന്നത്.

2023-24 ൽ കാസറഗോഡ് ജില്ലയിൽ സിമന്റിന്റെ ശരാശരി മാർക്കറ്റ് നിരക്ക് ഒരു ചാക്കിന് 400 രൂപയാണ്. എന്നാൽ ഇത് പരിഗണിക്കാതെ എസ്റ്റിമേറ്റ് നിരക്കിൽ ടെണ്ടർ ചെയ്തതിനാൽ MRP യെക്കാൾ വളരെയധികം തുക വെണ്ടർമാർക്ക് നൽകേണ്ടി വന്നിട്ടുണ്ട്. വെണ്ടർമാർക്ക് തുക നൽകുമ്പോൾ അവരിൽ നിന്നും സിമന്റ് വാങ്ങിയതിന്റെ ഇൻവോയ്സ് വാങ്ങി ഫയലുകളിൽ സൂക്ഷിച്ചിട്ടില്ല. വളരെ വലിയ ഈ വില വ്യത്യാസം പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല.

SECURE സോഫ്റ്റ് വെയറിലെ നിരക്ക് അതേപടി പാലിച്ച് ടെണ്ടർ ചെയ്യുന്നതിന് പകരം നിരക്ക് ക്രമാതീതമായി അധികമാണെന്ന് മനസ്സിലാക്കി മാർക്കറ്റ് നിരക്ക് അടിസ്ഥാനപ്പെടുത്തി ടെണ്ടർ ഷെഡ്യൂൾ തയ്യാറാക്കി ടെണ്ടർ ചെയ്തിരുന്നുവെങ്കിൽ ഭീമമായ അധികച്ചെലവ് ഒഴിവാക്കാമായിരുന്നു.

ഈ വിഷയം മറ്റു പല ജില്ലകളിലും NREGA ഓംബുഡ്സ് പേഴ്സന്റെ ശ്രദ്ധയിൽപെടുകയും നിർബന്ധമായും പാക്കേജ്ഡ് സാമഗ്രികൾ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിക്കുമ്പോൾ നിരക്ക് MRPയെക്കാൾ അധികം വരാത്ത വിധത്തിൽ മാർക്കറ്റ് നിരക്ക് അടിസ്ഥാനമാക്കി ടെണ്ടർ ചെയ്യണമെന്ന് അവാർഡ് വന്നിട്ടുള്ളതാണ്. (ഉദാഹരണം MGNREGA ആലപ്പുഴ ഓംബുഡ്സ്മാന്റെ 08.07.2022-ലെ OMB/ALP/AW/20/2022-ലെ ഉത്തരവ്.)

ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തികളുടെ വിശദാംശങ്ങൾ | സിമന്റ് വാങ്ങിയതിന് വെണ്ടർക്ക് നൽകിയ തുക | വെണ്ടർ ഹാജരാക്കിയ ബിൽ പ്രകാരമുള്ള നിരക്ക്, തുക |
|---|---|---|---|
| 1 | GWLP School To Kuntangeradukka Road Drainage Formation (1601003004/FP/379764)<br>വെണ്ടർ-മുഹമ്മദ്.എ.എം | 9.19 Tonne @ Rs.10,240/Tonne= 94,105.6രൂപ<br>(ചാക്കിന് 512 രൂപ നിരക്കിൽ 183.8 ചാക്കുകൾ)<br>(FTO-0121EATPAYREQ2903202316607/29.03.2023 For Rs.2,48,325 | സലാമിയ ട്രേഡേഴ്സ്, കുമ്പള എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് നം. 597/12.05.2022ആണ് ഹാജരാക്കിയിട്ടുള്ളത്. ഇത് പ്രകാരം 190 ചാക്ക് സിമന്റ് ചാക്കിന് 512രൂപ നിരക്കിൽ 97,280 രൂപ കണക്കാക്കിയിട്ടുണ്ട്. |
| 2 | Uluvar Old School - Juma Masjid Road | 10.52 Tonne @ Rs.10,240/Tonne= 1,07,725രൂപ<br>(ചാക്കിന് 512 രൂപ നിരക്കിൽ 210.4 | കരാറുകാരന്റെ പേരിലുള്ള Bill Of Supplyനം. |

| | | | |
|---|---|---|---|
| | Drainage,Footpath Formation (1601003004/ FP/379765) വെണ്ടർ- അബ്ദുള്ള.ബി | ചാക്കുകൾ) (FTO- 0121EATPAYREQ2309202316368/23.09.2023 For Rs.1,63,490 | 35/09.05.2022ആണ് ഹാജരാക്കിയിട്ടുള്ളത്. ഇത് പ്രകാരം 215 ചാക്ക് സിമന്റ് ചാക്കിന് 512.946 രൂപ നിരക്കിൽ 1,10,283.39 രൂപ കണക്കാക്കിയിട്ടുണ്ട്. |
| 3 | Kanchikatte Kotakkar Road Drainage (1601003004/ FP/380715) വെണ്ടർ- അബ്ദുള്ള.ബി | 10.63 Tonne @ Rs.10,240/Tonne= 1,08,851.20രൂപ (ചാക്കിന് 512 രൂപ നിരക്കിൽ 212.6ചാക്കുകൾ) 0121EATPAYREQ0410202316833/04.10.2023 For Rs.1,60,168 | കരാറുകാരന്റെ പേരിലുള്ള Bill Of Supplyനം. 39/25.05.2022, നം. 43/30.05.2022 എന്നിവയാണ് ഹാജരാക്കിയിട്ടുള്ളത്. ഇത് പ്രകാരം 213 ചാക്ക് സിമന്റ് ചാക്കിന് 512.12 രൂപ നിരക്കിൽ 1,09,081.56 രൂപ കണക്കാക്കിയിട്ടുണ്ട്. |
| 4 | Bambrana PM Road Concrete (1601003004/ RC/358241) വെണ്ടർ- അബ്ദുള്ള.ബി | 17.72 Tonne @ Rs.10,240/Tonne= 1,91,693രൂപ (ചാക്കിന് 512 രൂപ നിരക്കിൽ 374.4 ചാക്കുകൾ) 0121EATPAYREQ2309202316367/23.09.2023 For Rs.1,91,693 | കരാറുകാരന്റെ പേരിലുള്ള Bill Of Supplyനം. 49/20.12.2022ആണ് ഹാജരാക്കിയിട്ടുള്ളത്. ഇത് പ്രകാരം 375 ചാക്ക് സിമന്റ് ചാക്കിന് 512 രൂപ നിരക്കിൽ 1,92,000 രൂപ കണക്കാക്കിയിട്ടുണ്ട്. |
| 5 | Mujangavu Temple Cross Road Drainage Formation (1601003004/ FP/380869) വെണ്ടർ- മുഹമ്മദ്.എ.എം | 10.87 Tonne @ Rs.10,240/Tonne= 1,11,308.8രൂപ (ചാക്കിന് 512 രൂപ നിരക്കിൽ 217.4 ചാക്കുകൾ) 0121EATPAYREQ01042023162560/01.04.2023 For Rs.1,62,625 | സലാമിയ ട്രേഡേഴ്സ്, കുമ്പള എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് നം. 336/(തിയതി ഇല്ല.) ആണ് ഹാജരാക്കിയിട്ടുള്ളത്. ഇത് പ്രകാരം 220ചാക്ക് സിമന്റ് ചാക്കിന് 512രൂപ നിരക്കിൽ 1,12,640 |

| | | | |
|---|---|---|---|
| | | | രൂപ കണക്കാക്കിയിട്ടുണ്ട്. |

50 കിലോയുടെ ഒരു ചാക്കിന് 512 രൂപ നിരക്കിലാണ് പഞ്ചായത്ത് സിമന്റ് വാങ്ങി ഉപയോഗിച്ചിട്ടുള്ളത്. എന്നാൽ ഇതേ കാലയളവിൽ പഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതിയിൽ നടപ്പിലാക്കിയ മറ്റു വ്യക്തിഗത പ്രവൃത്തികളിൽ (ഉദാ- പശുത്തൊഴുത്ത് നിർമാണം, കോഴിക്കൂട് നിർമാണം) ഗുണഭോക്താക്കൾ സിമന്റ് വാങ്ങി ഉപയോഗിച്ചിട്ടുള്ളത് താരതമ്യേന വളരെ ചെറിയ ചെലവിൽ ആണെന്ന് കാണുന്നു.

ഉദാഹരണം-

1) പതിനൊന്നാം വാർഡിലെ ഗീത എന്ന വ്യക്തിക്ക് തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി കോഴിക്കൂട് നിർമിച്ചിട്ടുണ്ട്. (വർക്ക് കോഡ് നം.IF/635232). ഈ പ്രവൃത്തിക്കായി ശ്രീമതി ഗീത 15 ചാക്ക് ACC ബ്രാന്റിലുള്ള സിമന്റ് വാങ്ങിയിട്ടുള്ളത് ചാക്കിന് 400 രൂപ നിരക്കിലാണ്. (കണ്ണൂർ ഹാർഡ് വേർസ്, സീതാംഗോളി (GSTIN- 32BAEPM3473J1ZP) എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് നം.13363, തിയതി 10.03.2022).

2) ഏഴാം വാർഡിലെ ശ്രീ സദാശിവ ഷെട്ടി എന്ന വ്യക്തിക്ക് തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി പശുത്തൊഴുത്ത് നിർമിച്ചിട്ടുണ്ട്. (വർക്ക് കോഡ് നം.IF/718846). ഈ പ്രവൃത്തിക്കായി ശ്രീ സദാശിവ ഷെട്ടി 30 ചാക്ക് അംബുജ എന്ന ബ്രാന്റിലുള്ള സിമന്റ് വാങ്ങിയിട്ടുള്ളത് ചാക്കിന് 450 രൂപ നിരക്കിലാണ്. (YEN VEE Hardwares, സീതാംഗോളി (GSTIN- 32AADFY0532401Z2) എന്ന സ്ഥാപനത്തിന്റെ ഇൻവോയ്സ് നം.32, തിയതി 14.11.2022).

ശരാശരി മാർക്കറ്റ് നിരക്കിനേക്കാൾ അധികം തുകയിൽ സിമന്റ് സംഭരിക്കുവാനുണ്ടായ സാഹചര്യങ്ങൾ വ്യക്തമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. ശരാശരി മാർക്കറ്റ് നിരക്കിനേക്കാൾ വളരെയധികം നിരക്കിൽ സിമന്റ് സംഭരിക്കുന്നത് ഒഴിവാക്കേണ്ടതാണ്. യുക്തമായ നടപടികളിലൂടെ ടെണ്ടർ ചെയ്യുന്ന നിരക്ക് സിമന്റിന്റെ വിപണി നിരക്കുമായി പൊരുത്തപ്പെടുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

ഈ വിഷയം തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്താൻ പഞ്ചായത്ത് മുൻകൈയ്യെടുക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.41/12.12.2024.

## 1-40 ILGMS വൗച്ചർ പരിശോധനയുമായി ബന്ധപ്പെട്ട് ഓഡിറ്റ് നേരിടുന്ന പ്രായോഗിക തടസ്സങ്ങൾ

പഞ്ചായത്ത് ILGMS നടപ്പാക്കിയതിന് ശേഷം ചെലവ് വൗച്ചറുകൾ മുൻകാലങ്ങളിൽ സൂക്ഷിച്ചിരുന്ന കൃത്യതയിൽ പരമ്പരാഗതരീതിയിൽ ഹാർഡ് കോപ്പി ആയി സൂക്ഷിക്കുന്നില്ല. ILGMS നടപ്പാക്കിയ വേളയിൽ ലഭിച്ച കൃത്യമായ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് ഇവ മുൻരീതിയിൽ സൂക്ഷിക്കാത്തത് എന്നാണ് ഓഡിറ്റിനെ അറിയിച്ചിട്ടുള്ളത്. ബിൽ രജിസ്റ്റർ മാത്രകയിൽ ചെലവ് വിവരങ്ങൾ എഴുതിപ്പോരുന്നുണ്ടെങ്കിലും ഇത് വൗച്ചർ നമ്പർ അനുസരിച്ച് ക്രമമായല്ല എഴുതിയിട്ടുള്ളത്. ILGMS ൽ നിന്ന് പഞ്ചായത്ത് ലഭ്യമാക്കിയ പെയ്മെന്റ് വൗച്ചർ ലിസ്റ്റും ക്രമരഹിതമാണ് (ഈ പെയ്മെന്റ് വൗച്ചർ ലിസ്റ്റ് ഓഡിറ്റിന് അനുവദിച്ചിട്ടുള്ള മൊഡ്യൂളിൽ ലഭ്യമല്ല). പേയ്മെന്റ് ഓർഡർ പാസ്സാക്കാനായി അക്കൌണ്ടന്റിൽ നിന്ന്, HC, സെക്രട്ടറി, പ്രസിഡന്റ് എന്ന ക്രമത്തിൽ സോഫ്റ്റ്‌വെയറിലൂടെ ബിൽ കടന്നുപോകുന്നു. പേയ്മെന്റ് ഓർഡർ ലഭിച്ചശേഷം തിരികെ അക്കൌണ്ടന്റിലെത്തുന്ന ബിൽ പേയ്മെന്റ് അപ്രൂവലിനായി വീണ്ടും ഇതേ ക്രമത്തിൽ സഞ്ചരിക്കേണ്ടതുണ്ട്. ഈ കാലതാമസം ഒഴിവാക്കാനായി പേയ്മെന്റ് ഓർഡർ ലഭിച്ചുകഴിഞ്ഞാൽ അക്കൗണ്ടന്റ് പേയ്മെന്റ് ചെക്ക് ഇഷ്യൂ ചെയ്യാറുണ്ട്. അതിനുശേഷമായിരിക്കും പലപ്പോഴും പേയ്മെന്റ് അപ്രൂവൽ നടക്കുന്നത്. ഇതുകൊണ്ടാണ് വൗച്ചറുകൾ ക്രമരഹിതമായി രജിസ്റ്ററിലും സോഫ്റ്റ്‌വെയറിലും കാണപ്പെടുന്നത് എന്നാണ് അക്കൌണ്ടന്റ് ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുള്ളത്. നിലവിൽ ILGMS ലൂടെ മാത്രമേ ചെലവ് വൌച്ചർ അവയുടെ പൂർണ്ണതയിൽ പരിശോധിക്കാനാകൂ എന്നതിനാൽ ഓഡിറ്റിന് ലഭ്യമാക്കിയ മൊഡ്യൂൾ മുഖേനയാണ്

പരിശോധന നടത്തിയത്. എന്നാൽ പരിശോധനക്കാവശ്യമായ സംവിധാനങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയ മൊഡ്യൂളിൽ ഇല്ല. പഞ്ചായത്ത് ലോഗിനിൽ ലഭ്യമായ രണ്ട് മെനു ഓപ്ഷൻസ് ഓഡിറ്റ് ലോഗിനിൽ ലഭ്യമല്ല. ഒന്ന്, Home- Workstation-ധനകാര്യവും അക്കൌണ്ടും-ധനകാര്യം- സാമ്പത്തികം- Reports- Payment Order എന്ന് മെനുവാണ്. ഇതിലൂടെയാണ് Payment Order ലിസ്റ്റ് ലഭ്യമാകുന്നത്. ഇങ്ങനെ ലഭ്യമാകുന്ന ലിസ്റ്റ് ഉപയോഗിച്ച് Home-Dashboard-Monitoring- Disposed Files എന്ന രണ്ടാമത്തെ മെനു ഓപ്ഷൻ മുഖേന ഫയൽ സെർച്ച് നടത്തിയാൽ മാത്രമെ ചെലവ് വൗച്ചർ പരിശോധിക്കാൻ സാധിക്കുകയുള്ളൂ. വൗച്ചർ നമ്പറോ തീയതിയോ ഉപയോഗിച്ച് കൊണ്ട് തിരച്ചിൽ നടത്തി പരിശോധിക്കാനുള്ള സംവിധാനം സോഫ്റ്റ്‌വെയറിൽ ഇല്ല. പഞ്ചായത്ത് ലോഗിനിലും ഇത്തരം ഓപ്ഷൻ ഇല്ല. ഫയൽ നമ്പർ ഉപയോഗിച്ചാണ് പഞ്ചായത്ത് ഉദ്യോഗസ്ഥരും ചെലവുകൾ ട്രാക്ക് ചെയ്യുന്നത്. ഇതിനായി മുൻപ് സൂചിപ്പിക്കപ്പെട്ട രജിസ്റ്ററിൽ ഫയൽ നമ്പർ സഹിതം രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ട്. എന്നാൽ ഓഡിറ്റ് മൊഡ്യൂളിൽ ഫയൽ സെർച്ച് ഓപ്ഷൻ ഇല്ലാത്തതിനാൽ ഫയൽ നമ്പർ ഉപയോഗിച്ച് പരിശോധന സാധ്യമല്ല. ഇക്കാരണങ്ങളാൽ പരമ്പരാഗതരീതിൽ സൂക്ഷിച്ചിട്ടുള്ള രേഖകളും പരിമിതികളുള്ള ഓഡിറ്റ് മൊഡ്യൂളും ഉപയോഗപ്പെടുത്തി ഭാഗികമായി വൗച്ചർ പരിശോധന മാത്രമേ നടത്താൻ സാധിച്ചിട്ടുള്ളൂ. സോഫ്റ്റ്‌വെയറിൽ ഓഡിറ്റ് പരിശോധനക്കാവശ്യമായ എല്ലാ ഓപ്ഷനുകളും ലഭ്യമാക്കിയാൽ മാത്രമെ വിശദമായ പരിശോധന നടത്താൻ സാധിക്കുകയുള്ളൂ.

## 1-41 ഗ്രാമവണ്ടിയുടെ ഡീസൽ ഉപയോഗം- ഒരേ റൂട്ടിൽ ഒരേ ദൂരത്തിന് വ്യത്യസ്ത അളവിൽ ഡീസൽ ഉപയോഗം.

പദ്ധതി.നം&പേര്-338/2023-24, കുമ്പള ഗ്രാമപഞ്ചായത്ത് കെ എസ് ആർ ടി സി ഗ്രാമവണ്ടി.

ചെലവ്- 5,98,248 രൂപ (തനത്ഫണ്ട്).

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി കെ എസ് ആർ ടി സി ഗ്രാമവണ്ടി എന്ന പദ്ധതി നടപ്പിലാക്കിയിരുന്നു. ഈ പദ്ധതിയുടെ ഫയൽ പരിശോധിച്ചപ്പോൾ താഴെ വിവരിക്കുന്ന അപാകത ശ്രദ്ധയിൽപ്പെടുകയുണ്ടായി.

10.2.2022-ന് ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാനം നം. 4.62 പ്രകാരം കുമ്പള ഗ്രാമപഞ്ചായത്ത് കെ എസ് ആർ ടി സിയുമായി കരാറിൽ ഏർപ്പെടുകയും ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് ഗ്രാമവണ്ടി എന്ന പേരിൽ കെ എസ് ആർ ടി സി ബസ് സർവ്വീസ് നടത്തി വരുകയും ഡീസൽ ചാർജ്ജ് ഇനത്തിൽ തുക നല്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് കെ എസ് ആർ ടി സിയുമായി ചമച്ചിട്ടുള്ള കരാർ പ്രകാരമാണ് പഞ്ചായത്തിൽ സർവീസ് നടത്തുന്ന ഗ്രാമ വണ്ടിക്ക് പഞ്ചായത്ത് ഡീസൽ ചാർജ് നല്കിവരുന്നത്. ഉപയോഗിച്ച ഡീസലിന് ആണ് ചാർജ്ജ് നല്കേണ്ടത്. എന്നാൽ വിവിധ തീയതികളിൽ ഒരേ റൂട്ടിൽ ഒരേ ദൂരത്തിന് എല്ലാ ദിവസങ്ങളിലും വ്യത്യസ്ത അളവുകളിൽ ഡീസൽ ഉപയോഗിച്ചതായാണ് ഡിമാന്റ് ചെയ്തിരിക്കുന്നത്. 2023-24 സാമ്പത്തിക വർഷം പഞ്ചായത്തിൽ 6.10.2023 മുതൽ സർവീസ് നടത്തിയ ഗ്രാമവണ്ടിയുടെ ഡീസൽ ഉപയോഗത്തിൽ ഒരേ ദൂരത്തിന് വിവിധ തീയതികളിൽ ഡിമാന്റ് ചെയ്യുന്ന ഡീസൽ ചെലവുകളിലാണ് വ്യത്യാസം കാണുന്നത്. ആയതിന്റെ ചില ഉദാഹരണം ചുവടെ ചേർക്കുന്നു.

| തീയതി | സർവ്വീസ് നടത്തിയ ദൂരം | ഡീസൽ അളവ് |
|---|---|---|
| 7.10.2023 | 191 KM | 38 ലിറ്റർ |
| 8.10.2023 | 191 KM | 43 ലിറ്റർ |
| 9.10.2023 | 191 KM | 50 ലിറ്റർ |
| 15.10.2023 | 191 KM | 41 ലിറ്റർ |
| 17.10.2023 | 191 KM | 50 ലിറ്റർ |
| 24.10.2023 | 191 KM | 43 ലിറ്റർ |
| 26.10.2023 | 191 KM | 50 ലിറ്റർ |

| | | |
|---|---|---|
| 28.10.2023 | 191 KM | 42 ലിറ്റർ |
| 4.11.2023 | 191 KM | 40 ലിറ്റർ |
| 6.11.2023 | 191 KM | 48 ലിറ്റർ |
| 14.11.2023 | 191 KM | 51 ലിറ്റർ |
| 15.11.2023 | 191 KM | 41 ലിറ്റർ |
| 19.11.2023 | 191 KM | 39 ലിറ്റർ |
| 20.11.2023 | 191 KM | 48 ലിറ്റർ |
| 25.11.2023 | 191 KM | 40 ലിറ്റർ |
| 26.11.2023 | 191 KM | 38ലിറ്റർ |
| 27.11.2023 | 191 KM | 47 ലിറ്റർ |

ഇത്തരത്തിൽ നടത്തിയ വ്യത്യസ്ത ഡിമാന്റുകൾ സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. കെ എസ് ആർ ടി സി ഗ്രാമവണ്ടി ബസ് കൊണ്ട് ജനങ്ങളുടെ യാത്രാചെലവിൽ യാതൊരു കുറവും ഇല്ല എന്നു മാത്രമല്ല പഞ്ചായത്തിന് വൻതുകയുടെ ബാധ്യത വരുകയും ചെയ്യുന്നു. മേൽ അപാകത കെ എസ് ആർ ടി സി അധികൃതരെ ഗ്രാമപഞ്ചായത്ത് രേഖാമൂലം അറിയിച്ചിട്ടുണ്ടെങ്കിൽ ആ വിവരവും, പഞ്ചായത്തിൽ സർവീസ് നടത്തുന്ന ഗ്രാമ വണ്ടി മുഖേന ഗ്രാമപഞ്ചായത്തിന് ലഭിക്കുമായിരുന്ന പരസ്യ വരുമാനം ലഭിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരങ്ങളും ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഈ വിഷയത്തിലേക്കു അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.
ഓഡിറ്റ് എൻക്വയറി 48/12.11.2024.

## 1-42 വരൾച്ചാ ദുരിതാശ്വാസം - കുടിവെള്ള വിതരണ പദ്ധതി - പദ്ധതി നടത്തിപ്പിൽ അപാകതകൾ.

| | | |
|---|---|---|
| പദ്ധതിയുടെ പേര് | കുടിവെള്ള വിതരണം 2023 (Pro.No.20/2023-24) | |
| നിർവ്വഹണം | സെക്രട്ടറി, കുമ്പള ഗ്രാമപഞ്ചായത്ത് | |
| അടങ്കൽ | 14,58,000 രൂപ.(തനത് ഫണ്ട്) | |
| ചെലവ് | 14,58,000 രൂപ.(തനത് ഫണ്ട്) | |
| വൗച്ചർ നം/ചെക്ക് നം | തുക | റിമാർക്സ് |
| 11176/തീ.31.5.2023 | 4,00,000 | KL 14 Z-5287 - 9033.77 Km<br>KL 14 Q- 3529- 11234.34 Km<br>KL 13N-6698- 10018.91 Km<br>KL 14L- 3595- 7109.08 Km<br>ആകെ - 37396.82 X Rs. 39 = 14,58,476. @ 14,58,000 രൂപ |
| Ch.No. 011401/ തീ.9.8.2023 | 2,00,000 | |
| Ch.No.011413/ തീ.25.8.2023 | 4,00,000 | |
| TSB.0643338/ തീ.5.3.2024 | 4,58,000 | |
| ആകെ | 14,58,000 രൂപ. | |

വരൾച്ചാ ദുരിതാതാശ്വാസത്തിന്റെ ഭാഗമായി കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണത്തിനായി 06.03.2023 ലെ സർക്കാർ ഉത്തരവ് (സാധാ)564/2023/ത.സ്വ.ഭ.വ. പ്രകാരം 2023 വർഷത്തിൽ മാർച്ച് മാസം മുതൽ മെയ് മാസം വരെയും 02.06.2023 ലെ സ.ഇ(സാധാ)നം.1153/2023/ LSGD ഉത്തരവ് പ്രകാരം ജൂൺ മാസം മുതൽ മഴ ലഭിക്കുന്നതു വരെയും കുടിവെള്ള വിതരണത്തിനായി സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വരൾച്ച മൂലം രൂക്ഷമായ കുടിവെള്ള പ്രശ്നം നേരിടുന്ന ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ കുടിവെള്ള വിതരണം നടത്തുന്നതിനായി മേൽ സൂചിപ്പിച്ച പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിൽ വരൾച്ച നേരിടുന്ന പ്രദേശങ്ങളിൽ കുടിവെള്ള വിതരണം നടത്താനാണ് ഈ പദ്ധതി. പദ്ധതിക്കായി ശ്രീ. അബ്ദുള്ള എ, S/O

അബ്ദുൾ റഹ്മാൻ, കോയിപാടി കടപ്പുറം എന്നവർ സമർപ്പിച്ച 2000ലിറ്റർ ടാങ്കിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് കിലോമീറ്ററിന് 39/-രൂപ, 3000ലിറ്റർ ടാങ്കിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് കിലോമീറ്ററിന് 43/-രൂപ, 5000ലിറ്റർ ടാങ്കിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് കിലോമീറ്ററിന് 72/-രൂപ, എന്നീ നിരക്കുകൾ ഭരണസമിതി തീരുമാനം നം. 2/1 തീയ്യതി 30.03.2023 പ്രകാരം അംഗീകരിച്ചിട്ടുണ്ട്. KL 14 Z-5287, KL 14 Q- 3529, KL 13N-6698 എന്നീ വാഹനങ്ങളിലാണ് കുടിവെള്ളം വിതരണം ചെയ്യേണ്ടത് (കരാർ ഉടമ്പടി 2298/23 തീ. 4.4.2023- നിബന്ധന നം 13) എന്ന വ്യവസ്ഥ ഉൾപ്പെടുത്തി കൊണ്ട് കരാറുകാരനായ ശ്രീ അബ്ദുള്ള എ യും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. 10.04.2023 മുതൽ 10.06.2023 വരെ വിതരണം നടത്തിയതിന് ഇൻകം ടാക്സ് കിഴിവുകൾ വരുത്താതെ 14,58,000/-രൂപ കരാറുകാരനു നൽകിയിട്ടുണ്ട്.

പദ്ധതി നടപ്പാക്കിയതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കാണുന്നു.

A).കരാർ പ്രകാരമുള്ള അളവിൽ കുടിവെള്ളം വിതരണം നടത്തിയതിന് വ്യക്തമായ വിവരങ്ങളില്ല.

1. ടെണ്ടർ പ്രകാരം കരാറുകാരൻ നല്കിയ ബിഡിൽ 2000ലിറ്റർ ടാങ്കിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് കിലോമീറ്ററിന് 39/-രൂപ, 3000ലിറ്റർ ടാങ്കിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് കിലോമീറ്ററിന് 43/-രൂപ, 5000ലിറ്റർ ടാങ്കിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് കിലോമീറ്ററിന് 72/-രൂപ എന്നീ നിരക്കുകളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിൽ ഏതാണ് ഗ്രാമപഞ്ചായത്ത് അംഗീകരിച്ചത് എന്ന കാര്യം ഫയലില്ല. എത്ര ലിറ്റർ സംഭരണ ശേഷിയുള്ള ടാങ്കിൽ, അത് ഉൾക്കൊള്ളുന്ന വാഹനത്തിലാണ് കുടിവെള്ള വിതരണം നടത്തേണ്ടത് എന്ന വിവരവും ഫയൽ പരിശോധനയിൽ വ്യക്തമല്ല.

2. നം KL 14 Z-5287, KL 14 Q- 3529, KL 13N-6698 എന്നീ വാഹനങ്ങളിലാണ് കുടിവെള്ളം വിതരണം ചെയ്യേണ്ടതും (കരാറുകാരനായ അബ്ദുള്ള എ യും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും തമ്മിലുള്ള കരാർ ഉടമ്പടി 2298/23 തീ. 4.4.2023- നിബന്ധന നം 13) വാഹനം എന്തെങ്കിലും തകരാറുമൂലം മാറ്റേണ്ട പക്ഷം ടി വിവരം സെക്രട്ടറിയെ രേഖാമൂലം അറിയിക്കേണ്ടതുമാണ് എന്ന നിബന്ധന ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ വിവരിച്ച 3 വണ്ടികളും കൂടാതെ KL 14L 3595 എന്ന വാഹനം കൂടി കുടിവെള്ള വിതരണം നടത്തുന്നതിന് ഉപയോഗിച്ചതായി കാണിച്ച് തുക കൈപ്പറ്റിയിട്ടുണ്ട്. കരാർ ഉടമ്പടി പ്രകാരം KL 14L 3595 എന്ന വാഹനം ഉൾപ്പെടുത്തിയ കാര്യം കരാറുകാരൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചതായി കാണുന്നില്ല. 10.4.2023 മുതൽ 10.6.2023 വരെ ഈ വണ്ടി 7109.08 KM ഓടിയതായി കാണിച്ച് 2,77,254 രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ അനുമതി വാങ്ങാതെ വണ്ടി ഉപയോഗിച്ചത് എങ്ങനെയെന്ന് വ്യക്തമല്ല. നിലവിൽ 3 വണ്ടികൾക്കാണ് കുടിവെള്ളം വിതരണം നടത്താനുമതി നല്കിയിട്ടുള്ളത്. മേൽ അപാകത കാരണം 2,77,254 രൂപയുടെ അധിക ചെലവ് ഗ്രാമപഞ്ചായത്തിന് ഉണ്ടായിട്ടുണ്ട്. ഈ റിപ്പോർട്ടിന്റെ പ്രഥമ മറുപടിയോടൊപ്പം മേൽ അപാകതയ്ക്ക് വ്യക്തമായ മറുപടി നല്കേണ്ടതാണ്, അല്ലാത്തപക്ഷം 2,77,254 രൂപ പദ്ധതി നിർവ്വഹണം ചെയ്ത് സെക്രട്ടറിയുടെ ബാധ്യതയായി നിജപ്പെടുത്തുന്നതാണ്.

3. തുക അനുവദിക്കുമ്പോൾ ഇൻകം ടാക്സ് കിഴിവുകൾ വരുത്താതെയാണ് 14,58,000/-രൂപ കരാറുകാരനു നൽകിയത്.

4.കുടിവെള്ളം വിതരണത്തിന് മേൽനോട്ടം വഹിക്കുന്നതിന് പ്രത്യേകം ഉദ്യോഗസ്ഥനെ നിയോഗിച്ചിട്ടില്ല.

5. ഓരോ ട്രിപ്പിനും അതാത് ദിവസം മാന്വൽ ലോഗ് എഴുതി വാർഡ് മെമ്പർ, കുടുംബശ്രീ എ.ഡി.എസ് പ്രസിഡന്റ്, മേൽനോട്ടം വഹിക്കുന്നതിന് ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ എന്നിവർ സാക്ഷ്യപ്പെടുത്തി സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ മാന്വൽ ലോഗ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

6. കുടിവെള്ള വിതരണത്തിന് ഉപയോഗിച്ച വാഹനങ്ങളുടെ രജിസ്ട്രേഷൻ, ഇൻഷൂറൻസ്, ഡ്രൈവറുടെ ലൈസൻസ്, ആധാർ കാർഡ്, ബാഡ്ജ് എന്നിവയുടെ പകർപ്പുകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

7. കുടിവെള്ള വിതരണം ചെയ്ത ദിവസങ്ങളിൽ ഓടിയ സ്ഥലം, കിലോമീറ്റർ, സമയം എന്നിവ കാണിക്കുന്ന 10.4.2023 മുതൽ 10.6.2023 വരെയുള്ള വിശദമായ GPS ലോഗ് ഹാജരാക്കാതെ തുക നൽകിയത് അനുവദനീയമല്ല. ഈ കാലയളവിൽ കുടിവെള്ളം വിതരണം ചെയ്ത ദിവസത്തെ GPS ലോഗ് ഹാജരാക്കേണ്ടതാണ്. ടെണ്ടർ പരസ്യത്തിൽ പ്രധാന നിബന്ധന പ്രകാരം GPS ലോഗും മാന്വൽ ലോഗും തമ്മിൽ യാതൊരു കാരണവശാലും പൊരുത്തക്കേട് ഉണ്ടാകാൻ പാടില്ല. ഇക്കാര്യം കർശനമായി പാലിക്കുന്നതിന് കരാറുകാരൻ ബാധ്യസ്ഥനാണ്. പക്ഷെ ഇവിടെ പോയ സ്ഥലങ്ങൾ, സമയം എന്നിവ കൃത്യമായി കാണിച്ച് മാന്വൽ ട്രിപ്പ് ഷീറ്റും തയ്യാറാക്കിയിട്ടില്ല.

B).ടാങ്കുകളുടെ അളവ് പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

കോൺട്രാക്ടർ വിവിധ വാഹനങ്ങളിൽ ഫിറ്റ് ചെയ്ത കുടിവെള്ള ടാങ്കുകളുടെ അളവുകൾ ഗ്രാമ പഞ്ചായത്ത് എഞ്ചിനീയർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ കോൺട്രാക്ടർ അവകാശപ്പെട്ടവിധം അളവിൽ വെള്ളം വിതരണം ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമല്ല. മാത്രമല്ല ട്രിപ് ഷീറ്റുകൾ പരിശോധിച്ചപ്പോൾ കോൺട്രാക്ടർ വെള്ളം വിതരണം ചെയ്യുന്നതിന് ഉപയോഗിച്ച ഓരോ വാഹനവും ഒരു ദിവസം നടത്തിയ ഒന്നിലേറെ ട്രിപ്പുകൾക്ക് ഒരു ട്രിപ് ഷീറ്റ് മാത്രമേ വച്ചിട്ടുള്ളൂ. മാത്രമല്ല ട്രിപ് ഷീറ്റുകളിൽ വാഹനം പുറപ്പെട്ട സമയം, എത്തിയ സമയം എന്നിവ രേഖപ്പെടുത്തിയിട്ടുമില്ല. ആയതിനാൽ ട്രിപ് ഷീറ്റുകളുടെ പരിശോധനയിൽ നിന്നും ഓരോ വാഹനവും നടത്തിയ ട്രിപ്പുകളുടെ ആധികാരികത വ്യക്തമല്ല.

C).വിതരണം നടത്തിയ കുടിവെള്ളത്തിന്റെ സ്രോതസ് ഉറപ്പാക്കിയില്ല.

മേൽ കാലയളവിൽ വരൾച്ച ബാധിച്ച വിവിധ വാർഡുകളിലായി കരാറുകാരൻ കുടിവെള്ളം വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ കരാറുകാരൻ എവിടെ നിന്നുമാണ് കുടിവെള്ളം ശേഖരിച്ച് വിതരണം ചെയ്തത് എന്നതിന്റെ വിശദാംശം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

D).സർക്കാർ ഉത്തരവ് നം.564/2023/LSGD/6.3.23 ലെ ക്രമ നം.(8) പ്രകാരം തുക നൽകുന്നതിന് മുമ്പ് GPS ലോഗും മാന്വൽ ലോഗും സെക്രട്ടറി ക്രോസ്സ് ചെക്ക് ചെയ്യണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അങ്ങനെ ചെയ്തതിന് രേഖകൾ ഇല്ല. ടെണ്ടർ പരസ്യത്തിൽ പ്രധാന നിബന്ധനകളിൽ ക്രമ നം.(17)പ്രകാരം GPS ലോഗും മാന്വൽ ലോഗും തമ്മിൽ യാതൊരു കാരണവശാലും പൊരുത്തക്കേട് ഉണ്ടാകാൻ പാടില്ല. ഇക്കാര്യം കർശനമായി പാലിക്കുന്നതിന് കരാറുകാരൻ ബാധ്യസ്ഥനാണ്. ഇവിടെ ഇവ രണ്ടും പൊരുത്തപ്പെടുന്നില്ല.

E). അധികരിച്ച തുകയ്ക്ക് സർക്കാർ അംഗീകാരം ലഭ്യമായിട്ടില്ല.

വരൾച്ചാ ദുരിതാതാശ്വാസത്തിന്റെ ഭാഗമായി കുടിവെള്ളക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ള വിതരണത്തിനായി 06.03.2023 ലെ സർക്കാർ ഉത്തരവ് (സാധാ)564/2023/ത.സ്വ.ഭ.വ. പ്രകാരം 2023 വർഷത്തിൽ മാർച്ച് മാസം മുതൽ മെയ് മാസം വരെയും 02.06.2023 ലെ സ.ഉ(സാധാ)നം.1153/2023/ LSGD ഉത്തരവ് പ്രകാരം ജൂൺ മാസം മുതൽ മഴ ലഭിക്കുന്നതു വരെയും കുടിവെള്ള വിതരണത്തിനായി സർക്കാർ അനുമതി നൽകിയിട്ടുണ്ട്. മേൽ പരാമർശിച്ച ഉത്തരവ് പ്രകാരം കുടിവെള്ള വിതരണത്തിനായി ഗ്രാമപഞ്ചായത്തുകൾക്ക് 31.03.2023 വരെ 6 ലക്ഷം രൂപയും 01.04.2023 മുതൽ 31.05.2023 വരെ 12 ലക്ഷം രൂപയുമാണ് ചെലവഴിക്കാവുന്നത്. എന്നാൽ കരാറുകാരന് 10.04.2023 മുതൽ കുടിവെള്ളം വിതരണം നടത്തിയതിന് 14,58,000 രൂപ നൽകിയിയിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരമുള്ള തുകയേക്കാൾ അധിക തുക ചെലവഴിക്കുന്നതിനുള്ള അനുമതിയ്ക്കായി അപേക്ഷ നല്കിയിട്ടുമില്ല. സർക്കാർ ഉത്തരവിലെ നിർദ്ദേശാനുസരണം 12,00,000/- രൂപയിൽ പരിമിതപ്പെടുത്തി കരാറുകാരന് തുക നല്കാതെ മുഴുവൻ തുകയും നല്കിയത് ഉത്തരവിന് വിരുദ്ധമാണ്.

F). കുടിവെള്ള വിതരണത്തിന്റെ ചെലവ് തുക ദുരന്ത നിവാരണ നിധിയിൽ നിന്ന് റീക്ലൂപ്പ് ചെയ്യാൻ നടപടി സ്വീകരിച്ചില്ല.

കേരള പഞ്ചായത്ത്‌രാജ് നിയമം 166 വകുപ്പ് പട്ടിക 3 പ്രകാരം പരമ്പരാഗത കുടിവെള്ള സ്രോതസ്സുകൾ

സംരക്ഷിക്കുക എന്നത് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയും ജലവിതരണ പദ്ധതികളുടെ നടത്തിപ്പ് മേഖലാടിസ്ഥാനത്തിലുള്ള ചുമതലയുമാണ്. 23.2.2017 ലെ (സാധാ) നം. 787/2017/ഡി.എം.ഡി നം. ഉത്തരവ് ഖണ്ഡിക 5 പ്രകാരം അതത് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് കുടിവെള്ളം ആവശ്യത്തിന് ലഭ്യമായിട്ടുള്ള പക്ഷം പ്രസ്തുത പ്രദേശങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവരവരുടെ സംവിധാനം ഉപയോഗിച്ച് ജലവിതരണം നടത്താവുന്നതാണ്. 20.06.2019 ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗതീരുമാനം നം 3.12 പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ വരൾച്ച മുതലായ അടിയന്തിര സാഹചര്യങ്ങളിൽ കുടിവെള്ള വിതരണം നടത്തുമ്പോൾ അതിന്റെ ബിൽ തുക ജില്ല കളക്ടർമാർക്ക് നൽകി റീക്ലൂപ്പ് ചെയ്ത് കിട്ടുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 14-8-2019ലെ LSGD-FM3/262/2019-LSGD നമ്പർ കത്തിലൂടെ അക്കാര്യം പഞ്ചായത്ത് ഡയറക്ടറെ അറിയിച്ചിട്ടുണ്ട്. കുടിവെള്ള വിതരണത്തിന് തടസ്സമുണ്ടാകരുത് എന്നതിനാലാണ് ഇക്കാര്യത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന/തനത് ഫണ്ട് ചെലവഴിക്കാൻ സർക്കാർ യഥേഷ്ടാനുമതി നൽകുന്നത്. ചെലവു തുക റീക്ലൂപ്പ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചതിന്റെ വിശദാംശവും ലഭ്യമാക്കിയിട്ടില്ല.

G).ഫുഡ് സേഫ്റ്റി നിയമപ്രകാരമുള്ള വ്യവസ്ഥകൾ ഉറപ്പുവരുത്താതെ കുടിവെള്ള വിതരണംനടത്തി.

2006 ലെ ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് നിയമം വകുപ്പ് 3 (ജെ) പ്രകാരം കുടിവെള്ളം ആഹാരത്തിന്റെ നിർവ്വചനത്തിൽ ഉൾപ്പെടുന്നതാണ്. ടാങ്കർ ലോറികളിലും മറ്റ് വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും കുടിവെള്ളം വിതരണം ചെയ്യുന്നവർ ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് (ലൈസൻസിംഗ് & രജിസ്ട്രേഷൻ) റഗുലേഷൻ നിയമം 2011 പ്രകാരം എഫ്.ബി.ഒ. (FBO- Food Business Operator) ലൈസൻസ് എടുക്കണം. ഇത്തരം ലൈസൻസുള്ള ടാങ്കർ ലോറികളിൽ/ടാങ്കുകളിൽ മാത്രമേ സംസ്ഥാനത്ത് കുടിവെള്ളം വിതരണം/വിൽപ്പന നടത്താൻ പാടുള്ളൂ. കുടിവെള്ള വിതരണത്തിനായി ഏതെങ്കിലും വ്യക്തി ഒന്നിൽ കൂടുതൽ വാഹനങ്ങൾ ഉപയോഗിക്കുന്നുണ്ടെങ്കിൽ ഈ വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പറുകളെ ലൈസൻസിൽ രേഖപ്പെടുത്തി പ്രത്യേകം ലൈസൻസ് എടുത്തിരിക്കണം. കുടിവെള്ളം വിതരണം ചെയ്യുന്ന വാഹനങ്ങളിൽ ഘടിപ്പിച്ചിട്ടുള്ള വാട്ടർ ടാങ്കിലും എഫ്.ബി.ഒ. ലൈസൻസ് നമ്പർ രേഖപ്പെടുത്തണം. എന്നാൽ കുടിവെള്ളം വിതരണം നടത്തിയ വാഹനത്തിന് എഫ്.ബി.ഒ.ലൈസൻസ് എടുത്തതിന്റെ വിശദാംശങ്ങൾ കരാറുകാർ ഹാജരാക്കിയിട്ടില്ല. കുടിവെള്ളം വിതരണം ചെയ്യുന്ന ഉപകരണങ്ങൾ ഹെൽത്ത് ഇൻസ്പെക്ടറെക്കൊണ്ട് പരിശോധന നടത്തിച്ച് റിപ്പോർട്ട് വാങ്ങേണ്ടതാണെന്ന വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല. കരാറുകാർ കുടിവെള്ള വിതരണം നടത്തുന്നതിനായി KL 14 Z-5287, KL 14 Q- 3529, KL 13N-6698 എന്നീ വാഹനങ്ങളാണ് ഉപേയാഗിച്ചിട്ടുള്ളത്. ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ് നിയമം പ്രകാരം കുടിവെള്ളം ശേഖരിക്കുന്ന ടാങ്കറുകളുടെ ഉൾവശം ബിറ്റുമിനാസ്റ്റിക്ക് കോട്ടിങ്ങോ മറ്റ് അനുവദനീയ കോട്ടിങ്ങോ ഉള്ളവയായിരിക്കണം. ആയത് സംബന്ധിച്ച പരിശാധന റിപ്പോർട്ടും ഫയലിൽ ലഭ്യമാക്കിട്ടില്ല.

അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 14,58,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് എൻക്വയറി നം.37/11.12.2024.

**1-43 ഐ. കെ. എം ന് വിഹിതംനൽകൽ-ചെലവു തുകയുടെ രശീതി, വിനിയോഗ വിവരം എന്നിവ ലഭ്യമല്ല.**

ഓഡിറ്റ് വർഷം സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെപ്പറയുന്ന പ്രോജക്ട് പ്രകാരമുള്ള ചെലവുകളുടെ രശീതി, വിനിയോഗ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്ട്നം. | പ്രോജക്ട് | ചെലവു തുക, ഫണ്ട് | കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 1/2023-24 | ഐ. കെ. എം ന് വിഹിതംനൽകൽ | 2,18,538 രൂപ - വികസനഫണ്ട് | ഐ. കെ. എം, തിരുവനന്തപുരം (BRN 23200252000900792313തീയതി 15.11.23 |

ഐ. കെ. എം ന് നല്കിയ 2,18,538 രൂപയുടെ രശീതി, വിനിയോഗ വിവരം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിന വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം.48/12.12.2024.

**1-44 സാമ്പത്തിക സ്ഥിതി വിലയിരുത്താതെ തനതു ഫണ്ട് വകയിരുത്തി പ്രൊജക്കുകൾ ആവിഷ്കരിച്ച് നടപ്പാക്കി.**

ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ പദ്ധതി ചെലവ് പരിശോധിച്ചതിൽ വലിയതോതിൽ തനത് ഫണ്ട് വകയിരുത്തിയാണ് പദ്ധതികളുടെ അടങ്കൽ തുക നിശ്ചയിച്ചിരിക്കുന്നത് എന്ന് വ്യക്തമാകുന്നു. 2023-24ൽ എല്ലാ ഫണ്ടിനങ്ങളിൽ നിന്നും പദ്ധതികൾക്ക് ആകെ ₹26,40,24,755 വകയിരുത്തിയിട്ടുള്ളതിൽ ₹4,89,17,540 തനത് ഫണ്ടാണ്. പദ്ധതി ചെലവ് ₹9,92,84,271 രൂപയിൽ ₹1,18,49,887 തനത് ഫണ്ടിൽ നിന്നുമാണ്.

2023-24 വാർഷിക ധനകാര്യ പത്രിക I-10, I-11, I-12 എന്നിവ പ്രകാരം പഞ്ചായത്തിന്റെ ആവർത്തന ചെലവുകൾക്കായി ₹ 3,04,82,967 ചെലവുണ്ട്. 2023-24 -ലെ തനതു ഫണ്ട് മുന്നിരിപ്പ് ജനറൽ പർപ്പസ് ഗ്രാന്റ് ഉൾപ്പെടെ 3,51,68,007 രൂപയാണുള്ളത്. ഇതിൽ 2022-23 ബാലൻസ് ഷീറ്റ് B-4ൽ ഉൾപ്പെട്ട ചുവടെ ചേർക്കുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളും ഫണ്ടുകളും ഉൾപ്പെടെയുള്ളതാണ് എന്ന് കാണുന്നു.

| അക്കൗണ്ട് ഹെഡ് | തുക | ഫണ്ട് |
|---|---|---|
| 320100101 | 6,89,676 | ARWSS |
| 320100139 | 4,50,000 | NHM |
| 320100148 | 7,80,000 | NPRPD |
| 320100182 | 84,574 | സമ്പൂർണ്ണ ശുചിത്വം |
| 320100196 | 54,91,458 | ഐസിഡിഎസ് |
| 320100198 | 65,84,738 | ശുചിത്വമിഷൻ ഗ്രാന്റ് |
| 320100999 | 17,57,666 | മറ്റ് ബാധ്യതകൾ |
| 320700204 | 25,77,601 | ബ്ലോക്ക്സംയുക്തപ്രോജക്കുകൾക്ക് |
| 320700205 | 11,41,425 | ജില്ല-സംയുക്ത പ്രോജക്കുകൾക്ക് |
| 320800101 | 1,10.450 | ഗുണഭോക്തൃ വീഹിതം |
| ബാലൻസ്ഷീറ്റ്,B-7 പ്രകാരമുള്ള ബാധ്യത | 87,40,144 | Deposit Received |
| ബാലൻസ്ഷീറ്റ്,B-9പ്രകാരമുള്ള ബാധ്യത | 81,83,487 | Other Liabilities |
| ആകെ | 3,65,91,219 | |

ഫലത്തിൽ തനതു ഫണ്ട് യഥാർത്ഥ ബാലൻസ് തുക (-) ബാലൻസ് ആണ്. തനത് ഫണ്ടിന്റെ സാമ്പത്തികസ്ഥിതി അത്ര മെച്ചമല്ലാത്തപ്പോഴും തനത് ഫണ്ടിൽ നിന്നും വലിയ രീതിയിൽ പദ്ധതികൾക്കായി തുക ചെലവഴിച്ചിട്ടുണ്ട്.

1994 ലെ കേരള പഞ്ചായത്ത്രാജ് ആക്ട് സെക്ഷൻ 213 ൽ പഞ്ചായത്ത് ഫണ്ട് ചെലവഴിക്കുന്നത് എന്തിനെല്ലാമാവാമെന്ന് നിർദേശിച്ചിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ) നം. 11/18 ത.സ്വ.ഭ.വ തി 29.1.18 ഖണ്ഡിക 5.1 ൽ പ്രോജക്കുകളുടെ വിഭവസമാഹരണത്തിനുള്ള പൊതു നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൽ ക്രമനമ്പർ 3 പ്രകാരം 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെയും ബന്ധപ്പെട്ട ചട്ടങ്ങളിലെയും വ്യവസ്ഥകൾ പ്രകാരം തനത്/ പൊതുആവശ്യ

ഫണ്ടിൽനിന്നും നിർവഹിക്കേണ്ടതായ അനിവാര്യ ചെലവുകൾക്കും അനുവദനീയമായ മറ്റ് ചെലവുകൾക്കും ആവശ്യമായ തുക ബജറ്റിൽ മാറ്റിവെച്ച ശേഷം മിച്ചമുള്ള തുക മാത്രമെ തനത് ഫണ്ട് സ്രോതസ്സായി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ പാടുള്ളൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ) നം. 84/2022 ത.സ്വ.ഭ.വ തി 19.04.2022 ഖണ്ഡിക 3.4.2ൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താവുന്ന പ്രോജക്ടുകൾ തിരഞ്ഞെടുക്കുന്നതിന് മുമ്പ് വിഭവലഭ്യതസംബന്ധിച്ച് കൃത്യമായ ധാരണ ഉണ്ടാക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. നിർദേശിച്ചതിൽ നിന്നും വ്യതിചലിച്ച് തനത്ഫണ്ട് വകയിരുത്തി ചെലവഴിച്ചതിന് വിശദീകരണം നൽകേണ്ടതാണ്. ഈ വിഷയം ഓഡിറ്റ് എക്സിറ്റ് മീറ്റിംഗിൽ അവതരിപ്പിച്ചിരുന്നു. തുടർ വർഷങ്ങളിൽ ഇക്കാര്യം ശ്രദ്ധിക്കുന്നതാണെന്ന് പ്രസിഡണ്ട് മറുപടി പ്രസംഗത്തിൽ അറിയിക്കുകയുണ്ടായി.

തനത്/ പൊതുആവശ്യ ഫണ്ടിൽനിന്നും നിർവഹിക്കേണ്ടതായ അനിവാര്യ ചെലവുകൾക്ക് തുക നീക്കിവച്ച് ബാക്കി തുക ലഭ്യത ഉറപ്പാക്കി മാത്രം തനത്ഫണ്ട് സ്രോതസ്സായി വാർഷിക പദ്ധതിയിൽ പ്രോജക്ട് ഉൾപ്പെടുത്തുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

### 1-45 തനത് ഫണ്ട് ചെലവിന്റെ വൗച്ചർ പരിശോധനയിൽ കണ്ട അപാകതകൾ .

ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവ്വഹണം നടത്തിയ തനത് ഫണ്ട് ചെലവിന്റെ വൗച്ചർ പരിശോധനയിൽ കണ്ട അപാകതകൾ താഴെ ഉപഖണ്ഡികകളായി വിവരിക്കുന്നു.

### 1-45-1 ക്ലീൻ കേരളാ/ഗ്രീൻ വേംസ് കമ്പനിക്ക് തുക കൈമാറൽ -രേഖകൾ ഹാജരാക്കിയില്ല.

പുന:ചംക്രമണയോഗ്യമല്ലാത്ത അജൈവ മാലിന്യങ്ങൾ ശേഖരിച്ച് നീക്കം ചെയ്തതിന് ക്ലീൻ കേരളാ കമ്പനിക്കും, ഗ്രീൻ വേംസ് കമ്പിനിക്കും 2023-24 വർഷം താഴെ വിവരിക്കും പ്രകാരം തുക നൽകിയിട്ടുണ്ട്.

| JV വൗച്ചർ നം | തുക | തുക കൈമാറിയ സ്ഥാപനം |
|---|---|---|
| 42300398/തീ.29-09-2023 | 58,800 | ക്ലീൻ കേരളാ കമ്പനി |
| 42300438/തീ.06-11-2023 | 29,000 | ക്ലീൻ കേരളാ കമ്പനി |
| 42300579/തീ.08-2-2024 | 1,10,800 | ക്ലീൻ കേരളാ കമ്പനി |
| 42300620/തീ.24-2-2024 | 2,46,080 | ഗ്രീൻ വേംസ് |
| 42301166/തീ.31-3-2024 | 44,086 | ക്ലീൻ കേരളാ കമ്പനി |
| 42301321/തീ.31-3-2024 | 30,200 | ക്ലീൻ കേരളാ കമ്പനി |
| 42301322/തീ.31-3-2024 | 96,000 | ക്ലീൻ കേരളാ കമ്പനി |
| 42301323/തീ.31-3-2024 | 80,600 | ക്ലീൻ കേരളാ കമ്പനി |
| 42301324/തീ.31-3-2024 | 96,000 | ക്ലീൻ കേരളാ കമ്പനി |
| 42301345/തീ.31-3-2024 | 1,95,100 | ക്ലീൻ കേരളാ കമ്പനി |
| 42301376/തീ.31-3-2024 | 1,49,600 | ഗ്രീൻ വേംസ് |
| ആകെ | 11,36,266 രൂപ | |

ഈ ചെലവുമായി ബന്ധപ്പെട്ട് താഴെ കൊടുത്തിട്ടുള്ള അപാകത ഉണ്ടായിട്ടുണ്ട്,

1) ലഗസി മാലിന്യങ്ങൾ ജി.പി.എസ് സംവിധാനം ഉപയോഗിച്ച് നീക്കം ചെയ്തതിന്റെ രേഖകൾ, മാനിഫെസ്റ്റോ, വെയിംഗ് ബ്രിഡ്ജ് രേഖകൾ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3) നീക്കം ചെയ്ത അജൈവ മാലിന്യത്തിന്റെ അളവ് സംബന്ധിച്ച് ഹരിത കർമ്മ സേന അധികൃതർ, വി.ഇ.ഒ, ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് എന്നിവരിൽ നിന്നുമുള്ള പരിശോധന സാക്ഷ്യപത്രം, ഭരണ സമിതി തീരുമാനം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അതിനാൽ കമ്പനി അവകാശപ്പെട്ട അളവിൽ ഗ്രാമപഞ്ചായത്തിൽ നിന്നും മാലിന്യം നീക്കം ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ സാധ്യമല്ല.

രേഖകൾ ഹാജരാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നത് വരെ 11,36,266 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.
ഓഡിറ്റ് എൻക്വയറി നം.48/12.12.2024.

**1-45-2 ജീവനക്കാർക്ക് യാത്രാബത്ത അനുവദിച്ചത് - രേഖകൾ ഹാജരാക്കിയില്ല.**

യാത്രാബത്ത ഇനത്തിൽ താഴെ കൊടുത്ത പ്രകാരം 2023-24 വർഷം തുക ചെലവഴിച്ചിട്ടുണ്ട്.

| JV വൗച്ചർ നം | തുക | റിമാർക്സ് |
|---|---|---|
| 42300144/തീ.31-05-2023 | 15,126 | Travelling Allowances - Secretary |
| 42300239/തീ.31-05-2023 | 56,670 | Travelling Allowances - Permanent Staff |
| 42301150/തീ.31-03-2024 | 7,265 | Travelling Allowances - Permanent Staff |
| 42301207/തീ.31-03-2024 | 18,530 | Travelling Allowances - Permanent Staff |
| 42301208/തീ.31-03-2024 | 7,265 | Travelling Allowances - Permanent Staff |
| 42301226/തീ.31-03-2024 | 10,305 | Travelling Allowances - Permanent Staff |
| 42300082/തീ.31-03-2024 | 44,002 | Travelling Allowances - Contract Staff Mgnregs |
| ആകെ | 1,59,163 രൂപ. | |

എന്നാൽ തുക കൈപ്പറ്റിയ ആരും തന്നെ യാത്രാ ബത്ത ക്ലെയിം ചെയ്തു കൊണ്ടുള്ള യാത്രാ ഡയറി സമർപ്പിച്ചിട്ടില്ലെന്ന് ഫയലിൽ നിന്നും വ്യക്തമാകുന്നു. ഓരോ മാസവും ഒന്നാം തീയതി മുൻമാസത്തെ യാത്രാബത്തയുടെ ക്ലെയിമിന് അർഹത വരും എന്നിരിക്കെ യാത്രാ ഡയറി നല്കി ഇത് ക്ലെയിം ചെയ്യേണ്ടതാണ്. ഇപ്രകാരം ക്ലെയിം സമർപ്പിക്കാതെ ജീവനക്കാരുടെ യാത്രാവിവരവും അർഹതപ്പെട്ട യാത്രാബത്തയും എപ്രകാരം അനുവദിച്ചുവെന്ന് വ്യക്തമല്ല. ക്ലെയിം ചെയ്യാതെ ബത്ത നല്കിയതിന് വിശദീകരണം, തുക നൽകുന്നതിന് ആധാരമായി ജീവനക്കാരുടെ യാത്രാഡയറി, യാത്രാഡയറിക്ക് ഭരണസമിതി അംഗീകാരം നൽകിയതിന്റെ രേഖകൾ എന്നിവ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നത് വരെ 1,59,163 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.
ഓഡിറ്റ് എൻക്വയറി നം. 48/12.12.2024.

**1-45-3 തനത് ഫണ്ടുകളുടെ വൗച്ചർ പരിശോധന- -രേഖകൾ ഹാജരാക്കിയില്ല.**

ഓഡിറ്റ് വർഷത്തെ തനത് ഫണ്ടുകളുടെ വൗച്ചർ പരിശോധനയിൽ താഴെ വിവരിക്കുന്ന ചെലവ് തുകകളോടൊപ്പം അനുബന്ധ രേഖകൾ ഉൾപ്പെടുത്തിയതായി കാണുന്നില്ല,

| വൗച്ചർ നം & തീയതി | തുക | തുക നല്കിയതിന്റെ വിവരം |
|---|---|---|
| 22300818/ തീ.31.3.2024 | 93,960 | PRINTING CHARGE TO LATHEEFIYA |
| 22301238/ തീ.31.3.2024 | 35,000 | PAYMENT TO SADIK FOR PETTY WORK |
| 22301010/ തീ.28.3.2024 | 12,163 | Electrification Of EMS Smaraka Granthalayam, Kumbla |
| 22301119/ തീ.31.3.2024 | 62,769 | Other Office Maintenance Expenses |
| 22300999/ തീ.31.3.2024 | 38,790 | PAYMENT TO KASARGOD DISTIRICT PRINTING AND PUBLISHING SOCIETY |
| 22301051/ | 16,000 | Extra - Ordinary Expenses |

| | | |
|---|---|---|
| തീ.24.2.2024 | | |
| 22201124/ തീ.31.3.2024 | 30,000 | PRINCIPAL DIRECTOR IN CONNECTION WITH PANCHAYAT DAY CELEBRATION |
| 22300835/ തീ.31.3.2024 | 20,560 | ELECTRICAL WORK PAYMENT |
| 22300238/ തീ.31.3.2024 | 10,000 | PAYMENT TO AGRICULTURAL OFFICER FOR WET LAND DAY CELEBRATION |
| 22301138/ തീ.22-12-2023 | 22,450 | Consumption Of Stores - Other Stores |
| 22301223/ തീ.8.6.2023 | 10,000 | Petty Work Ward 19 Mglc Building Maintenance Work |
| 22300574/ തീ.31.3.2024 | 9,600 | Repairs & Maintenance – Buildings Payment To Abdulla B Octo 2023 |
| 22301118/ തീ.31.3.2024 | 11,311 | Repairs & Maintenance – Buildings - Others (Not Included In Plan) |
| 22300525/ തീ.13.3.2024 | 9,500 | Repairs & Maintenance - Earthen Roads (Not Included In Plan) |
| 22300301/ തീ.23.8.2023 | 10,000 | Earthen Roads (Not Included In Plan Repairs & Maintenance Lanes - Earthen |
| 22301100/ തീ.31.3.2024 | 9,200 | Repairs & Maintenance - Drinking Water Pipe Lines |
| 22301141/ തീ.31.3.2024 | 30,960 | CENTAGE CHARGE TO WATER AUTHORITY |
| 22300660/ തീ.13.3.2024 | 15,000 | Other Operating & Maintenance Expenses - Ward 11 Canam Thod Repair. |
| 22300991/ തീ.6.3.2024 | 26,150 | Other Finance Expenses |
| 2231104/ തീ.12.9.2023 | 2,47,700 | Terminal Leave Encashment-Permanent Staff - **Padmanabha K** |
| 22300989/ തീ.6.3.2024 | 84,424 | Terminal Leave Encashment-Permanent Staff - **Maimoona K** |
| ചെക്ക് നം 803658/ തീ.8.11.2023- SBI | 7,92,000 | 11 തോണിയുടെ വാടക ഇനത്തിൽ 2022 എപ്രിൽ മുതൽ 2023 സപ്തംബർ മാസം വരെയുള്ള 18 മാസത്തെ തുക. ഒരു തോണിക്ക് ഒരു മാസം 4000 രൂപ തോതിൽ നൽകിയതായി കാണുന്നു. ഈ ചെലവുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങളുടെ രേഖകൾ, സർക്കാർ ഉത്തരവുകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. |
| 22301000/ തീ.25.3.2024 | 12,163 | EMS സ്മാരക ഗ്രന്ഥാലയം കുമ്പളയ്ക്ക് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനു വേണ്ടി KSEB-യ്ക്ക് നല്കിയ തുക. |
| 22301026/ തീ.23.3.2024 22301027/ | 17,141 2,477 | MGLC മുളിയടുക്കയിൽ പ്ലംബിംഗ്, ഇലക്ട്രിക്കൽ വയറിംഗ് ജോലി- അബ്ദുള്ളകുഞ്ഞി എന്നവർക്ക് നല്കിയ തുക. |

| | | |
|---|---|---|
| തീ.23.3.2024 | | |
| 22301009/ തീ.31.3.2024 | 64,000 | കുമ്പള-ബദിയഡുക്ക റോഡിലെ ഡ്രൈനേജിൽ നിന്ന് മാലിന്യം നീക്കം ചെയ്തതിന് നല്കിയ തുക. മുഹമ്മദ് ജാബിർ എന്നവർക്ക് നല്കി. |
| 22300971/ തീ.18.3.2024 | 10,000 | 7ാം വാർഡിലെ കിട്ടൂർ LP സ്കൂളിന്റെ 50ാം വാർഷികാഘോഷം- പെയ്ന്റിംഗിന് നല്കിയ തുക. |
| 22300958/ തീ.14.3.2024 | 9,500 | ഇച്ചിലംപാടി വാർഡിലെ കഞ്ചിക്കട്ട-കോട്ടേക്കാർ റോഡിലേക്ക് മണ്ണിടിഞ്ഞ് വീണ് വാഹനഗതാഗതം തടസ്സപ്പെട്ടപ്പോൾ JCB ഉപയോഗിച്ച മണ്ണ് നീക്കം ചെയ്തതിന് നല്കിയ തുക. MADHU EARTH MOVERS എന്നവർക്ക് 10 ലോഡ് മണ്ണ് നീക്കം ചെയ്തതിന് നല്കിയത്. |
| 22300957/ തീ.14.3.2024 | 15,000 | മുജങ്കാവ് വാർഡിലെ കാനം തോടിന് കുറുകെയുള്ള വിസിബിയുടെ അറ്റകുറ്റപ്പണി. |
| 22300883/ തീ.27.2.2024 | 16,000 | കോയിപ്പാടി കടപ്പുറത്തെ കുടിവെള്ള പദ്ധതിയുടെ മോട്ടോർ റിപ്പയർ- ഹമീദ് എം, കോയിപ്പാടി കടപ്പുറം കുടിവെള്ള പദ്ധതിയ്ക്ക് നല്കിയ തുക. |
| 22300983/ തീ.6.3.2024 | 14,700 | MCF ക്ലീനിംഗ് ചാർജ്ജ് ഇനത്തിൽ ഹരിതകർമ്മ സേനയ്ക്ക് നല്കിയ തുക. |
| 22300260/ തീ.26.5.2023 | 10,900 | കുമ്പള ടൗണിൽ നിന്നും മാലിന്യം നീക്കം ചെയ്ത വകയിൽ JCB, ടിപ്പർ വാടക- മൊയ്തീൻ കുഞ്ഞിക്ക് നല്കിയത്- 16.5.2023-ലെ അപേക്ഷ. |
| 22300835/ തീ.31.1.2024 | 20,560 | കുമ്പള ഫിഷ് മാർക്കറ്റിൽ പ്ലംബിംഗ്, വയറിംഗ് ജോലികൾ - ശ്രീ.അബ്ദുള്ള കുഞ്ഞി ടിയ്ക്ക് നല്കിയ തുക. |
| 22300149/ തീ.6.5.2023 | 24,850 | MCF ക്ലീനിംഗ് ചാർജ്ജ് ഇനത്തിൽ ഹരിതകർമ്മ സേനയ്ക്ക് നല്കിയ തുക. |
| ആകെ | 18,15,328 | |

മേൽ വിവരിച്ച തുകകൾ 2023-24 വർഷം നല്കിയവയാണ്. എന്നാൽ ചെലവുകളുമായി ബന്ധപ്പെട്ട അനുബന്ധ രേഖകൾ ഫയലില്ല. ILGMS-ലും പേയ്മെന്റ് വൗച്ചറോടൊപ്പം അറ്റാച്ച് ചെയ്തിട്ടില്ല. രേഖകൾ ഹാജരാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നത് വരെ 18,15,328 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.
ഓഡിറ്റ് എൻക്വയറി നം.42/12.12.2024.

**1-45-4 പഞ്ചായത്ത് വാഹനത്തിന്റെ ഇൻഷൂറൻസ്-സർക്കാർ നിർദ്ദേശം പാലിച്ചില്ല .**

JV-വൗച്ചർ നമ്പർ 42301186/31.03.2024 പ്രകാരം 18,905/- രൂപ പഞ്ചായത്ത് വാഹനത്തിന്റെ (KL 14Z-1038, MAHINDRA-BOLERO) ഇൻഷൂറൻസ് പുതുക്കുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. ദ ഓറിയന്റൽ ഇൻഷൂറൻസ് കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനത്തിലാണ് വാഹനം ഇൻഷൂറൻസ് ചെയ്തിരിക്കുന്നത് (Policy Number .443401/31/2024/3236). 18.04.2000-ലെ ജി.ഒ.(പി)നം.819/2020/ഫിൻ പ്രകാരം സർക്കാർ വാഹനങ്ങളുടെ ഇൻഷൂറൻസ് പോളിസി കേരള സ്റ്റേറ്റ് ഇൻഷൂറൻസ് വകുപ്പ് മുഖേന എടുക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശം പാലിക്കാതെ ദ ഓറിയന്റൽ ഇൻഷൂറൻസ് കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ പഞ്ചായത്ത് വാഹനം ഇൻഷൂറൻസ് ചെയ്തതിന് വിശദീകരണം നല്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം.48/12.12.2024.

**1-46 കുടിവെള്ള കരം പഞ്ചായത്തിന്റെ വരുമാനം ഗണ്യമായി ചോർത്തുന്നു.**

വാട്ടർ അതോറിറ്റിയുടെ മാർച്ച് 2023 ലെ ഡിമാൻഡ് നോട്ടീസ് /ബിൽ നം: 76010/തീ.12.07.2023 പ്രകാരം പഞ്ചായത്തിൽ 186 സ്ട്രീറ്റ് ടാപ്പുകൾ ആണുള്ളത്. ഒരു ടാപ്പിന് 14,559.12 രൂപയാണ് നിരക്ക്. ഒരു

മാസത്തേക്കുള്ള ഡിമാൻഡ് 2,25,665 രൂപയാണ്(ബിൽ നം: 76010/ 12.07.2023). 2023-24 വർഷം 24,82,315 രൂപയാണ് വെള്ളക്കരം ഇനത്തിൽ അടവാക്കിയത്. കൂടാതെ കുടിശ്ശികയും ഫൈനും നാൾക്കുനാൾ കൂടുകയും ചെയ്യുന്നു. ജൂലൈ മാസത്തെ ബില്ലിൽ (ബിൽ നം-76010/12.07.23) ഫൈനും കുടിശ്ശികയും കൂടി ഉൾപ്പെടുത്തി താഴെചേർക്കും പ്രകാരം തുക വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്തു.

| | |
|---|---|
| 30.06.23 ലെ ക്ലോസിംഗ് ബാലൻസ് | 1,25,55,496 |
| ഫൈൻ | 2,46,279 |
| തൻമാസത്തെ ഡിമാന്റ് | 2,25,665 |
| ആകെ | 1,30,27,440 |

വാട്ടർ അതോറിറ്റിയുമായി ചേർന്ന് പൊതുടാപ്പുകളുടെ സംയുക്തപരിശോധന നടത്തിയതിൽ പരിശോധന റിപ്പോർട്ട് പ്രകാരം പഞ്ചായത്ത് പരിധിയിൽ 101 ടാപ്പുകൾ ആണുള്ളതെന്ന് കണ്ടെത്തിയിട്ടുണ്ട്. വെള്ളക്കരക്കുടിശ്ശിക അധികമായി വരുന്ന സാഹചര്യത്തിലും വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം കണക്കാക്കിയിട്ടുണ്ടെങ്കിലും കണ്ടെത്താൻ സാധിക്കാത്ത 85 ടാപ്പുകൾ ഡിമാന്റിൽ നിന്നും ഒഴിവാക്കാൻ വേണ്ട നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. കുടിശ്ശിക ഇനത്തിലെ തുകയിൽ വൻ വർദ്ധന വർഷന്തോറും കൂടി വരികയും ചെയ്യുന്നു. മാത്രമല്ല ഇത്രയും വലിയ കുടിശിക വരുവാൻ ഉണ്ടായ സാഹചര്യം ഇതുവരെയും പരിശോധിച്ചിട്ടുമില്ല. 2022-23 വർഷം വെള്ളക്കരം കുടിശ്ശിക തീർക്കുന്നതിനായി സി എഫ് സി ഫണ്ടിൽ നിന്നും 54,83,900 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. അടിസ്ഥാനരഹിതമായി ഡിമാന്റ് ചെയ്യുന്ന ഫൈൻ തുക ബില്ലിൽ നിന്നൊഴിവാക്കി കിട്ടുന്നതിലേയ്ക്ക് സർക്കാർ തലത്തിൽ ബന്ധപ്പെട്ട് നടപടി സ്വീകരിക്കേണ്ടതാണ്. ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്ന പദ്ധതികൾ മാത്രം ഏറ്റെടുക്കേണ്ടതും, സംയുക്ത പരിശോധന നടത്തി കണ്ടെത്തിയ 85 ഉപയോഗശൂന്യമായ പൊതുടാപ്പുകൾ നിർത്തലാക്കേണ്ടതുമാണ്. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കും ജനങ്ങളുടെയും ജീവനക്കാരുടെയും ക്ഷേമത്തിനും വിനിയോഗിക്കേണ്ട തുക പാഴാക്കി കളയാതിരിക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും വെള്ളക്കര കുടിശ്ശിക തീർപ്പാക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതുമാണ്.

## 1-47 SSK വിഹിതം അടവാക്കൽ പദ്ധതി -അപാകതകൾ .

പ്രധാന അധ്യാപകൻ നിർവ്വഹണോദ്യോഗസ്ഥയായ പദ്ധതി നം. 12/2023-24 - എസ്.എസ്.എ വിഹിതം അടവാക്കൽ പദ്ധതി മുഖേന താഴെ പറയും പ്രകാരം ₹ 14,00,000 രൂപ State Project Officer-SSK ക്ക് നൽകിയിട്ടുണ്ട്.

| പ്രോജക്ട് | ചെലവഴിച്ച തുക | ബിൽ നമ്പർ |
|---|---|---|
| എസ്.എസ്.കെ വിഹിതം-141/2023-24 | 14,00,000 | 23200252026801290168/തീ.23.2.2024 (വികസന ഫണ്ട് ) |

പദ്ധതി ആസൂത്രണ മാർഗ്ഗരേഖ GO(MS) 84/2022/LSGD Dt 19.04.2022 (ഖ 8.6(3),(4),(5) പ്രകാരം എസ്.എസ്.കെ. (സമഗ്ര ശിക്ഷ കേരളം) പ്രോജക്ടിന്റെ കർമ്മ പരിപാടി തയ്യാറാക്കുന്നതും നടപ്പിലാക്കുന്നതും തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ പങ്കാളിത്തത്തോടെയായിരിക്കണം. പ്രോജക്ട് പൂർത്തീകരണത്തിന് ശേഷം സമഗ്ര ശിക്ഷ കേരളം വിശദാംശങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിന് നൽകേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ സമഗ്രശിക്ഷാ കേരളം പ്രോജക്ടിന് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ/പരിപാടികൾ എന്താണ് എന്നീ വിവരങ്ങൾ അതത് തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ. പ്രോജക്ട് ഓഫീസർ അറിയിക്കണം. എസ്.എസ്.കെ. വിഹിതവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതവും ചേർത്ത് നടപ്പാക്കുന്ന വികസന പദ്ധതികളിൽ തദ്ദേശഭരണസ്ഥാപനങ്ങളുടെ ഭാരവാഹികളുടെ അടക്കമുള്ള പങ്കാളിത്തം എസ്.എസ്.കെ.

ഉറപ്പാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടു ചെലവഴിക്കുമ്പോൾ അതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് (Ultation Certificate) സമഗ്രശിക്ഷാ കേരളത്തിൽ നിന്നു കൃത്യമായി നല്കണം. പ്രോജക്ട് നടത്തിപ്പ് രേഖകൾ പരിശോധിച്ചതിൽ താഴെ പരാമർശിക്കുന്ന അപാകതകൾ കാണുകയുണ്ടായി,

1. പദ്ധതി തയ്യാറാക്കുന്നതിൽ പഞ്ചായത്തിന്റെ പങ്കാളിത്തം ഉറപ്പ് വരുത്തിയിട്ടില്ല. ജി.ഒ (എം.എസ്) 84/2022 തി. 19-04-2022, ഖണ്ഡിക8-6 (3),(4),(5) പ്രകാരം നിർദ്ദേശിച്ചിട്ടുള്ള, എസ്.എസ്.കെ പ്രോജക്ടുകൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക് വ്യക്തമാക്കുന്ന രേഖകൾ ഫയലിൽ ലഭ്യമല്ല.

2. പൂർത്തീകരിച്ച പദ്ധതിയുടെ വിശദാംശങ്ങൾ പഞ്ചായത്തിന് നൽകിയിട്ടില്ല.

3. ഓരോ സ്കൂളുകളിലും നടപ്പാക്കിയ പ്രവർത്തനങ്ങൾ പഞ്ചായത്തിനെ അറിയിച്ചതായി കാണുന്നില്ല.

4. വികസന പദ്ധതികളിൽ പഞ്ചായത്ത് ഭാരവാഹികളുടെ പങ്കാളിത്തം ഉറപ്പാക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

5. പ്രോജക്ടിന്റെ വിശദമായ വിനിയോഗ സർട്ടിഫിക്കറ്റ് SSK നൽകിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് നിർവ്വഹണ ഉദ്യോഗസ്ഥൻ ജി.ഒ (എം.എസ്) 84/2022 തി. 19-04-2022, ഖണ്ഡിക 8-6 (3), (4), (5) പ്രകാരം നിർദ്ദേശിച്ചിട്ടുള്ള, എസ്.എസ്.കെ പ്രോജക്ടുകൾ തയ്യാറാക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പങ്ക് വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കുകയോ ഇത് സംബന്ധിച്ച അപാകതകൾക്ക് മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ഖണ്ഡികയിലെ ക്രമ നം. 1,2,3,4 എന്നിവയിലെ അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും ഗ്രാമപഞ്ചായത്തിലെ ഏതൊക്കെ സ്കൂളുകളിൽ ഏതൊക്കെ കാര്യങ്ങൾക്ക് എത്രവീതം തുക SSK ചെലവഴിച്ചു തുടങ്ങിയ വിവരങ്ങളുൾപ്പെടുന്ന വിശദമായ വിനിയോഗ സാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്. മേൽ വിവരങ്ങൾ ലഭ്യമാക്കുന്നതുവരെ ചെലവ് തുക ₹ 14,00,000 തടസ്സം ചെയ്യുന്നു.
ഓഡിറ്റ് എൻക്വയറി നം.30/10.12.2024.

## 1-48 തുല്യത കോഴ്സ് ഫീസ് നൽകൽ-രേഖകൾ ഹാജരാക്കിയില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രധാനാധ്യാപകൻ |
| പ്രോജക്ട് നമ്പർ | 421/24 – തുടർ വിദ്യാഭ്യാസം |
| അടങ്കൽ | 2,00,000 രൂപ (തനത് ഫണ്ട്) |
| ചെലവ് | 1,70,450രൂപ |

മേൽ പ്രോജക്ട് പ്രകാരം പത്താംതരം തുല്യതക്കായി 47 പഠിതാക്കളുടെ പരീക്ഷ ഫീസ് ഇനത്തിൽ 91,650 രൂപയും, ഹയർസെക്കണ്ടറി ഒന്നാം വർഷ തുല്യത കോഴ്സിനായി 25 പഠിതാക്കളുടെ പരീക്ഷ ഫീസ് ഇനത്തിൽ 65,000 രൂപയും, ഹയർസെക്കണ്ടറി രണ്ടാം വർഷ തുല്യത കോഴ്സിനായി 6 പഠിതാക്കളുടെ പരീക്ഷ ഫീസ് ഇനത്തിൽ 13,800 രൂപയും അടക്കം ആകെ 1,70,450രൂപ സാക്ഷരതാ മിഷനിൽ ഒടുക്കി. ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

എ) പതിനാലാം പഞ്ചവത്സര പദ്ധതി - സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ സ.ഉ (കൈ) 115/2022 ത.സ്വ.ഭ.വ, തീയ്യതി. 28.5.2022 ഖണ്ഡിക 2.15(2) ലെ നിർദ്ദേശങ്ങൾ പ്രകാരം പൊതുവിഭാഗത്തിൽ ഉൾപ്പെടുന്ന പഠിതാക്കളുടെ കുടുംബ വാർഷിക വരുമാന പരിധി രണ്ട് ലക്ഷം രൂപയിൽ അധികരിക്കുന്നില്ലെന്ന് തെളിയിക്കുന്ന രേഖകൾ.

ബി) തുല്യതാ പഠനഫീസ് അനുവദിച്ച ഗുണഭോക്താക്കളുടെ പേര്, വിലാസം, രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ.

സി) തുല്യതാ പഠനഫീസ് അനുവദിച്ച ഗുണഭോക്താക്കൾ പരീക്ഷക്ക് ഹാജരായതിന്റെ രേഖകൾ (ഹാൾടിക്കറ്റ്, മാർക്ക് ലിസ്റ്റ് മുതലായവ). പ്ലസ് ടു വിഭാഗം തുല്യതാപരീക്ഷക്കായുള്ള പഠിതാക്കളുടെ പരിശീലന ക്ലാസ്സുകളുടെ വിവരങ്ങൾ, ഗുണഭോക്താക്കൾ കോഴ്സ് പൂർത്തിയാക്കിയതിന്റെയും രേഖകൾ.

ഡി) ഗുണഭോക്താക്കൾ ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടുന്നവരാണെങ്കിൽ വിശദാംശങ്ങൾ.

ഇ) പ്രോജക്ട് സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ട്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ തനത് ഫണ്ടിൽ നിന്നും പിൻവലിച്ച 1,70,450 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് എൻക്വയറി നം.30/10.12.2024.

## 1-49 കേരളോത്സവം നടത്തിപ്പ് - ചെലവ് രേഖകൾ പൂർണ്ണമല്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രധാനാധ്യാപകൻ |
| പ്രോജക്ട് നമ്പർ | 13/24- കേരളോത്സവം |
| അടങ്കൽ | 1,50,000 രൂപ (തനത് ഫണ്ട്) |
| ചെലവ് | 1,43,230 രൂപ |

| ചെലവ് തുക | | ചെലവ് വിവിരം |
|---|---|---|
| 97,520 | 43,060 | G K ഡക്കറേഷന് നല്കിയ തുക. |
| | 54,460 | BRAND SPORTS-ന് വിവിധ കളിയുപകരണങ്ങൾ, മെഡൽ, എന്നിവ വാങ്ങിയത്. ബില്ല് നം. ഇല്ല/തീ.9.11.2023). |
| 14,010 | 14,010 | ലത്തീഫിയ പ്രിന്റിംഗ് & പബ്ലിഷിംഗ് -ന് നല്കിയ തുക. |
| 19,700 | 6,200 | കേരളോത്സവം- ഫുട്ബോൾ മത്സരം ചെലവ്. അബ്ദുൾ റിയാസിന് നല്കിയ തുക. |
| | 13,500 | കേരളോത്സവം- വിവിധ മത്സര ചെലവ്. താഹിറ യു.പിക്ക് നല്കിയ തുക. |
| 2,000 | 2,000 | കേരളോത്സവം- കബഡി മത്സര ചെലവ്. താഹിറ യു.പിക്ക് നല്കിയ തുക. |
| 10,000 | 5,870 | കേരളോത്സവം- വിവിധ മത്സര ചെലവ്. താഹിറ യു.പിക്ക് നല്കിയ തുക. |
| | 2,530 | BRAND SPORTS-ന് വിവിധ സാധനങ്ങൾ വാങ്ങിയത്. ബില്ല് നം. 92/തീ.ഇല്ല ). |
| | 1,600 | SPORTS WINNER എന്ന സ്ഥാപനത്തിൽ നിന്ന് ക്രിക്കറ്റ് ബാറ്റ് വാങ്ങിയതിന്റെ ചെലവ്. ബില്ല് നം. 373/തീ.9.10.2023. |
| ആകെ | 1,43,230 | |

മേൽ പ്രകാരമുള്ള ചെലവുകളിൽ കണ്ട അപാകതകൾ താഴെ വിവരിക്കുന്നു.

1. ബിൽ പ്രകാരം വാങ്ങിയ സ്പോർട്സ് ഇനങ്ങളുടെ വിതരണ വിശദാംശങ്ങൾ ഹാജരാക്കിയിട്ടില്ല. പദ്ധതി നടത്തിപ്പിനായി വാങ്ങിയ സാധനസാമഗ്രികൾ സ്റ്റോക്കിൽ ചേർത്തതിന്റെയോ വിതരണം ചെയ്തതിന്റെയോ വിവരങ്ങൾ ലഭ്യമല്ല.

2. വിവിധ വൗച്ചറുകളിൽ ഒപ്പുവെച്ചത് വിവിധ സ്പോർട്സ് ഇനങ്ങളുമായി ബന്ധപ്പെട്ടവരാണെങ്കിലും പണം നൽകിയിട്ടുള്ളത് താഹിറ യു.പി, അബ്ദുൾ റിയാസ് എന്നവരുടെ അക്കൗണ്ടിലേക്കാണ്.

3. കേരളോത്സവം പദ്ധതിയുടെ ഫയൽ പരിശോധിച്ചപ്പോൾ, സംഘാടകസമിതി അംഗങ്ങളുടെ വിവരങ്ങൾ, മിനിറ്റ്സ് ബുക്ക്, വരവ് ചെലവ് കണക്കുകളും അനുബന്ധ രേഖകളും, നോട്ടീസുകൾ, അറിയിപ്പുകൾ, മത്സരങ്ങളുടെ സമയക്രമം സംബന്ധിച്ച അറിയിപ്പുകൾ, നോട്ടീസുകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ചേർത്ത ന്യൂനതകൾ പരിഹരിച്ച് പദ്ധതിയുമായി ബന്ധപ്പെട്ട അനുബന്ധ രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറിക്ക് നം.30/10.12.2024.

**1-50 കൃഷി ഓഫീസറുടെ പ്രോജക്ടുകൾ- സബ്സിഡി തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ക്രഡിറ്റായില്ല.**

| നിർവഹണഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ | |
|---|---|---|
| പ്രോജക്ട് നം. & പേര് | 26/23-24, സമഗ്ര തെങ്ങ് കൃഷി വികസനം | 27/23-24, സമഗ്ര കവുങ്ങ് കൃഷി വികസനം |
| അടങ്കൽ | ₹20,00,021 (വികസന ഫണ്ട് പൊതുവിഭാഗം)+ ₹6,66,674 (മറ്റുള്ളവ)ആകെ ₹26,66,695 | ₹18,51,987 (വികസന ഫണ്ട് പൊതുവിഭാഗം)+ ₹23,200 (തനത്ഫണ്ട്) + ₹6,25.062 (മറ്റുള്ളവ).ആകെ ₹25,00,249 |
| ചെലവ് തുക | ₹19,83,956. വികസന ഫണ്ട് പൊതുവിഭാഗം | ₹10,57,583. വികസന ഫണ്ട് പൊതുവിഭാഗം |

കുമ്പള ഗ്രാമ പഞ്ചായത്തിൽ കൃഷി ഓഫീസർ നിർവഹണോദ്യോഗസ്ഥയായി 2023-24 സാമ്പത്തിക വർഷം നടപ്പാക്കിയ മേൽ പദ്ധതികൾ പ്രകാരം ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേയ്ക്ക് സബ്സിഡി തുക നല്കുന്നതിനായി ട്രഷറിയിൽ ബിൽ നല്കിയിരുന്നു. എന്നാൽ വെബ് സാംഖ്യയിൽ നിന്നുള്ള രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കളുടെ പേരിലുള്ള അക്കൗണ്ടിലേയ്ക്ക് തുക ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടില്ലായെന്ന് ശ്രദ്ധയിൽപ്പെട്ടു.

| ക്രമ നം. | ഗുണഭോക്താവ് | തുക |
|---|---|---|
| പ്രോജക്ട്.നം-26/23-24-സമഗ്ര തെങ്ങ് കൃഷി വികസനം., ബിൽ റെഫറൻസ് നം.2320025213601063853/തീ.12.1.24.- 6,61,757/-രൂപ | | |
| 1 | സി എം ഖാലിദ് | 6,244 രൂപ |
| 2 | സി എം മുഹമ്മദ് | 1,969 രൂപ |
| 3 | കെ എം ഇബ്രാഹിം | 5,906 രൂപ |
| 4 | കലാവതി ബി | 1,575 രൂപ |
| 5 | സുശീല | 1,575 രൂപ |
| 6 | മുഹമ്മദ് എം | 2,362 രൂപ |
| ബിൽ റെഫറൻസ് നം.2320025213601073877/തീ.16.1.24.- 51,177/-രൂപ | | |
| 1 | സി എം ഖാലിദ് | 563 രൂപ |
| 2 | സി എം മുഹമ്മദ് | 169 രൂപ |
| 3 | കെ എം ഇബ്രാഹിം | 506 രൂപ |
| 4 | കലാവതി ബി | 135 രൂപ |
| 5 | സുശീല | 1,69 രൂപ |
| 6 | മുഹമ്മദ് റഫീഖ് | 572 രൂപ |
| 7 | മുഹമ്മദ് എം | 206 രൂപ |

| | | |
|---|---|---|
| ബിൽ റെഫറൻസ് നം.23200252136011223272/തീ.27.1.24. 73,870/- രൂപ | | |
| 1 | കെ വി നാരായണദാസ് | 571 രൂപ |
| **പ്രോജക്ട് നം.27/23-24, സമഗ്ര കവുങ്ങ് കൃഷി വികസനം,** ബിൽ റെഫറൻസ് നം.2320025213601002972/തീ.30.12.23- 2,86,278/-രൂപ | | |
| 1 | മുഹമ്മദ് | 1,500 രൂപ |
| 2 | മൊയ്തീൻ കുട്ടി | 2,498 രൂപ |
| ബിൽ റെഫറൻസ് നം.2320025213601021691/തീ.4.1.24- 1,41,089/- രൂപ | | |
| 1 | സി എം ഖാലിദ് | 2,625 രൂപ |
| ബിൽ റെഫറൻസ് നം.2320025213601063948/തീ.22.1.24- 1,11,580/- രൂപ | | |
| 1 | സി എം ഖാലിദ് | 183 രൂപ |
| 2 | മുഹമ്മദ് | 108 രൂപ |
| 3 | മൊയ്തീൻ കുട്ടി | 489 രൂപ |

സാംഖ്യയിൽ Fund Returned To Govt. എന്ന സ്റ്റാറ്റസ് ആണുള്ളത്. സബ്സിഡി തുക ഗുണഭോക്താക്കൾക്ക് ലഭ്യമായിട്ടില്ലെങ്കിൽ ആയത് ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 29/10.12.2024.

**1-51 മാർഗരേഖയിലെ നിബന്ധനയ്ക്ക് വിരുദ്ധമായി വാങ്ങൽ നടത്തി.**

നിർവഹണ ഉദ്യോഗസ്ഥൻ - കൃഷി ഓഫീസർ.

| ക്രമ നം. | പ്രോജക്ട്നം. | പേര് | ആകെചെലവ് | BR No. | വാങ്ങിയ സാധനങ്ങൾ |
|---|---|---|---|---|---|
| 1 | 09/24 | ഞങ്ങളും കൃഷിയിലേക്ക്- ഇടവിള കൃഷി | 300000 (വികസന ഫണ്ട്) | 1,00,000 രൂപ, 23200252013601273069/ തീ.26.2.2024 | ഇക്കോ ഷോപ്പ് നീലേശ്വര ത്തിന്റെ ബിൽ നം.781/21.2.204പ്രകാരം 2000 Kg ചേനവിത്ത് കിലോയ്ക്ക് 50 രൂപ നിരക്കിൽ നേരിട്ട് വാങ്ങി. |
| | | | | 1,00,000 രൂപ, 23200252013601291732/ തീ.28.2.2024 | ഇക്കോ ഷോപ്പ് നീലേശ്വര ത്തിന്റെ ബിൽ നം.780/21.2.204പ്രകാരം 1667 Kg മഞ്ഞൾവിത്ത് കിലോയ്ക്ക് 60 രൂപ നിരക്കിൽ നേരിട്ട് വാങ്ങി. |
| | | | | 1,00,000 രൂപ, | ഇക്കോ ഷോപ്പ് |

| | | | | | |
|---|---|---|---|---|---|
| | | | | 23200252013600890503/ തീ.5.12.2023 | നീലേശ്വര ത്തിന്റെ ബിൽ നം.716/ 6.11.2023പ്രകാരം 5000 നേന്ത്രൻ വാഴക്കന്ന് 20 രൂപ നിരക്കിൽ നേരിട്ട് വാങ്ങി. |
| 2 | 112/24 | പയർ വർഗ്ഗം- നിലക്കടല വിത്ത് വിതരണം | 49,992 (വികസന ഫണ്ട്) | 49,992രൂപ, 23200252013601002960/ തീ.30.12.2023 | ഇക്കോ ഷോപ്പ് നീലേശ്വര ത്തിന്റെ ബിൽ നം.760/ 21.12.2023പ്രകാരം 217.4 കിലോ നിലക്കടലവിത്ത് കിലോയ്ക്ക് 230 രൂപ നിരക്കിൽ നേരിട്ട് വാങ്ങി. |

മേൽ പദ്ധതികളുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു

1) മേൽ പ്രോജക്ടുകളിൽ വിവിധ വിത്തുകളും വാഴക്കന്നുകളും വാങ്ങിയിട്ടുള്ളത് നീലേശ്വരം ഇക്കോ ഷോപ്പിൽ നിന്നുമാണ്. എന്നാൽ സ.ഉ.(കൈ) നം.115/2022/ത.സ്വ.ഭ.വ. തിയതി: 28.05.2022 നമ്പർ മാർഗ്ഗരേഖ പ്രകാരം, കൃഷി വകുപ്പ് ഫാമുകൾ, VFPCK, NSC, വിവിധ പദ്ധതികൾ പ്രകാരം സ്ഥാപിച്ചിട്ടുള്ള നഴ്സറികൾ, സീഡ് മൾട്ടിപ്ലിക്കേഷൻ യൂണിറ്റുകൾ എന്നിവയിൽ നിന്നോ, കൃഷി വകുപ്പിന്റെ ലൈസൻസ് ഉള്ളതോ, ധനസഹായം ലഭിക്കുന്നതോ ആയ നഴ്സറികളിൽ നിന്നും വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചോ ആണ് വാങ്ങേണ്ടത്. ഇപ്രകാരം വാങ്ങുന്ന നടീൽ വസ്തുക്കൾ വിതരണം ചെയ്യുക മാത്രമാണ് ഇക്കോ ഷോപ്പ്/ കൃഷി ഭവന്റെ ചുമതല.. സ.ഉ.(കൈ) നം. 115/2022/തസ്വഭവ/28-5-2022 പ്രകാരമുള്ള സബ്സിഡി മാർഗരേഖയുടെ ഖണ്ഡിക 6.1 ലെ ക്രമ നം. 4 ലെ 6-ാമത്തെ നിബന്ധനകളിൽ ഉൾപ്പെട്ട നേരിട്ട് സാധനങ്ങൾ വാങ്ങാൻ അനുവാദമുള്ള സ്ഥാപനങ്ങളിൽ മേൽ പരാമർശിച്ച സ്ഥാപനം ഉൾപ്പെട്ടിട്ടില്ല. 2022-23 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഈ അപാകത പരാമർശിച്ചിട്ടുണ്ട്.

2) വാങ്ങിയ വസ്തുക്കളുടെ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചതിന്റെ രേഖകൾ ഫയലിൽ ഇല്ല.

3) വിളകളുടെ ഉൽപാദനം, വർദ്ധവ്, ഗുണനിലവാരം, എന്നിവ സംബന്ധിച്ച വിലയിരുത്തലുകളോ, അതിനനുസൃതമായി കൃഷി രീതികളിലോ, വളപ്രയോഗത്തിലോ അനുബന്ധമായി സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് ബോധവൽക്കരണമോ നിരീക്ഷണമോ നടത്തിയതായി കാണുന്നില്ല.

മാർഗരേഖയിലെ നിബന്ധനകൾ കൃത്യമായി പാലിച്ച് പദ്ധതികൾ നടപ്പിലാക്കാൻ തുടർ വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

**1-52 ശാരിരീക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് - ഗുണഭോക്താക്കൾക്ക് തുക ലഭിച്ചില്ല.**

| | |
|---|---|
| **പ്രോജക്ടിന്റെ പേര് : ഭിന്നശേഷി സ്കോളർഷിപ്പ്** | |
| **പ്രോജക്ട് നം. : 52/2023-24** | |
| **അടങ്കൽ : 26,60,000/-രൂപ.**<br>**(വികസന ഫണ്ട്- 19,10,000 രൂപ +**<br>**ബ്ലോക്ക് പഞ്ചായത്ത്- 5,00,000 രൂപ +** | **ചെലവ് : 24,87,750/- രൂപ.**<br>**വികസന ഫണ്ട്- 19,10,000 രൂപ +**<br>**ബ്ലോക്ക് പഞ്ചായത്ത്- 3,27,750രൂപ +** |

| | |
|---|---|
| **ജില്ലാ പഞ്ചായത്ത്- 2,50,000 രൂപ )** | **ജില്ലാ പഞ്ചായത്ത്- 2,50,000 രൂപ )** |

കമ്പള ഗ്രാമ പഞ്ചായത്തിൽ ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണോദ്യോഗസ്ഥയായി 2023-24 സാമ്പത്തിക വർഷം നടപ്പാക്കിയ മേൽ പദ്ധതി പ്രകാരം ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേയ്ക്ക് തുക നൽകുന്നതിനായി ട്രഷറിയിൽ ബിൽ നൽകിയിരുന്നു. എന്നാൽ വെബ് സാംഖ്യയിൽ നിന്നുള്ള രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കളുടെ പേരിലുള്ള അക്കൗണ്ടിലേയ്ക്ക് തുക ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടില്ലായെന്ന് ശ്രദ്ധയിൽപ്പെട്ടു.

| ക്രമ നം. | ഗുണഭോക്താവ് | തുക |
|---|---|---|
| ബിൽ റെഫറൻസ് നം.23200252013701059850തീ.11.1.2024.- 3,07,700/-രൂപ | | |
| 1 | ഫായിസ് അബ്ബാസ് കെ എ | 8,000രൂപ |
| ബിൽ റെഫറൻസ് നം.232002520137007 18702/തീ.31.10.2023.- 5,84,250/-രൂപ | | |
| 1 | അഭിജിത്ത് ഗട്ടി | 14,250രൂപ |
| ബിൽ റെഫറൻസ് നം.23200257013701123590/തീ.27.1.2024.- 7,35,000/-രൂപ | | |
| 1 | അഭിജിത്ത് ഗട്ടി | 12,250രൂപ |
| ബിൽ റെഫറൻസ് നം.23200252013701339883/തീ.7.3.2024.- 1,38,550/-രൂപ | | |
| 1 | അഭിജിത്ത് ഗട്ടി | 2,000രൂപ |

മേൽ വിവരിച്ച പ്രകാരം അഭിജിത്ത് ഗട്ടി, ഫായിസ് അബ്ബാസ് കെ എ എന്നീ രണ്ട് കുട്ടികൾക്ക് തൻവർഷത്തെ സ്കോളർഷിപ്പ് തുകകൾ ലഭിച്ചിട്ടില്ല എന്ന് കാണുന്നു. പ്രസ്തുത തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ ക്രഡിറ്റ് ആവാതെ സർക്കാരിലേക്ക് തിരിച്ച് ക്രഡിറ്റ് ആകുകയാണുണ്ടായത്. (സാംഖ്യയിൽ Fund Returned To Govt. എന്ന സ്റ്റാറ്റസ് ആണുള്ളത്.) അർഹമായ തുക ഗുണഭോക്താക്കൾക്ക് ലഭ്യമാവാത്ത സാഹചര്യം വിശദീകരിക്കേണ്ടതാണ്. അർഹതപ്പെട്ട ആനുകൂല്യം ഗുണഭോക്താവിന്റെ അക്കൗണ്ടിൽ ലഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

**1-53 അംഗനവാടി ശിശുസൗഹൃദ ചുമർചിത്രം നികുതികൾ ഈടാക്കിയില്ല-കരാറുകാരന് അധികം തുക നൽകി.**

| | | | |
|---|---|---|---|
| പ്രോജക്ട് നം. | 20/24 (അംഗനവാടികൾക്ക് ശിശുസൗഹൃദ ചുമർ ചിത്രം ) | | |
| അടങ്കൽ | 2,06,465/- (വികസന ഫണ്ട് -പൊതുവിഭാഗം സാധാരണ വിഹിതം) | | |
| കരാറുകരാൻ | തോട്ടത്തിൽ എന്റെർപ്രൈസസ് | | |
| ആകെ അളവ് മൂല്യം | ₹ 494,514/-രൂപ, ഇതിൽ 3,40,000 രൂപ 2022-23 സാമ്പത്തിക വർഷം (ബില്ല് നം.32/തീ.28.3.2023)പ്രകാരം നൽകിയിട്ടുണ്ട്. | | |
| കരാറുകാരന് നൽകിയ തുക | ബിൽ റഫറൻസ് നമ്പർ/തീയതി. | ബിൽ തുക | കരാറുകാരന് നൽകിയ തുക |
| | 23200252013700472197/ തീ.19.08.2023 | ₹1,94,514 | ₹ 1,94,514 |

ഗ്രാമ പഞ്ചായത്തിലെ 20 അംഗണവാടികളിൽ ചുമർചിത്ര പദ്ധതിക്കായി 2023-2024 സാമ്പത്തിക വർഷം 1,94,514 രൂപ ചെലവഴിച്ചിട്ടുണ്ട്. അസി.എഞ്ചിനീയറുടെ വാല്യൂവേഷൻ പ്രകാരം ഈ പ്രവൃത്തിയുടെ അളവ് മൂല്യം 4,94,514 രൂപയാണ്. ഇതിൽ 3,40,000 രൂപ 2022-23 സാമ്പത്തിക വർഷം (ബില്ല് നം.32/തീ.28.3.2023) നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ അന്തിമ ബിൽ പ്രകാരം ചുവടെ വിവരിക്കും പ്രകാരം കരാറുകാരന് 1,83,824/- രൂപ നൽകിയിട്ടുണ്ട് .

| | |
|---|---|
| ആകെ അളവ് മൂല്യം | 5,34,514/- |
| 2022-23 സാമ്പത്തിക വർഷം നല്കിയ തുക | 3,40,000 |
| ബാലൻസ് തുക (ഓഡിറ്റ് വർഷം നല്കിയ തുക) | 1,94,514/- |
| GST ആയി ഈടാക്കിയത് | 10,690/- |
| കരാറുകാരന് നൽകിയ തുക | 1,83,824/- |

പ്രവൃത്തിയുടെ അന്തിമ ബില്ലിൽ നിന്നും GST ഒഴികെ IT @ 1%, KCWWF @1% എന്നീ നികുതികൾ ഈടാക്കാതെയാണ് കരാറുകാരന് തുക നൽകിയത്. ഇതുമൂലം കരാറുകാരന് 16,035 രൂപ അധികം നൽകിയിട്ടുണ്ട്. നികുതികൾ ഈടാക്കാത്തതുമൂലം അധികം നൽകിയ 16,035 രൂപ ഉത്തരവാദപ്പെട്ടവരിൽ നിന്നും തിരികെ ഈടാക്കി നികുതിയിനത്തിൽ കുറവ് വന്ന തുക (ആദായനികുതി - ₹10,690/-, KCWWF -₹5,345/-) ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ ഒടുക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 റോഡ് ഇംപ്രൂവ്മെന്റ് പ്രവൃത്തി- എസ്റ്റിമേറ്റിൽ കൊല്ലം ജില്ലയ്ക്ക് ബാധകമായ കോസ്റ്റ് ഇൻഡക്സ് നൽകിയതിനാൽ നഷ്ടമുണ്ടായി.

പ്രോജക്ട് നം.64/24- അമ്പിലടുക്ക എസ്.സി കോളനി റോഡ് ഇംപ്രൂവ്മെന്റ്

കരാറുകാരൻ- ശ്രീ ഷക്കീർ ഹുസൈൻ.പി.എം

ചെലവ്- 2,26,519 (തനതു ഫണ്ട്- പേമെന്റ് വൗച്ചർ 22301212 / 31.03.2024)

പ്രൈസ് ഫയൽ നം. 32011/2023

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് MoRD സ്പെസിഫിക്കേഷനിലും DSR 2018 അടിസ്ഥാനമാക്കിയുമാണ്. എന്നാൽ അവലംബിച്ചിരിക്കുന്ന കോസ്റ്റ് ഇൻഡക്സ് കൊല്ലം ജില്ലയ്ക്ക് ബാധകമായ 138.14 ആണ്. ഈ എസ്റ്റിമേറ്റ് പ്രകാരം കരാറുകാരൻ 1,91,965 രൂപയുടെ പ്രവൃത്തി ചെയ്യുകയും GST അടക്കം 2,26,519 രൂപയുടെ ഗ്രോസ് ചെലവ് പഞ്ചായത്ത് ഈ പ്രവൃത്തിക്കായി വഹിക്കുകയും ചെയ്തിട്ടുണ്ട്.

ഐറ്റം വൈസ് ടെണ്ടർ നടത്തിയാണ് കരാർ നൽകിയിട്ടുള്ളത്. 3 ഇനങ്ങളുള്ള ഈ പ്രവൃത്തിയുടെ ടെണ്ടർ ചെയ്ത പി.എ.സി 2,62,236.33 രൂപയും അഗ്രീഡ് പി.എ.സി 1,91,965.05 രൂപയുമാണ്. (ആകെ 26.7969% കുറവ്)

ഈ കാലയളവിൽ കാസറഗോഡ് ജില്ലയ്ക്ക് ബാധകമായ കോസ്റ്റ് ഇൻഡക്സ് 133.05 ആണ്. 133.05 എന്ന നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നുവെങ്കിൽ പ്രവൃത്തിയുടെ ടെണ്ടർ ചെയ്ത പി.എ.സി 2,52,573.79 രൂപയും അഗ്രീഡ് പി.എ.സി 1,84,891.84 രൂപയുമാവുമായിരുന്നു.

തെറ്റായ കോസ്റ്റ് ഇൻഡക്സ് അടിസ്ഥാനപ്പെടുത്തി കരാറുകാരൻ നടത്തിയ പ്രവൃത്തിയുടെ ആകെ മൂല്യം 1,91,965 രൂപയും പ്രവൃത്തിയുടെ ഗ്രോസ് ചെലവ് 2,26,519 രൂപയുമാണ്. ശരിയായ കോസ്റ്റ് ഇൻഡക്സ് പ്രകാരം 1,84,891.84 രൂപയുടെ പ്രവൃത്തി മൂല്യവും 2,18,172 രൂപയുടെ ഗ്രോസ് ചെലവും മാത്രമേ അനുവദിക്കാനാവുകയുള്ളൂ.

പ്രവൃത്തിക്കായി പഞ്ചായത്ത് വഹിച്ച ഗ്രോസ് ചെലവ്- 2,26,519 രൂപ

അനുവദനീയമായ ഗ്രോസ് ചെലവ്- 2,18,172 രൂപ

അധികം- 8,347 രൂപ

തെറ്റായ കോസ്റ്റ് ഇൻഡക്സ് അടിസ്ഥാനമാക്കി എസ്റ്റിമേറ്റ് തയ്യാറാക്കിയതിനാൽ മേൽ വിവരിച്ച പ്രകാരം 8,347 രൂപയുടെ അധികച്ചെലവ് സംഭവിച്ചതിന് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഇമെയിൽ മുഖേന നൽകിയ മറുപടിയിൽ അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കി വിവരം അറിയിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

തുക ഈടാക്കിയ വിവരം ഈ ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ ഉൾക്കൊള്ളിക്കാത്ത പക്ഷം പഞ്ചായത്തിനുണ്ടായ നഷ്ടം പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.38/11.12.2024.

**3-2 കുടിവെള്ള പദ്ധതി- പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി-എസ്റ്റിമേറ്റിലെ പിശകുമൂലം നഷ്ടമുണ്ടായി.**

പ്രോജക്ട് നം.314/24- നിയർ ആരിക്കാടി ധൂമാവതി കുടിവെള്ള പദ്ധതി

കരാറുകാരൻ- ശ്രീ മുസ്തഫ.ടി.എ

ചെലവ്- 4,11,000 (ധനകാര്യ കമ്മീഷൻ ഫണ്ട്- പേമെന്റ് വൗച്ചർ 22300651/ 31.03.2024)

പ്രൈസ് ഫയൽ നം. 17362/2023

ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ ഇനം 26 ന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

50.18.8.7.1- Providing And Fixing PVC Pipes, Fittings Including Fixing The Pipe With Clamps At 1.00 M Spacing. This Includes Jointing Of Pipes With One Step PVC Solvent Cement And Testing Of Joints Complete As Per Direction Of Engineer-In-Charge. Concealed Work Including Cutting Chases And Making Good The Wall Etc. 63 Mm Pipe 6 Kgf/Cm2

Pipeline- 88 M @Rs.600.76/M = 52,866.88

ഈ പ്രവൃത്തിയുടെ കരാറുകാരൻ ഈ ഇനം ഏറ്റെടുത്തത് 550/M എന്ന നിരക്കിലാണ്.(8.45%കുറവ് നിരക്കിൽ)

ഈയിനം അവശ്യമായി വരുന്നത് ചുവരുകൾ തുരന്ന് പൈപ്പുകൾ സ്ഥാപിച്ച് ചുവരുകൾ പൂർവ്വസ്ഥിതിയിലാക്കുന്ന പ്രവൃത്തികളിലാണ്. മണ്ണിൽ ട്രഞ്ചുകൾ കീറി പൈപ്പ് സ്ഥാപിച്ച് ട്രഞ്ചുകൾ മൂടുന്ന പ്രവൃത്തിക്ക് DAR ലെ ഇനം 50.18.9.7.1ആണ് യോജിച്ചത്. ഈയിനത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

Providing And Fixing PVC Pipes Includings Of Pipes With One Step PVC Solvent Cement, Trenching Refilling & Testing Of Joints Complete As Per Direction Of Engineer In Charge. 63 Mm Dia 6Kgf/Cm2

Pipeline- 88 M @Rs.343.15/M = 30,197.20

8.45% കുറവ് നിരക്കിൽ ഈയിനത്തിന്റെ നിരക്ക് 314.15/M ആണ്.

പ്രവൃത്തിയുടെ അന്തിമ ബിൽ പ്രകാരം ഇനം.26 ന്റെ വിവരങ്ങൾ ഇപ്രകാരമാണ്-

Pipeline -89m X 550/M = 48,950 (18% ജി.എസ്.ടി അടക്കം- 57,761 രൂപ)

ഈയിനത്തിന് അനുവദിക്കാവുന്ന മൂല്യം ചുവടെ കണക്കാക്കുന്നു-

Pipeline -89m X 314.15/M = 27,959.35(18% ജി.എസ്.ടി അടക്കം- 32,992.03രൂപ)

ഈയിനത്തിൽ അധികം നൽകിയ തുക- 24,769 രൂപ.

അപാകതകൾക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഇമെയിൽ മുഖേന നൽകിയ മറുപടിയിൽ അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കി വിവരം അറിയിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്.
തുക ഈടാക്കിയ വിവരം ഈ ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ ഉൾക്കൊള്ളിക്കാത്ത പക്ഷം പഞ്ചായത്തിനുണ്ടായ നഷ്ടം പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.38/11.12.2024.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2023-24 | 16000 | 33/24-ലൈഫ് ഭവനനിർമ്മാണം-ജനറൽ 2023-24 | 16000 | 0 |
| | 2023-24 | 111800 | 228/24-ലൈഫ് ഭവനനിർമ്മാണം-പട്ടിക വർഗ്ഗം | 111800 | 0 |
| | 2023-24 | 3500000 | 229/24-ലൈഫ് ഭവനനിർമ്മാണം-പൊതുവിഭാഗം | 3500000 | 0 |
| | 2023-24 | 1940000 | 34/24-ലൈഫ് ഭവനപദ്ധതി പട്ടികജാതി 2023-24 | 1940000 | 0 |
| | 2023-24 | 1240000 | 230/24-ലൈഫ് ഭവനനിർമ്മാണം-പട്ടിക ജാതി | 1240000 | 0 |
| | 2023-24 | 327750 | 52/24- ഭിന്നശേഷി സ്കോളർഷിപ്പ് | 327750 | 0 |
| | 2023-24 | 100000 | 44/24-അങ്കണവാടി പോഷകാഹാരം | 100000 | 0 |
| | 2023-24 | 100000 | 9/24- ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2023-24 | 560000 | 229/24-ലൈഫ് ഭവനനിർമ്മാണം-പൊതുവിഭാഗം | 560000 | 0 |
| | 2023-24 | 80000 | 230/24-ലൈഫ് ഭവനനിർമ്മാണം-പട്ടിക ജാതി | 80000 | 0 |
| | 2023-24 | 250000 | 52/24- ഭിന്നശേഷി സ്കോളർഷിപ്പ് | 250000 | 0 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രൊജക്റ്റിന്റെ പേര് | വൗച്ചർ നം / ബിൽ .നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ അവശേഷി ക്കുന്ന തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 34/24 | 22300926/ 13/03/2024 | 147667 | 0 | 147667 |
| | | 22301058/ 30/03/2024 | 35373 | 0 | 35373 |

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല.

### 4-4 വായ്പാ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | ലഭിച്ച വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KURDFC ലൈഫ് ഭവന പദ്ധതി | ജി.ഒ.(MS) നം 68/2018 തസ്വഭവ തീ 18-05-2018 & ജി.ഒ.(MS) നം.111/2018 തസ്വഭവ തീ 13-08-2018 | 21059921 | 84,19,416/- (ഈ വർഷം ലഭിച്ചത് 58,20,000) ആകെ =1,42,39,416/- | 38,58,584 | 1,03,80,832/- |

### 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

### 4-6 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 28 | 2001-02 | V-14-1-1 | കുഴൽ കിണർ നിർമ്മാണം കരാറുകാരനിൽ നിന്നും വില്പന നികുതി ഈടാക്കിയിട്ടില്ല | നിയമസഭാ സമിതി പരിഗണനയിൽ (LFAC 2006-08, 7 മത് റിപ്പോർട്ട് ഖ.87) |
| 1997-98 | 30 | 2001-02 | V-14-1-2 | ആട് -പശുവിതരണം അധിക സബ്സിഡി നല്കിയത് | നിയമസഭാ സമിതി പരിഗണനയിൽ (LFAC 2006-08, 7 മത് റിപ്പോർട്ട് ഖ.90) |
| 2000-01 പ്ലാൻ | 14 | 2007-08 | ഖ.3.66.3 | ഹൗസിങ്ങ് ബോർഡിൽ തുക നിക്ഷേപിച്ചത് യൂ.സി ഇല്ല | ഭവന നിർമ്മാണ ബോർഡിന്റെ കൈവശം ഉപയോഗിക്കാതെ അവശേഷിച്ചിട്ടുള്ള തുക തിരിച്ച് നൽകിയിട്ടില്ലാത്തതിനാൽ പ്രസ്തുത വിഷയം സംബന്ധിച്ച് സർക്കാർ തലത്തിൽ ബന്ധപ്പെട്ട വകുപ്പുകൾ |

| | | | | | |
|---|---|---|---|---|---|
| | | | | | കൂടിയാലോചിച്ച് തീരുമാനമെടുക്കണമെന്ന് നിയമസഭാ സമിതി ശിപാർശ ചെയ്തിട്ടുണ്ട്.<br>(LFAC 2019-21 54 മത് റിപ്പോർട്ട് ) ഖ.84 |
| തദ്ദേശ സ്വയം ഭരണ സ്ഥാപന ങ്ങളും വിദ്യാഭ്യാ സ മേഖലയും അവലോകനം<br>2013-14 | പേജ് 99 | 2013-14 | 5.2.4.2 | കെടിയമ്മ യു.പി സ്കൂൾ ശോചനീയാവസ്ഥ & എം.ജി.എൽ.സിയിൽ അസൗകര്യങ്ങൾ<br>(പേജ്.99) | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2023-26) പരിഗണനയിൽ. ലഭ്യമാക്കിയ മറുപടി പരിശോധിച്ച് റിപ്പോർട്ട് 03.09.2024ന് ഹെഡ്ഡോഫീസിൽ സമർപ്പിച്ചിട്ടുണ്ട്. (Ksa Ksd 9/727/24 03.09.24) |
| 2015-16 | 2-1,2-2 | 2016-17 | അധ്യായം.2<br>അനുബന്ധം 5 | തൊഴിൽ നികുതി പരാമർശങ്ങൾ | നിയമസഭാ സമിതി പരിഗണിച്ചിട്ടില്ല. |
| തദ്ദേശ സ്ഥാപനങ്ങളിലെ റോഡുകളുടെ ചുമതല വിഭജനം<br>2017-18 | - | 2017-18 | 2-5<br>(പേജ് 345 To 366) | 1) ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല<br>2) റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല<br>3) റോഡുകൾ നോട്ടിഫൈ ചെയ്ത് വിജ്ഞാപനം ഇറക്കിയിട്ടില്ല | നിയമസഭാ സമിതി പരിഗണിച്ചിട്ടില്ല. (മറുപടി ലഭ്യമാക്കിയില്ല) |

## 4-7 ഓഡിറ്റ് റിക്കവറി

വാർഷിക ധനകാര്യപത്രിക രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഷെഡ്യൂൾ RP-10ൽ ഹെഡ്ഡ് 180400301 -ൽ 5960/-രൂപ ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവായി രേഖപ്പെടുത്തിയിട്ടുണ്ട്. ബന്ധപ്പെട്ട ലെഡ്ജറിൽ ഓഡിറ്റ് റിപ്പോർട്ട് വർഷം, ഖണ്ഡിക നമ്പർ എന്നിവ സംബന്ധിച്ച വിവരം രേഖപ്പെടുത്തിയിട്ടില്ല

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികൾ

എ) ചാർജ്ജ് നടപടികൾ മുഖേന ഈടാക്കിയ തുക – ഇല്ല

ബി) സർചാർജ്ജ് നടപടികൾ മുഖേന ഈടാക്കിയ തുക – ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 12,47,40,996/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 11,07,32,329/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 33,116/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,15,56,443/- |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് | സർചാർജ് | |

| | | | |
|---|---|---|---|
| | ചെയ്യാവുന്നവ | ചെയ്യാവുന്നവ | |
| 3-1 | | 8,347 | ശ്രീമതി.അനുഷ.കെ,അസിസ്റ്റന്റ്എഞ്ചിനിയർ<br>ശ്രീമതി.സുനിത.കെ.വി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| 3-2 | | 24,769 | ശ്രീമതി അനുഷ.കെ, അസിസ്റ്റന്റ് എഞ്ചിനിയർ<br>ശ്രീമതിസുനിത.കെ.വി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ |
| ആകെ | | 33,116 | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | |
|---|---|---|---|
| 1-16 | 65,000/- | ഡോ. അരുൺരാജ് ഡി, വെറ്റിനറി സർജ്ജൻ | |
| 1-17 | 4,49,997/- | ഡോ. അരുൺരാജ് ഡി, വെറ്റിനറി സർജ്ജൻ | |
| 1-18 | 1,09,850/- | ഡോ. അരുൺരാജ് ഡി, വെറ്റിനറി സർജ്ജൻ | |
| 1-19 | 3,80,000/- | ഡോ. അരുൺരാജ് ഡി, വെറ്റിനറി സർജ്ജൻ | |
| 1-20 | 3,47,750/- | ശ്രീ ജിജോ മോൻ, സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | |
| 1-21 | 4,77,900/- | ശ്രീ ജിജോ മോൻ, സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | |
| 1-22 | 4,74,388/- | ശ്രീ കലേഷ് കുമാർ വി എസ്, അസിസ്റ്റന്റ് സെക്രട്ടറി | |
| 1-23 | 11,91,176/- | ശ്രീ കലേഷ് കുമാർ വി എസ്, അസിസ്റ്റന്റ് സെക്രട്ടറി | |
| 1-24 | 8,42,560/- | ശ്രീ കലേഷ് കുമാർ വി എസ്, അസിസ്റ്റന്റ് സെക്രട്ടറി | |
| 1-25 | 3,24,220/ | ശ്രീ കലേഷ് കുമാർ വി എസ്, അസിസ്റ്റന്റ് സെക്രട്ടറി | |
| 1-27 | 1,25,000/- | ശ്രീമതി സംഗീത വി വി, വി.ഇ.ഒ (കുമ്പള സർക്കിൾ ) | |
| 1-31 | 7,351/- | ഡയറി ഫാം ഇൻസ്ട്രക്ടർ | |
| 1-32 | 99,421/- | ഡോ. സ്മിത പ്രഭാകരൻപിള്ള, മെഡിക്കൽ ഓഫീസർ,അലോപ്പതി | |
| 1-34 | 2,69,166 | ഡോ. സ്മിത പ്രഭാകരൻപിള്ള, മെഡിക്കൽ ഓഫീസർ, അലോപ്പതി | |
| 1-37 | 2,53,457 | ശ്രീമതി മഞ്ജുള എൻ കെ,അസിസ്റ്റന്റ് എഞ്ചിനിയർ LID&EW | |
| 1-42 | 14,58,000/- | ശ്രീ വിരാജ് തമ്പുരാൻ, സെക്രട്ടറി | |
| 1-45-1 | 11,36,266 | 4,44,680 | ശ്രീ വിരാജ് തമ്പുരാൻ, സെക്രട്ടറി |
| | | 6,91,586 | ശ്രീ കലേഷ് കുമാർ വി എസ്, സെക്രട്ടറി ഇൻ ചാർജ്ജ് |
| 1-45-2 | 1,59,163 | 71,796 | ശ്രീമതി ഗീതാകുമാരി പി,സെക്രട്ടറി |
| | | 87,367 | ശ്രീ കലേഷ് കുമാർ വി എസ്, സെക്രട്ടറി ഇൻ ചാർജ്ജ് |
| 1-45-3 | 18,15,328 | 4,50,763 | ശ്രീ കലേഷ് കുമാർ വി എസ്, സെക്രട്ടറി ഇൻ ചാർജ്ജ് |
| | | 10,61,115 | ശ്രീ വിരാജ് തമ്പുരാൻ, സെക്രട്ടറി |
| | | 45,750 | ശ്രീമതി ഗീതാകുമാരി പി,സെക്രട്ടറി |
| | | 2,57,700 | ശ്രീ ജറുസൻ ജി, സെക്രട്ടറി ഇൻ ചാർജ്ജ് |
| 1-47 | 14,00,000 | ശ്രീ ശ്രീഹർഷ എം പി, പ്രധാനധ്യാപകൻ | |
| 1-48 | 1,70,450 | ശ്രീ ശ്രീഹർഷ എം പി, പ്രധാനധ്യാപകൻ | |
| ആകെ | 1,15,56,443 | | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല.

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല.

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്നസമയത്തെ ഔദ്യോഗികമേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി അനുഷ.കെ, അസിസ്റ്റന്റ് എഞ്ചിനിയർ, LID&EW | പി.ഡബ്ല്യൂ.ഡി വകുപ്പിൽ ജോലി ചെയ്യുന്നു. | അനുഗിരി നിലയ, വിഷ്ണുമൂർത്തി നഗർ, ബേള, കാസറഗോഡ്-671321 |
| ശ്രീമതി സുനിത.കെ.വി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, LID&EW | ലഭ്യമല്ല | ലഭ്യമല്ല |

**4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1984-85 | എൽഎഫ് സി12/1423/90 തീയ്യതി 10.07.1990 | 12 |
| 1985-86 | എൽഎഫ് സി12/232/92 തീയ്യതി 07.03.1992 | 13 |
| 1986-87 | എൽഎഫ് സി12/1515/92 തീയ്യതി 07.12.1993 | 6 |
| 1987-88/ 88-89 | എൽഎഫ് കെ എസ് ഡി1/131/94 തീയ്യതി 24.06.96 | 6 |
| 89-90, 90-91 | എൽഎഫ് കെ എസ് ഡി5/354/99 തീയ്യതി 08.12.1999 | 2 |
| 96-97(plan) | കെഎസ്എ-കെഎസ്ഡി.6/660/2019(3) തീയ്യതി 11.06.2019 | 03 |
| 96-97(Expt) | കെഎസ്എ-കെഎസ്ഡി.6/660/2019(3) തീയ്യതി 11.06.2019 | 03 |
| 97-98 (Do) | കെഎസ്എ-കെഎസ്ഡി.6/660/2019(4) തീയ്യതി 11.06.2019 | 12 |
| 98-99 (Plan Fund) | കെഎസ്എ-കെഎസ്ഡി.6/660/2019(6) തീയ്യതി 11.06.2019 | 6 |
| 99-00(do) | കെഎസ്എ-കെഎസ്ഡി.6/660/2019(8) തീയ്യതി 11.06.2019 | 1 |
| 00-01(do) | എൽഎഫ് കെ എസ് ഡി6/365/04/ തീയ്യതി 11.01.2006 | 7 |
| 2001-02 (Do) | എൽഎഫ് കെ എസ് ഡി6/359/04 തീയ്യതി 11.01.2006 | 4 |
| 2000-01(final) | എൽഎഫ് കെ എസ് ഡി4/468/08, തീയ്യതി 16.9.2010 | 15 |
| 1999-00(do) | കെഎസ്എ-കെഎസ്ഡി.6/660/2019(9) തീയ്യതി 11.06.2019 | 9 |
| 98-99(do) | കെഎസ്എ-കെഎസ്ഡി.6/660/2019(7) തീയ്യതി 11.06.2019 | 9 |
| 2001-02(do) | എൽഎഫ് കെ എസ് ഡി4/196/12 തീയ്യതി 13.8.2012 | 6 |

| | | |
|---|---|---|
| 2003-04 | എൽഎഫ് കെ എസ് ഡി4/222/09<br>തീയ്യതി 13.07.2010 | 8 |
| 2004-05 | എൽഎഫ് കെ എസ് ഡി4/229/09<br>തീയ്യതി 26.08.2010 | 10 |
| 2005-06 | എൽഎഫ് കെ എസ് ഡി4/230/09<br>തീയ്യതി 27.08.2010 | 15 |
| 2006-07 | എൽഎഫ് കെ എസ് ഡി4/406/09<br>തീയ്യതി 27.09.2010 | 18 |
| 2008-09 | കെഎസ്എ-കെഎസ്ഡി.6/858/2022(3)<br>തീയ്യതി 28.09.2022 | 8 |
| 2009-10&<br>2010-11 | കെഎസ്എ-കെഎസ്ഡി.6/858/2022(4)<br>തീയ്യതി 28.09.2022 | 6 |
| 2011-12 | എൽഎഫ് കെ എസ് ഡി8/388/16,<br>തീയ്യതി 20.4.2016 | 17 |
| 2012-13&<br>2013-14 | കെഎസ്എ-കെഎസ്ഡി.6/858/2022(5)<br>തീയ്യതി 28.09.2022 | 11 |
| 2014-15 | കെഎസ്എ-കെഎസ്ഡി.6/858/2022(6)<br>തീയ്യതി 28.09.2022 | 8 |
| 2015-16 | കെഎസ്എ-കെഎസ്ഡി.6/858/2022(7)<br>തീയ്യതി 28.09.2022 | 14 |
| 2016-17 | കെഎസ്എ-കെഎസ്ഡി.6/858/2022(8)<br>തീയ്യതി 28.09.2022 | 17 |
| 2017-18 | കെഎസ്എ-കെഎസ്ഡി.6/1383/2018<br>തീയ്യതി 25.07.2019 | 16 |
| 2018-19 | കെഎസ്എ-കെഎസ്ഡി.6/1101/2019<br>തീയ്യതി 09.01.2020 | |
| 2019-20 | കെഎസ്എ-കെഎസ്ഡി.6/643/2021<br>തീയ്യതി 07.10.2021 | 48 |
| 2020-21 | കെഎസ്എ-കെഎസ്ഡി. 6/644/2021<br>തീയ്യതി 30.09.2021 | 38 |
| 2021-22 | കെ.എസ്.എ-കെ.എസ്.ഡി5/1096/22<br>തിയതി 09.03.2023 | 30 |
| 2022-23 | കെ.എസ്.എ-കെ.എസ്.ഡി6/880/2023<br>തിയതി 21.12.2023 | 37 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 01/2024 dated 07-10-2024 and submitted on 07-10-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03- 2024 , with supporting forms, of the Kumbla Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.
ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.
iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Kumbla Grama Panchayat as on 31-03-2024

**Date: 28/12/2024**

**Deputy Director**
**District Office Kasaragod**
**Kerala State Audit Department**

# Audit Report appended to the Audit Certificate of Kumbla Grama Panchayat for the Year 2023-2024 .

**1.Major Observations**

1. The time limit for submitting the Annual Financial Statements to Audit as per the Kerala Panchayat Raj (Accounts) Rules, 2011 and Kerala Local Fund Audit Rules, 1996 was not adhered to by the Panchayat.

2. Timely recording of the transactions has not been done.

3. Undue delay was noticed in recording the accrual of income and expenditures.

4. A bank account with a balance amounting to Rs.37,090 finds place in the Balance Sheet as on 31.03.2024, which is actually not existing.

5. Delayed compliance and non compliance were seen in the procedures to be done daily, monthly, half yearly and annually as per the Kerala Panchayat Raj (Accounts) Rules.

6. The details of Development Fund General, Development Fund SCSP, Finance Commission grant (untied) and Maintenance Fund road reflected in the AFS are erroneous.

7. Reconcilliation process of many accounts for the month of march 2024 are still either incomplete or erroneous.

8. Asset register is incomplete.

**2.Other Observations**

1. The defects in Schedule B1 panchayat general fund and Cash Flow Statement which have been repeated over years have not been rectified so far.

2. The closing balances of the following special purpose funds as on 31.03.2024 are not in agreement with the balances in their respective bank accounts.

a. 311100101-Distress Relief Fund

b. 320100124- Hariyali

c. 320100128-MGNREGA

d. Finance Commission Grant (tied and untied)

e.320200399-Grants for other purposes- state share of LIFE

3. Depreciation for the current year is seen charged against capital contribtuion instead of fixed assets as required in significant accounting policies.

4. The deposit and advance registers have not been updated.

5. The details of liabilities as per Schedule B4 and B9 and advances and deposits as per Schedule B18 of the Balance Sheet as on 31.03.2024 have not been furnished to Audit.

6. The Finance Standing Commitee is not verifying and Auditing the monthly receipts and payments accounts as required in rule 60 of KPR (Accounts) Rules, 2011.

7. Some heads in the accounts shows minus (-) Balances which is unusual and not explained to Audit.

8. The balances of contributions for joint venture projects as per schedule B4 of the Balance Sheet are not in agreement with the balance in the treasury account for joint venture projects.

Kasaragod
28/12/2024

Deputy Director
District Office Kasaragod
Kerala State Audit Department

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കാസർഗോഡ് ജില്ലയിലെ കുമ്പള ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം -3

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

| Kumbla Grama Panchayat INCOME & EXPENDITURE STATEMENT | | | |
|---|---|---|---|
| For the period from 01-April-2023 to 31-March-2024 | | | |
| Code.No | Description of Items | Schedule No | Amount |
| | **INCOME** | | |
| 110000000 | Tax Revenue | I-1 | 12015896.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 0.0 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 2139876.00 |
| 140000000 | Fee & User Charges | I-4 | 8169501.00 |
| 150000000 | Sale & Hire Charges | I-5 | 2924969.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 176623592.00 |
| 170000000 | Income from Investments | I-7 | 0.0 |
| 171000000 | Interest Earned | I-8 | 131415.00 |
| 180000000 | Other Income | I-9 | 6960.00 |
| 190000000 | Prior Period Income | I-19 | -29415.00 |
| | **Total Income** | | **202012209.00** |
| | **EXPENDITURE** | | |
| 210000000 | Establishment Expenses | I-10 | 18870407.00 |
| 220000000 | Administrative Expenses | I-11 | 3246006.00 |
| 230000000 | Operations & Maintenance | I-12 | 8366554.00 |
| 240000000 | Interest & Finance Charges | I-13 | 38943.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 9382055.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(A) | 59977205.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(B) | 11823614.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(C) | 21556822.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(D) | 61136100.00 |
| 255000000 | Maintenance Projects | I-14(E) | 0.0 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-14(F) | 1766037.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 0.0 |
| 270000000 | Provisions and Write off | I-16 | 0.0 |
| 271000000 | Miscellaneous Expenses on Disposal of Assets and Investments | I-17 | 0.0 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

## അനുബന്ധം -4

## രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

| Kumbla Grama Panchayat RECEIPT & PAYMENT STATEMENT |
|---|
| For the period from 01-April-2023 to 31-March-2024 |

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | **RECEIPTS** | | |
| | **Opening Balance** | | |
| Bank | Bank | RP-40(a) | 23600936.64 |
| Cash | Cash | RP-40(a) | 153093.00 |
| | **Operating** | | |
| 110000000 | Tax Revenue | RP-1 | 2449455.00 |
| 140000000 | Fees & User Charges | RP-4 | 6855798.00 |
| 150000000 | Sale & Hire Charges | RP-5 | 2924969.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 21461400.00 |
| 171000000 | Interest Earned | RP-9 | 131415.00 |
| 190000000 | Prior Period Income | RP-11 | 155206.00 |
| 210000000 | Establishment Expenses | RP-12 | 15500.00 |
| 290000000 | Transfer to Reserve Funds / Prior Period Item(ILGMS) | RP-25 | 0.0 |
| 311000000 | Earmarked Funds | RP-28 | 122.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 47997480.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 32633270.00 |
| | **Non Operating** | | |
| 180000000 | Other Income | RP-10 | 6960.00 |
| 330000000 | Secured Loans | RP-31 | 5820000.00 |
| 340000000 | Deposits Received | RP-33 | 1395094.00 |
| 350000000 | Other Liabilities | RP-35 | 2894327.00 |
| | **Grand total** | | **148495025.64** |
| | **PAYMENTS** | | |
| | **Operating** | | |
| 140000000 | Fees & User Charges | RP-4 | 4336.00 |
| 210000000 | Establishment Expenses | RP-12 | 219942.00 |
| 220000000 | Administrative Expenses | RP-13 | 63640.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-30 | 12231010.00 |
| 415000000 | Annual plan - Capital Expences(Infrastructure Sector) | RP-42 | 442142.00 |
| 431000000 | Sundry Debtors (Receivables) | RP-45 | 25510572.00 |
| 460000000 | Loans, Advances and Deposits | RP-49 | 263875.00 |
| | **Non Operating** | | |
| 340000000 | Deposits Received | RP-33 | 40000.00 |
| 350000000 | Other Liabilities | RP-35 | 71956812.00 |
| | **Closing Balance** | | |
| Bank | Bank | RP-40(b) | 37610601.64 |
| Cash | Cash | RP-40(b) | 152095.00 |
| | **Grand Total** | | **148495025.64** |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, കാസറഗോഡ്

## അനുബന്ധം -5

## ബാലൻസ് ഷീറ്റ്

| Kumbla Grama Panchayat BALANCE SHEET | | | |
|---|---|---|---|
| For the period from 01-April-2023 to 31-March-2024 | | | |
| Code.No | Description of Items | Schedule No | Amount |

| | | | |
|---|---|---|---|
| | **LIABILITIES** | | |
| | **Reserve & Surplus** | | |
| 310000000 | Panchayat / Municipal Fund | B-1 | 63937013.27 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 11728.00 |
| 312000000 | Reserves | B-3 | 46740088.00 |
| | **Total Reserve & Surplus** | | **110688829.27** |
| | **Grants, Contributions for Specific Purposes** | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 52281223.00 |
| | **Total Grants, Contributions for Specific Purposes** | | **52281223.00** |
| | **Loans** | | |
| 330000000 | Secured Loans | B-5 | 10380832.00 |
| 331000000 | Unsecured Loans | B-6 | 0.0 |
| | **Total Loans** | | **10380832.00** |
| | **Current Liabilities & Provisions** | | |
| 340000000 | Deposits Received | B-7 | 8740144.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 8183487.37 |
| 360000000 | Provisions | B-10 | 0.0 |
| | **Total Current Liabilities and Provisions** | | **16923631.37** |
| | **TOTAL LIABILITIES** | | **190274515.64** |
| | **ASSETS** | | |
| | **Fixed Assets** | | |
| 410000000 | Fixed Assets | B-11 | 2011249.00 |
| 412000000 | Capital Work in Progress | B-11(b) | 0.0 |
| 413000000 | Annual Plan - Capital Expences (Productive Sector) | B11-(c) | 2770487.00 |
| 414000000 | Annual Plan - Capital Expences (Service Sector) | B11-(d) | 30593557.00 |
| 415000000 | Annual Plan - Capital Expences (Infrastructure Sector) | B11-(e) | 151791227.00 |
| 416000000 | Accumulated Depreciation | B-11(a) | -82285607.00 |
| | **Total Fixed Assets** | | **104880913.00** |
| | **Investments** | | |
| 420000000 | Investments-General Fund | B-12 | 0.0 |
| 421000000 | Investments - Other Funds / Sundry Debtors | B-13 | 0.0 |
| | **Total Investments** | | **0.0** |
| | **Current Assets, Loans and Advances** | | |
| 430000000 | Stock-in-hand | B-14 | 389712.00 |
| 431000000 | Sundry Debtors (Receivables) | B-15 | 32511254.00 |
| 432000000 | Accumulated Provisions Against Debtors (Receivables) | B-15(a) | 0.0 |
| 440000000 | Pre-paid Expenses | B-16 | 10630832.00 |
| 450000000 | Cash and Bank Balance | B-17 | 37762696.64 |
| 460000000 | Loans, Advances and Deposits | B-18 | 4099108.00 |
| 461000000 | Accumulated Provisions against Loans,Advances and Deposits | B-18(a) | 0.0 |
| | **Total Current Assets, Loans and Advances** | | **85393602.64** |
| | **Other Assets** | | |
| 470000000 | Other Assets | B-19 | 0.0 |
| | **Total Other Assets** | | **0.0** |
| | **Miscellaneous Expenditure (To the Extent not written off)** | | |
| 480000000 | Miscellaneous Expenditure to be written off | B-20 | 0.0 |
| | **Total Miscellaneous Expenditure (To the Extent not written off)** | | **0.0** |
| | **TOTAL ASSETS** | | **190274515.64** |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,കാസറഗോഡ്